# സാമൂഹ്യശാസ്ത്രം

## അധ്യാപക സഹായി

### സ്റ്റാന്റേർഡ്

### 6

കേരളസർക്കാർ
വിദ്യാഭ്യാസ വകുപ്പ്
2009

# അധ്യാപകസഹായി രചന

## ശില്പശാലയിൽ പങ്കെടുത്തവർ

ശ്രീ. അച്യുതൻകുട്ടി കെ.

ശ്രീ. അശോക് കുമാർ ടി.കെ.

ശ്രീ. ഏലിയാസ് മാത്യു

ശ്രീ. ജോർജ്കുട്ടി. ഡി.

ശ്രീ. ഗോപകുമാർ ജി.പി.

ശ്രീ. കൃഷ്ണൻകുറിയ

ശ്രീ. മണികണ്ഠൻ പി.ടി.

ശ്രീ. മോഹനൻ ഇ.സി.

ശ്രീ. രാധാകൃഷ്ണൻ പി.

ശ്രീ. രാജേന്ദ്രൻ എ.

ശ്രീ. ഷൈൻ ശങ്കർദാസ്

ശ്രീ. സുരേന്ദ്രൻ യു.കെ.

ശ്രീ. വേണുഗോപാലൻ കെ.

## അക്കാദമിക് കോഡിനേറ്റർമാർ

ശ്രീമതി. ചിത്രാ മാധവൻ

ഡോ. കല എൻ.

ശ്രീ. രമേഷ് കെ.

# സാമൂഹ്യശാസ്ത്രം

## അധ്യാപകസഹായി

*Prepared by:* State Council of Educational Research & Training (SCERT)
Poojappura, Thiruvananthapuram -12, Kerala. E-mail:scertkerala@asianetindia.com

*Type setting by:* SCERT Computer Lab.

©
Government of Kerala
**Education Department**
2009

പ്രിയപ്പെട്ട അധ്യാപകരേ,

പ്രധാനപ്പെട്ട മൂന്ന് അടിക്കല്ലുകളുടെ ബലത്തിലാണ് KCF 2007 പടുത്തുയർത്തിയത്. സാമൂഹ്യ ജ്ഞാനനിർമ്മിതി വാദം, പ്രശ്നാധിഷ്ഠിത സമീപനം. വിമർശനാത്മക ചിന്ത എന്നിവയാണ് ഈ അടിക്കല്ലുകൾ.

അധ്യാപകർ ജ്ഞാനം പകരുന്നവരാണെന്ന പരമ്പരാഗത ചിന്തയിൽ നിന്നും ജ്ഞാനോൽപാദന പ്രക്രിയയ്ക്ക് സാഹചര്യമൊരുക്കുന്നവരാണെന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. കാലാനുസൃതമായി മാറി വന്ന ഈ ചുമതല ഫലപ്രാപ്തിയിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്.

ഈ സമീപനമനുസരിച്ച് വിവര ശേഖരണത്തിനായി, കുട്ടി പല സാമഗ്രികളുമായും വ്യക്തികളുമായും ഇടപെടേണ്ടതുണ്ട്. ഈ ഘട്ടത്തിൽ തന്നെ കുട്ടിയിൽ ഉദിക്കുന്ന ചിന്താധാരയെ സമകാലിക സമൂഹം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തേണ്ടിയും വരും. അതുപോലെ തന്നെ വിദ്യാഭ്യാസമെന്നത് സാമാന്യ ബോധത്തെ അതുപോലെ ഏറ്റുപിടിക്കലല്ല. മറിച്ച് വിശേഷ ബോധത്തിലേക്ക് എത്തിച്ചേരലാണ്. ഇതിനായി കുട്ടിയിൽ വളർത്തിയെടുക്കേണ്ടത് വിമർശനാത്മക ചിന്തയാണ്.

ക്ലാസ് മുറിയ്ക്കകത്തും പുറത്തും നടക്കുന്ന പ്രക്രിയയിലൂടെ കാലിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമൂഹ്യ ഇടപെടലുകൾ നടത്താനുള്ള അവസരങ്ങൾ ഈ കൈപ്പുസ്തകത്തിലുണ്ട്. പ്രവർത്തനങ്ങളെ ഈ വിധത്തിൽ ആസൂത്രണം ചെയ്യാൻ വളരെ സഹായകമായ തരത്തിലാണ് ഈ കൈപ്പുസ്തകം തയാറാക്കിയിട്ടുള്ളത്. അഭിപ്രായ രൂപീകരണത്തിന്റെ ഓരോ ഘട്ടത്തിലും വിമർശനാത്മകമായി തന്റെ നിലപാട് സ്വകരിക്കാൻ കുട്ടിക്ക് കഴിയേണ്ടതുണ്ട്. അതിനുള്ള സാധ്യതകളിലേക്ക് വഴിതുറക്കുന്നതുമാണ് ഈ കൈപ്പുസ്തകം.

ഈ പറഞ്ഞ ചിന്താ ധാരകളെ നാടിന്റെയും വ്യക്തിയുടേയും തനതു പ്രത്യേകതകൾക്കനുസരിച്ച് വിന്യസിക്കാനും ചിട്ടപ്പെടുത്തി അവതരിപ്പിക്കാനുമുള്ള പ്രയത്നത്തിലൂടെ നമുക്ക് മുന്നേറാം. വിഭവ സമൃദ്ധവും ബൗദ്ധിക ശ്രേഷ്ഠവുമായ നവ കേരളത്തിന്റേയും ഭാരതത്തിന്റേയും സൃഷ്ടിക്കായുള്ള നിങ്ങളുടെ പ്രയാണത്തിനു മുമ്പിൽ ആവേശപൂർവ്വം അഭിമാനപൂർവ്വം ഈ കൈപ്പുസ്തകം സമർപ്പിക്കുന്നു.

സ്നേഹാശംസകളോടെ

**എ.പി.എം. മുഹമ്മദ് ഹനീഷ് IAS**
ഡയറക്ടർ ഇൻ-ചാർജ്
എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


I. ആമുഖം

II. പുതിയ സമീപനത്തിലേയ്ക്ക്

III. പ്രശ്നാധിഷ്ഠിത സമീപനം

IV. സാമൂഹ്യശാസ്ത്ര സമീപനം

V. പാഠപുസ്തകവും അധ്യാപകസഹായിയും ഉപയോഗിക്കുമ്പോൾ

| | | |
|---|---|---|
| 1. | പശ്ചിമഘട്ടത്തിലൂടെ... | 33 - 46 |
| 2. | ഇവിടെ ജീവിക്കുന്നവർ... | 47 - 54 |
| 3. | ഭക്ഷ്യസുരക്ഷ | 55 - 65 |
| 4. | വ്യവസായവിശേഷം | 66 - 77 |
| 5. | ഭൂമിയിൽ നമ്മുടെ സ്ഥാനം | 78 - 84 |
| 6. | അധികാരം ജനങ്ങൾക്ക് | 85 - 96 |
| 7. | നാട് വരയ്ക്കാം | 97 - 101 |
| 8. | അധ്വാനം സമ്പത്ത് | 102 - 112 |
| 9. | കേരളസംസ്ഥാനരൂപീകരണം | 113 - 125 |
| 10. | ആരോഗ്യം പൂർണമാവാൻ | 126 - 134 |
| 11. | ഭരണനിർവഹണം ജില്ലയിൽ | 135 - 146 |

# പുതിയ സമീപനത്തിലേക്ക്

വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റത്തിന് കേരളം ഒരുങ്ങുകയാണ്. 2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പുനരാവിഷ്കരിക്കാനുള്ള ശ്രമത്തിലൂടെയാണിത്.

പാഠ്യപദ്ധതി പുനരാവിഷ്കാരങ്ങൾ നമുക്ക് പുതിയതല്ല. 1964 ൽ എൻ.സി.ഇ.ആർ.ടി. രൂപം കൊണ്ടശേഷം അവരുടെ നിർദേശങ്ങൾ അനുസരിച്ചുള്ള സിലബസ് നാം നടപ്പാക്കിയതാണ്. 1975ലെ ദേശീയ കരിക്കുലവും നാം പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് ഉപയോഗിച്ചു. 1986 ലെ വിദ്യാഭ്യാസനയവും അതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപംനൽകിയ പ്രവർത്തനപരിപാടിയും (പ്രോഗ്രാം ഓഫ് ആക്ഷൻ) നാം ഏറെക്കുറേ നടപ്പാക്കി. എങ്കിലും, കേരളത്തിലെ പഠന-ബോധന താൽപര്യങ്ങളെയും സാധ്യതകളെയും കണക്കിലെടുത്ത് സമഗ്രമായ ഒരു പാഠ്യപദ്ധതിക്ക് രൂപംനൽകാനുള്ള ശ്രമം ആരംഭിച്ചത് 1997 ലാണ്. ആധുനികമായ വിദ്യാഭ്യാസസങ്കേതങ്ങളും രീതികളും അനുസരിച്ച് ഉദ്ഗ്രഥിത രീതി, പ്രക്രിയാധിഷ്ഠിത സമീപനം, പ്രയോഗാധിഷ്ഠിത ക്ലാസ്മുറികൾ, കുട്ടി അറിവിന്റെ നിർമാതാവാണ് എന്ന കാഴ്ചപ്പാട്, സാമൂഹിക ചുറ്റുപാട് ജ്ഞാനനിർമിതിയിൽ പ്രധാനമാണെന്ന തിരിച്ചറിവ്, സമഗ്രവും നിരന്തരവുമായ മൂല്യനിർണയം തുടങ്ങിയ ആശയങ്ങൾ അടങ്ങുന്ന പാഠ്യപദ്ധതി നിലവിൽ വന്നു. ഇവയനുസരിച്ച് പഠിച്ചുവന്ന വിദ്യാർഥികൾ ഇപ്പോൾ ഹയർ സെക്കൻഡറിതലം പൂർത്തിയാക്കിയിരിക്കുകയാണ്.

2005 ലെ ദേശീയ കരിക്കുലം ചട്ടക്കൂടും അതിന് ആധാരമായ നിലപാടുരേഖകളും സ്വയം വിമർശനപരമായ വിലയിരുത്തലിനുള്ള അവസരം നൽകിയിരിക്കുകയാണ്.

## ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളവും

ദേശീയ കരിക്കുലം ചട്ടക്കൂടിന്റെ സമീപനം നമ്മുടെ പാഠ്യപദ്ധതി ഇന്നു നേരിടുന്ന പ്രശ്നങ്ങളെ മുറിച്ചുകടക്കാനുള്ള ഉൾക്കാഴ്ച തരുന്നുണ്ട്. നാം സ്വീകരിച്ച സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും (2005) ഏതാണ്ടു സ്വീകരിച്ചിരിക്കുന്നുവെന്നതു കേരളത്തിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമായി കണക്കാക്കാവുന്നതാണ്.

ജനാധിപത്യവിരുദ്ധമായ അധികാരഘടനയുടെ എല്ലാ സവിശേഷതകളും ചിട്ടകളും മുമ്പത്തെ ക്ലാസ്മുറിയിൽ പ്രതിഫലിച്ചിരുന്നു. നിശ്ശബ്ദതയുടെ സംസ്കാരമാണ് അന്നു ക്ലാസ്മുറിയിൽ വളർത്താൻ ശ്രമിച്ചത്. അതിനു പകരം സംഘപഠനത്തിനും സഹവർത്തിതപഠനത്തിനും പ്രാമുഖ്യം നൽകി. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും അറിവ് നേടുന്നതിനുള്ള അവരുടെ നിർണായക പങ്ക് സ്ഥാപിച്ചുകൊടുക്കുകയും ചെയ്തു. ഇതുവഴി ക്ലാസ്മുറിയെ ജനാധിപത്യവൽക്കരിക്കാൻ ശ്രമിച്ചു. അറിവിന്റെ നിർമിതിയും സാമൂഹികനിർമിതിയും പരസ്പരപൂരകങ്ങളായി മാറി. ജനങ്ങൾ ഉൽപാദകരാ

കുന്നതിനു സമാനമായി, ക്ലാസ്മുറികളിലെ ജ്ഞാനോൽപാദകരായി വിദ്യാർഥികൾ മാറി.

## ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഭാവിസമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്തെ പരിവർത്തനങ്ങൾക്കു തുടക്കം കുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ മുഴുവൻ വ്യക്തികളുടെയും ക്രിയാത്മക പങ്കാളിത്തമുള്ള ഒരു ഭാവിസമൂഹത്തെ സൃഷ്ടിക്കേണ്ടതുണ്ട്. അപ്രകാരം ലക്ഷ്യമിടുന്ന ഒരു ജനാധിപത്യസമൂഹത്തിന്റെ ആശയതലം ഉൾക്കൊള്ളുന്ന പഠനരീതിയാണു സ്വീകരിക്കേണ്ടത്. മതം, ജാതി, സാമ്പത്തികസ്ഥിതി, സ്ത്രീ-പുരുഷ വ്യത്യാസം, പ്രാദേശികത എന്നിവയുടെ അടിസ്ഥാനത്തിലുള്ള യാതൊരു വിവേചനവും ഇല്ലാത്തതും മാനവികതയിൽ ഊന്നിയതുമായ ഒരു ഭാവിസമൂഹമാണു നാം സ്വപ്നം കാണേണ്ടത്.

- ദേശീയബോധം, സ്വാശ്രയത്വം, തനതു സംസ്കാരപോഷണം, ജനാധിപത്യാവകാശങ്ങൾ എന്നിവയ്ക്കു മുഖ്യപരിഗണന നൽകുന്നതാകും ഈ സമൂഹം.
- ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമത്തിനു മുഖ്യപരിഗണന നൽകുന്നതും ഉൽപാദനാധിഷ്ഠിതമായ ഒരു വികസനസങ്കൽപം മുൻനിർത്തി വിഭവങ്ങളെ പ്രയോജനപ്പെടുത്തുന്നതുമായ സമൂഹമാണു സൃഷ്ടിക്കപ്പെടേണ്ടത്. നമ്മുടെ മാനവശക്തിയെ സുസ്ഥിരമായ ഒരു വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുന്ന ഒരു സമൂഹക്രമം നാം വിഭാവന ചെയ്യുന്നു.
- മനുഷ്യന്റെ കൂട്ടായ്മയിലും സഹകരണത്തിലും അടിയുറച്ച് മുന്നോട്ടുപോകുന്നതാകും ഈ സമൂഹം. സമ്പത്തിന്റെ ഉൽപാദനവും വിതരണവും നീതിപൂർവകവും കാര്യക്ഷമവുമാകുന്ന വികസനമാതൃകകൾ സൃഷ്ടിക്കുകയും അവ പരിപാലിക്കുകയും ചെയ്യും.
- അറിവ് പൊതുസമ്പത്താണെന്ന ധാരണയുടെയും അന്വേഷണവും വിമർശനാത്മക ചിന്തയും അറിവു നിർമാണ പ്രക്രിയയുടെ അടിസ്ഥാന ശിലയാണെന്ന തിരിച്ചറിവിന്റെയും അടിസ്ഥാനത്തിൽ സമൂഹം നവീകരിക്കപ്പെടും.
- ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ട വിഭാഗങ്ങളോടുള്ള വിവേചനങ്ങൾക്കെതിരേ നിരന്തരം പോരാടുന്ന ഈ സമൂഹം സ്ത്രീക്കും പുരുഷനും സമൂഹത്തിന്റെ പുരോഗതിയിൽ തുല്യസ്ഥാനം നൽകും.
- സാംസ്കാരികവൈവിധ്യം മാനിച്ചുകൊണ്ട് സ്വന്തം സാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുകയും ഉപഭോഗസംസ്കാരത്തിന്റെ ദുഷ്പ്രവണതകൾക്കെതിരേ ശക്തമായ നിലപാടെടുക്കുകയും ചെയ്യുന്ന സമൂഹമായിരിക്കും ഇത്. സാംസ്കാരികരംഗത്ത് മാധ്യമങ്ങൾ ഉയർത്തുന്ന അനഭിലഷണീയമായ പ്രവണതകൾ തിരിച്ചറിയുന്നതിനും അതിനെതിരേ പ്രതികരിക്കുന്നതിനും കഴിയുന്നതായിരിക്കും ഇത്.
- സാമൂഹികതിന്മകൾക്കെതിരേ അണിചേരാനും സാമൂഹികപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാനുമുള്ള സന്നദ്ധത, വിഭാഗീയശക്തികൾക്കെതിരേ ശക്തമായി പ്രതികരിക്കുന്നതിനുള്ള മനോഭാവം - ഇവ പ്രതീക്ഷിത സമൂഹത്തിന്റെ മുഖമുദ്രയായിരിക്കും.

## വിദ്യാഭ്യാസലക്ഷ്യങ്ങൾ

കേരളത്തിന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിർണയിക്കുമ്പോൾ ഇന്ത്യയുടെ സ്വാതന്ത്ര്യവും പരമാധി കാരവും മതേതരത്വവും ജനാധിപത്യവും അരക്കിട്ടുറപ്പിക്കാൻ കരുത്തുള്ള ഒരു സമൂഹത്തെ മുന്നിൽ കാണേണ്ടതുണ്ട്. ഉയർന്ന സൗന്ദര്യബോധവും പ്രവൃത്യു ന്മുഖമായ മാനുഷികമൂല്യങ്ങളും ഇതിലൂടെ ഫലവത്താക്കാൻ കഴിയണം. സുരക്ഷിതത്വ ബോധവും ചുമതലാബോധവും സാമൂഹികജീവിതത്തിന്റെ സമസ്ത രംഗങ്ങളിലും തെളിയണം. തന്റെ വളർച്ച കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയുടെ ഭാഗമാണെന്ന തിരിച്ചറിവ് ഓരോ വ്യക്തിയിലും ഉണ്ടാകേണ്ടതാണ്.

## സാമൂഹികനീതിക്കു വേണ്ടിയുള്ള വിദ്യാഭ്യാസം

സമത്വത്തിലും നീതിയിലും അടിയുറച്ച ഒരു സാമൂഹികക്രമം രൂപപ്പെടുത്താൻ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടേണ്ടത്. ഇതു ജനാധിപത്യത്തിലും മതനിരപേക്ഷത യിലും സ്ത്രീപുരുഷ സമത്വത്തിലും അധിഷ്ഠിതമായിരിക്കണം. ഭരണഘടന മതനിരപേക്ഷത വിഭാവന ചെയ്യുന്നു. ഇതു ജാതിമതാദികളുടെ പേരിലുള്ള സ്പർധയെയും അക്രമങ്ങളെയും പ്രതിരോധിക്കുംവിധം ശക്തമാക്കി പരിപാലിക്കേണ്ടതുണ്ട്. സങ്കുചിതമായ താൽപര്യങ്ങളെ തടയാനും കൂട്ടായ്മ വളർത്താനും കഴിയുന്ന പഠനക്രമമാണു ലക്ഷ്യമിടേണ്ടത്. വിമോചനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള ഉപാധിയായി വിദ്യാഭ്യാസം മാറണം. ആത്മപ്രകാശനത്തിനും സ്വത്വാവബോധ ത്തിനും വഴിതുറക്കുന്നതാവണം വിദ്യാ ഭ്യാസം.

## വിദ്യാഭ്യാസം സന്തുലിതവും വിവേക പൂർണവുമായ വികസനത്തിന്

പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ചുള്ള സമഗ്രമായ അവബോധം വളർത്തിയെടു ക്കേണ്ടതുണ്ട്. സുസ്ഥിരവികസനം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളെയും പരിസ്ഥിതിക്ക് അനുഗുണമാകും വിധം രൂപപ്പെടുത്താനുള്ള മനോഭാവമാണു വികസിപ്പിക്കേണ്ടത്. വിഭവസംരക്ഷ ണത്തിലും വിനിയോഗത്തിലും സന്തുലിതവും വിവേചനപൂർണവുമായ സമീപനം സ്വീകരിക്കാൻ വിദ്യാർഥികൾ പ്രാപ്തി കൈവരിക്കേണ്ടതുണ്ട്.

## മികച്ച പൗരത്വം വികസിപ്പിക്കുന്നതി നുള്ള വിദ്യാഭ്യാസം.

സമൂഹത്തിൽ ഉത്തരവാദിത്തമുള്ള പൗരന്മാരായി പ്രവർത്തിക്കാൻ കഴിവു നൽകുന്നതായിരിക്കണം വിദ്യാഭ്യാസം. യുക്തിചിന്തയും ചരിത്രബോധവും രാഷ്ട്രീയവീക്ഷണവും ഉൾക്കൊള്ളുന്ന തായിരിക്കണം പൗരബോധം. ശാസ്ത്രീയ സമീപനവും നീതിബോധവും ജീവിത ത്തിന്റെ സമസ്തമേഖലകളിലും പ്രകടിപ്പിക്കാൻ ഭാവിതലമുറയ്ക്കു കഴിയണം.

## ഉയർന്ന ദേശീയബോധം വളർത്തുന്ന വിദ്യാഭ്യാസം

സാർവദേശീയ വീക്ഷണത്തിൽ അധിഷ്ഠിതമായ ദേശീയബോധമാണു നാം ലക്ഷ്യമിടേണ്ടത്. മാനവപുരോഗതിയും വിശ്വസ്നേഹവും ഉയർത്തിപ്പിടി ക്കുന്നതാവണം അത്. ഭാരതത്തിന്റെ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതും കൂട്ടി യിണക്കുന്നതുമായി ഈ ദേശീയ ബോധം വളരേണ്ടതുണ്ട്.

### അവകാശബോധത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും ഐക്യരാഷ്ട്ര പ്രമാണങ്ങളിൽ അടങ്ങിയിരിക്കുന്നതുമായ അവകാശങ്ങൾ സമൂഹത്തിൽ പ്രാവർത്തികമാക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു ലക്ഷ്യമിടുന്നത്. ഇതു മനുഷ്യാവകാശങ്ങളും കുട്ടികളുടെയും സ്ത്രീകളുടെയും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കാൻ പശ്ചാത്തലമൊരുക്കുന്നതാവണം. വിദ്യാഭ്യാസ അനുഭവങ്ങൾക്ക് അവകാശബോധവികാസവുമായി നേർബന്ധം ഉണ്ടാകണം.

### ശാസ്ത്ര-സാങ്കേതിക അവബോധം വളർത്തുന്ന വിദ്യാഭ്യാസം

അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര-സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിനും ജീവിതസാഹചര്യങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്ര-സാങ്കേതികവികാസങ്ങൾക്കനുസരിച്ച് അറിവും ശേഷികളും മെച്ചപ്പെടുത്താനുള്ള മികവ് വിദ്യാർഥികൾ കൈവരിക്കേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താൽപര്യങ്ങൾ കണക്കിലെടുത്ത് ശാസ്ത്ര-സാങ്കേതികരംഗത്തെ മാറ്റങ്ങളോട് നിലപാടുകൾ സ്വീകരിക്കാനും കഴിയണം.

### ശാസ്ത്രീയമനോഭാവം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം.

കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളെ സമീപിക്കണം; പരിഹാരങ്ങൾ നിർദേശിക്കണം. ഇതിന് യുക്തിചിന്ത വളർത്താൻ ഉതകുന്ന വിദ്യാഭ്യാസമാണു ലഭ്യമാക്കേണ്ടത്. ശാസ്ത്രവും കപടശാസ്ത്രവും തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ വിദ്യാർഥികളെ സജ്ജരാക്കേണ്ടതുണ്ട്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വിഭാഗീയതകളുടെയും മുൻവിധികളുടെയും സ്വാധീനത്തിൽ നിന്നു സമൂഹത്തെ മോചിപ്പിക്കാൻ അവർക്കു കഴിയണം. ശാസ്ത്രീയമായ ജീവിതവീക്ഷണത്തിന്റെ അർഥതലങ്ങൾ വിദ്യാഭ്യാസത്തിലൂടെ സ്വാംശീകരിക്കാൻ കഴിയണം. അശാസ്ത്രീയതകൾക്കെതിരായ നിലപാടുകൾ സ്വീകരിക്കാനുള്ള മനോഭാവം ലഭിക്കുകയും വേണം.

### സാംസ്കാരികത്തനിമ പരിപാലിക്കുന്ന വിദ്യാഭ്യാസം

പ്രാദേശികവും പരമ്പരാഗതവുമായ ജ്ഞാനരൂപങ്ങളും നാട്ടറിവുകളും (കൃഷി, ജലം, ഭൂവിനിയോഗം, കല, കരവിരുത്...) കണ്ടെത്തുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ആരോഗ്യം, കായികശേഷീവികസനം, കല-സംസ്കാരം, തൊഴിൽസംസ്കാരം എന്നിവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

### തൊഴിൽനൈപുണി വളർത്തുന്ന വിദ്യാഭ്യാസം

അധ്വാനം സമൂഹത്തെ പരിവർത്തിപ്പിക്കുന്നു. അധ്വാനത്തിന്റെ മഹത്ത്വം തിരിച്ചറിയണം. അറിവും അധ്വാനവും പരസ്പരപൂരകസ്വഭാവത്തോടെ വിലയിരുത്തപ്പെടുന്ന വിദ്യാഭ്യാസമാണു വേണ്ടത്. പ്രവൃത്തിയിലുള്ള അനുഭവങ്ങൾ തൊഴിൽപരമായ ജ്ഞാനവും നൈപുണിയും മനോഭാവവും വികസിപ്പിക്കും. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും വിഭിന്ന രൂപങ്ങളിൽ അധ്വാനശേഷീവികസനം ലക്ഷ്യമിടണം. കൃഷിയുടെ മഹത്ത്വം തിരിച്ചറിയുന്നതിനും മണ്ണിനും ജീവനും അനുകൂലമായ കൃഷിയും കൃഷിരീതികളും വികസിപ്പിച്ചെടുക്കുന്നതിനുമുള്ള കഴിവു വളർത്തിയെടുക്കണം.

## സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാനുള്ള വിദ്യാഭ്യാസം

വ്യക്തി, കുടുംബം, സമൂഹം എന്നിവയുടെ കൂട്ടായ്മയിലൂടെ അനുതാപം, സ്നേഹം, ആർദ്രത, സാഹോദര്യം തുടങ്ങിയ ജീവിതമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാഭ്യാസം സഹായകമാവണം. ആരോഗ്യകരമായ സ്ത്രീ-പുരുഷാവബോധം വളർത്താൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം. ജനാധിപത്യം ഒരു ആശയം എന്ന നിലയിലും ഒരു മൂല്യബോധം എന്ന നിലയിലും ഉൾക്കൊള്ളാൻ വിദ്യാഭ്യാസം സഹായകമാവണം.

## സ്വാശ്രയ്യം ഊട്ടിവളർത്തന്ന വിദ്യാഭ്യാസം

സാമൂഹിക -രാഷ്ട്രീയ- സാമ്പത്തിക-സാംസ്കാരിക- മണ്ഡലങ്ങളിൽ സ്വാശ്രയ സങ്കൽപം വളർത്തിയെടുക്കാൻ ഉതകുന്ന വിദ്യാഭ്യാസമാണു നടപ്പാക്കേണ്ടത്.

## ചെറുത്തുനിൽപിന് കരുത്തുപകരുന്ന വിദ്യാഭ്യാസം

ആഗോളവൽക്കരണം മുന്നോട്ടുവയ്ക്കുന്ന അനഭിലഷണീയ പ്രവണതകളെയും എല്ലാതരം അധിനിവേശങ്ങളെയും ചെറുത്തുനിൽക്കാനുള്ള മനോഭാവവും കരുത്തും പകരാൻ വിദ്യാഭ്യാസത്തിനു കഴിയണം. ആവശ്യവും ധൂർത്തും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും ഉപഭോഗഭ്രാന്തിന് അടിമപ്പെടാതെ സ്വയം നിയന്ത്രിക്കാനും വിദ്യാർഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യനിരാസത്തിന്റെയും സാംസ്കാരികാധിനിവേശത്തിന്റെയും വിപത്തുകൾ തിരിച്ചറിയാൻ അവർക്കു കഴിയണം.

## അറിവിന്റെ നിർമാണത്തിലും വിനിമയത്തിലും ഊന്നുന്ന വിദ്യാഭ്യാസം

അറിവു നിർമിച്ചെടുക്കുന്നതിനും സമൂഹത്തിൽ വിനിമയം ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ കഴിവ് ആർജിക്കേണ്ടതുണ്ട്. അറിവുനിർമാണത്തിന്റെ കാര്യത്തിൽ വംശം, വർഗം, സ്ത്രീ-പുരുഷഭേദം തുടങ്ങിയവയുടെ പേരിലുള്ള വിവേചനങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനും അവർക്കു കഴിയണം. തങ്ങളുടെ ആവശ്യങ്ങളും അറിവും ആശയങ്ങളും പ്രാദേശിക, ദേശീയ, അന്തർദേശീയ തലങ്ങളിൽ പങ്കുവയ്ക്കുന്നതിനും പ്രതികരിക്കുന്നതിനും ആവശ്യമായ ഭാഷാനൈപുണികൾ നേടാൻ വിദ്യാഭ്യാസത്തിലൂടെ കഴിയണം.

## വിമർശനാത്മകസമീപനം പോഷിപ്പിക്കുന്ന വിദ്യാഭ്യാസം

മാനവരാശിയുടെ നേട്ടങ്ങളെ സമഗ്രമായി വിലയിരുത്താനുള്ള കഴിവ് വിദ്യാർഥികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. എല്ലാതരം ചൂഷണങ്ങൾക്കുമെതിരേ നിലപാടു സ്വീകരിക്കാൻ അവർക്കു കഴിയണം. ജീവിതാനുഭവങ്ങളെയും ജീവിതസന്ദർഭങ്ങളെയും വിമർശനാത്മകമായി നോക്കിക്കാണാനും വിവേചനബുദ്ധിയോടെ തീരുമാനമെടുക്കാനും അവർക്കു കഴിയണം. സ്വയംവിമർശനത്തിനുള്ള സന്നദ്ധതയും ആവശ്യമാണ്. സാമൂഹികതിന്മകളെ തിരിച്ചറിയാനും ചോദ്യംചെയ്യാനും യുക്തിഭദ്രമായി പ്രതിരോധിക്കാനും കഴിയണം. മുൻവിധികളെയും പിടിവാശികളെയും പ്രലോഭനങ്ങളെയും ചെറുക്കാനുള്ള കഴിവ് നിരന്തരം വളർത്തേണ്ടതുണ്ട്. വ്യത്യസ്ത ആശയങ്ങളെ സമചിത്തതയോടെ സ്വീകരിക്കാനും സമന്വയിപ്പിക്കാനും കഴിയണം. പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും തെറ്റുകൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും അവർക്കു കഴിയണം. അവയെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വിശകലനം ചെയ്തു നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്.

## പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

ഏതൊരു പാഠ്യപദ്ധതി പരിഷ്കരണപ്രക്രിയയിലും പഠനത്തെ സംബന്ധിച്ച ചില സുപ്രധാന കാര്യങ്ങളിൽ വ്യക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നിലപാടുകൾ സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്നും അവ പ്രയോഗത്തിൽ വരുത്താൻ എന്തെന്ത് പുതിയ നടപടികളാണു കൈക്കൊള്ളുക എന്നും വ്യക്തമാക്കേണ്ടതുമുണ്ട്. ഇപ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ട ചില ചോദ്യങ്ങളാണ്,

1. കുട്ടികൾ എന്തിനാണു പഠിക്കുന്നത്?
2. കുട്ടികൾ എന്താണു പഠിക്കേണ്ടത്?
3. കുട്ടികൾ എങ്ങനെയാണു പഠിക്കേണ്ടത്?

ഇതിൽ ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം വിശദീകരിച്ചുകഴിഞ്ഞു. നിശ്ചിതമായ ഗുണവിശേഷങ്ങളുള്ള ഒരു ഭാവിസമൂഹത്തെ നിർമിക്കുകയാണു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും അതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനമെന്ന വിശാലമായ കാഴ്ചപ്പാടു സാധ്യമാക്കാമെന്നും സൂചിപ്പിക്കുകയുണ്ടായി.

## പഠനത്തിന്റെ ഉള്ളടക്കം

കുട്ടികൾ എന്താണു പഠിക്കേണ്ടത് എന്നത് മേൽ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കണം. നിലവിലുള്ള സാമൂഹിക സാഹചര്യത്തെ വിശകലനം ചെയ്തും അതിനകത്ത് വ്യക്തിയുടെ സ്ഥാനം അടയാളപ്പെടുത്തിയുമാണ് ഇക്കാര്യം നിർവഹിക്കേണ്ടത്.

നിലവിലുള്ള സമൂഹത്തിൽ ഒട്ടേറെ വൈരുധ്യങ്ങൾ നിലനിൽക്കുന്നു. സാമ്പത്തികമായ വിവിധ തട്ടുകളും അധികാരത്തിന്റെ അനവധി രൂപങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. സാംസ്കാരികവും സാമൂഹികവും സ്ത്രീ–പുരുഷ ഭേദപരവും മറ്റുമായ വേർതിരിവുകൾ ഉച്ചനീചപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ചയിലൂടെ മനുഷ്യസമൂഹം ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാവരിലും ഒരുപോലെ എത്തിയിട്ടില്ല. മാത്രമല്ല, നിലനിൽക്കുന്ന വേർതിരിവുകളെ അവ ഒന്നുകൂടി രൂക്ഷമാക്കുകയും ചെയ്തിരിക്കുന്നു. ആഗോളവൽക്കരണവും കച്ചവടവൽക്കരണവും മുമ്പു നേടിയ പല നേട്ടങ്ങളും ഇല്ലാതാക്കുന്നു.

സമ്പത്തിന്റെ കേന്ദ്രീകരണം, വിപണികളുടെ വ്യാപനം, ആഗ്രഹങ്ങളുടെ നിർമാണം എന്നിവ തകൃതിയായി നടക്കുന്നു. ഇതിനിടയിൽ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവ തകരുന്നു. അഴിമതി, അക്രമം, ആത്മഹത്യ, വർഗീയത, അന്ധവിശ്വാസം എന്നിവ പെരുകുന്നു.

ഈ സാഹചര്യത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം എന്താവണം എന്ന ചോദ്യം പ്രധാനമാണ്. ഒരു കാര്യം ഉറപ്പാണ്, ഇന്നലയുടെ വസ്തുനിഷ്ഠമായ വിലയിരുത്തലും ഇന്നിന്റെ ശരിയായ വ്യാഖ്യാനവും വഴി മാത്രമേ മെച്ചപ്പെട്ട ഒരു നാളയെ കെട്ടിപ്പടുക്കാനാവൂ.

അതുകൊണ്ടുതന്നെ വർത്തമാനകാല യാഥാർഥ്യത്തെ ക്ലാസ്മുറിക്കു പുറത്തുനിർത്താനാവില്ല. കുട്ടിയുടെ ജീവിതത്തെത്തന്നെ ഇത്തരം പല യാഥാർഥ്യങ്ങളും ശക്തമായി നിർണയിച്ചുകൊണ്ടിരിക്കുകയാണ്. സമൂഹത്തോടു പ്രതിബദ്ധതയും വിമർശനാവബോധവുമുള്ള ഒരു തലമുറ രൂപപ്പെടണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ അതിനു തുടക്കമിടണം. ഇന്നത്തെ ജീവിതത്തെ അറിഞ്ഞുകൊണ്ടാണ് നാളത്തെ ജീവിതത്തിനു തയാറെടുക്കേണ്ടത്.

എങ്കിൽ ഉള്ളടക്കം വികസിച്ചുവരേണ്ടത് കുട്ടിയുടെ അനുഭവപരിസരത്തുനിന്ന് ആവണം. സമൂഹം പൊതുവിൽ നേരിട്ടുകൊണ്ടിരിക്കുന്ന വലിയ പ്രശ്നങ്ങളുമായി ഇത്തരം

അനുഭവങ്ങൾക്കു ബന്ധമുണ്ട്. വ്യക്തിയെ പല രീതിയിൽ നമുക്ക് അടയാളപ്പെടുത്താം. അതിനു ചെറുതും വലുതുമായ പല പരിധികളും കല്പിക്കാം. എങ്കിലും സാംസ്കാരികമായ ഒരു തലം വച്ചു നോക്കിയാൽ കേരളം എന്നതു പലതിന്റെയും അടിത്തറയായി വർത്തിക്കും. അതുകൊണ്ട് കേരളം എന്ന അടിസ്ഥാന ജീവിതയാഥാർഥ്യത്തിനകത്തു നിന്നുകൊണ്ട്, തന്നെ നിർമിക്കുന്ന പ്രാദേശികവും ദേശീയവും ആഗോളവുമായ യാഥാർഥ്യങ്ങളെ കുട്ടി വിശകലനം ചെയ്യുന്നത് പഠനത്തെ അർഥവത്താക്കുമെന്നു നാം കരുതുന്നു. കേരളസമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് പാഠ്യപദ്ധതിയെ പൊതുവിൽ രൂപകല്പന ചെയ്യുന്നത് പഠനത്തെ യാഥാർഥ്യത്തിൽ അധിഷ്ഠിതമാക്കുമെന്നു പ്രതീക്ഷിക്കുന്നു.

കേരളസമൂഹം നേരിടുന്ന പ്രശ്നങ്ങൾ എന്നത്, നമ്മുടെ മാത്രം പ്രശ്നങ്ങളല്ല. അതിനു പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ കാരണങ്ങളും വിതാനങ്ങളുമുണ്ട്. കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചു പഠിക്കുമ്പോൾ നിശ്ചയമായും ആഗോളതലത്തിൽ അനുഭവപ്പെടുന്ന വ്യാപകമായ പരിസ്ഥിതിനാശവും അതിന്റെ ഭാഗമായി ഉണ്ടായിവന്നിട്ടുള്ള തിരിച്ചറിവുകളും കടന്നുവരും. ചുരുക്കത്തിൽ, മൂർത്തമായ ഒരനുഭവയാഥാർഥ്യം എന്ന നിലയിൽ കേരളം പാഠ്യപദ്ധതിയിൽ നിലനിൽക്കും. ഒപ്പം മറ്റെല്ലാ തലങ്ങളിലും വിതാനങ്ങളിലുമുള്ള പഠനം വഴക്കവുമുള്ള ഒരു നിമിത്തമായി അത് വർത്തിക്കുകയും ചെയ്യും.

ഭരണഘടന വിഭാവന ചെയ്യുന്നതും ദേശീയമായി നിർണയിക്കപ്പെട്ടതുമായ മൂല്യങ്ങളും കാഴ്ചപ്പാടുകളും ഈ പാഠ്യപദ്ധതി രൂപീകരണത്തിൽ നിർണായകമായി വർത്തിക്കും. ദേശീയബോധം, ജനാധിപത്യവീക്ഷണം, മതേതര കാഴ്ചപ്പാട്, സ്ഥിതിസമത്വചിന്ത, സാംസ്കാരികത്തനിമയിലുള്ള അഭിമാനം, പരിസ്ഥിതി അവബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പ്രത്യേക പരിഗണന തുടങ്ങിയവയെല്ലാം പുതിയ തലമുറയിൽ നിർമിച്ചെടുക്കാൻ ഈ പാഠ്യപദ്ധതി പ്രതിജ്ഞാബദ്ധമായിരിക്കും.

ഏതു മൂല്യവും രൂപപ്പെടേണ്ടത് അനുഭവങ്ങളുടെ ഭാഗമായാണ്. നിലനിൽക്കുന്ന പ്രശ്നങ്ങളുടെ വിചിന്തനത്തിലേക്കും അതിലൂടെയുണ്ടാക്കുന്ന തിരിച്ചറിവിലേക്കും നയിക്കുന്ന അനുഭവങ്ങൾ ലഭിക്കേണ്ടതുണ്ട്. ഉദാഹരണമായി, പരിസ്ഥിതിത്തകർച്ചയുടെതായ സമകാലിക യാഥാർഥ്യത്തെ തിരിച്ചറിയുക, അതിൽ എങ്ങനെ ഇടപെടണമെന്നു പര്യാലോചിക്കുക, കുട്ടികളുടെ ഇടപെടൽ തലങ്ങളിൽ അതിന് അവസരമുണ്ടാക്കുക എന്നിവ പാരിസ്ഥിതിക അവബോധം ശരിയായി രൂപപ്പെടുന്നതിന് അത്യാവശ്യമാണ്. അല്ലാത്തപക്ഷം മൂല്യവിദ്യാഭ്യാസം കുട്ടിയിൽ യാതൊരു മാറ്റവും ഉണ്ടാക്കില്ല.

സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് പാഠ്യപദ്ധതി രൂപപ്പെടുത്തുക എന്നു സൂചിപ്പിച്ചു. ഇതിനർഥം ചെറിയ ക്ലാസ് തൊട്ടേ സാമൂഹികപ്രശ്നങ്ങൾ ബൃഹദ്‌രൂപത്തിൽ കുട്ടിയുടെ മുന്നിൽ വരുക എന്നല്ല. പ്രായത്തിനും അനുഭവപരിചയത്തിനും യോജിക്കുന്ന, അഥവാ ഉൾക്കൊള്ളാൻ കഴിയുന്ന ചെറിയ ഒരു പ്രശ്നമായാവും അതു കുട്ടിയുടെ അനുഭവസീമയിൽ വരുക. ക്രമേണ അതിന്റെ വ്യാപ്തി വർധിക്കും. ചിലപ്പോൾ അതു സാമൂഹികപ്രശ്നവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്ന ഒരു അക്കാദമികപ്രശ്നമായും വരാം. ഏതായാലും സാമൂഹികപ്രശ്നങ്ങളെ കേന്ദ്രീകരിച്ചോ ബന്ധപ്പെട്ടോ ഉള്ള പ്രശ്നോന്നീത വിദ്യാഭ്യാസമാണു പാഠ്യപദ്ധതിയിൽ ഉദ്ദേശിക്കുന്നത്.

ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും ശാസ്ത്ര

ത്തിന്റെ ആശയങ്ങളും പഠനരീതിയും ആവശ്യമായി വരും. പ്രസ്തുത പ്രശ്നത്തെ അളവുപരമായും യുക്തിയുക്തമായും സമീപിക്കാൻ ഗണിതം ഉപയോഗിക്കേണ്ടി വരും. അതിന്റെ സാമൂഹിക വിശകലനം സാമൂഹികശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് നിർവഹിക്കാൻ സാധിക്കും. ഭാഷകളാവട്ടെ, പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾ വിനിമയം ചെയ്യുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണങ്ങളായി വർത്തിക്കും. അനുഭവം, ആവിഷ്കരണം, പരിഹാരം തുടങ്ങിയ തലങ്ങളിൽ കലാ-കായിക-പ്രവൃത്തി പരിചയ മേഖലകളും കടന്നുവരും. ചെറിയ ക്ലാസുകളിൽ ഇവ ഉദ്ഗ്രഥിതമായിത്തന്നെ കൈകാര്യം ചെയ്യാനാവും. മുകളിലോട്ടു വരുന്തോറും വേർതിരിവും വിശേഷവൽക്കരണവും സംഭവിക്കും.

നിശ്ചിതമായ ലക്ഷ്യത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന അറിവുകളും വിരുതുകളും ആണ് ഓരോ വിഷയത്തിലും ഉണ്ടാവുക. കുട്ടികളുടെ പ്രായത്തിന്റെയും മുന്നറിവുകളുടെയും പഠനരീതികളുടെയും ഇടപെടൽതലത്തിന്റെയും അടിസ്ഥാനത്തിൽ അവ ചാക്രികമായി വിന്യസിക്കും. ജഡമായ കുറേ വിജ്ഞാനശകലങ്ങൾ, അവ പണ്ടേ പഠിച്ചുവരാറുണ്ട് എന്ന ഒറ്റ ന്യായത്തിൽ, പുതിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തില്ല. മുൻപാഠ്യപദ്ധതികളിൽ പരിഗണിക്കപ്പെടാത്ത പല വിജ്ഞാനഘടകങ്ങളും വിശകലനരീതികളും പ്രക്രിയകളും പ്രതികരണപ്രവർത്തനങ്ങളും പുതുതായി കടന്നുവരാനും സാധ്യതയുണ്ട്. അറിവ് എന്നതു സാമൂഹികമായി സൃഷ്ടിക്കപ്പെടുന്നതും സാംസ്കാരികമായി നിർണയിക്കപ്പെടുന്നതും ചരിത്രപരമായി അടയാളപ്പെടുത്തുന്നതുമായ ഒരു യാഥാർഥ്യമാണ് എന്നു തിരിച്ചറിയണം. അതു വിഷയത്തിന്റെ കേവലമായ ഉള്ളടക്കമെന്ന നിലയിൽ പരിമിതപ്പെട്ടതാവരുത്. മറിച്ച്, വിശാലമായ സാമൂഹിക യാഥാർഥ്യത്തിനകത്തുകൂടി അതു പ്രസക്തമാവണം.

ഇങ്ങനെ പറയുമ്പോൾത്തന്നെ, ദേശീയ പാഠ്യപദ്ധതിയുടെ ഉള്ളടക്കതലങ്ങൾ നാം പരിഗണിക്കും. ഒപ്പം സാമൂഹികപ്രസക്തമായ അറിവിന്റെ കാര്യത്തിൽ നാം ഏറെ മുന്നോട്ടുപോവുകയും ചെയ്യും. കുട്ടിയുടെ ഗ്രഹണശേഷിയും ആശയപരമായ മേൽ-കീഴ് ബന്ധവും പരിഗണിച്ചുകൊണ്ടുള്ള പ്രസക്തമായ ചില അഴിച്ചുപണികളും ഈ പാഠ്യപദ്ധതിയിൽ ഉണ്ടാവും.

ദേശീയ പാഠ്യപദ്ധതി നിർദേശിച്ച വിമർശനാത്മക ബോധനശാസ്ത്രം ഉള്ളടക്കനിർണയത്തിലും സ്വാധീനം ചെലുത്തും. സമൂഹത്തിലുള്ള വൈരുധ്യം ക്ലാസ് മുറിയിലും പ്രകടമാവുമെന്ന് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം വൈരുധ്യങ്ങളെ പുനർനിർമിക്കുന്ന ഇടമായും ക്ലാസ് മുറികൾ മാറാനിടയുണ്ട്. ചില അറിവുകളെ ശ്രേഷ്ഠമായും മറ്റു ചിലതിനെ മ്ലേച്ഛമായും പാഠപുസ്തകങ്ങളിൽ ചിത്രീകരിക്കുന്ന സ്ഥിതി ഉണ്ടാവാറുണ്ട്. സംസ്കാരം, ഭാഷ, ജീവിതാവസ്ഥകൾ എന്നിവയെല്ലാം മേലാളപക്ഷപാതിത്വത്തോടെ ചിത്രീകരിക്കാറുണ്ട്. കീഴാള വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് ഇവയൊക്കെ ഉണ്ടാക്കുന്ന ആഘാതം ചെറുതല്ല. ആകയാൽ, വിമർശനാത്മകമായ ഒരു തലത്തിൽ നിന്നു വേണം പാഠപുസ്തകങ്ങളിലെ ഉള്ളടക്കം, ഭാഷ, ചിത്രീകരണം തുടങ്ങിയവ ചിട്ടപ്പെടുത്തുന്നത്.

പഠിക്കുക എന്നതിനർഥം അറിയുക എന്നതിനൊപ്പം മാറുക എന്നുകൂടിയാണ്. കേവലമായ വിവരങ്ങൾ ശേഖരിച്ചതു കൊണ്ടായില്ല. അവ ജ്ഞാനനിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ മാത്രമാണ്. വിവരങ്ങളെ അപഗ്രഥിച്ച് ചില നിഗമനങ്ങളിൽ എത്തിയതുകൊണ്ടുമാകുന്നില്ല. ആ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അവസ്ഥയിൽ മാറ്റം വരുത്താൻ

പര്യാപ്തമായ നിർദേശങ്ങളും പ്രതികരണങ്ങളും ഉണ്ടാവണം. എന്തുകൊണ്ട് പുഴകൾ മലിനീകരിക്കപ്പെടുന്നു, ദരിദ്രർ അപമാനിക്കപ്പെടുന്നു, എല്ലാം വിൽപനച്ചരക്കായി മാറുന്നു, നാട്ടുഭാഷാപദങ്ങൾ അന്യം നിൽക്കുന്നു, പ്രാദേശിക തൊഴിൽക്കൂട്ടങ്ങൾ തകർന്നടിയുന്നു, പെൺകുട്ടികൾ രണ്ടാംതരം പൗരാവസ്ഥയിൽ കഴിയുന്നു, മാധ്യമങ്ങളിൽ ചുറ്റുമുള്ള ജീവിതം കാണാതെപോവുന്നു, മഹത്തായ മതമൂല്യങ്ങളെ വർഗീയത കൈയേറുന്നു, ലാളിത്യം ഒരു മൂല്യമല്ലാതായിത്തീരുന്നു, യുദ്ധം അടിച്ചേൽപ്പിക്കപ്പെടുന്നു എന്നൊക്കെ ഓരോ പഠിതാവിനും ചിന്തിക്കാനാവണം. നേടിയ അറിവുകൾ പ്രകാശിപ്പിക്കാനും നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും പ്രതികരണങ്ങൾ ബന്ധപ്പെട്ടവരെ അറിയിക്കാനും നിലപാടുകൾ ആവിഷ്കരിക്കാനും നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബദലുകൾ കണ്ടെത്താനും അവസരമുണ്ടാവണം. ചുരുക്കത്തിൽ, സാമൂഹികമായി നിർമിച്ച അറിവിനെ വിമർശനാത്മകമായ പ്രതികരണത്തിന്റെ തലത്തിലേക്ക് ഉയർത്തുന്ന ഉള്ളടക്കവിതാനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കണം.

## പഠനത്തിന്റെ രീതി

മനഃശാസ്ത്രം കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ ലോകത്തിനു നൽകിയ തിരിച്ചറിവുകളെ വിവേകപൂർവം പരിശോധിച്ചുകൊണ്ടേ ഇക്കാര്യത്തിൽ ചില ഉറച്ച നിലപാടുകളിൽ എത്താനാവൂ. തള്ളേണ്ടവ തള്ളാനും കൊള്ളേണ്ടവ കൊള്ളാനുമുള്ള ആർജവം നാം കൈക്കൊണ്ടേ പറ്റൂ.

വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ ഒരേ കാലഘട്ടത്തിൽ ഒട്ടേറെ ശാഖകൾ രൂപപ്പെടുകയുണ്ടായി. എന്നാൽ വ്യാപകമായി സ്വീകരിക്കപ്പെട്ടതും വളരെക്കാലം സ്വാധീനം ചെലുത്തിയതും വ്യവഹാരവാദമാണ്. ചോദക-പ്രതികരണബന്ധത്തിന്റെ നിർമാണമാണ് അടിസ്ഥാനപരമായി പഠനപ്രക്രിയയായി ഇവർ മുന്നോട്ടുവച്ചത്. നടപ്പാക്കാൻ എളുപ്പമുള്ള ഒരു പദ്ധതിയായിരുന്നു ഇതെന്നതിൽ സംശയമില്ല. പരമ്പരാഗതമായി നിലനിന്ന ഉരുവിട്ടു പഠിക്കൽ, ശിക്ഷിച്ചു മെച്ചപ്പെടുത്തൽ, അറിവിന്റെ കൈമാറ്റം, അധ്യാപകന്റെ ചോദ്യം ചെയ്യപ്പെടാത്ത സ്ഥാനം എന്നിവയ്ക്ക് ഈ കാഴ്ചപ്പാട് നല്ല ന്യായീകരണമായി മാറി.

നൈസർഗികവാസനകളാൽ മാത്രം നയിക്കപ്പെടുന്ന ഏതാനും ജീവികളിൽ നടത്തിയ പരീക്ഷണങ്ങളായിരുന്നു വ്യവഹാരവാദത്തിന് ആധാരം. ഇവർ കണ്ടെത്തിയ ചില മാതൃകകളാണ് മനുഷ്യശിശുക്കളുടെ പഠനത്തിനും ശുപാർശ ചെയ്തത്. മനുഷ്യനൊഴികെയുള്ള ജീവികളുടെ കാര്യത്തിൽ മുതിർന്നവ ചെയ്യുന്നതു കണ്ടും അനുകരിച്ചും ആവർത്തിച്ചും ആണ് കുഞ്ഞുങ്ങൾ വളരുന്നത്. ഏതാനും കാര്യങ്ങൾ അവയ്ക്കു ജന്മസിദ്ധമായും ലഭിക്കും. അനുഭവങ്ങളെ വിശകലനം ചെയ്യാനും സഹപാഠികളുമായും മുതിർന്നവരുമായും ചർച്ചയിലും സംവാദങ്ങളിലും ഏർപ്പെടാനും സഹായിക്കുന്ന ആശയവിനിമയ ഉപാധികളും ഉയർന്ന മാനസികശേഷികളും ഈ ജീവികൾക്കില്ല. എന്നാൽ ഇത്തരം കഴിവുകളുള്ള മനുഷ്യശിശുവിന്റെ കാര്യത്തിലും ജന്മവാസനയുടെയും അനുകരണത്തിന്റെയും ചോദക-പ്രതികരണ ബന്ധരൂപീകരണത്തിന്റെയും പരിമിത വഴികളേ നിർദേശിക്കാനുള്ളൂ എന്നത് ഈ വിചാരമാതൃകയെ നിരാകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമതായി പരിഗണനയിൽ വരുന്നത് മനുഷ്യവ്യക്തിത്വത്തിൽ അചഞ്ചലമായ വിശ്വാസം പ്രകടിപ്പിച്ച മാനവികതാവാദമാണ്. പഠിതാവിന്റെ പ്രകൃതം മാനിക്കണമെന്നും വ്യക്തിത്വത്തെ അംഗീകരിക്കണമെന്നും പഠനത്തെ കുട്ടിയുടെ യഥാർഥ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തണമെന്നും അധ്യാപകൻ പഠനത്തെ സുഗമമാക്കുന്ന

രീതിയിൽ ഇടപെടണമെന്നും ഈ സമീപനം വ്യക്തമാക്കുന്നു. പഠിതാവ് പഠനപ്രശ്നത്തെ സ്വയം ഏറ്റെടുത്തും അതിൽ പൂർണപങ്കാളിയായും സ്വയം വിലയിരുത്തിയും മുന്നോട്ടുപോകുമ്പോഴാണ് പഠനം താൽപര്യജനകവും പ്രയോജനപ്രദവുമാവുക. പഠനത്തിന്റെ സാമൂഹികവശങ്ങളിൽ കാര്യമായി ശ്രദ്ധിച്ചില്ല എന്ന പരിമിതി നിലനിൽക്കുമ്പോൾത്തന്നെ കുട്ടികളോടുള്ള സമീപനത്തെ സംബന്ധിച്ച് മാനവികതാവാദം മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ ശിശുകേന്ദ്രിതവും ജനാധിപത്യത്തിൽ അധിഷ്ഠിതവുമായ ഒരു പാഠ്യപദ്ധതിക്ക് പൊതുവിൽ സ്വീകാര്യമാണ്.

പഠനത്തെ സജീവമായ മാനസികപ്രക്രിയയായും അറിവിന്റെ നിർമാണമായും വീക്ഷിക്കുന്ന ജ്ഞാനനിർമിതിവാദമാണ് അടുത്തത്. ഇതിനു രണ്ടു ധാരകളുണ്ട്. അതിലൊന്ന് കുട്ടിയെ ഏകാകിയായ അന്വേഷകയായി അവതരിപ്പിക്കുന്നു. കുട്ടിക്ക് ഉണ്ട് എന്നു കരുതപ്പെടുന്ന സവിശേഷമായ കഴിവുകളിലാണ് അതിന്റെ ഊന്നൽ. അധ്യാപകരുടെ ഇടപെടലിനെ പരിമിതപ്പെടുത്തുന്ന ഒരു സമീപനമാണിത്. സമൂഹത്തിന് ഇവിടെ കാര്യമായ പങ്കാളിത്തമില്ല. ഇതിലൂടെ കുട്ടികൾ എത്തിച്ചേരുന്ന അറിവുകൾ അപൂർണമായിരിക്കുമെന്നും അതു പരമാവധിയിലേക്ക് ഉയരില്ലെന്നും ഉള്ള വിമർശനങ്ങൾ ഈ വീക്ഷണത്തിന് എതിരേയുണ്ട്.

ദേശീയ പാഠ്യപദ്ധതി ശക്തമായി ശുപാർശ ചെയ്തിട്ടുള്ള സാമൂഹിക ജ്ഞാനനിർമിതിവാദമാണ് രണ്ടാമത്തെ കൈവഴി. ജനനം മുതൽ ചുറ്റുമുള്ളവരുമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, കൂടുതൽ അറിവുള്ളവരുടെ സഹായത്തോടെ നിലവിലുള്ള കഴിവുകൾക്ക് അപ്പുറത്തേക്ക് ഉയർന്നു പോവുന്ന ഒരു സാമൂഹികപഠിതാവായി കുട്ടിയെ ഈ സമീപനം വീക്ഷിക്കുന്നു. ഈ പഠിതാവ് ജീവശാസ്ത്രപരമായ തലത്തിനൊപ്പം സാംസ്കാരികമായും വികസിക്കുന്നു. ഭാഷാപരവും ഗണിതപരവുമൊക്കെയായ ചിഹ്നങ്ങൾ, ഉയർന്ന മാനസിക പ്രക്രിയകൾ, മുമ്പു നേടിയ അറിവിന്റെ വിപുലസഞ്ചയം എന്നീ മാനസിക ഉപകരണങ്ങൾ മറ്റു ജന്തുക്കളെ അപേക്ഷിച്ച് മനുഷ്യശിശുവിന്റെ മികവാണ്. ഇതൊക്കെയും ജനനശേഷം കുട്ടി സമൂഹവുമായി ഇടപെട്ടു നേടിയതാണ്. മനുഷ്യർ ഒരു സമൂഹമെന്ന നിലയിൽ ഇതഃപര്യന്തം വികസിപ്പിച്ചെടുത്ത സാമഗ്രികൾ, ഉപകരണങ്ങൾ, പുസ്തകങ്ങൾ, യന്ത്രങ്ങൾ, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയ ഭൗതിക ഉപകരണങ്ങളും ഈ പഠിതാവിന് പ്രയോജനപ്പെടുത്താനാവും. ചുരുക്കത്തിൽ, മാനസികവും ഭൗതികവുമായ നിരവധി സാംസ്കാരിക ഉപകരണങ്ങൾ ഉപയോഗിച്ച്, സമൂഹത്തിലെ മറ്റ് അംഗങ്ങളുമായി ഇടപെട്ട് വികാസത്തിന്റെ ഉയർന്ന നിലയിലേക്കു പോകാൻ കഴിയുന്ന മനുഷ്യസാധ്യതയെ പ്രയോജനപ്പെടുത്താൻ സാമൂഹിക ജ്ഞാനനിർമിതിവാദം നമ്മോട് ആഹ്വാനം ചെയ്യുന്നു. മനുഷ്യനിലെ കേവലജന്തുവിനെ മാത്രം കണ്ട വ്യവഹാരവാദത്തിനും ഏകാകിയായ അന്വേഷകനെ മാത്രം കണ്ട കേവല ജ്ഞാന നിർമിതിവാദത്തിനും അപ്പുറമുള്ള ഒരു സാധ്യതയാണ് മനുഷ്യനിലെ സാമൂഹികവശത്തിൽ ഊന്നിയ സാമൂഹിക ജ്ഞാനനിർമിതിവാദം മുന്നോട്ടുവച്ചത്.

നമ്മുടെ സ്വാഭാവികമായ വികാസഗതിക്കു നിരക്കുന്നതും വ്യക്തിയെയും സമൂഹത്തെയും പരസ്പരം ബന്ധപ്പെടുത്തുന്നതും രണ്ടിന്റെയും മെച്ചപ്പെട്ട വികാസം ഉറപ്പുവരുത്തുന്നതുമായ ഈ സമീപനം ജനാധിപത്യത്തിലും സാമൂഹികമൂല്യങ്ങളിലും അധിഷ്ഠിതമായ ഒരു ഭാവിസമൂഹത്തിന്റെ നിർമിതിക്ക് അനുഗുണമാണ്.

തന്നെയും തന്റെ ചുറ്റുപാടുകളെയും വിമർശനാത്മകമായി സമീപിക്കുമ്പോഴാണ് സമൂഹനിർമിതിക്കടിത്തറയാകുന്ന ജ്ഞാനനിർമിതി നടക്കുക. സാമൂഹികവും

സാംസ്കാരികവുമായ വൈരുധ്യങ്ങൾ പഠിതാക്കൾ ആർജിക്കുന്ന കഴിവിനെ ബാധിക്കും. ഇത്തരം വൈരുധ്യവും വൈവിധ്യവുമായി നിരന്തരം ഇടപെടുകയും ചോദ്യംചെയ്യുകയും ചെയ്തുകൊണ്ടേ വളർച്ച സാധ്യമാവൂ. സാമാന്യബോധത്തിൽ നിന്ന് ശാസ്ത്രീയവീക്ഷണത്തിലേക്കുള്ള പരിവർത്തനം അറിവിന്റെ നിർമാണത്തിന്റെ ഭാഗമായി സംഭവിക്കണം. തന്നെയും ജീവിതപരിസരത്തെയും പഠിതാവ് വീണ്ടും വീണ്ടും പരിശോധിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസം നിർമാണത്തിന്റെയും പരിവർത്തനത്തിന്റെയും തുടർച്ചയായ പ്രക്രിയയാണ്. സാമൂഹിക ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതവും വിമർശനാത്മകബോധനശാസ്ത്രത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളുന്നതുമാവണം പഠനസമീപനം.

പഠനം നടക്കുമ്പോൾ തലച്ചോറിനകത്തു നടക്കുന്ന മാറ്റങ്ങളെ നാഡീമനഃശാസ്ത്രം വിശദീകരിക്കുന്നു. നാഡീകോശങ്ങളുടെ സങ്കീർണമായ വലക്കണ്ണികളുടെ രൂപത്തിലാണു പഠനം തലച്ചോറിൽ രേഖപ്പെടുത്തുന്നത്. പഠനം നടക്കുമ്പോൾ തലച്ചോറിലുണ്ടാകുന്ന മാറ്റങ്ങൾ കാണിച്ചുതരാൻ കഴിയുന്ന യന്ത്രസംവിധാനങ്ങൾ ഇന്നുണ്ട്. മസ്തിഷ്കവികാസം ഏറിയകൂറും നടക്കുന്നതു ചെറുപ്രായത്തിലാണ്. ഓരോ കഴിവുമായി ബന്ധപ്പെട്ടും ചില നിർണായക വികാസവേളകളുണ്ട്. ആ പ്രായത്തിൽ അതുമായി ബന്ധപ്പെട്ട നിശ്ചിത അനുഭവങ്ങൾ ലഭിച്ചില്ലെങ്കിൽ അപരിഹാര്യമായ നഷ്ടമാവും സംഭവിക്കുക. പ്രീ-പ്രൈമറി ഘട്ടത്തിൽ അനൗപചാരികവും വൈവിധ്യപൂർണവുമായ കളിയനുഭവങ്ങൾ നൽകണം എന്ന പൊതുനിരീക്ഷണത്തെ ഇത്തരം കണ്ടെത്തലുകൾ ഒന്നുകൂടി ഉറപ്പിക്കുന്നു. വ്യത്യസ്ത ബുദ്ധിമേഖലകളിലുള്ള പഠനം തലച്ചോറിന്റെ വ്യത്യസ്തഭാഗങ്ങളെയാണു പ്രവർത്തിപ്പിക്കുന്നത്. ഒരു പ്രശ്നത്തെ നാം പരിഹരിക്കാൻ ശ്രമിക്കുമ്പോൾ ഈ വിധം വികസിച്ച വ്യത്യസ്ത ഭാഗങ്ങളുടെ ഏകോപിച്ച പ്രവർത്തനമാണു തലച്ചോറിൽ നടക്കുന്നത്. ഇതിനർഥം ബുദ്ധിയുടെ ബഹുതലങ്ങളെ പരിഗണിച്ചു കൊണ്ടുള്ള വൈവിധ്യപൂർണമായ അനുഭവങ്ങൾ സ്കൂൾഘട്ടത്തിൽ ലഭിക്കണമെന്നാണ്. അതോടൊപ്പം തന്നെ ചില പ്രത്യേക ബുദ്ധിമേഖലകളോട് കുട്ടികൾക്കു സവിശേഷമായ ചായ്വ് ഉണ്ടാവും. അവരുടെ പഠനശൈലി ഇതുമായി ബന്ധപ്പെട്ടതാവും. അവരുടെ ഭാവി വികസനസാധ്യതയും ഏറ്റവും കൂടുതൽ ഈ മേഖലകളിലാവും. അതുകൊണ്ട് കുട്ടികളുടെ വ്യത്യസ്തത അംഗീകരിക്കുന്ന പാഠ്യപദ്ധതിയിൽ, ഓരോ കുട്ടിക്കും തന്റെ മേഖല കണ്ടെത്താനും അതിലൂടെ മുന്നേറി തന്റെയും ഒപ്പം സമൂഹത്തിന്റെയും പൊതുവികാസം ഉറപ്പുവരുത്താനുമുള്ള അവസരങ്ങൾ ഉണ്ടാവണം. അനുഭവങ്ങളുടെയും പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെയും കുറവ് പഠനത്തെ ബാധിക്കുമെന്ന സൂചനയും നാഡീമനഃശാസ്ത്രം നൽകുന്നു.

## പഠനപ്രക്രിയയുടെ നിർവഹണം

പഠനപ്രവർത്തനത്തിന്റെ മാനസിക തലം പൂർത്തീകരിക്കപ്പെടേണ്ടതു കുട്ടിയുടെ മസ്തിഷ്കത്തിലാണ്. എന്നാൽ ഇതിന്റെ ഭൗതികവും സാമൂഹികവുമായ തലങ്ങൾ ആവിഷ്കരിക്കപ്പെടുന്നത് സ്കൂളിലും വീട്ടിലും മറ്റു സാമൂഹികസന്ദർഭങ്ങളിലുമായാണ്. പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമായാണ് അതു കുട്ടിക്ക് അനുഭവപ്പെടുക. ഔപചാരിക വിദ്യാഭ്യാസത്തിൽ ഇത്തരം സന്ദർഭങ്ങൾ എപ്പോഴും സ്വയമേവ ഉയർന്നുവരണമെന്നില്ല. അതുകൊണ്ടു തന്നെ സന്ദർഭങ്ങൾ സൃഷ്ടിക്കുന്നതിൽ അധ്യാപകർക്കും പഠനസാമഗ്രികൾക്കും സവിശേഷമായ പങ്കുണ്ട്.

ഓരോ പഠനപ്രശ്നവും ഒന്നുകിൽ സാമൂഹികപ്രശ്നങ്ങളുമായി നേരിട്ടു ബന്ധപ്പെട്ടതാവാം. അല്ലെങ്കിൽ സാമൂഹികപ്രശ്നങ്ങളുടെ പരിഹരണത്തിൽ പ്രസക്ത

മായിത്തീരുന്ന അക്കാദമിക പ്രശ്നവുമാവാം. രണ്ടുതരത്തിലായാലും ചിന്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിലും സമൂഹത്തിലെ വളർന്നുവരുന്ന ഒരംഗം എന്ന നിലയിലും കുട്ടിയിൽ ആന്തരികമായ പ്രചോദനം ഉണ്ടാക്കുന്നതാവും ഈ പ്രശ്നം. ഇതോടെ പ്രശ്നപരിഹാരത്തിന്റെ വഴിയിലൂടെ ഉത്തരവാദിത്തപൂർണമായ യാത്ര പഠിതാവ് ആരംഭിക്കുന്നു. ഇവിടെ പഠിതാവ് ഒറ്റയ്ക്കല്ല; സഹപഠിതാക്കളും അധ്യാപകനും ഒപ്പമുണ്ട്; രക്ഷിതാവും സമൂഹവും സഹായത്തിനുണ്ട്. അതുകൊണ്ടുതന്നെ ചർച്ചചെയ്തും പങ്കുവച്ചും പ്രശ്നപരിഹരണരീതി നിർണയിക്കാനാവുന്നു. സ്വന്തം ചിന്തകൾക്കും നിർദേശങ്ങൾക്കും അർഹമായ പരിഗണന ലഭിക്കുന്നു. മുന്നറിവുകൾ, നേരത്തേ നേടിയ കഴിവുകൾ, പ്രത്യേകം തയാറാക്കപ്പെട്ട പഠനസാമഗ്രികൾ, ഉചിതമായ അധ്യാപക ഇടപെടൽ എന്നിവ ഉപയോഗിച്ച് വിവരശേഖരണവും അപഗ്രഥനവും നിർവഹിക്കുന്നു. എത്തിച്ചേർന്ന ധാരണകളുടെ വെളിച്ചത്തിൽ വ്യക്തിപരമോ സാമൂഹികമോ ആയ പ്രതികരണങ്ങളിൽ ഏർപ്പെടുന്നു. ഈ പ്രക്രിയയിൽ ഉടനീളം പങ്കുവയ്ക്കലും സംവാദവും വിലയിരുത്തലും മെച്ചപ്പെടുത്തലും നടക്കുന്നു. ഇതു വ്യക്തിയിലും കുട്ടി ഇടപെടുന്ന സമൂഹത്തിലും നിരന്തരമാറ്റങ്ങൾ സൃഷ്ടിക്കുന്നു.

ഏതൊരു പഠനപ്രശ്നവും കുട്ടിയുടെ നിലവിലുള്ള അറിവുകൾക്കു മുകളിൽ നിൽക്കുന്നതു കൊണ്ടാണ് അതു വെല്ലുവിളിയായി മാറുന്നത്. അതേസമയം അതു കുട്ടിക്കു ലഭ്യമാവുന്ന സാഹചര്യങ്ങൾക്കും സഹായങ്ങൾക്കും അകത്ത് പരിഹരിക്കപ്പെടാൻ കഴിയുന്നതുമാവണം.

ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളെയും പരിമിതികളെയും കുറിച്ച് അധ്യാപകർക്ക് അറിവുണ്ടാകണം. കുട്ടിയുടെ പരിമിതികൾക്കുള്ളിലേക്കു പഠനലക്ഷ്യത്തെ ചുരുക്കുക എന്ന എളുപ്പമാർഗമല്ല നാം സ്വീകരിക്കുക. പകരം. കുട്ടിയുടെ പരിമിതികളെ മറ്റു രീതികളിൽ എങ്ങനെ മറികടക്കാമെന്ന് കൂട്ടായി ആലോചിക്കുകയും അതിനുള്ള പരിഹാരങ്ങൾ ഏർപ്പെടുത്തുകയും അതുവഴി പരമാവധി പഠനനേട്ടം ഉറപ്പുവരുത്തുകയുമാവും ചെയ്യുക.

പാഠപുസ്തകങ്ങൾ പ്രശ്നോന്നീത പഠനത്തിന് അനുസൃതമായി രൂപകൽപ്പന ചെയ്യപ്പെടണം. വിജ്ഞാനത്തെ പണിതീർന്ന ഒരുൽപന്നമായി കാണരുത്. പ്രശ്നസന്ദർഭങ്ങൾക്കൊപ്പം അതു പരിഹരിക്കാനാവശ്യമായ ചില പൊതുവിവരങ്ങളും പാഠപുസ്തകത്തിൽ ഉണ്ടാവണം. അഥവാ മറ്റ് ഉപാധികൾ വഴി അത് ഉറപ്പുവരുത്തണം. ജ്ഞാനനിർമിതിക്കായി ഒരുങ്ങിയ കുട്ടികൾ അതിന്റെ മുന്നുപാധിയായ ചില കേവലവിവരങ്ങൾക്കായി തേടിനടന്നു നിരാശപ്പെടുന്ന സ്ഥിതി ഉണ്ടാവരുത്. ഇതു ദരിദ്രപക്ഷത്തിൽപ്പെട്ട കുട്ടികളെ പിന്നാക്കക്കാരാക്കി മാറ്റും. അതേസമയം അന്വേഷണം എന്ന ശീലത്തെ ഇല്ലായ്മചെയ്യാനും പാടില്ല. പ്രാദേശികമായി ലഭിക്കേണ്ട വിവരങ്ങൾ അവിടെ വച്ചു തന്നെ ശേഖരിക്കണം. ഇക്കാര്യത്തിൽ അധ്യാപകരും രക്ഷിതാക്കളും പ്രാദേശികസമൂഹവും കുട്ടിക്കു തുണയാവണം.

ഈ കാഴ്ചയിൽ നിന്നുകൊണ്ടുതന്നെ അറിവുനിർമാണത്തിന് സഹായകമായ പരമാവധി വിവരങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത് ഒരളവുവരെ പാഠപുസ്തകത്തിലൂടെതന്നെ നിർവഹിക്കാൻ ശ്രമിക്കുന്നു. അങ്ങനെ വിവരങ്ങൾ പാഠപുസ്തകത്തിലൂടെ ലഭ്യമാക്കുമ്പോൾ അത് പ്രക്രിയയ്ക്കാവശ്യമായ വിധത്തിൽ വിശകലനത്തിന് വിധേയമാക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

നിലവിലുള്ള സാഹചര്യത്തിൽ പാഠപുസ്തകം മറ്റുചില ദൗത്യങ്ങൾ കൂടി ഏറ്റെടുക്കുന്നു. കുട്ടി എത്തിച്ചേരുന്ന പ്രധാന ധാര

ണകളും ചില പ്രതികരണരൂപങ്ങളും പാഠപുസ്തകത്തിൽ രേഖപ്പെടുത്താൻ ഇടം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ കുട്ടിയുടെ എഴുത്തുപുസ്തകത്തിൽ ഉണ്ടാവണം. ഇതുവഴി എല്ലാ വിദ്യാലയങ്ങളിലും നിശ്ചിത നിലവാരത്തിലുള്ള ചില മിനിമം കാര്യങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സംവിധാനത്തിനു കഴിയുമല്ലോ. ഒപ്പം, സ്കൂളിൽ നടക്കുന്ന പ്രധാന പഠനപ്രവർത്തനങ്ങൾ സംബന്ധിച്ച ഏതാണ്ടൊരു ചിത്രം രക്ഷിതാവിനു നൽകാനും ഇത് ഉപകരിക്കും. പ്രതിമാസ രക്ഷാകർതൃയോഗത്തിലൂടെ ഇതിനു കൂടുതൽ വ്യക്തത വരുത്താം. രക്ഷാകർതൃ പങ്കാളിത്തമില്ലാതെ ഇത്തരമൊരു പാഠ്യപദ്ധതിക്കു ഫലപ്രദമായി മുന്നോട്ടുപോവാനാവില്ല.

അധ്യാപികയുടെ കൈവശമുള്ള സഹായകഗ്രന്ഥത്തിൽ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ, പരിഗണിക്കപ്പെടേണ്ട സാമൂഹികപ്രശ്നങ്ങൾ, പഠനത്തിന്റെ പൊതുസമീപനം, വിഷയസമീപനം, മൂല്യനിർണയം സംബന്ധിച്ച സൂചനകൾ എന്നിവ നൽകണം. നടക്കേണ്ട പ്രക്രിയകൾ, എത്തിച്ചേരേണ്ട ധാരണകൾ, രൂപപ്പെടേണ്ട മനോഭാവങ്ങൾ, പ്രതീക്ഷിക്കുന്ന പ്രതികരണങ്ങൾ, ഉണ്ടാവേണ്ട ഉൽപന്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാവണം. ക്ലാസിൽ ഉയർന്നുവരാനിടയുള്ള ഉള്ളടക്കസംബന്ധമായ സംശയങ്ങൾക്കു മതിയായ വിശദീകരണങ്ങൾ അതിൽ ഉണ്ടാവണം. കേരളത്തിലെ ഏതു ക്ലാസ്മുറിയിലും നടക്കേണ്ട ചില മിനിമം പ്രവർത്തനങ്ങളുടെ ക്രമീകൃത ചിത്രം പാഠപുസ്തകവുമായി ബന്ധപ്പെടുത്തി 'അധ്യാപകസഹായി'യിൽ നൽകണം. എന്നാൽ ക്ലാസ് മുറിയിലെ ആവശ്യങ്ങൾക്ക് അനുസൃതമായി മെച്ചപ്പെട്ട മറ്റു പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഇതൊന്നും അധ്യാപകർക്കു തടസ്സമാവാനും പാടില്ല. സർഗാത്മകമായ അധ്യാപനം, പാഠ്യപദ്ധതി സമീപനത്തിനകത്തുനിന്നുകൊണ്ട് നാം പരമാവധി പ്രതീക്ഷിക്കുന്നു. മാതൃകകളും ഉദാഹരണങ്ങളും സാധ്യതകളും ക്ലസ്റ്ററുകളിൽ പങ്കുവയ്ക്കാനും പരസ്പരം മെച്ചപ്പെടുത്താനും അധ്യാപകർക്കു കഴിയണം. പ്രവർത്തനങ്ങളിൽ വരുത്തേണ്ട പ്രാദേശികമായ മാറ്റങ്ങളും ഇത്തരം വേദികളിൽ ചർച്ചചെയ്യപ്പെടണം.

പ്രശ്നോന്നീത പാഠ്യപദ്ധതിയിൽ പ്രാദേശികമായ അനുഭവങ്ങൾ പ്രധാനമാണ്. പ്രാദേശികമായ പ്രശ്നങ്ങളും അതുമായി ബന്ധപ്പെട്ട രേഖകളും സാമഗ്രികളും പാഠങ്ങളും മറ്റും ചേരുമ്പോൾ പാഠ്യപദ്ധതി കൂടുതൽ മിഴിവുറ്റതാവും. സ്കൂൾ - ക്ലസ്റ്റർ - പഞ്ചായത്ത് തലങ്ങളിൽ ഇതിനുള്ള കൂട്ടായ്മകൾ പ്രവർത്തിക്കണം. പ്രാദേശികമായി തയാറാക്കപ്പെടുന്ന വായനസാമഗ്രികൾ, ശേഖരങ്ങൾ, പുസ്തകങ്ങൾ, റഫറൻസ് സാമഗ്രികൾ, ഐ.ടി. അധിഷ്ഠിത ഉപാധികൾ എന്നിവ ലഭ്യമാക്കുന്നതിനും മുഖ്യപരിഗണന നൽകണം.

പഠനത്തിനു സഹായകമായ ബാലസാഹിത്യഗ്രന്ഥങ്ങൾ ഇനിയുമേറെ ഉണ്ടാവണം. ഉചിതരൂപത്തിലുള്ള മാധ്യമസഹായവും അഭിലഷണീയമാണ്. എന്നാൽ പഠനപ്രക്രിയയിലൂടെ കുട്ടി എത്തിച്ചേരേണ്ട ധാരണകൾ നേരത്തേ തയാറാക്കി നൽകുന്ന ബാഹ്യ ഇടപെടലുകൾ ഇന്ന് വിപണിയിലൂടെ നടക്കുന്നുണ്ട്. ഇതു കുട്ടികളുടെ യഥാർഥവികാസത്തെ തടയുന്ന സാമൂഹികവിരുദ്ധ പ്രവർത്തനമാണെന്നു പറയാതെ വയ്യ. ഇതിനെതിരേ അധ്യാപകർ നിലപാടെടുക്കണം; രക്ഷിതാക്കളെ ബോധവൽക്കരിക്കണം.

ഏതൊരു പാഠ്യപദ്ധതിയും വിജയകരമായി നിർവഹിക്കപ്പെടുക, അതിന്റെ അന്തസ്സത്ത തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന അധ്യാപകരിലൂടെയാണ്. അറിവു പകരുകയോ കുട്ടിയെ അറിവു നിർമിക്കാൻ വിട്ട് പൂർണമായും മാറിനിൽക്കുകയോ ചെയ്യുന്ന അധ്യാപകരെയല്ല, മറിച്ച്, പഠനപ്രശ്നങ്ങളെ ശരി

യായ വിതാനത്തിൽ ഉയർത്തിക്കൊണ്ടുവരുന്ന, കുട്ടികളെ നിരന്തരമായി പ്രചോദിപ്പിക്കുന്ന, ചോദ്യങ്ങളും സൂചനകളും വിശദീകരണങ്ങളും മറ്റും വഴി അവർക്കു കൈത്താങ്ങു നൽകുന്ന, തിരിച്ചറിവുള്ള ഒരു സമൂഹനിർമാതാവിനെയാണ് നാം അധ്യാപകരിൽ പ്രതീക്ഷിക്കുന്നത്.

## പഠിക്കാനുള്ള അവകാശം

മെച്ചപ്പെട്ട രീതിയിൽ പഠിക്കാൻ അവസരം കിട്ടുക എന്നത് ഓരോ കുട്ടിയുടെയും അവകാശമാണ്. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ഭാഷാപരമോ ശാരീരികമോ സ്ത്രീ-പുരുഷ ഭേദപരമോ ആയ വേർതിരിവുകൾ ഈ അവകാശത്തെ നിഷേധിക്കുന്നതിനു കാരണമാവരുത്. പല കാരണങ്ങളാലും വീട്ടിൽ സൗകര്യം കുറഞ്ഞ കുട്ടികൾക്ക്, അത്തരം പരിമിതികൾ അവരുടെ പഠനനേട്ടം കുറയുന്നതിന് ഇടയാക്കരുത്. അതുകൊണ്ട് പഠനത്തിനുള്ള സൗകര്യങ്ങളും അവസരങ്ങളും സമൂഹത്തിന്റെ മുൻകൈയിൽ പരമാവധി സ്കൂളിൽ തന്നെ ഏർപ്പെടുത്തണമെന്ന വാദത്തിനു പ്രസക്തിയുണ്ട്. സ്കൂളിൽ കുട്ടിക്ക് കൂടുതൽ പഠനസൗകര്യങ്ങളും പഠനസമയവും ഒരുക്കുന്നത് ദരിദ്രപക്ഷത്തോടും പിന്നാക്കവിഭാഗത്തോടും ചെയ്യുന്ന നീതിയായി കാണണം.

അതുപോലെ ശാരീരികപ്രശ്നങ്ങൾ, സ്കൂൾ നൽകുന്ന മെച്ചപ്പെട്ട സാമൂഹികാനുഭവം പ്രയോജനപ്പെടുത്തുന്നതിൽ കുട്ടികൾക്കു തടസ്സമാവാതെ നോക്കണം. ശാരീരികപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഉപകരണങ്ങൾ നൽകണം. സ്കൂളിനെ അവരുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തണം. അതുവഴി ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനുള്ള സാധ്യത പരമാവധി പരിഗണിക്കണം.

വീട്ടിലും നാട്ടിലും എന്നതുപോലെ സ്കൂളിലും പെൺകുട്ടികൾക്ക് ആൺകുട്ടികളെപ്പോലെത്തന്നെ അവസരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്.

അതുപോലെ പാർശ്വവൽക്കരിക്കപ്പെടുന്നവരെ സംബന്ധിച്ച് സാംസ്കാരികമായ സവിശേഷതകളും ഭാഷാപരമായ തനിമയും നിലനിർത്തിക്കൊണ്ടു തന്നെ പഠനം രൂപകൽപ്പന ചെയ്യാൻ പാഠ്യപദ്ധതിവഴി അങ്ങേയറ്റം ശ്രമിക്കണം.

# പ്രശ്നാധിഷ്ഠിത പഠനം
# (Problem Based Education)

## പഠനം ഒരു സാമൂഹികപ്രക്രിയ

പഠനം എന്നതിന് മനുഷ്യനോളം പഴക്കമുണ്ട്. മനുഷ്യനോടൊപ്പം രൂപംകൊണ്ടതും വളർന്നുവരുന്നതുമായ പ്രക്രിയയാണത്. മനുഷ്യനിൽ അടങ്ങിയതും അവൻ വികസിപ്പിക്കുന്നതുമാണെങ്കിലും പഠനത്തിന് മനുഷ്യന്റെ സാമൂഹികവികാസത്തെയാകെ സ്വാധീനിക്കാനുള്ള കഴിവുണ്ട്. മനുഷ്യന്റെ സാമൂഹികവികാസവും പഠനവും പരസ്പരം സ്വാധീനിക്കുകയും വളർത്തുകയും ചെയ്യുന്നു. പഠനമെന്നത് ഒറ്റപ്പെട്ട വ്യക്തികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന ഒന്നല്ല. വ്യക്തികളോരോരുത്തരും നിർവഹിക്കുന്ന പഠനങ്ങൾക്കെല്ലാം ഒറ്റനോട്ടത്തിൽ കാണാവുന്നതോ സൂക്ഷ്മവിശകലനത്തിൽ മാത്രം കാണാവുന്നതോ ആയ സാമൂഹികതലങ്ങളുണ്ട്. ഇന്നലെവരെ നേടിയ സാമൂഹികമായ ജ്ഞാനരൂപങ്ങളെ (Knowledge forms) ഉപയോഗപ്പെടുത്തിക്കൊണ്ടു മാത്രമേ ഏതൊരാൾക്കും ഇന്നു പുതിയ ജ്ഞാനങ്ങളെ ഉണ്ടാക്കിയെടുക്കാൻ കഴിയൂ. പഠനമെന്നതു ശൂന്യതയിൽ നിന്നു രൂപംകൊള്ളുന്നതല്ല; നിരവധി നൂറ്റാണ്ടുകളിലൂടെ സാമൂഹികമായി തുടരുന്ന പ്രക്രിയയാണ്.

അതുകൊണ്ടുതന്നെ പഠനത്തിന്റെ ലക്ഷ്യമെന്താണെന്ന ആലോചന ഓരോ കാലത്തെയും സാമൂഹികാവശ്യങ്ങളുമായി ബന്ധപ്പെടുന്നതാണ്. പെറുക്കിത്തിന്നും വേട്ടയാടിയും ജീവിച്ചിരുന്ന കാലത്ത് അതിനുള്ള വിവരങ്ങളും വിരുതും മൂർച്ചപ്പെടുത്തലാണ് പഠനലക്ഷ്യമായി മാറുക. എന്നാൽ നട്ടും നനച്ചും വസ്തുക്കൾ ഉണ്ടാക്കാൻ തുടങ്ങിയ കാലത്ത് നായാട്ടുവിദ്യകളെ ലക്ഷ്യംവയ്ക്കുന്ന പഠനം തനി പഴഞ്ചനായിരിക്കും. ഇവിടെ കാർഷികവിദ്യകളും വിരുതുകളും നല്ലപോലെ ആഴത്തിലും പരപ്പിലും കൈവശമാക്കലും വളർത്തിയെടുക്കലുമാവും കാലത്തിനു നിരക്കുന്ന പഠനലക്ഷ്യം. സാമൂഹികമായ ജീവനോപായങ്ങളെ ക്രമമായി മുന്നോട്ടുകൊണ്ടുപോവുക എന്ന ആവശ്യം എല്ലായ്പ്പോഴും പഠനത്തിനുണ്ട്. അതായത്, നല്ല നിലയിൽ ഉൽപ്പാദനപ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ പഠനത്തിലേർപ്പെടുന്നവരെ പ്രാപ്തരാക്കുക എന്നത് പഠനത്തിന്റെ ലക്ഷ്യമാണ്.

## പരുവപ്പെടുത്തൽ വിദ്യാഭ്യാസത്തിന്റെ നിരാകരണം

ഉൽപ്പാദന പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടുന്ന ഭൗതിക ജ്ഞാനങ്ങളെ മാത്രം ലക്ഷ്യമിടുന്ന പഠനം വളരെ ലളിതമായ ഘടനയുള്ള സമൂഹത്തിലേ സാധ്യമാവൂ. നാം ജീവിക്കുന്ന സമൂഹമാവട്ടെ, ആയിരത്താണ്ടുകളിലൂടെയുള്ള പരിണാമങ്ങൾ വഴി നിരവധി തട്ടുകളായി മാറിയ അതിസങ്കീർണമായ ഒരു വ്യവസ്ഥയാണ്. ഇവിടെ പഠനമെന്നത് പലപ്പോഴും നിലനിൽക്കുന്ന വേർതിരിവുകളെ അതേപോലെ നിലനിർത്താൻ കൂടി സഹായകമാവുന്നു. എല്ലാവരുടെയും ക്ഷേമവും വികാസവും പ്രഖ്യാപിതലക്ഷ്യമാവുമ്പോൾത്തന്നെ സമൂഹത്തിലെ താഴെക്കിടയിൽ കഴിയുന്നവരുടെ ആവശ്യങ്ങളോടും പ്രശ്നങ്ങളോടും നിസ്സംഗതയും അവഗണനയും പുലർത്തിക്കൊണ്ടാണ് പഠനസമ്പ്രദായം നിലവിലുള്ള അവസ്ഥയെ നിലനിർത്തുന്നത്. ഇതിനെ തിരിച്ചറിയാൻ കഴി

യാത്തവിധം വ്യക്തികളെ മാനസികമായി രൂപപ്പെടുത്തുന്ന പ്രവർത്തനം വളരെ സ്വാഭാവികമായി തന്നെ പഠനം വഴി നിർവ ഹിക്കപ്പെടുന്നുണ്ട്. ചുറ്റും കാണുന്ന എന്തി നെക്കുറിച്ചും ചോദ്യങ്ങൾ ഉന്നയിക്കുന്ന, ജിജ്ഞാസയോടെ സ്കൂളിലെത്തിച്ചേരുന്ന കുട്ടികൾക്കു സംഭവിക്കുന്ന മാറ്റം പരിശോ ധിച്ചാൽ ഇക്കാര്യം വ്യക്തമാവും. ഏറ്റവും കൂടിയ സാക്ഷരതാനിരക്കും അഭ്യസ്തവി ദ്യരുടെ ബാഹുല്യവും നമ്മുടെ നേട്ടമായി കാണിക്കാനാവുമ്പോൾത്തന്നെ ഉൽപാ ദനപ്രക്രിയകളിൽ നിന്നകന്ന് പൊള്ളയായ ഉപഭോഗസമൂഹമായി നാം മാറുന്നതിൽ, അഥവാ മാറ്റുന്നതിൽ പഠനം വഹിക്കുന്ന പങ്കും ചെറുതല്ല. എല്ലാവരെയും ഉയർത്താനും വളർത്താനും ലക്ഷ്യമിടുന്നു എന്ന നാട്യത്തിൽ നിലവിലുള്ള സാമൂഹിക അസമത്വങ്ങളെയും അനീതികളെയും വിമർശനവിധേയമാക്കാതെ മുന്നോട്ടു പോകുന്ന പഠനസമീപനത്തിൽ മാറ്റം വരു ത്തേണ്ടതല്ലേ?

## പഠനവും സാമൂഹികമാറ്റവും

നിലവിലുള്ള ജീവനോപായങ്ങളെ വളർത്തി യെടുക്കുന്നതോടൊപ്പം വ്യവസ്ഥയ്ക്കു കീഴ്പ്പെടുന്ന മനസ്സുള്ളവരാക്കി ആളുകളെ മാറ്റുക എന്നതും പഠനത്തിലൂടെ നിർവഹി ക്കപ്പെടുന്നുണ്ട് എന്നു നാം കണ്ടു. എന്നാൽ, കേരളത്തിലടക്കം വിവിധ സ്ഥലങ്ങളിൽ നടന്ന നവോത്ഥാനപ്രവർത്തനങ്ങളും ദേശീയപ്രസ്ഥാനത്തിന്റെ സമരങ്ങളും കർഷകരുടെയും തൊഴിലാളികളുടെയും വിമോചനപ്രവർത്തനങ്ങളും നമ്മെ മറ്റൊ രു കാര്യം ധരിപ്പിക്കുന്നുണ്ട്. പഠനത്തിനു സമൂഹത്തെ മാറ്റുക എന്ന ലക്ഷ്യവും നിർവ ഹിക്കാനാവും. 'വിദ്യകൊണ്ട് പ്രബുദ്ധരാ വുക' എന്ന നവോത്ഥാന മുദ്രാവാക്യം പഠ നത്തിന്റെ വിമോചനലക്ഷ്യത്തെയാണു സൂചിപ്പിക്കുന്നത്. എല്ലാ സാമൂഹിക - സാമ്പത്തിക വേർതിരിവുകളും മറികടന്ന് എല്ലാവരെയും ഉൾക്കൊള്ളുന്ന വിധം കേര ളത്തിലെ വിദ്യാഭ്യാസസംവിധാനം വളർന്നുവന്നതു വിദ്യാഭ്യാസത്തിന്റെ വിമോ ചനലക്ഷ്യം മുന്നിൽ വച്ചുകൊണ്ടാണ്.

വിദ്യാഭ്യാസത്തിന്റെ വിമോചനലക്ഷ്യത്തെ കാലത്തിനിണങ്ങും വിധം വളർത്തി ക്കൊണ്ടു പോകാനുള്ള ചുമതല നമുക്കു ണ്ട്. ഈ ലക്ഷ്യം ഉന്നംവയ്ക്കുന്ന പഠനം സമൂഹത്തിന്റെയും അതിലടങ്ങുന്ന വ്യക്തി കളുടെയും സർവതോമുഖമായ വികാസ ത്തിന്റെ താല്പര്യത്തെ ഉയർത്തിപ്പിടിക്കും. ഇന്ന് നമുക്കു ചുറ്റുമുള്ള ജീവിതം എല്ലാ വിഭാഗങ്ങൾക്കും തുല്യാവസരം നൽകു ന്നില്ല എന്നു നമുക്കെല്ലാവർക്കും അറിയാം. നിരവധി വിഭാഗങ്ങൾക്ക് സാമൂഹികനീതിയും അവസരങ്ങളും നിഷേധിക്കപ്പെടുന്നു. സാമൂഹികമായ അവ സരങ്ങൾ സമൃദ്ധമായി ലഭിക്കുന്ന വിഭാഗ ങ്ങൾക്ക് അതിവേഗം മുന്നോട്ടു പോകാൻ കഴിയുന്നു. മറ്റുള്ളവർ പുറന്തള്ളപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ വൈജ്ഞാനികശേഷികളും നൈപുണി കളും നേടുന്നതിനും സമൂഹജീവിതത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനും തുല്യ മായ അവസരങ്ങളും സാമൂഹിക നീതിയും ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പുതിയ തല മുറയുടെ സൃഷ്ടി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

## സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനം എന്തിനെല്ലാം അവസരം നൽകണം?

- സാമൂഹികനീതിക്കു വേണ്ടി പ്രവർത്തിക്കാൻ
- സന്തുലിതവും വിവേകപൂർണവുമായ വികസനത്തിന്
- മികച്ച പൗരത്വം വികസിപ്പിക്കാൻ
- ഉയർന്ന ദേശീയബോധം വളർത്താൻ
- അവകാശബോധം വളർത്താൻ
- ശാസ്ത്ര- സാങ്കേതിക അവബോധം വളർത്താൻ
- കാര്യകാരണബന്ധത്തിന്റെ അടിസ്ഥാ നത്തിൽ ചിന്തിക്കാൻ

- സാംസ്കാരികത്തനിമ തിരിച്ചറിയാനും വളർത്താനും
- തൊഴിൽ ചെയ്യാനുള്ള കഴിവു വളർത്തൽ
- സാമൂഹികവും ജനാധിപത്യപരവുമായ മൂല്യങ്ങൾ നേടാൻ
- സ്വാശ്രയത്വം ഊട്ടിവളർത്താൻ
- അനീതികളെ ചെറുക്കാനുള്ള കരുത്തുവളർത്താൻ
- അറിവിന്റെ നിർമാണത്തിനും വിനിമയത്തിനും നേതൃത്വം നൽകാൻ
- വിമർശനാത്മക ചിന്ത വളർത്താൻ

സാമൂഹികമാറ്റങ്ങളുടെ പ്രക്രിയയിൽ നിന്നു വിദ്യാഭ്യാസത്തെ പൂർണമായി അടർത്തിയെടുത്തുകൊണ്ട് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാൻ സാധ്യമല്ല. ഒരു വിദ്യാർഥിയും അറിവു മാത്രം നേടിക്കൊണ്ടിരിക്കുന്ന നിസ്സംഗയായ ഒരു നിരീക്ഷകയല്ല. അവർ ഇന്നത്തെ സങ്കീർണമായമായ സമൂഹത്തിന്റെ പ്രവർത്തനങ്ങളിൽ തങ്ങളുടേതായ രീതിയിൽ പങ്കെടുക്കുന്നുണ്ട്; ക്ലാസ്മുറിക്കകത്തും പുറത്തുമുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആശയങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുന്നുണ്ട്. ഏതുപോലെയെന്നാൽ, നീന്തൽവിദ്യ കാണാപ്പാഠം പഠിച്ച ആൾ നീന്താൻ തുടങ്ങുമ്പോൾ തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്- തനിക്ക് നീന്തലിനെക്കുറിച്ച് ഒന്നുമറിയില്ല എന്ന്. നീന്തലിനെക്കുറിച്ചുള്ള ചോദ്യോത്തരപാഠ പഠനം നിഷ്പ്രയോജനമാവുന്നത് അത് നീന്തലിനെക്കുറിച്ച് പ്രതിപാദിക്കാത്തതുകൊണ്ടല്ല. അതിൽ നീന്തുക എന്ന മനുഷ്യപ്രവർത്തനത്തിന്റെ യഥാർഥ സത്ത അടങ്ങുന്നില്ല എന്നതുകൊണ്ടാണ്. ലക്ഷ്യത്തെ മാർഗത്തിൽ നിന്നു തീർത്തും വെട്ടിമാറ്റുന്ന ഈ രീതി അതുകൊണ്ടുതന്നെ ഫലപ്രദമല്ല. ഇത്തരം പ്രവർത്തനങ്ങൾ വഴി ഗൗരവപ്പെട്ട ഒരു ലക്ഷ്യവും നേടിയെടുക്കാനാവില്ല.

സാമൂഹികമാറ്റം ലക്ഷ്യമിടുന്ന പഠനത്തിന്റെ വഴിയും സാമൂഹികമാറ്റത്തിലൂടെയായിരിക്കും. ഒരു പുതുവഴി വെട്ടലാണിത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തെ ഗുണപരമാക്കുന്ന വഴിയും ഇതാവുമെന്നു തോന്നുന്നു.

ഇവിടെ നാം ഉള്ളടക്കമായി സ്വീകരിക്കുന്നത് സാമൂഹികപ്രശ്നങ്ങളെയാണ്. വൈവിധ്യവും വൈപുല്യവും കൊണ്ട് ഭിന്നസ്വഭാവമാർന്ന സാമൂഹികപ്രശ്നങ്ങളെ ഔപചാരിക പഠനക്രമത്തിലേക്ക് എങ്ങനെ കൊണ്ടുവരും എന്നതു വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ പൂർണമായ അർഥത്തിൽ ഏറ്റെടുക്കുന്നതിന് വളരെയേറെ പ്രാദേശിക വഴക്കമുള്ള പഠനപദ്ധതി രൂപപ്പെടുത്തേണ്ടിവരും. കേവലമായ വൈജ്ഞാനികപഠനത്തോട് വൻതോതിലുള്ള താല്പര്യം പുലർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമൂഹികപ്രശ്നങ്ങളെ കേന്ദ്രബിന്ദുവാക്കുന്ന സമീപനം എങ്ങനെ പ്രാവർത്തികമാക്കും എന്ന് ആലോചിക്കേണ്ടതുണ്ട്.

സാമൂഹികജീവിതത്തെ ഭൗതികമണ്ഡലം, സാമൂഹികമണ്ഡലം, സാംസ്കാരികമണ്ഡലം എന്നിങ്ങനെ ഇഴചേർക്കാനാവും. ഓരോ ജീവിതമണ്ഡലത്തിലും എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുമുണ്ട്. ഈ പ്രശ്നങ്ങളോരോന്നും പരിശോധിക്കുമ്പോൾ അവയ്ക്ക് ആധാരമായ പൊതു പ്രഭവകേന്ദ്രങ്ങളുണ്ടെന്നു കാണാം. അങ്ങനെയാണെങ്കിൽ കേരളത്തിൽ സാമാന്യേന അനുഭവപ്പെടുന്ന ചില പ്രശ്നങ്ങളുടെ പൊതു പ്രഭവകേന്ദ്രങ്ങളെ അടിസ്ഥാനമാക്കുന്ന ഉള്ളടക്കം എങ്ങനെ സ്വീകരിക്കണമെന്നു ചിന്തിക്കാവുന്നതാണ്. ഇവയിൽ ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉൾപ്പെടുന്നവ ഉണ്ടായിരുന്നാൽ മതിയാവും. ഉദാഹരണത്തിന്, കേരളത്തിൽ ഉടനീളം വർഷകാലത്തു വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുന്നു. എന്നാൽ, വേനലാകുന്നതോടെ കുടിവെള്ളക്ഷാമവും വരൾച്ചയും

വ്യാപകമാവുന്നു. വ്യത്യസ്ത രൂപഭാവങ്ങ ളോടെ കേരളീയരെ ആകെ ബാധിക്കുന്ന ഈ പ്രശ്നത്തെ ശാസ്ത്രീയമായ സ്ഥല -ജല പരിപാലനബോധത്തിന്റെ കുറവുമൂലം ഉണ്ടാകുന്ന ഒന്നായി കാണാം. അതായത്, വെള്ളപ്പൊക്കമായും വരൾച്ചയായും ഉരുൾപൊട്ടലായും കുടവെള്ളക്ഷാമമായും ഒക്കെ അനുഭവപ്പെടുന്ന പ്രശ്നത്തിന്റെ പൊതു പ്രഭവകേന്ദ്രത്തെ ശാസ്ത്രീയമായ സ്ഥല- ജല പരിപാലനബോധത്തിന്റെ അഭാവം എന്നു ചുരുക്കിപ്പറയാവുന്നതാണ്. ഈ ചുരുക്കെഴുത്തിനെ അടിസ്ഥാനമാക്കി യുള്ള അന്വേഷണത്തിന്റെ ഭാഗമായി കുട്ടി എത്തിച്ചേരുന്നത്, ഭൂമിശാസ്ത്രം, ഭൗതികം, രസതന്ത്രം, ജീവശാസ്ത്രം, ചരിത്രം, സാമ്പ ത്തികശാസ്ത്രം, സ്റ്റാറ്റിസ്റ്റിക്സ് (സാംഖി കം), ഭാഷ മുതലായ വൈജ്ഞാനികശാഖ കളുടെ പഠനത്തിനത്തിലേക്കാണ്. മൂർത്ത ത്തിൽ നിന്ന് അമൂർത്തത്തിലേക്കും അറി യുന്നതിൽ നിന്ന് അറിയാത്തതിലേക്കും ഉള്ള പ്രയാണമാണു വിദ്യാഭ്യാസമെന്ന സാമാന്യ തത്ത്വത്തെ ആസ്പദമാക്കിയാണു പഠനം മുന്നേറുന്നത്. ഇത്തരത്തിൽ ജീവി തത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന ചില പൊതു പ്രഭവകേന്ദ്ര ങ്ങളെ പട്ടികപ്പെടുത്താൻ നമുക്കു കഴിയും.

## കേരളത്തിന് പൊതുവെ ബാധകമാവുന്ന ചില പ്രശ്ന പ്രഭവകേന്ദ്രങ്ങൾ

- ശാസ്ത്രീയമായ സ്ഥല- ജല മാനേജ്മെന്റിന്റെ അഭാവം.
- കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ച് ധാരണയില്ലായ്മ.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണനയില്ലായ്മ.
- പരിസരസൗഹാർദപരമായ വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്.
- ശാസ്ത്രീയമായ ആരോഗ്യ- പൊതുജനാരോഗ്യകാഴ്ചപ്പാടിന്റെ അഭാവം.

നാം നേരിടുന്ന അനവധി സാമൂഹികപ്രശ്ന ങ്ങളുടെ അടിവേരുകൾ ഇവയിൽ കണ്ടെ ത്താനാവും. ഓരോ പ്രഭവകേന്ദ്രങ്ങളിൽ നിന്നു ജനിക്കുന്നതെങ്കിലും പ്രാദേശിക മായ ഒട്ടനവധി രൂപഭാവ വൈവിധ്യങ്ങൾ ഓരോ സാമൂഹികപ്രശ്നത്തിനുമുണ്ടാകും. ഇവയെല്ലാം പ്രായോഗികമായി തീർത്തും പരിഹരിക്കുക എന്നത് ഒരു പഠനപദ്ധതി യിലൂടെ നേടിയെടുക്കാവുന്നതല്ല. വിവിധ ജീവിതമണ്ഡലങ്ങളിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി എങ്ങനെ സമീപിക്കാമെന്നതിന്റെ രീതിയാണ് ഇവിടെ പഠിതാവിന് വശമാവുന്നത്. ഉദാഹരണ ത്തിന്, "വിശ്വമാനവൻ എന്ന കാഴ്ചപ്പാടി ല്ലായ്മ" എന്നത് എടുക്കാം. ഇവിടെ പ്രപ ഞ്ചത്തെയും മനുഷ്യനടക്കമുള്ള ജീവജാല ങ്ങളുടെ പ്രവർത്തനത്തെയും ഇവ തമ്മി ലുള്ള ബന്ധത്തെയും കുറിച്ച് ഇന്നു നമ്മൾ എത്തിച്ചേർന്ന ശാസ്ത്രീയധാരണകളാണു പഠനവിഷയം. ഇവിടെ ഓരോ ധാരണയും ഉൾക്കൊള്ളുന്നതിനു നിരവധി തരത്തി ലുള്ള അറിവുകൾ വേണം. അതോടൊപ്പം ധാരാളം മിഥ്യാധാരണകൾ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുട്ടി ഉൾക്കൊള്ളുന്നുമുണ്ട്. ഇവ ഇഴവേർപെ ടുത്തി പരിശോധിക്കാനുള്ള കഴിവ് കുട്ടി നേടിയെടുക്കുക എന്നത് പഠന ലക്ഷ്യമാ ണ്. ഇവിടെ ഒരുപക്ഷേ, ഗ്രഹണത്തെക്കു റിച്ചുള്ള മിഥ്യാധാരണകളെയായിരിക്കാം ഒരുവേള വിഷയമാക്കുന്നത്. ഈ കാര്യം വിശകലനം ചെയ്യുന്നതിന് ഒട്ടേറെ അറിവു കൾ വേണം. ദ്രവ്യം, ചലനം, സമയം, പ്രപ ഞ്ചം, സ്ഥൂലപ്രപഞ്ച ചലനം തുടങ്ങി

ഒട്ടേറെ കാര്യങ്ങളിൽ അറിവു വേണ്ടതുണ്ട്. ഗ്രഹണമെന്നതിനെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുക, ഗ്രഹണവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെ ചോദ്യംചെയ്യുക എന്നത് ഒരേസമയം അറിവുനിർമാണവുമാണ്; സമൂഹത്തിന്റെ ബോധത്തിൽ ഇടപെടലുമാണ്. ഇത്തര ത്തിൽ ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസുകളിൽ ഏതേതു പ്രശ്നങ്ങളെ എത്ര മാത്രം ആഴത്തിൽ വിശകലനം ചെയ്യണം എന്നു ചിട്ടപ്പെടുത്തുന്നതാവും ഇവിടെ സിലബസ്. ഈ സിലബസിലൂടെ കടന്നു പോകുന്ന കുട്ടിക്ക് തന്റെ ചിന്തയെ ഉണർത്താനും കൈകാലുകളടക്കം ഉപയോ ഗിച്ച് ചില പ്രവർത്തനങ്ങൾ ചെയ്യാനും ആശയങ്ങൾ രൂപപ്പെടുത്താനും വൈവിധ്യ മാർന്ന നിലയിൽ അവയെ ആവിഷ്കരിക്കാ നും തന്റെ ചുറ്റുമുള്ള മനുഷ്യരുടെ ചിന്ത യിലും പ്രവൃത്തിയിലും ജീവിതവീക്ഷണ ത്തിലും ഗുണപരമായി ഇടപെടാനുമുള്ള അവസരമാണു കൈവരുന്നത്. ഈ വഴിയി ലൂടെയുള്ള പഠനം ഒരു സാമൂ ഹികലക്ഷ്യത്തെ മുന്നിൽ നിർത്തിക്കൊ ണ്ടുള്ള അനുഭവങ്ങളുടെ കോർത്തിണക്ക ലാണ്.

# സാമൂഹ്യശാസ്ത്ര പഠനസമീപനം

മനുഷ്യൻ എന്നും സ്വന്തം ജീവിതം ഇന്നുള്ളതിനേക്കാൾ മികച്ചതാക്കുന്നതിനുവേണ്ടി ചുറ്റുപാടിൽ നിരന്തരം ഇടപെടുന്നവനാണ്. മനുഷ്യസമൂഹം കൂട്ടായി നടത്തിയ ഈ ഇടപെടലുകളിലൂടെയാണ് ഇതുവരെ സമൂഹം ആർജിച്ച ജ്ഞാനസഞ്ചയം മുഴുവൻ ഉൽപാദിപ്പിക്കപ്പെട്ടത്. ഈ ഇടപെടലുകൾ വഴിയാണ് സ്വന്തം ചുറ്റുപാടിനെ പുനർനിർമിക്കുന്നതിനുള്ള നൂതനമായ രീതിശാസ്ത്രങ്ങൾ വികസിച്ചുവന്നത്. ഇങ്ങനെ ചുറ്റുപാടിനെ പുനർനിർമിക്കുകയും അതിനുള്ള കഴിവ് വികസിപ്പിക്കുകയും ഒരേസമയം നടക്കുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ കണ്ടെത്താൻ പ്രയാസമില്ല.

എന്നാൽ, കേവലം ഇന്നിൽ മാത്രം അഭിരമിച്ചുകൊണ്ട് മഹത്തായ നാളെയെ സ്വപ്നം കാണാനോ അതിന്റെ സാക്ഷാത്കാരത്തിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ നമുക്കു കഴിയുന്നില്ല. സാമൂഹിക ജീവിതത്തിൽ, സ്വയം അതിൽ ഉൾപ്പെട്ട ഒരാളെന്ന നിലയിൽ തന്നെ അടയാളപ്പെടുത്താൻ കഴിയുമ്പോൾ മാത്രമേ ചരിത്ര നിർമിതിയിൽ സാർഥകമായി ഉൾച്ചേരാൻ മനുഷ്യന് കഴിയൂ. അതുകൊണ്ടു തന്നെ സ്ഥലത്തിലും കാലത്തിലും ഒരാൾക്ക്, സ്വയം അടയാളപ്പെടുത്താൻ അവസരം നൽകുക എന്നതാണ് സാമൂഹ്യശാസ്ത്ര പഠനത്തിന്റെ അടിത്തറ. അതിനാൽ കേവലം മനുഷ്യസമൂഹത്തെക്കുറിച്ച് മാത്രമുള്ള അന്വേഷണം മനുഷ്യൻ ചുറ്റുപാടുകളിൽ നടത്തിയ ഇടപെടലുകളെക്കുറിച്ചുള്ള നേരറിവുകളിലേക്കു നയിക്കുകയില്ല. മറ്റു സാമൂഹ്യ ശാസ്ത്ര വിഷയങ്ങൾ കൂടി അന്വേഷണത്തിന്റെ ഭാഗമായിത്തീരുന്നത് ഈ സന്ദർഭത്തിലാണ്. മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും സമൂഹവും തമ്മിലും, മനുഷ്യനും പ്രപഞ്ചപ്രകൃതിയും തമ്മിലുമുള്ള പാരസ്പര്യം കണ്ടെത്താനും അവസരം ലഭിക്കണം.

ആശയസംവേദനത്തിനുള്ള എളുപ്പം പരിഗണിച്ച്, വ്യത്യസ്ത വിഷയങ്ങളായി വേർതിരിക്കപ്പെടുമ്പോൾത്തന്നെ ചരിത്രവും സാമ്പത്തികശാസ്ത്രവും ഭൂമിശാസ്ത്രവും രാഷ്ട്രതന്ത്രവും സമൂഹശാസ്ത്രവും വാണിജ്യശാസ്ത്രവും എല്ലാം തമ്മിലുള്ള സാകല്യമാണ് മേൽ സൂചിപ്പിച്ച ബന്ധങ്ങളെ വിലയിരുത്താൻ സഹായിക്കുന്നത് എന്നു കാണാം. ഈ അടിത്തറയിൽ നിന്നു കൊണ്ടായിരിക്കണം നാം സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ലക്ഷ്യം നിർണയിക്കേണ്ടത്.

## പഠനലക്ഷ്യങ്ങൾ

വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും ഭൗതികപരിസ്ഥിതിയും തമ്മിലുമുള്ള പാരസ്പര്യത്തെക്കുറിച്ചുള്ള ധാരണകൾ വികസിപ്പിക്കാൻ സാമൂഹ്യശാസ്ത്ര പഠനം അവസരമൊരുക്കണം.

- മനുഷ്യസമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും അവയെ ഇന്നലെകളുമായി താരതമ്യം ചെയ്തു നാളെയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നതിനും അവ സാക്ഷാത്കരിക്കാനുള്ള സാമൂഹിക ഇടപെടലുകൾ നടത്തുന്നതിനും കുട്ടിക്ക് അവസരമുണ്ടാക്കണം.
- സമ്പത്തിന്റെ ഉല്പാദനം, വിതരണം, സാമ്പത്തികബന്ധങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പൊതുസമൂഹത്തിന്

ഗുണകരമായ വിധത്തിൽ ഈ സാമ്പ ത്തികബന്ധത്തിൽ ഇടപെടുന്നതിനും കുട്ടിക്ക് കഴിയണം.

- സമൂഹഘടന, അതിന്റെ വികാസം, ഭൗതികപരിസ്ഥിതിയുമായി ഇതിനുള്ള ബന്ധം, സമൂഹവികാസപ്രക്രിയയിൽ സാമ്പത്തികബന്ധങ്ങൾക്കുള്ള സ്ഥാനം എന്നിവയെക്കുറിച്ച് ധാരണകൾ രൂപീക രിക്കുന്നതിനുള്ള അവസരങ്ങൾ ലഭി ക്കണം.
- മനുഷ്യസമൂഹ വളർച്ചയുടെ ഓരോ ഘ ട്ടത്തിലും വളർന്നുവന്ന അധികാരരൂപ ങ്ങൾ, ഭരണക്രമം, ഭരണകൂടങ്ങൾ എന്നിവയെക്കുറിച്ച് നിഗമനങ്ങൾ രൂപ പ്പെടുത്താൻ അവസരം ലഭിക്കണം.
- ജനാധിപത്യം, സാമൂഹികനീതി, സ്ഥിതി സമത്വം മതനിരപേക്ഷത എന്നിവയെ ക്കുറിച്ച് ധാരണകൾ വിപുലപ്പെടുത്തുന്ന തിനും അതിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾക്കെതിരേ നിലപാടുകൾ എടുക്കുന്നതിനുമുള്ള പ്രായോഗിക അവ സരം കുട്ടികൾക്കു ലഭിക്കേണ്ടതാണ്.
- പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗ ങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന തിനും അവർക്കു കൂടി നീതിലഭിക്കുന്ന സാമൂഹിക വ്യവസ്ഥയ്ക്ക് വേണ്ടി നില കൊള്ളുന്നതിനും കുട്ടികൾക്കു കഴി യണം
- വിവിധ സാമൂഹികവിഷയങ്ങളുടെ രീതി ശാസ്ത്രം പരിചയപ്പെടാനും അതുമായി ബന്ധപ്പെട്ട വിവിധ ശേഷികൾ ക്രമമായി വികസിപ്പിക്കാനും വേണ്ട അവസരങ്ങൾ കുട്ടികൾക്കു ലഭിക്കണം.

എന്നാൽ ഇവിടെ നാം നിർബന്ധമായും ഓർക്കേണ്ട മറ്റൊരു സംഗതികൂടി ഉണ്ട്. മുക ളിൽ സൂചിപ്പിച്ച ലക്ഷ്യങ്ങളെല്ലാം നേടിക്ക ഴിഞ്ഞ് പുറത്തിറങ്ങിയ ശേഷം കുട്ടി തന്റെ സാമൂഹികപ്രശ്നങ്ങളിൽ ഇടപെടും എന്ന കാഴ്ചപ്പാട് തിരുത്തപ്പെടേണ്ടതുണ്ട്. താനുൾക്കൊള്ളുന്ന സമൂഹം നേരിടുന്ന പ്രശ്നങ്ങളിൽ തന്റേതായ തലത്തിൽ ഇട പെട്ടുകൊണ്ടാണ് കുട്ടി പഠനത്തിലേർപ്പെ ടുന്നത്. അതായത്, സ്വന്തം ചുറ്റുപാടിൽ ഇട പെടുന്നതിനുള്ള കഴിവ് വികസിപ്പിക്കുക എന്നതിനോടൊപ്പം അറിവ് ഉല്പാദിപ്പി ക്കാനും അതിന്റെ പ്രയോഗത്തിനും അവ സരം ലഭിക്കുക എന്നതാണ് സാമൂഹ്യശാ സ്ത്രപഠനത്തിന്റെ പരമമായ ലക്ഷ്യമായി പരിഗണിക്കേണ്ടത്.

## പ്രൈമറി ഘട്ടം

പ്രൈമറിഘട്ടത്തിൽ പരമാവധി ഉദ്ഗ്രഥിത സമീപനമാണു സ്വീകരിക്കേണ്ടത്. കുട്ടി കൾക്കു ലഭിക്കുന്ന അനുഭവങ്ങൾ അവരുടെ സമീപസ്ഥ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട വയാകണം. മൂർത്തമായ അനുഭവങ്ങളി ലൂടെ ആശയങ്ങൾ രൂപീകരിക്കാൻ കുട്ടിക്ക് അവസരമൊരുക്കണം. ലഭിക്കുന്ന അനുഭ വങ്ങളെ പൊതുപഠനശേഷിയുമായി ബന്ധ പ്പെടുത്തി മാത്രം ഉപയോഗപ്പെടുത്തിയാൽ മതി. അതായത്, കുട്ടിക്ക് പ്രാപ്യമല്ലാത്ത തലത്തിലേക്ക് അനുഭവങ്ങളെ വികസിപ്പി ക്കാൻ ശ്രമിച്ചുകൂടാ. സ്വായത്തമാക്കിയ ആശയങ്ങളുടെയും വികസിപ്പിച്ചെടുത്ത മനോഭാവങ്ങളുടെയും പ്രയോഗം ഉറപ്പുവ രുത്തണം. അപ്പർ പ്രൈമറിഘട്ടത്തിലെ സാമൂഹ്യശാസ്ത്ര പഠനം ലോവർ പ്രൈമ റിയുടെ തുടർച്ചയും വളർച്ചയും തന്നെ ആയിരിക്കണം. സാമൂഹ്യശാസ്ത്ര വിഷയ ങ്ങൾ തമ്മിലുള്ള ഉദ്ഗ്രഥന സാധ്യത പര മാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം, ഇതര വിഷയങ്ങളുമായി സമന്വയിപ്പിക്കാ നുള്ള സാധ്യത പരിഗണിക്കുകയും വേണം. ഈ ഘട്ടത്തിൽ കുട്ടിയുടെ അനുഭവപരി സരം വികസിച്ചുകൊണ്ടിരിക്കും. അതി നാൽ സ്വന്തം പ്രദേശത്തെ ആധാരമാക്കി പഠനാനുഭവങ്ങൾ ഒരുക്കുമ്പോൾത്തന്നെ സംസ്ഥാന-ദേശീയ പശ്ചാത്തലത്തിൽ അതിനെ വിലയിരുത്താനും കുട്ടിക്ക് കഴി യണം. സമീപസ്ഥ ചുറ്റുപാടിൽ നിന്നു കൊണ്ട് ചരിത്രത്തെ വീക്ഷിക്കാനും അതി നെ പൊതു ദേശീയചരിത്രത്തിന്റെ പശ്ചാ ത്തലത്തിൽ വിലയിരുത്താനും കുട്ടിക്ക് അവസരം ലഭിക്കണം.

സമൂഹം, അതിലെ കൂട്ടായ്മകൾ, സാമൂഹികസ്ഥാപനങ്ങൾ എന്നിവയിൽ സ്വന്തം ചുറ്റുപാടിൽ തനിക്ക് ലഭിച്ച അനുഭവങ്ങളുടെ സ്ഥാനത്തിൽ സർഗാത്മകമായി ഇടപെടാനുള്ള അവസരം ലഭിക്കണം. ലോവർ പ്രൈമറിയിലുള്ളതുപോലെ വൈവിധ്യമാർന്ന ആവിഷ്കാരസാധ്യത നിലനിർത്തുകയും ചെയ്യാം.

സാമൂഹ്യശാസ്ത്രവിഷയങ്ങളുടെ തനതായ പഠനരീതികൾ പരിചയപ്പെടുന്നതിനുള്ള പ്രാഥമികമായ അവസരങ്ങൾ ഈ ഘട്ടത്തിൽ ഉണ്ടാവണം. ഭൂപടവായന, വാമൊഴികളുടെ വിശകലനം തുടങ്ങിയവ സാധ്യമാക്കുന്ന പഠനസന്ദർഭങ്ങൾ ഒരുക്കേണ്ടതുണ്ട് എന്നർഥം.

തന്റെ സമീപപരിസരവുമായി ബന്ധപ്പെട്ട് (വിശേഷിച്ചും ജനാധിപത്യപരമായ അധികാരം) ഭരണസംവിധാനം, പൊതുസ്ഥാപനങ്ങൾ എന്നിവ പരിചയപ്പെടാനും സാമൂഹികജീവിതത്തിൽ ഇവ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയാനും അവസരം ലഭിക്കണം.

ഇതിനെല്ലാം ഉപരിയായി ജനാധിപത്യം തുല്യത, സാമൂഹികനീതി എന്നിവയിൽ അധിഷ്ഠിതമായ മൂല്യങ്ങൾ സ്വായത്തമാക്കാനവസരം ലഭിക്കത്തക്ക വിധത്തിൽ സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാമൂഹികമായി പുത്തനറിവുകൾ സൃഷ്ടിക്കാനുമുള്ള അവസരം ഈ ഘട്ടത്തിൽ നിർബന്ധമായും കുട്ടിക്ക് ലഭിക്കേണ്ടതുണ്ട്.

പൊതുസമീപനത്തിൽ പരാമർശിച്ച എട്ട് പ്രശ്നമേഖലകളെ കേന്ദ്രീകരിച്ചാണ് പാഠഭാഗങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഓരോ പ്രശ്നമേഖലയുമായി ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ ശേഖരിക്കാനും ആ വിവരങ്ങളെ കൂട്ടായ പ്രക്രിയയിലൂടെ അറിവുകളും ആശയങ്ങളുമാക്കി മാറ്റാനും ക്ലാസ്മുറികൾ വേദിയാവണം. ഇങ്ങനെ സ്വാംശീകരിച്ചെടുക്കുന്ന അറിവുകളും ആശയങ്ങളും കുട്ടിയുടെ തലത്തിൽ നിന്നുകൊണ്ടുള്ള പ്രതികരണങ്ങളിലേക്ക് മാറുന്നതാണ് പ്രൈമറിഘട്ടത്തിലെ സാമൂഹ്യശാസ്ത്ര പഠനലക്ഷ്യത്തിന്റെ മുഖ്യസത്തയായി പരിഗണിക്കേണ്ടത്.

## സാമൂഹികപ്രശ്നവും പഠനപ്രശ്നവും

അഞ്ച് ഏഴ് ക്ലാസുകളിൽ നിലവിലുള്ള പ്രശ്നാധിഷ്ഠിതസമീപനം തന്നെയാണ് നാം ആറാം ക്ലാസിലും അവലംബിച്ചിരിക്കുന്നത്. ഉദാഹരണമായി 'പാർശ്വവൽക്കരിക്കപ്പെട്ടവരോട് പരിഗണനയില്ലായ്മ' എന്ന സാമൂഹ്യപ്രശ്നം കുട്ടിയുടെ മുന്നിൽ എങ്ങനെയാണ് കടന്നുവരുന്നത് എന്നു പരിശോധിക്കാം. *ഇവിടെ ജീവിക്കുന്നവർ* എന്ന പാഠത്തിലെ *ഭൂമി നഷ്ടമാവുന്ന കാടിന്റെ മക്കൾ* എന്ന പാഠഭാഗത്ത് കുട്ടിയോട് ഒരു ചോദ്യമുയർത്തുന്നു. '',സ്വന്തം കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ടാൽ നിങ്ങൾക്കുണ്ടാവുന്ന ദുരിതങ്ങൾ/പ്രശ്നങ്ങൾ എന്തെല്ലാം?'' ഇതിലോടുള്ള പ്രതികരണത്തിലൂടെ ആദിവാസി ജനവിഭാഗത്തിന്റെ പാർശ്വവൽക്കരണ അവസ്ഥയിലേയ്ക്ക് കുട്ടിയുടെ ചിന്തയെ നയിക്കുന്നു. ഈ ഘട്ടത്തിൽ ഭൂമി അന്യാധീനപ്പെട്ട ഒരുവിഭാഗം ജനങ്ങളുടെ അനുഭവം വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. പാഠപുസ്തകത്തിലോ അധ്യാപകസഹായിയിലോ നിർദേശിക്കപ്പെട്ടതും അധ്യാപിക സ്വയം രൂപപ്പെടുത്തുന്നതുമായ ഇത്തരം പ്രശ്നങ്ങളെ പഠനപ്രശ്നങ്ങൾ എന്നു വിളിക്കാം. പഠനപ്രശ്നങ്ങളോടൊപ്പം തന്നെ പ്രാദേശിക സാധ്യതകളുള്ള പ്രശ്നങ്ങൾ അധ്യാപിക ഉന്നയിക്കുന്നതിലൂടെ കുട്ടിയിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ സാധിക്കും. മാത്രമല്ല, പ്രാദേശിക പഠനസാമഗ്രികളുടെ ഫലപ്രദമായ ഉപയോഗത്തിനും ഇതു സഹായിക്കും.

## കുട്ടി കേന്ദ്രസ്ഥാനത്തു വരുമ്പോൾ

പഠനപ്രക്രിയയുടെ കേന്ദ്രസ്ഥാനത്ത് കുട്ടിയെ കാണാൻ ആരംഭിക്കുന്നതോടെയാണ് ഏതു ബോധനരീതിയും കാലാനുസാരിയായി നിരന്തരം പുതുക്കേണ്ടിവരുന്നത്. കാരണം, ശാസ്ത്രം-സാങ്കേതികവിദ്യകളിൽ ഉണ്ടാകുന്ന അതിവേഗത്തിലുള്ള വളർച്ച സമൂഹത്തെയാകെ മാറ്റത്തിന് പ്രേരിപ്പിക്കുന്നു. പഠനപ്രക്രിയയുടെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന ശിശുസമൂഹവും നിരന്തരം മാറിക്കൊണ്ടിരിക്കുകയാണ്.

അഞ്ചുവർഷം മുമ്പ് ഇതേ ക്ലാസിൽ പഠിച്ചിരുന്ന ശിശുസമൂഹത്തിൽ നിന്ന് വിഭിന്നവും അനുഭവത്തിന്റെയും അറിവിന്റെയും കാര്യത്തിൽ ഏറെ മുന്നേറിയവരുമാണ് ഇന്നത്തെ കുട്ടികൾ. അതിനാൽ, ബോധന രീതി നിരന്തരം പുതുക്കാൻ നിർബന്ധിതരായിത്തീരുന്നു. തന്റെ മുന്നിലെത്തുന്ന വിദ്യാർഥിസമൂഹത്തിന് പാകമായ വിധത്തിൽ സ്വയം പരിവർത്തനത്തിന് വിധേയമായിക്കൊണ്ടു മാത്രമേ ശാസ്ത്രീയമായ ഒരു പാഠപുസ്തകത്തിനും ശാസ്ത്രീയരീതി സ്വീകരിക്കുന്ന അധ്യാപികയ്ക്കും നിലനിൽക്കാനാവൂ. സ്വയം ഈ പ്രവർത്തന പ്രക്രിയക്ക് വിധേയനാവണമെങ്കിൽ കുട്ടിയെക്കുറിച്ചുള്ള ഏറ്റവും നൂതനമായ പരികല്പനകൾ നാം സ്വായത്തമാക്കേണ്ടതുണ്ട്.

കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുമ്പോൾ ജിജ്ഞാസയിലും ഭാവനയിലും വ്യക്തിത്വ സവിശേഷതയിലും വന്ന മാറ്റങ്ങളെ കാലികമായി ഉൾക്കൊള്ളാൻ ആവശ്യമായ മുന്നൊരുക്കം അധ്യാപകർ നടത്തേണ്ടതുണ്ട്.

കൂട്ടുകുടുംബ വ്യവസ്ഥയിലെ പല അധികാര കേന്ദ്രങ്ങളിൽ നിന്നുമുള്ള നിയന്ത്രണങ്ങൾക്കു വിധേയമായി വ്യക്തിത്വം രൂപപ്പെട്ട കുട്ടിയും അണുകുടുംബ വ്യവസ്ഥയിലെ സ്വതന്ത്ര ആശയവിനിമയത്തിലൂടെയും ചങ്ങാത്തത്തിലൂന്നിയ കുടുംബബന്ധങ്ങളിലൂടെയും വ്യക്തിത്വം രൂപപ്പെട്ട് വന്ന കുട്ടിയും പരിഗണിക്കപ്പെടേണ്ടത് ഒരുപോലെയാവില്ല.

ശാസ്ത്രസാങ്കേതിക രംഗത്തെ കുതിച്ചുചാട്ടം ഇന്നത്തെ ലോകത്തെ അനുദിനം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു. 10 വയസ്സായ കുട്ടിക്ക് 10 വർഷം മുമ്പ് ഇതേ പ്രായത്തിലുള്ള കുട്ടിയെ അപേക്ഷിച്ച്, ലഭിക്കുന്ന അനുഭവങ്ങളിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്. ഇത് അവരുടെ ജീവിതവീക്ഷണത്തിലും പ്രവർത്തനങ്ങളിലും പ്രതിഫലിക്കും.

ഇന്നത്തെ കുട്ടിയുടെ സർഗാത്മകപരിസരവും ഭാവനയും ഇതേ മട്ടിൽ വിപുലപ്പെട്ടതാണ്. അധ്യാപകർ ഇത്തരം കാര്യങ്ങളെക്കുറിച്ച് ബോധമുള്ളവരാവേണ്ടതുണ്ട്.

ഇത്തരത്തിൽ അളവറ്റ ജിജ്ഞാസയും നിറഞ്ഞ ഭാവനയും സ്വതന്ത്രമായ വ്യക്തിത്വവും ഒരു കുട്ടി ആർജിച്ചെടുക്കുന്നത് അവന്റെ ബഹുമുഖമായ ബുദ്ധിവ്യാപാരത്തിലൂടെയാണ്. അതുകൊണ്ടുതന്നെ ആടാനും പാടാനും സംഘം ചേരാനും പ്രകൃതിനിരീക്ഷണത്തിനും ഒക്കെയുള്ള കുട്ടിയുടെ ബഹുമുഖ ബുദ്ധിപ്രയോഗങ്ങൾക്ക് വൈവിധ്യമുള്ള അവസരങ്ങൾ നൽകുന്നതായിരിക്കണം പഠനപ്രക്രിയ.

ബൗദ്ധികമായി പല തട്ടിൽ നിൽക്കുന്ന കുട്ടികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും ലക്ഷ്യം വച്ചുകൊണ്ടുള്ള പഠനതന്ത്രങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. ഇതിനായി പാഠപുസ്തകമെന്ന പൊതു ഉപാധിക്കുപരിയായി ചാർട്ടുകളും ഭൂപടങ്ങളും പുരാവസ്തുക്കളും സി.ഡികളും സഹായക പുസ്തകങ്ങളും മാതൃകകളും ഉപകരണങ്ങളുമെല്ലാം ശാസ്ത്രീയമായി ക്രമീകരിച്ചിട്ടുള്ള ലബോറട്ടറികൾ പ്രയോജനപ്പെടുത്തണം.

## വിമർശനാത്മക വിദ്യാഭ്യാസം

മനുഷ്യന്റെ ഇന്നത്തെ അവസ്ഥയുടെ മൂലകാരണങ്ങൾ കണ്ടെത്തി അവയെ മറികടക്കുന്നതിനുള്ള വിജ്ഞാനവും പ്രവർത്തനപരിപാടികളും കുട്ടി സ്വാംശീകരിക്കുന്ന രീതിയിലാണ് വിദ്യാഭ്യാസം പ്രവർത്തിക്കേണ്ടത്. വിമർശനാവബോധത്തിന്റെ വളർച്ച ഇതിന്റെ അനുപേക്ഷണീയമായ ഘടകമാണ്.

ക്ലാസ്മുറിയിൽ നിന്നും പുറത്തുനിന്നും ലഭിക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ സ്വാനുഭവങ്ങളെയും താൻ നിരീക്ഷിക്കുന്ന സാമൂഹികാവസ്ഥയെയും വിമർശനാത്മകമായി വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ ഇടപെടുകയുമാണ് വിമർശനാത്മക വിദ്യാഭ്യാസത്തിലൂടെ കുട്ടി ചെയ്യുന്നത്. ഇതിനാവശ്യമായ അറിവുകളും പ്രവർത്തനപദ്ധതികളും ഒരുക്കിക്കൊടുക്കുന്നതിനും കുട്ടികളുടെ അന്വേഷണങ്ങളെയും ആവിഷ്കാരങ്ങളെയും പൂർണമായും പ്രോത്സാഹിപ്പിക്കുന്നതിനും

അധ്യാപകർക്ക് ബാധ്യതയുണ്ട്. അതുകൊണ്ടുതന്നെ താനുൾപ്പെട്ട സമൂഹത്തെയും തന്നെയും വിമർശനാത്മകമായി പരിശോധിക്കാനും സ്വയം മാറാനും അധ്യാപകർ സന്നദ്ധരാവണം.

തദ്ഫലമായി ഉണ്ടാകുന്ന സംവാദങ്ങളും പ്രവർത്തനങ്ങളുമാണ് ക്ലാസ്മുറി അന്തരീക്ഷത്തെ സജീവമായി നിലനിർത്തുന്നത്.

സാമൂഹികപ്രക്രിയകളെ പുറത്തുനിന്നു കാണുന്ന നിരീക്ഷക മാത്രമല്ല കുട്ടി. സ്വതന്ത്രമായ വിമർശനത്തിന്റെ ഫലമായി സാമൂഹികബന്ധങ്ങളുടെയും അറിവുകളുടെയും ആഴങ്ങളിലേക്ക് പോകാനും വിലയിരുത്തലുകൾ നടത്താനും കുട്ടിക്ക് കഴിയുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ അറിവുകൾ നേടാനുള്ള ഉൾപ്രേരണയും ഉണ്ടാവുന്നു. കുട്ടി സ്വയം മാറുന്നതിനും അതുവഴി സമൂഹമാറ്റത്തിന്റെ ഭാഗമാവുന്നതിനും ഇടയാകുന്നു. അധ്യാപകരുടെ സാമൂഹിക പരിവർത്തന പ്രതിബദ്ധതയും വിദ്യാർഥിയുടെ വിമർശനാവബോധവും പ്രവർത്തിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യേണ്ട നിരവധി പഠനസന്ദർഭങ്ങളാണ് ഈ പാഠപുസ്തകത്തിലുള്ളത്.

ഉദാഹരണമായി *കേരളസംസ്ഥാന രൂപീകരണം* എന്ന പാഠം പരിശോധിക്കാം. കേരളസംസ്ഥാനരൂപീകരണത്തിലേയ്ക്കു നയിച്ചതും അതിനുമുമ്പു നടന്നതുമായ ചില സമരങ്ങളാണ് ഇവിടെ പ്രതിപാദ്യവിഷയം. അതായത് നിവേദനങ്ങളും ബഹിഷ്കരണങ്ങളും സമ്മേളനം ചേരലും സമരരീതികളായിരുന്ന ഒരു കാലഘട്ടമാണ് അത്. എന്നാൽ കുട്ടി ജീവിക്കുന്ന വർത്തമാനകാലത്തിലും നിരവധി ജനകീയാവശ്യങ്ങൾ ഇന്നയിക്കപ്പെടുന്നുണ്ട്. ഇതിനായി നടക്കുന്ന വ്യത്യസ്ത സമരരീതികളെ കുട്ടികൾ പട്ടികപ്പെടുത്തുന്നു. ഇതിൽ ഏതെങ്കിലും സമര രീതി പ്രസക്തമല്ലാത്തതായി ഉണ്ടോ? എന്തുകൊണ്ട്? എന്ന സംവാദമാണ് ക്ലാസിൽ നടക്കുന്നത്. ഈ സംവാദത്തിലൂടെ ജനകീയാവശ്യങ്ങൾ നേടിയെടുക്കാനുള്ള സമരമാർഗങ്ങളെക്കുറിച്ച് കുട്ടികൾ തന്റേതായ കാഴ്ചപ്പാട് അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നു. മാത്രമല്ല മൊത്തം കാലികമായ സമരരീതികളെ വിമർശനാത്മകമായി വിലയിരുത്താൻ കുട്ടിയെ ഈ പ്രവർത്തനം പ്രേരിപ്പിക്കുന്നു. 1920 മുതൽ 1957 വരെ നടന്ന വ്യത്യസ്ത സമരരീതികളിൽ നിന്നും തന്റെ കാലത്തിലും ദേശത്തിലും നടക്കുന്ന സമരങ്ങളിലേയ്ക്കുള്ള മാറ്റം പ്രാദേശിക പാഠത്തിന്റെ സാധ്യതകളിലേയ്ക്ക് വഴിതുറക്കുകയും ചെയ്യുന്നു.

അതായത്, വിമർശനാത്മക വിദ്യാഭ്യാസം നിലവിലുള്ള പാഠ്യപദ്ധതിയിൽ പൂർണമായി ഉൾച്ചേർന്നതും ക്ലാസ്മുറി പ്രവർത്തനങ്ങളിലൂടെയും കുട്ടിയും അധ്യാപകനും സൃഷ്ടിക്കുന്ന പ്രാദേശിക പാഠങ്ങളിലൂടെയും വികസിക്കുന്നതുമാണ്. വിമർശനാവബോധം വിലയിരുത്തപ്പെടേണ്ടത് യുക്തിയുക്തമായ വിശകലനത്തിനും ആർജിതമായ അറിവുകളുടെ പ്രയോഗത്തിനും കുട്ടി പ്രകടിപ്പിക്കുന്ന ശേഷിയും അതിന് അധ്യാപകരും ക്ലാസ്മുറി അന്തരീക്ഷവും നൽകുന്ന പ്രോത്സാഹനവും അനുസരിച്ചാണ്.

# പാഠപുസ്തകവും അധ്യാപകസഹായിയും ഉപയോഗിക്കുമ്പോൾ

## പാഠപുസ്തകം

പഠനപ്രവർത്തനത്തെ മുന്നോട്ടു നയിക്കുന്ന ഏറ്റവും ശക്തമായ ഉപാധിയായാണ് പാഠപുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്. ക്ലാസിൽ നടക്കുന്ന ജ്ഞാനനിർമാണ പ്രക്രിയയിൽ പ്രധാനപ്പെട്ട വിഭവസ്രോതസ്സായി ഇതിനെ ഉപയോഗപ്പെടുത്തണം. പ്രാദേശികമായി ശേഖരിക്കാൻ കഴിയുന്നത് ഒഴികെയുള്ളവ പാഠപുസ്തകത്തിൽ തന്നെ നൽകാൻ ശ്രമിച്ചിട്ടുണ്ട്. ക്ലാസ് റൂം പ്രക്രിയയിലൂടെ മാത്രമേ പാഠപുസ്തക ഉപയോഗത്തിന്റെ ലക്ഷ്യം പൂർത്തിയാക്കാനാവൂ. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പാഠപുസ്തകത്തിൽ തന്നെ നൽകിയിട്ടുള്ള പൂരിപ്പിക്കേണ്ട സ്ഥലം അവിടെത്തന്നെ എഴുതിച്ചേർക്കുക എന്ന ലക്ഷ്യത്തിലല്ല. പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന കുറിക്കലുകൾക്കും മറ്റു രേഖപ്പെടുത്തലുകൾക്കും കുട്ടികളുടെ നോട്ടുപുസ്തകം ഉപയോഗപ്പെടുത്താം. ഓരോ പ്രവർത്തനവും പൂർത്തിയാവുന്നത് അധ്യാപികയുടെ ക്രോഡീകരണവും കുട്ടികളുടെ രേഖപ്പെടുത്തലുകളും കഴിയുന്നതോടെയാണ്.

പാഠപുസ്തകത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ ചോദ്യങ്ങളും കുട്ടികളിൽ നിന്നു വ്യക്തിഗതമായോ ഗ്രൂപ്പടിസ്ഥാനത്തിലോ പ്രതികരണം ആവശ്യപ്പെടുന്നവയാണ്. അതായത്, കുട്ടിയെ ഒരു പഠനപ്രശ്നത്തിലേക്കു നയിക്കാനും അന്വേഷണവും ചിന്തയും ഉറപ്പുവരുത്താനുമാണ് ചോദ്യങ്ങൾ ഉപയോഗിക്കേണ്ടത്.

ഒരു പാഠഭാഗത്തിന്റെ ഭാഗമായി ധാരാളം അന്വേഷണ-വിവരശേഖരണ പ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടേണ്ടതുണ്ട്. പ്രശ്നാധിഷ്ഠിത സമീപനത്തിൽ ശേഖരിച്ച വിവരങ്ങളുടെ അളവിനല്ല, അതുപയോഗിച്ച് നടത്തുന്ന ജ്ഞാനനിർമാണ പ്രക്രിയക്കാണ് ഊന്നൽ നൽകേണ്ടത്. ഇതിലൂടെ സ്വാംശീകരിക്കുന്ന ആശയങ്ങളും ധാരണകളും കാലിക സാമൂഹിക സന്ദർഭത്തിൽ കുട്ടിയെ എങ്ങനെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു എന്നത് മുഖ്യപരിഗണന അർഹിക്കുന്നു. ഇതിനുള്ള ഉപാധി എന്ന നിലയിലാണ് പാഠഭാഗത്തിന്റെ അവസാനത്തിൽ നൽകിയിട്ടുള്ള മൂല്യനിർണയാംശത്തിന് പ്രാധാന്യമുള്ള പ്രവർത്തനത്തെ കാണേണ്ടത്.

### *പ്രാദേശിക പാഠം* (Local Text)

പ്രാദേശികപാഠം ഓരോ കുട്ടിയെയും തന്റെ ജീവിതസാഹചര്യങ്ങളിൽ സസൂക്ഷ്മം നിരീക്ഷിക്കാനും ഇടപെടലുകൾ നടത്താനും സഹായിക്കുന്ന ഒന്നാണ്. ഒരു പഠനപ്രവർത്തനത്തെ അതിന്റെ സാമൂഹികതലവുമായി ബന്ധപ്പെടുത്തുന്നത് ഈ ലോക്കൽ ടെക്സ്റ്റ് വഴിയാവും.

- തന്റെ ചുറ്റുപാടിലെയും പ്രദേശത്തെയും അനുഭവങ്ങൾ, വിവരങ്ങൾ തുടങ്ങിയവ ശേഖരിക്കുകയും ക്ലാസുകളിൽ നടക്കുന്ന ജ്ഞാനനിർമിതിയിൽ പ്രാഥമിക വിവരങ്ങളായി ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നത്.
- പഠനത്തെ ചുറ്റുപാടുമായി ബന്ധപ്പെടുത്തുന്നത്.
- നിരീക്ഷണങ്ങൾക്കും അന്വേഷണങ്ങൾക്കും പ്രേരിപ്പിക്കുന്നത്.

കേരളത്തിലെ കുടിവെള്ളപ്രശ്നത്തെ

പൊതുവായി ചർച്ചചെയ്യുന്ന (ക്ലാസ് 5, യൂണിറ്റ് 2- ഉറവകൾക്കായി വീണ്ടും) എന്ന പാഠഭാഗത്തിൽ സാധ്യതയുള്ള ഒരു പ്രാദേശികപാഠത്തെപ്പറ്റി പരാമർശിക്കാം. സംസ്ഥാനതല ജലസ്രോതസ്സുകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്ന കുട്ടി, ആ വിവരങ്ങളെ ചുറ്റുപാടുമായി ബന്ധപ്പെടുത്തുന്നതിനായി പ്രാദേശികജലസ്രോതസ്സുകളെക്കുറിച്ച് അന്വേഷിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. ഈ അന്വേഷണത്തിലെ കണ്ടെത്തലുകൾ കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ചുള്ള പൊതുനിഗമനങ്ങൾ രൂപപ്പെടുന്നതിന് കുട്ടിയെ സഹായിക്കുന്നു.

### കുട്ടിയുടെ രേഖപ്പെടുത്തലുകൾ

പഠനപ്രക്രിയക്ക് വിധേയമാക്കാനായി കുട്ടി ശേഖരിക്കുന്ന എല്ലാ വിവരങ്ങളും പ്രക്രിയക്ക് ശേഷമുള്ള എല്ലാ കണ്ടെത്തലുകളും പ്രതികരണപ്രവർത്തനത്തിനുള്ള തയാറാക്കലുകളും ഇതിലൂടെ ലഭിക്കുന്ന തിരിച്ചറിവുകളും അതതു സമയങ്ങളിലെ ചിട്ടയായ രേഖപ്പെടുത്തലിന് വിധേയമാകണം. അതിനായി കുട്ടിയുടെ സാമൂഹ്യശാസ്ത്ര നോട്ടുപുസ്തകം ഉപയോഗപ്പെടുത്താവുന്നതാണ്. അതതു യൂണിറ്റിനു താഴെയായി ഓരോ രേഖപ്പെടുത്തലുകൾക്കും ആവശ്യമായ തലക്കെട്ടുകൾ നൽകണം. ഒരു പുനരുപയോഗസന്ദർഭത്തിൽ ഏതു പാഠഭാഗത്തിലെ ഏതു പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരവും കുട്ടിക്കോ മറ്റൊരാൾക്കോ എളുപ്പത്തിൽ വായിച്ചെടുക്കാൻ കഴിയണം. അതേസമയം പത്രകട്ടിങ്ങുകൾ, ചിത്രങ്ങൾ, ഫോട്ടോകൾ, ഭൂപടങ്ങൾ, സ്റ്റാമ്പുകൾ തുടങ്ങിയ ശേഖരങ്ങളുടെ ക്രമീകരണം ഒരു പുസ്തകം/ആൽബം/ഫയൽ എന്ന രീതിയിലോ തനതു രീതി അവലംബിച്ചോ നടത്താവുന്നതാണ്. ഇത് ഒരു വർഷകാലത്തേക്ക് എന്ന നിലയ്ക്കല്ല, വളർന്നുവരുന്ന ഒരു ശേഖരമായി ഉപയോഗപ്പെടുത്താം.

### അധ്യാപക സഹായി (Hand book)

പഠനപ്രവർത്തനത്തിന്റെ ആസൂത്രണത്തിലും സാർഥകമായ ആശയക്രോഡീകരണം നടക്കുന്ന വിധത്തിൽ പഠനപ്രക്രിയ പൂർത്തീകരിക്കാനും കുട്ടിയുടെ പ്രതികരണങ്ങളെ നിരന്തരമായും സൂക്ഷ്മതലത്തിലും വിലയിരുത്താനും അധ്യാപികയെ സഹായിക്കാനുള്ളതാണ് അധ്യാപകസഹായി.

അധ്യാപികമാരുടെ കൂടിച്ചേരൽ വേദിയായ ക്ലസ്റ്റർയോഗങ്ങളിലും സബ്ജക്റ്റ് കൗൺസിലുകളിലും സമഗ്രാസൂത്രണത്തിനും സ്കൂൾതല ആസൂത്രണത്തിനും അധ്യാപികയെ സഹായിക്കാനുള്ള സൂചനകളും ചില മാതൃകകളും ഈ കൈപ്പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രക്രിയയെക്കുറിച്ചും ക്രോഡീകരണത്തെക്കുറിച്ചും ഉൽപന്നത്തെക്കുറിച്ചും കൈപ്പുസ്തകത്തിലുള്ള പരാമർശങ്ങൾ അധ്യാപികയ്ക്കുള്ള സഹായസൂചനകളായി മാത്രമേ കണക്കാക്കേണ്ടതുള്ളൂ. ക്ലാസ്റൂം വേദിയെ സർഗാത്മകമായി സമീപിക്കുന്ന അധ്യാപിക, സർഗാത്മകവും സ്വതന്ത്രവുമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചേ മതിയാകൂ.

- പഠനപ്രശ്നത്തിലേക്കുള്ള വഴികൾ
- അധ്യാപികയുടെ ഇടപെടൽ
- ശേഖരിക്കേണ്ട വിവരങ്ങൾ
- ക്രോഡീകരിക്കേണ്ട ആശയങ്ങൾ
- രൂപപ്പെടുന്ന ഉൽപന്നങ്ങൾ
- ഐ.ടി. സാധ്യതകൾ
- കാർട്ടൂണുകൾ, ചിത്രങ്ങൾ എന്നിവയുടെ വ്യാഖ്യാനസാധ്യതകൾ
- റഫറൻസ് സാധ്യതകൾ
- തെളിവുകളായി നൽകിയ കുട്ടികളുടെ ഉൽപന്നങ്ങളുടെ ഉപയോഗങ്ങൾ
- കുട്ടി രേഖപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ട സന്ദർഭങ്ങൾ

- നിരന്തര മൂല്യനിർണയ പരിഗണനകൾ

തുടങ്ങിയവയെക്കുറിച്ചെല്ലാമുള്ള സൂചനകൾ കൈപ്പുസ്തക വിശകലനത്തിലൂടെ ലഭ്യമാകും. സമഗ്രാസൂത്രണഘട്ടത്തിലും ടീച്ചിംങ് മാന്വൽ തയാറാക്കുന്നതിന് മുൻപും ഇത്തരം വിശകലനങ്ങൾക്കുള്ള അവസരം കൂട്ടായും വ്യക്തിഗതമായും ഉപയോഗപ്പെടുത്തണം.

### *വിവരസാങ്കേതിക വിദ്യയും റഫറൻസ് സാധ്യതയും*

ഓരോ സന്ദർഭത്തിലും അനുയോജ്യമായ റഫറൻസ് പുസ്തകങ്ങളുടെ സൂചനകൾ നൽകിയിട്ടുണ്ട്. ഇനിയും കൂടുതൽ പുസ്തകങ്ങളോ പുസ്തകഭാഗങ്ങളോ ക്ലസ്റ്റർതല പരിശീലനങ്ങളിൽ കണ്ടെത്താവുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ ഉപയോഗപ്പെടുത്തൽ ഉറപ്പുവരുത്തണം. ഇന്റർനെറ്റ് തുടങ്ങിയ വിവരസ്രോതസ്സുകളിൽ നിന്നു ധാരാളം വിവരങ്ങൾ ലഭ്യമാക്കാനുള്ള സാധ്യതയുണ്ട്. ഇത്തരം വിവരങ്ങളുടെ അധീശത്വമല്ല, സ്വതന്ത്ര അറിവു നിർമാണമാണ് പ്രയോഗത്തിലൂടെ നടക്കേണ്ടത്. ഐ.ടി/സ്രോതസ്സുകൾ സി.ഡികൾ, ചിത്രങ്ങൾ, വീഡിയോ മുതലായവ പഠന പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തണം.

# 1. പശ്ചിമഘട്ടത്തിലൂടെ...

| | | |
|---|---|---|
| പ്രശ്നമേഖല | : | **ശാസ്ത്രീയമായ സ്ഥലജല മാനേജ്മെന്റിന്റെ അഭാവം** |
| ഉപപ്രശ്നം | : | • കേരളത്തിന്റെ ഭൂപ്രകൃതിയിൽ പശ്ചിമഘട്ടമലനിരകളുടെ പ്രാധാന്യത്തെക്കുറിച്ച് ധാരണയില്ലായ്മ.<br>• മനുഷ്യരുടെ ഇടപെടൽ മൂലം പശ്ചിമഘട്ടമലനിരകൾക്കുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അത് ഉയർത്തുന്ന പ്രശ്നങ്ങളെക്കുറിച്ചും ധാരണക്കുറവ്. |
| പഠനലക്ഷ്യങ്ങൾ | : | • കേരളത്തിന്റെ ഭൂപരമായ സവിശേഷതകൾ നിലനിർത്തുന്നതിൽ പശ്ചിമഘട്ടപർവതനിരകൾക്കുള്ള പ്രാധാന്യം തിരിച്ചറിയുന്നതിന്.<br>• പശ്ചിമഘട്ടമലനിരകൾ കേരളത്തിന്റെ ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുന്നതിന്.<br>• പശ്ചിമഘട്ടമലനിരകളിൽ മനുഷ്യന്റെ ഇടപെടൽ വരുത്തിയ മാറ്റങ്ങളും അതുമൂലമുണ്ടായ പ്രശ്നങ്ങളും തിരിച്ചറിയുന്നതിന്.<br>• പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തിനായി സർക്കാരും ഇതര ഏജൻസികളും നടത്തുന്ന ശ്രമങ്ങളെ വിലയിരുത്തുന്നതിന്. |

# സിലബസ് ഗ്രിഡ്

## 1. പശ്ചിമഘട്ടത്തിലൂടെ...

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| കേരളത്തിന്റെ ഭൂപ്രകൃതിയിൽ പശ്ചിമട്ടത്തിന്റെ പ്രാധാന്യവും - മനുഷ്യന്റെ ഇടപെടലും. | • പശ്ചിമഘട്ടമലനിരകളുടെ സ്ഥാനം, സവിശേഷതകൾ ഇവ മനസിലാക്കുന്നു.<br>• പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യവും അതിന്റെ പ്രാധാന്യവും തിരിച്ചറിയുന്നു.<br>• പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിക്കുന്ന നദികൾ, അവയുടെ പ്രാധാന്യം, ജലവൈദ്യുത പദ്ധതികൾ എന്നിവയുടെ സ്ഥാനവും പ്രാധാന്യവും തിരിച്ചറിയുന്നു.<br>• മലനിരകൾ കേരളത്തിലെ ഗതാഗത മാർഗങ്ങളിൽ വരുത്തുന്ന സ്വാധീനം തിരിച്ചറിയുന്നു.<br>• മനുഷ്യന്റെ ഇടപെടൽമൂലം മറ്റ് ജീവജാലങ്ങൾ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നു.<br>• പശ്ചിമഘട്ട മലനിരകളിലെ വിളകളിൽ വന്ന മാറ്റം തിരിച്ചറിയുന്നു.<br>• പശ്ചിമഘട്ട മലനിരകളിൽ മനുഷ്യരുടെ അനിയന്ത്രിതമായ ഇടപെടൽ കേരളത്തിലെ ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുന്നു. | • ഭൂപടങ്ങൾ<br>• ചിത്രങ്ങൾ<br>• വായനാ സാമഗ്രികൾ<br>• കേസ് സ്റ്റഡി<br>• പട്ടികകൾ (റോഡ്, അണക്കെട്ടുകൾ) | • ഭൂപടങ്ങൾ, വായനാസാമഗ്രി, ചിത്രങ്ങൾ എന്നിവയിൽ നിന്നും പശ്ചിമഘട്ട മലനിരകളുടെ സ്ഥാനം, സവിശേഷതകൾ എന്നിവ തിരിച്ചറിയുന്നു.<br>• വായനാസാമഗ്രികൾ, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ സഹ്യപർവ്വതത്തിലെ ജൈവവൈവിധ്യം തിരിച്ചറിയുന്നു.<br>• ശേഖരിക്കുന്ന ചിത്രങ്ങളിൽ നിന്നും ഭൂപടത്തിൽ നിന്നും വായനാസാമഗ്രികളിൽ നിന്നും പശ്ചിമഘട്ടത്തിൽ നിന്ന് ഉദ്ഭവിക്കുന്ന പ്രധാനനദികൾ, അവയിലെ ജലസേചന പദ്ധതികൾ, അവയുടെ പാരിസ്ഥിതിക പ്രാധാന്യം എന്നിവയെക്കുറിച്ച് ചർച്ചകളിലൂടെ നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• മലനിരകൾ കേരളത്തിന്റെ ഗതാഗതത്തിൽ വരുത്തുന്ന പരിമിതി തിരിച്ചറിയുന്നു.<br>• പശ്ചിമഘട്ടത്തിന്റെ മോഡൽ തയാറാക്കി ഗതാഗത മാർഗങ്ങൾ അടയാളപ്പെടുത്തുന്നു.<br>• മനുഷ്യരുടെ ഇടപെടൽ മറ്റ് ജീവജാലങ്ങളുടെ നിലനിൽപ്പിൽ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വായനാസാമഗ്രികൾ, അന്വേഷണങ്ങൾ എന്നിവയിലൂടെ കണ്ടെത്തി, ചർച്ചകളിലൂടെ നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• പശ്ചിമഘട്ടമലനിരകളിലെ ആദിമ നിവാസികളുടെ ജീവിതത്തെക്കുറിച്ചും അവരുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നു, നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവരുടെ കേസ് സ്റ്റഡികളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അമ്പത് വർഷത്തിനിടയ്ക്ക് കാർഷികമേഖലയിൽ വന്ന മാറ്റങ്ങൾ വിലയിരുത്തുന്നു. | ഭൂപരമായ സവിശേഷതകൾ സംരക്ഷിക്കപ്പെടേണ്ടതാണ്.<br>പ്രകൃതിയും പ്രകൃതി വിഭവങ്ങളും മനുഷ്യന് മാത്രമല്ല മറ്റ് ജീവജാലങ്ങൾക്കും കൂടി അവകാശപ്പെട്ടതാണ്. | പശ്ചിമഘട്ട മലനിരകളുടെ സവിശേഷതകൾ, കേരളത്തിന്റെ ജനജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം. |

**ആമുഖം**

കേരളത്തിന്റെ കിഴക്കേ അതിരിൽ കിടക്കുന്ന പശ്ചിമഘട്ടമലനിരകൾക്ക് അതീവ ജൈവ പ്രാധാന്യമുണ്ട്. കേരളീയരുടെ ജീവിത സംസ്കാരം രൂപപ്പെടുത്തുന്നതിൽ നിർണായക സ്ഥാനമാണ് വനാവൃതമായ ഈ മലനിരകൾക്കുള്ളത്. ഇത് പരിഗണിച്ചുകൊണ്ട് മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ വിലയിരുത്താനുള്ള ശ്രമമാണ് ഈ പാഠഭാഗത്തിലൂടെ നടത്തുന്നത്.

സ്വാഭാവികമായും ഭൂമിയിലുള്ള മനുഷ്യന്റെ ഇടപെടലിന് ഗുണവും ദോഷവും ഉണ്ടാകും. കേവലം മനുഷ്യകേന്ദ്രീകൃത ലോകം എന്നതിനപ്പുറം പ്രകൃതിയെ നോക്കിക്കാണാനും വിമർശനാത്മകമായി വിലയിരുത്താനും ഈ പാഠഭാഗം സഹായിക്കണം. പശ്ചിമഘട്ടത്തെ അടിസ്ഥാനമാക്കി പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതോടൊപ്പം പ്രാദേശിക ഭൂമിശാസ്ത്ര പഠനത്തിനു കൂടി സഹായകമാവുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകർക്ക് കഴിയേണ്ടതുണ്ട്. ക്ലാസ് മുറിക്ക് പുറത്തുള്ള നിരീക്ഷണങ്ങളും അന്വേഷണങ്ങളും ഇതിന് കൂടുതൽ സഹായകരമാവും.

**പ്രവർത്തനം- 1**

കേരളത്തിൽ മാത്രം കാണുന്ന ജീവികൾ എന്നു പറയാൻ വിഷമമാണ്. എങ്കിലും പശ്ചിമഘട്ടത്തിൽ ധാരാളം കാണപ്പെടുന്ന ജീവികൾ ചിലതുണ്ട്. ഇതിലേയ്ക്ക് കുട്ടികളുടെ ശ്രദ്ധകൊണ്ടുവരാൻ വേണ്ടിയാണ് ആദ്യ പ്രവർത്തനം. എല്ലാ ജീവികളും ലോകത്തെല്ലായിടത്തും ഒരു പോലെ കാണുന്നില്ല എന്നും ഭൂപരമായ സവിശേഷതകൾ ഇതിൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്നുമുള്ള ആശയം ചർച്ചയിൽ ഉയർന്നു വരണം.

**പ്രവർത്തനം- 2**

കേരളത്തിന്റെ കിഴക്കേ അതിർത്തിയാണ് സഹ്യപർവ്വതം അഥവാ പശ്ചിമഘട്ടം എന്ന് കുട്ടികൾക്ക് അറിയാം. പശ്ചിമഘട്ടത്തെക്കുറിച്ച് കുട്ടികൾക്ക് നിലവിലുള്ള ധാരണ അറിയാനായി ഒരു പ്രവർത്തനം നൽകണം.

പശ്ചിമ ഘട്ടത്തെയും അതിന്റെ പ്രത്യേകതകളെയും കുറിച്ച് കുട്ടികൾ അധ്യാപികയുടെ സഹായത്തോടെ വ്യക്തിഗതമായി ഓരോ കുറിപ്പ് തയ്യാറാക്കട്ടെ.

ഒന്നോ രണ്ടോ കുറിപ്പുകൾ ക്ലാസിൽ വായിക്കണം, ചെറിയ ചർച്ചയും നടത്തണം. അതിന്റെ തുടർച്ചയായി പശ്ചിമഘട്ടത്തിലൂടെ ഒരു യാത്ര നടത്താൻ ഏതു യാത്രാമാർഗമാണ് അനുയോജ്യം എന്ന പ്രശ്നം ഉയർത്താം.

കുട്ടികൾ വ്യക്തിഗതമായി എഴുതി തയ്യാറാക്കിയ കുറിപ്പ് (നോട്ടു പുസ്തകത്തിൽ) പേപ്പറിൽ എഴുതി വാങ്ങി പതിപ്പായി സൂക്ഷിച്ചാൽ ഈ അധ്യായത്തിന്റെ അവസാനം ഓരോ കുട്ടിയുടെയും ധാരണകളിലും അറിവിലും ഉണ്ടായ മാറ്റം വിലയിരുത്താനാവും.

**പ്രവർത്തനം- 3**

കേരളത്തിന്റെ കിഴക്കു ഭാഗത്തുള്ള മലനിരകളെ പശ്ചിമഘട്ടം (പടിഞ്ഞാറൻ മലനിരകൾ) എന്നു വിളിക്കുന്നത് എന്തുകൊണ്ടാണ്? ഈ ചോദ്യം കുട്ടികളോട് ഉന്നയിക്കാം.

കുട്ടികൾക്ക് പരിശോധനയ്ക്കായി ചുമർ ഭൂപടം, അറ്റ്ലസ് എന്നിവ കൂടി നൽകണം. അറ്റ്ലസ്, പാഠപുസ്തകത്തിലെ ഭൂപടം, ചുമർഭൂപടങ്ങൾ എന്നിവ പരിശോധിച്ച് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ.

ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തായി നീണ്ടുകിടക്കുന്ന പർവതനിരകളാണ് പശ്ചിമഘട്ടം. ഇതിന്റെ ചെറിയ ഒരു ഭാഗമാണ് കേരളത്തിന്റെ കിഴക്കുഭാഗത്ത് കാണപ്പെടുന്നത്.

വടക്ക് താപ്തി നദീമുഖം മുതൽ തെക്ക് കന്യാകുമാരി വരെ നീണ്ടുകിടക്കുന്നതാണ് പശ്ചിമഘട്ടം. ഡക്കാൻ പീഠഭൂമിയുടെ പടിഞ്ഞാറതിർത്തിയിൽ 1600 കി. മീ നീളത്തിൽ ഇതു കാണുന്നു. ശരാശരി ഉയരം 1200 മീറ്ററാണ്. കേരളത്തിൽ പശ്ചിമഘട്ടത്തെ സഹ്യപർവതം എന്നും വിളിക്കുന്നു. കടലിൽ നിന്നും നോക്കിയാൽ കോട്ടപോലെ കാണുന്ന ഇതിന്റെ ചില ഭാഗങ്ങൾ സമുദ്രതീരം വരെ ചെങ്കുത്തായി നില്ക്കുന്നു. ഡക്കാൻ പീഠഭൂമിയിലുണ്ടായ ഭൂഭ്രംശത്തിന്റെ ഫലമായാണ് പശ്ചിമഘട്ടം രൂപംകൊണ്ടതെന്ന് ഭൂമിശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

**പ്രവർത്തനം- 4 എല്ലാ മലകൾക്കും പേരുണ്ടോ?**

പ്രാദേശിക ഭൂമിശാസ്ത്രപഠനത്തിന് സഹായിക്കുന്ന ഒരു പ്രവർത്തനമായി ഇത് നൽകണം. വിദ്യാലയത്തിന്റെ തൊട്ടടുത്തുള്ള മല അല്ലെങ്കിൽ കുന്നിന്റെ പേര് എന്താണ് എന്ന് ചോദിച്ചുകൊണ്ട് തുടങ്ങാം. അതിന്റെ പ്രത്യേകതകൾ, അവിടത്തെ സസ്യ വൈവിധ്യം, മല ആ പ്രദേശത്തുകാർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഓരോരുത്തരും വ്യക്തിഗതമായി കുറിപ്പെഴുതട്ടെ.

ക്ലാസ്സിൽ ചിലത് വായിക്കുകയും ചർച്ച നടത്തുകയും പ്രാദേശിക ഭൂമിശാസ്ത്രപഠന സാധ്യതകൾ കുട്ടികളിൽ എത്തി എന്നുറപ്പ് വരുത്തുകയും ചെയ്യണം.

**പ്രവർത്തനം- 5 അസൈൻമെന്റ്**

"കുന്നിനെക്കുറിച്ച് കുന്നിക്കുരുവോളമറിയില്ല"

കുന്നിനെക്കുറിച്ച് കുറിപ്പെഴുതാൻ പറഞ്ഞപ്പോൾ ആമിനക്കുട്ടി പറഞ്ഞതാണിത്. ക്ലാസിലെ കുട്ടികൾ തങ്ങളുടെ അടുത്തുള്ളകുന്ന്/മല യെക്കുറിച്ച് കിട്ടാവുന്ന കാര്യങ്ങൾ ശേഖരിച്ച് വരാൻ ചുമതല നൽകാം.

- ഏകദേശ ഉയരം
- അവിടെ നിന്ന് ഉത്ഭവിക്കുന്ന നീരൊഴുക്കുകൾ
- പ്രത്യേകമായി കാണുന്ന ജീവി/സസ്യം etc
- ആ പ്രദേശത്തുകാർക്ക് എങ്ങനെ പ്രയോജനപ്പെടുന്നു.
- കുന്നിനെക്കുറിച്ചുള്ള കഥകൾ/ഐതിഹ്യം
- കുന്ന് നേരിടുന്ന ഭീഷണി
- പരിഹാര നിർദ്ദേശങ്ങൾ

കുട്ടികൾ ഇത് ചെറുപതിപ്പായി തയ്യാറാക്കി വരട്ടെ. ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

കുന്ന്/മല ആ പ്രദേശത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന അറിവാണ് കുട്ടികളിൽ നിർമ്മിക്കപ്പെടേണ്ടത്

***അറിവുനിർമ്മാണം ഘട്ടങ്ങൾ***

- തൊട്ടടുത്ത കുന്നിനെക്കുറിച്ച് നിലവിലുള്ള അറിവ് തിരിച്ചറിയുന്നു.

- പ്രശ്നം ഏറ്റെടുക്കുന്നു-കുന്നിന്റെ പ്രത്യേകതകൾ എന്ത്? ഇതുകൊണ്ടുള്ള പ്രയോജനം? ഇങ്ങനെ തന്നെ നിലനിൽക്കണമെന്നു പറയുന്നതെന്തുകൊണ്ട്?
- അന്വേഷണം, സന്ദർശനം, വിവരശേഖരണം
- ശേഖരിച്ച വിവരങ്ങൾ പങ്കുവെയ്ക്കുന്നു - ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു.
- മുതിർന്നവരിൽ നിന്നും, അധ്യാപകരിൽ നിന്നും, പുസ്തകങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുമായി തട്ടിച്ചുനോക്കുന്നു മെച്ചപ്പെടുത്തുന്നു.
- കുന്നിനെക്കുറിച്ച് കൂടുതൽ അറിവ് രൂപീകരിക്കുന്നു.

**അദ്ധ്യാപകർ ശ്രദ്ധിക്കേണ്ടത്**

⇨ പ്രവർത്തനങ്ങൾ കഴിവതും ലഘുപ്രശ്നങ്ങളായി അവതരിപ്പിക്കുക

⇨ കുട്ടികൾക്ക് എന്തറിയാമെന്ന് പറയാൻ /എഴുതാൻ അവസരം നൽകുക.

⇨ കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും കണ്ടെത്താനുമുള്ള താൽപ്പര്യം ഉണർത്തുക.

⇨ വിവരങ്ങൾ ശേഖരിക്കാൻ,. റഫർ ചെയ്യാൻ സഹായിക്കുക.

⇨ ക്ലാസ്സിൽ/ചെറു ഗ്രൂപ്പിൽ ചർച്ചയ്ക്ക് അവസരം നൽകുക.

⇨ മെച്ചപ്പെട്ട ധാരണകൾ, അറിവുകൾ നൽകി സഹായിക്കുക.

⇨ രൂപപ്പെട്ട ധാരണ/അറിവ് രേഖപ്പെടുത്താൻ/പറയാൻ അവസരം ഉറപ്പാക്കുക

⇨ മറ്റ് അനുയോജ്യ സന്ദർഭങ്ങളിൽ ഇത് ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തുന്നു.

**പ്രവർത്തന മൂല്യനിർണയം**

അറിവിന്റെ നിർമ്മാണതലവുമായി ബന്ധപ്പെട്ട പ്രശ്നനിർധാരണ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന്റെ ശേഷിയാണ് മൂല്യനിർണയത്തിന് വിധേയമാക്കേണ്ടത്. താഴെപറയുന്ന സൂചകങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.

- പ്രസക്തമായ ഊഹം നടത്തിയിട്ടുണ്ട്. (കുന്ന് എങ്ങനെ പ്രയോജനപ്പെടുത്തുന്നുവെന്ന് പറയാൻ ശ്രമിച്ചിട്ടുണ്ട്)
- പ്രശ്നവിശകലനം നടത്തി നിർധാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
    - എന്താണ് കണ്ടെത്തേണ്ടത്
    - എങ്ങനെ കണ്ടെത്തും
    - വിവര സ്രോതസ്സുകൾ
    - വിവരശേഖരണ രീതി
    - അപഗ്രഥന രീതി
    - എന്തൊക്കെ ഉപകരണങ്ങൾ
    - സമയദൈർഘ്യം

  അനുയോജ്യമായ ഉപകരണങ്ങൾ (ചോദ്യാവലി, ഫോർമാറ്റ് etc) വികസിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനം- 6 പശ്ചിമഘട്ടത്തിന്റെ സ്വാധീനം**

പശ്ചിമഘട്ട മലനിരകൾ കേരളത്തെ സ്വാധീനിക്കുന്നുണ്ടെന്ന് കുട്ടികൾക്കറിയാം . എന്നാൽ താനുൾപ്പെടുന്ന പ്രാദേശിക സമൂഹത്തെ ഈ മലനിരകൾ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ചിന്തിച്ചുകൊള്ളണമെന്നില്ല. പശ്ചിമഘട്ടത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുന്നതിനുള്ള പ്രശ്ന മായിട്ടാണ് ഇത് നൽകേണ്ടത്. സ്വന്തം കണ്ടെത്തലുകൾ വ്യക്തിപരമായി എഴുതട്ടെ. ചില കുട്ടി കളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ അവസരം ഉണ്ടാവണം. അവതരണത്തിന് ക്ലാസിലെ എല്ലാ കുട്ടികൾക്കും മാറി മാറി അവസരം കിട്ടുന്നുവെന്ന് ഉറപ്പാക്കണം.

ഈ അധ്യായത്തിന്റെ അവസാനം ഇത് മെച്ചപ്പെടുത്താൻ ഒരിക്കൽ കൂടി അവസരം നൽകണം.

**പ്രവർത്തനം- 7 പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം**

പാഠപുസ്തകത്തിലെ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം, സൈലന്റ്‌വാലി എന്നീ കുറിപ്പു കൾ കുട്ടികളോട് വായിക്കാൻ ആവശ്യപ്പെടണം. തുടർന്ന് സൈലന്റ് വാലിയെക്കുറിച്ചോ പശ്ചി മഘട്ടത്തിലെ ജൈവ വൈവിധ്യങ്ങളെക്കുറിച്ചോ ഉള്ള സി.ഡി.കൾ കാണിക്കേണ്ടതാണ്. (എസ്. ഐ.ഇ.ടി സി.ഡി കേരളത്തിലെ വനങ്ങൾ)

വായനയ്ക്കും ദൃശ്യാനുഭവത്തിനും ശേഷം ചില ചോദ്യങ്ങൾ കുട്ടികളുടെ മുന്നിൽ ഉന്നയിക്കാം.

- സൈലന്റ് വാലി ഇതുപോലെ നിലനിർത്തണമെന്നു പറയുന്നത് എന്തുകൊണ്ട്?
- സൈലന്റ് വാലി പ്രദേശത്തെ വനനശീകരണവും മറ്റും നമ്മെ എങ്ങനെ ബാധിക്കും?

  മുകളിൽകൊടുത്ത പ്രശ്നങ്ങളെ മുൻനിർത്തി ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കണം.

- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പരാശ്രിതത്വം നിലനിർത്തേണ്ടതുണ്ട്.
- പ്രകൃതിയിലെ സസ്യങ്ങളോ ജന്തുക്കളോ ആയ ഏതെങ്കിലും കണ്ണികൾ നഷ്ടപ്പെടുന്നത് പ്രത്യക്ഷവും പരോക്ഷവും ആയി മനുഷ്യനെ തന്നെ ബാധിക്കും. അതിനാൽ അപൂർവ്വ മായികൊണ്ടിരിക്കുന്ന സസ്യങ്ങളെയും ജന്തുക്കളെയും അവയുടെ സ്വാഭാവിക പരിസ്ഥി തിയും നിലനിർത്തേണ്ടതുണ്ട്.

ചർച്ചയ്ക്ക് സഹായകമായ ചില കുറിപ്പുകൾ കൂടി വായിക്കുക.

***വനങ്ങൾ***

രാജ്യത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിലൊരു ഭാഗം വനമോ വൃക്ഷനിബിഡമോ ആയി രിക്കണമെന്നാണ് 1988 ലെ ദേശീയ വനനയം നിർദ്ദേശിക്കുന്നത്. എന്നാൽ കുന്നുകളിലും പർവ്വത പ്രദേശങ്ങളിലും അവിടത്തെ ഭൂവിസ്തൃതിയുടെ മൂന്നിൽ രണ്ടു ഭാഗമെങ്കിലും വൃക്ഷ നിബിഡമായിരിക്കണമെന്നും നിർദ്ദേശമുണ്ട്. റഫറൻസിനായി വനംവകുപ്പ് പ്രസിദ്ധീകരണ ങ്ങൾ ഉപയോഗപ്പെടുത്താം.

***ഇലപൊഴിയും വനങ്ങൾ***

ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് ഇലപൊഴിയും വനങ്ങൾ ഉള്ളത്. വേനൽക്കാലത്ത് ഇലപൊഴിക്കുന്ന മരങ്ങൾ നിറഞ്ഞവയാണ് ഇല പൊഴിയും വനങ്ങൾ ഇലകളുടെ പച്ചപ്പ് നില നിർത്തുന്നതിനും പുതിയ ഇലകൾ ഉണ്ടാകുന്നതിനും മരങ്ങൾക്ക് ധാരാളം ജലം ആവശ്യമാ ണ്. വലിയ ഇലകളോടുകൂടിയ മരങ്ങളാണ് ഇലപൊഴിയും കാടുകളിൽ കൂടുതലായി കാണുക. തേക്ക് പോലുള്ള മരങ്ങൾ അവയുടെ വലിയ ഇലകളിലൂടെയുള്ള ജലനഷ്ടം (സസ്യസ്വേദ നം) തടയുന്നതിനു വേണ്ടിയാണ് വേനൽക്കാലത്ത് ഇലകൾ പൊഴിക്കുന്നത്.

### നിത്യഹരിതവനങ്ങൾ

ധാരാളം മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിൽ കാണുന്ന മഴക്കാടുകളാണ് നിത്യഹരിതവനങ്ങൾ. ഇടതൂർന്ന് തിങ്ങി വളരുന്ന മരങ്ങളും വള്ളിപ്പടർപ്പുകളും വലുതും ചെറുതുമായ ചെടികളും നിറഞ്ഞവയാണ് നിത്യഹരിതവനങ്ങൾ . വലിയ ഇലകളോടു കൂടിയ നിത്യഹരിത വനങ്ങൾ സൈലന്റ് വാലിയിൽ ഉണ്ട്. ലോകത്തിലെ ഏറ്റവും സങ്കീർണ്ണമായ ആവാസവ്യവസ്ഥകളിലൊന്നാണിത്.

**പ്രവർത്തനം- 8**

നാഷണൽ പാർക്കുകൾ, വന്യജീവിസങ്കേതങ്ങൾ എന്നിവ സ്ഥാപിക്കുന്നത് പ്രകൃതിയിലെ അറ്റുപോകാനിടയുള്ള കണ്ണികളെ സംരക്ഷിക്കാനാണ്. നമ്മുടെ ചുറ്റും അത്തരം വല്ല കണ്ണികളും അറ്റുപോകുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

നാട്ടിലെ ഏതെങ്കിലും ജീവികളോ സസ്യവർഗങ്ങളോ കഴിഞ്ഞ 50 വർഷത്തിനിടയ്ക്ക് നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയാനും അത്തരം അവസ്ഥ ഉണ്ടാകാതിരിക്കാൻ എല്ലാവരുടെയും ശ്രദ്ധ ലഭിക്കുന്നതിനുമായിട്ടാണ് ഈ പ്രവർത്തനം നൽകേണ്ടത്. ഓരോ കുട്ടിയും വ്യക്തിഗതമായി ഇത്തരം വിവരം അന്വേഷിച്ച് വരട്ടെ. ഇതിനായി പ്രായമായവരോട് ചോദിച്ചറിയാം. കഴിയുമെങ്കിൽ ഈ മേഖലയിൽ വൈദഗ്ധ്യമുള്ളവരെ ക്ലാസിൽ കൊണ്ടു വന്ന് കുട്ടികളുമായി ചർച്ചയ്ക്ക് അവസരം നൽകണം.

കുട്ടികളുടെ കണ്ടെത്തലുകൾ ക്ലാസ്തലത്തിൽ ക്രോഡീകരിച്ച് പട്ടിക ക്ലാസിലെ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കണം.

വിദഗ്ധരുമായി ചർച്ച ചെയ്തും റഫർ ചെയ്തും മെച്ചപ്പെടുത്തിയ ലിസ്റ്റാവണം പ്രദർശിപ്പിക്കേണ്ടത്. തയ്യാറാക്കുന്നത് താൽക്കാലിക കണ്ടെത്തൽ മാത്രമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം. തുടർന്നും ഈ മേഖലയിലെ അന്വേഷണത്തിന് പ്രേരിപ്പിക്കുന്നതാവണം പ്രദർശിപ്പിക്കുന്ന ലിസ്റ്റ്.

### പ്രവർത്തന മൂല്യനിർണയം

പ്രവർത്തനം അഞ്ചിലേതുപോലെ പ്രശ്നനിർധാരണ പ്രവർത്തനങ്ങളുടെ ആസൂത്രണമേഖല ഇവിടെയും പരിഗണിക്കണം. കൂടാതെ അപഗ്രഥന - നിഗമന രൂപീകരണവും വിലയിരുത്താൻ ഈ പ്രവർത്തനത്തിൽ അവസരമുണ്ട്.

ക്ലാസ് തലത്തിൽ പല കുട്ടികളും ശേഖരിച്ച വിവരങ്ങൾ വ്യത്യസ്തമായിരിക്കാനിടയുണ്ട്. ക്ലാസ് തല പട്ടിക അപഗ്രഥിച്ച് നിഗമനം രൂപപ്പെടുത്താനവസരം വ്യക്തിഗതമായി നൽകണം. ഇതിലൂടെ കുട്ടികളുടെ അപഗ്രഥന ശേഷി വിലയിരുത്താം. ഇതിന് താഴെ പറയുന്ന സൂചകങ്ങൾ ഉപയോഗപ്പെടുത്തണം.

- അപഗ്രഥനത്തിന് സഹായകമായ രീതിയിൽ ലഭ്യമായ വിവരങ്ങളെ ക്രമീകരിച്ചിട്ടുണ്ട്.
- പ്രശ്ന നിർധാരണത്തിന് അനുയോജ്യമായ നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്.
- നിഗമനങ്ങളെ സാധൂകരിച്ചിട്ടുണ്ട്.

### സ്വയം വിലയിരുത്തൽ

മുകളിൽ കൊടുത്ത പ്രവർത്തനം പൂർത്തിയാക്കിയ ശേഷം താഴെക്കൊടുത്ത സ്വയം വിലയിരുത്തൽ ഫോർമാറ്റ് കുട്ടികൾക്ക് നൽകണം. ഇത് ഒരു ചാർട്ട് പേപ്പറിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കണം. തുടർന്ന് കുട്ടികൾ തങ്ങളുടെ നോട്ട് പുസ്തകത്തിൽ എഴുതി എടുത്ത് വ്യക്തിഗത

മായി ടിക്ക് മാർക്ക് നൽകട്ടെ. അതിനുശേഷം ഞാൻ ശ്രദ്ധിക്കേണ്ടത് എന്ന ഒരു കുറിപ്പും എഴുതട്ടെ. ഇത് ടീച്ചർ ക്ലാസ്സിൽ വായിപ്പിക്കേണ്ടതില്ല.

**സ്വയം വിലയിരുത്തൽ**

| | ഉണ്ട് | ഇല്ല | ഭാഗികം |
|---|---|---|---|
| • അധ്യാപിക നൽകിയ പ്രശ്നം ഞാൻ ഏറ്റെടുത്തിട്ടുണ്ട് | | | |
| • വിവരങ്ങൾ ശേഖരിക്കാൻ ഞാൻ വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. | | | |
| • കിട്ടിയ വിവരങ്ങൾ ചിട്ടയായി രേഖപ്പെടുത്തിയിട്ടുണ്ട്. | | | |
| • ഏറ്റെടുത്ത പ്രവർത്തനം എന്ത്? എന്തു ലക്ഷ്യത്തിനു വേണ്ടിയായിരുന്നു? എന്റെ കണ്ടെത്തൽ എന്തായിരുന്നു? വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. | | | |
| • ക്ലാസിൽ അവതരിപ്പിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. | | | |
| • മറ്റുള്ളവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചിട്ടുണ്ട്. | | | |
| • അധ്യാപകരുടെ നിർദ്ദേശങ്ങളുടെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തി എഴുതിയിട്ടുണ്ട് | | | |

**പ്രവർത്തനം- 9 കേരളത്തിലെ നദികൾ**

പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദികളെല്ലാം ജലസമൃദ്ധമാണ്. പടിഞ്ഞാറോട്ട് ഒഴുകുന്ന നദികൾ വളരെ പെട്ടെന്ന് കടലിൽ ചെന്നെത്തുന്നതുമൂലം ഈ ഭാഗത്ത് ജലദൗർലഭ്യം ഉണ്ടാകുന്നു. ഈ നദികൾ വെള്ളച്ചാട്ടങ്ങൾ നിറഞ്ഞതും ജലഗതാഗതത്തിന് അനുയോജ്യമല്ലാത്തവയുമാണ്. എന്നാൽ കിഴക്കോട്ട് ഒഴുകുന്ന നദികളായ കാവേരി, കൃഷ്ണ, ഗോദാവരി തുടങ്ങിയവ ജലസമൃദ്ധമാണ്. ഈ നദികൾ ബംഗാൾ ഉൾക്കടലിലാണ് ചെന്നു ചേരുന്നത്.

കേരളത്തിലെ നദികളുടെ പട്ടിക 5-ാം ക്ലാസിൽ പരിചയപ്പെട്ടിട്ടുണ്ട്. അതിൽ നിന്നും സ്വന്തം ജില്ലയിലെ നദികളുടെ പട്ടിക തയ്യാറാക്കാൻ ആവശ്യപ്പെടാം. ശരിയായ പട്ടിക ക്ലാസിൽ പ്രദർശിപ്പിക്കണം.

പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട് ക്ലാസിൽ ഉയർത്തേണ്ട പ്രശ്നം "കേരളത്തിൽ ധാരാളം നദികൾ ഉണ്ടാവാൻ എന്താണ് കാരണം? എന്നതാണ്.

വ്യക്തിഗതമായ അഭിപ്രായങ്ങൾക്ക് അവസരം നൽകണം. ചർച്ചയ്ക്കുശേഷം ക്ലാസിൽ ക്രോഡീകരിക്കണം. ക്രോഡീകരിച്ചത് കുട്ടികൾ നോട്ടുബുക്കിൽ എഴുതണം.

- ധാരാളമായി ലഭിക്കുന്ന മഴ
- ചരിഞ്ഞ ഭൂപ്രകൃതി
- മലമ്പ്രദേശവും കടൽത്തീരവും തമ്മിലുള്ള കുറഞ്ഞ അകലം.

## വെള്ളത്തിൽ നിന്ന് വെളിച്ചം

സ്വന്തം ജില്ലയിലൂടെ ഒഴുകുന്ന നദികൾ ഏതെല്ലാമാണെന്ന് കുട്ടികൾക്കറിയാമല്ലോ. സ്വന്തം ജില്ലയിൽ ജലവൈദ്യുത പദ്ധതികൾ ഉണ്ടോ? എന്ന ചോദ്യം ക്ലാസിൽ അവതരിപ്പിക്കണം. പാഠപുസ്തകത്തിൽ തന്നിട്ടുള്ള ഭൂപടത്തിൽ നിന്നും കുട്ടികൾ കണ്ടെത്തി എഴുതട്ടെ. ഇതിന് അഞ്ചാം ക്ലാസിലെ പാഠപുസ്തകം കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

സ്വന്തം ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളെക്കുറിച്ച് കൂടി വിവരങ്ങൾ ശേഖരിക്കാൻ അവസരം നൽകണം. വിദ്യാലയത്തിനടുത്ത് അത്തരം പദ്ധതികൾ ഉണ്ടെങ്കിൽ ടീച്ചറുടെ കൂടെയുള്ള സന്ദർശനവും നല്ലതാണ്.

നദികൾ നമുക്ക് എങ്ങനെയെല്ലാം ഉപകരിക്കുന്നുവെന്ന് ക്ലാസ് തല ചർച്ചയിലൂടെയാണ് ഉരുത്തിയിരിയേണ്ടത്. ഇതിനാവശ്യമായ സന്ദർഭം ക്ലാസിൽ ഒരുക്കണം.

- മികച്ച ജലസമ്പത്ത്, കുടിവെള്ളം, ജലസേചനം എന്നിവക്ക് സഹായകമാവുന്നു.
- മത്സ്യബന്ധനത്തിന് സഹായകമാവുന്നു.
- പ്രദേശത്തെ ജലലഭ്യത ഉറപ്പുവരുത്തുന്നു
- വൈദ്യുതി ഉല്പാദനത്തിന് സഹായകമാവുന്നു.

### മലയും മറികടക്കും

കേരളം ഇതര സംസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിൽ പശ്ചിമഘട്ടം തടസ്സം സൃഷ്ടിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നതിലൂടെ പശ്ചിമഘട്ടത്തിലൂടെയുള്ള ഗതാഗത സൗകര്യങ്ങളെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാനാവണം. ഇതിനു സഹായകമായ വിവരങ്ങൾ ശേഖരിക്കാൻ മറ്റൊരു ഉപചോദ്യം കൂടി നൽകണം. ഇത് എഴുതുകയോ വരച്ച് സ്ഥലങ്ങൾ അടയാളപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

സ്വന്തം പ്രദേശത്തു നിന്നും തൊട്ടടുത്ത സംസ്ഥാനത്തിലേയ്ക്കുള്ള യാത്രാമാർഗ്ഗം ഏതെന്ന് കുട്ടികൾ വരച്ച് അടയാളപ്പെടുത്തട്ടെ.

ശരിയായ പാത കണ്ടെത്തി വരയ്ക്കുന്നതിന് അധ്യാപിക സഹായം നൽകണം. കൂടാതെ സ്വന്തം പ്രദേശത്തിനടുത്തു കൂടി പോകുന്ന നാഷണൽ ഹൈവേകൾ, സ്റ്റേറ്റ് ഹൈവേകൾ എന്നിവയും കുട്ടികൾ കണ്ടെത്തട്ടെ. ദേശീയ പാതകൾ കടന്നുപോകുന്നത് ചിത്രീകരിച്ചിട്ടുള്ള മാപ്പിൽ പാലക്കാട് ചുരം കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം.

### പാലക്കാട് ചുരം

പശ്ചിമഘട്ടത്തിനു കുറുകെ ധാരാളം മലമ്പാതകളുണ്ടെങ്കിലും ഏറ്റവും അധികം പ്രാധാന്യമർഹിക്കുന്നത് പാലക്കാട് ചുരമാണ്. ചുരത്തിന്റെ തെക്ക് ഭാഗത്ത് വന്നു നിൽക്കുന്ന മലനിരകൾക്ക് 2000 മീറ്ററും വടക്കേ അറ്റത്ത് വന്നു നിൽക്കുന്ന മലനിരകൾക്ക് 1100 മീറ്ററും ഉയരമുണ്ട്. ഇവിടെയുള്ള മലമ്പാതയ്ക്ക് ഏതാണ്ട് 41 മീറ്റർ വീതിയുണ്ട്. തമിഴ്നാടും കേരളവുമായി വ്യാപാരം നടത്തുന്നത് ഈ പാതവഴിയാണ്. തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റ് തമിഴ്നാട്ടിലേയ്ക്ക് കടക്കുന്നതും വടക്കു കിഴക്കൻ കാലവർഷക്കാറ്റ് കേരളത്തിലേക്ക് കടന്നു വരുന്നതും ഈ ചുരം കടന്നാണ്. ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തെ കാലാവസ്ഥ നിയന്ത്രിക്കുന്നതിൽ പശ്ചിമഘട്ടത്തിനു വളരെയധികം സ്ഥാനമുണ്ട്.

പാലക്കാട് ചുരത്തെക്കുറിച്ച് പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ഭാഗം കുട്ടികൾ വായിക്കട്ടെ. തുടർന്ന് പാലക്കാട് ജില്ലയിലെ ചില ഭാഗങ്ങളിൽ (കിഴക്കൻ മേഖലകളിൽ) നിലക്കടലയും പരുത്തിയും കൃഷി ചെയ്യുന്നതിന്റെ കാരണങ്ങൾ ടീച്ചർ നൽകണം. തമിഴ്നാട്ടിലേതുപോലുള്ള കാലാവസ്ഥയും കറുത്തമണ്ണും പാലക്കാടിന്റെ കിഴക്കൻ മേഖലകളിൽ ഉണ്ടെന്നുള്ള അറിവ് അധ്യാപകർ കുട്ടികൾക്ക് നൽകണം. ഇതിനുള്ള ഒരു കാരണം പാലക്കാട് ചുരമാണ്.

അധ്യായത്തിന്റെ തുടക്കത്തിൽ പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്ന ജീവികളെക്കുറിച്ചും വംശനാശം നേരിടുന്ന ജിവികളെക്കുറിച്ചും മനസ്സിലാക്കിയിട്ടുണ്ടല്ലോ. പശ്ചിമഘട്ടത്തിലെ ജൈവ സമ്പത്ത് സസ്യങ്ങൾ മാത്രമല്ല ജീവികളും ചേർന്നതാണ്. പ്രകൃതിയുടെ സംതുലനത്തിന് എല്ലാ ജീവികളുടെയും നിലനിൽപ്പ് അത്യാവശ്യമാണ്. അതിനാലാണ് വന്യജീവിസങ്കേതങ്ങളും മറ്റു സംരക്ഷിത പ്രദേശങ്ങളും നിലനിർത്തുന്നത്. എന്നാൽ ഇതുകൊണ്ടു മാത്രം എല്ലാ വന്യജീവികളുടെയും സംരക്ഷണം ഉറപ്പുവരുത്താനാവില്ല. പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പ് മനുഷ്യരെ പോലെ തന്നെ മറ്റു ജീവജാലങ്ങൾക്കും പ്രധാനപ്പെട്ടതാണെന്ന തിരിച്ചറിവാണ് ആനത്താര എന്ന ഭാഗം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

### ശേഖരണം - പ്രദർശനം

വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നതിന്റെയും നാട്ടിലിറങ്ങുന്നതിന്റെയും വാർത്തകൾ പത്രങ്ങളിൽ വരുന്നത് കുട്ടികൾ ശേഖരിക്കട്ടെ. ക്ലാസിലെ ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കണം.

'ആനത്താര'വായനയുടെയും ശേഖരിച്ച പത്ര കട്ടിംഗുകളുടെയും അടിസ്ഥാനത്തിലാവണം വന്യജീവികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടത്. ചർച്ചയ്ക്ക് ശേഷം അധ്യാപിക ക്ലാസ് തല ക്രോഡീകരണം നടത്തണം. കുട്ടികൾ നോട്ട് ബുക്കിൽ ക്രോഡീകരണം രേഖപ്പെടുത്തണം.

- വനനശീകരണം, വനംകയ്യേറ്റം എന്നിവ വന്യജീവികളുടെ നിലനിൽപ്പിന് ഭീഷണിയാവുന്നു.
- വനനശീകരണത്തിന് മുഖ്യ ഉത്തരവാദി മനുഷ്യരാണ്.
- വന്യജീവികളെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്.
- വന്യജീവികളെ കൊല്ലുന്നത് ശിക്ഷാർഹമാണ്.
- വനപ്രദേശത്തു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, കുടിയേറ്റം എന്നിവ കുറയ്ക്കേണ്ടതു തന്നെയാണ്.

### മലമുകളിൽ ജീവിക്കുന്നവർ

കേരളത്തിലെ ആദിവാസി വിഭാഗങ്ങളിൽ കൂടുതലും പശ്ചിമഘട്ട മലനിരകളിലാണ് താമസിക്കുന്നത്. മനുഷ്യരുടെ ഇടപെടൽ മൂലം ഭീഷണി നേരിടുന്ന ജീവികളെക്കുറിച്ച് നാം മനസ്സിലാക്കി. ഒരു വിഭാഗം മനുഷ്യരുടെ ഇടപെടൽ മൂലം സ്വന്തം വാസസ്ഥലങ്ങളിലും ജീവിതസാഹചര്യങ്ങളിലും ഭീഷണി നേരിടുന്ന മനുഷ്യരുണ്ടോ!

ഇത്തരം ഒരു പ്രശ്നം കുട്ടികളുടെ ചർച്ചയ്ക്കായി അവതരിപ്പിക്കാവുന്നതാണ്. ആദിവാസി വിഭാഗം എന്നു പറയുന്നത് നമ്മളിൽ തന്നെയുള്ള ഒരു വിഭാഗമാണ്. അവരായിരുന്നു ഇവിടത്തെ ആദ്യകാല മനുഷ്യർ എന്ന തരത്തിലേ അവതരിപ്പിക്കാവൂ. ജീവിത സാഹചര്യങ്ങളുടെ പ്രത്യേകത കൊണ്ട് ഈ വിഭാഗം പ്രത്യേകത പരിഗണന അർഹിക്കുന്നു എന്നതാവണം കുട്ടികൾക്ക് ലഭിക്കേണ്ട ആശയം,. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ക്ലാസിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവരുടെ ആത്മാഭിമാനത്തിന് കോട്ടം തട്ടുന്ന തരത്തിലുള്ള പരാമർശങ്ങൾ ഉണ്ടാകാതിരിക്കാൻ അധ്യാപകർ ശ്രദ്ധിക്കണം.

തലമുറകളായി ജീവിച്ചു വന്നിരുന്ന അവർക്ക് അർഹതപ്പെട്ട വനഭൂമി പ്രത്യേക നിയമനിർമ്മാണത്തിലൂടെയോ ഉത്തരവിലൂടെയോ അധികൃതരോ സമ്പന്നരായ മനുഷ്യരോ കൈയ്യേറുമ്പോൾ

നിസ്സഹായരാവുന്ന ആദിവാസികളുടെ പ്രശ്നങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്.

ഇന്നത്തെ കാലത്ത് സർക്കാറുകൾ ഇത്തരം പ്രശ്നങ്ങളെ പരിഹരിക്കുന്ന തരത്തിലുള്ള നിയമനിർമ്മാണങ്ങൾ നടത്തുന്നുണ്ട്.

പശ്ചിമഘട്ട മലനിരകളിലെ ഇടപെടലുകൾ ആദിവാസി വിഭാഗങ്ങളുടെ സ്വാഭാവിക നിലനിൽപ്പിന് ഭീഷണിയാവുന്നുണ്ടോ എന്ന പരിശോധനയാണ് ഇതിലൂടെ നടക്കേണ്ടത്.

### ക്രോഡീകരണം

- ആദിവാസികൾ തലമുറകളായി ജീവിച്ചു പോരുന്ന വനപ്രദേശം അവർക്ക് അന്യമാവുന്നു.
- ആധുനിക ജീവിത സൗകര്യങ്ങൾ അപ്രാപ്യമാവുന്നു.
- വിവിധതരം ചൂഷണങ്ങൾക്ക് വിധേയരാവുന്നു.

### അസൈൻമെന്റ്

ആദിവാസി വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് "ഇവിടെ ജീവിക്കുന്നവർ" എന്ന അധ്യായത്തിൽ കൂടുതലായി ചർച്ച ചെയ്യും. ഇത്തരം പ്രശ്നങ്ങൾ കുട്ടികളുടെ പ്രദേശത്ത് ഉണ്ടോ എന്നതിലേക്ക് അവരുടെ ശ്രദ്ധ ആകർഷിക്കണം കണ്ടെത്തലുകൾ ക്ലാസിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണം. പ്രാദേശിക സാധ്യതകളാണ് പരിഗണിക്കേണ്ടത്.

### കൂടുതൽ കണ്ടെത്താം

സവിശേഷമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ചിലയിനം സസ്യങ്ങളുടെയും ജീവികളുടെയും നിലനിൽപ്പിന് അത്യാവശ്യമാണ്. അത്തരത്തിലുള്ള ചിലത് സ്ഥലനാമങ്ങളുമായി ബന്ധപ്പെട്ട് അറിയപ്പെടുന്നു. ഭൂമിശാസ്ത്രസൂചികയ്ക്ക് ലോകത്ത് വളരെയധികം പ്രാധാന്യം കൽപ്പിക്കപ്പെടുന്നുണ്ട്. ഈ സവിശേഷതകളിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിക്കുന്നതിനാണ് ഈ പ്രവർത്തനം. ഇതുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലുള്ളവർക്കും മറ്റുള്ളവർക്കും അവിടെ തന്നെ അവയെ സംരക്ഷിക്കാനുള്ള ബാധ്യത ഉണ്ടെന്ന് മനസ്സിലാക്കാൻ കൂടി ഈ പ്രവർത്തനം ഉപകരിക്കണം.

കുട്ടികളോട് കണ്ടെത്തി വരാൻ പറയണം

#### സസ്യങ്ങൾ

- വയനാടൻ മഞ്ഞൾ
- അട്ടപ്പാടിതുവര
- പാലക്കാടൻ മട്ടയരി
- കുറ്റ്യാടി തെങ്ങ്
- മൈസൂർ ചന്ദനം
- സത്യമംഗലം മുളക്

#### മത്സ്യം

- കുട്ടനാടൻ കരിമീൻ
- കേരളസുന്ദരി (ചെങ്കണിയാൻ)
- മംഗലാപുരം മത്തി, ലക്ഷദ്വീപ് ട്യൂണ

#### പക്ഷി

- മലബാർ കൊമ്പൻപാടി
- കടലുണ്ടി ആള
- മലബാർ പാരകിറ്റ് (നീലത്തത്ത)
- വയനാട് ലാഫിംഗ് ത്രഷ് (പതുങ്ങൻ ചിലമ്പൻ)
- നീലഗിരി പിപിറ്റ് (മലവരമ്പൻ)

**മൃഗം**

- വെച്ചൂർപശു
- നീലഗിരിതാർ (വരയാട്)
- മലബാറി ആട്

**വംശനാശം നേരിട്ടവർ**

ഈ നൂറ്റാണ്ടിൽ ഇന്ത്യൻ കാടുകളിൽ നിന്ന് വംശനാശം വന്ന ജീവികൾ

1. ചെറിയ ഒറ്റകൊമ്പൻ കാണ്ടാമൃഗം
2. ചുവന്ന തലയൻ താറാവ്
3. പർവതകുയിൽ
4. ചീറ്റപ്പുലി

1947 നു ശേഷം ഇന്ത്യൻ കാടുകളിൽ ചീറ്റപ്പുലികളെ കണ്ടെത്തിയിട്ടില്ല. എന്നാൽ ഇന്ത്യൻ ചീറ്റകളെ ഏഷ്യൻ ചീറ്റകളുടെ കൂടെയാണ് ഉൾപ്പെടുത്താറുള്ളത്. ഏഷ്യൻ ചീറ്റകൾ ഇന്ന് ഇറാനിലും മറ്റുമായി 200 ൽ താഴെ ബാക്കിയുണ്ടെന്നാണ് കണക്ക്. ഏഷ്യൻ ചീറ്റകൾ വംശനാശത്തിന്റെ വക്കിലാണ്.

റഫറൻസ് : ബാലകൃഷ്ണൻ ചെറൂപ്പ, *അറ്റുപോവുന്ന കണ്ണികൾ*

***അഹാഡ്സ്*** **(AHADS)**

മനുഷ്യന്റെ ഇടപെടലുകൾ പ്രകൃതിയിൽ ഗുണകരമല്ലാത്ത മാറ്റങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് കുട്ടികൾ ധാരാളം മനസ്സിലാക്കിയിട്ടുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തുന്നതിനുവേണ്ടിയും ആകാം എന്ന് തിരിച്ചറിയാനാണ് അഹാഡ്സിനെക്കുറിച്ച് മനസ്സിലാക്കുന്നത്. അട്ടപ്പാടിയുടെ പരിസ്ഥിതി പുനഃസ്ഥാപിക്കുക എന്നതാണ് അഹാഡ്സിന്റെ ലക്ഷ്യം. ഈ പ്രൊജക്ടിന്റെ പ്രവർത്തനങ്ങൾ അട്ടപ്പാടിയുടെ പരിസ്ഥിതി പുനഃസ്ഥാപിക്കന്നതിൽ വിജയം കണ്ടുതുടങ്ങിയിട്ടുണ്ട്. അതിന്റെ ഒരു ഉദാഹരണമാണ് പുനർജനിച്ച കൊടുങ്ങരപ്പള്ളം നദി.

മണ്ണാർക്കാട് താലൂക്കിലെ അട്ടപ്പാടിയിൽ നിന്ന് ഉത്ഭവിച്ച് തമിഴ്നാട്ടിലേയ്ക്ക് ഒഴുകുന്ന കൊടുങ്ങരപ്പള്ളം എന്ന നദിക്ക് ഏകദേശം 25 കി.മീ നീളമുണ്ട്. പ്രധാനമായും മൂന്ന് പുഴകളാണ് അട്ടാപ്പാടി മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നത്. ഭവാനി, ശിരുവാണി, കൊടുങ്ങരപ്പള്ളം എന്നീ 3 നദികളും കൂടപ്പെട്ടി എന്ന സ്ഥലത്തുവെച്ച് കൂടി ചേർന്ന് ഭവാനി എന്ന പേരിൽ തമിഴ്നാട്ടിലേയ്ക്ക് ഒഴുകി കാവേരി നദിയിൽ ചേരുന്നു.

ഇതിൽ കൊടുങ്ങരപ്പള്ളം അപ്രത്യക്ഷമായത് എന്നാണെന്ന് ആർക്കുമറിയില്ല. 65 വയസ്സുള്ള ആദിവാസിയായ നരിയന്റെ ഓർമ്മകളിൽ "കൊടുങ്ങരപ്പള്ളത്തിൽ വേനൽക്കാലത്ത് മുട്ടിനൊപ്പം വെള്ളമുണ്ടായിരുന്നു". ഇരുകരകളും വൻമരങ്ങളാൽ നിറഞ്ഞുനിന്നിരുന്നു. എന്നാൽ ക്രമേണ ഇവിടം ഒരു മരുഭൂമിയായി രൂപാന്തരം പ്രാപിച്ചു. നദിയുടെ ഒഴുക്ക് പൂർണ്ണമായും നിലച്ചു.

കൊടുങ്ങരപ്പള്ളം പുഴയോടനുബന്ധിച്ചുള്ള 60 ച.കി.മീ പ്രദേശം അഹാഡ്സ് പരിചരിക്കുന്നുണ്ട്. മണ്ണ് - ജലസംരക്ഷണ നിർമ്മിതികൾ ആ പ്രദേശത്തെ കല്ലും, മണ്ണും ഉപയോഗിച്ചു തന്നെ ചെയ്യുന്നു. സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങി തൊട്ടടുത്തവർഷം തന്നെ തടയണകളിൽ 3 അടിയോളം വെള്ളം ഉയർന്നു. ക്രമേണ കൊടുങ്ങരപ്പള്ളം നദിയുടെ പുനർജനി സാധ്യമായി.

അഹാഡ്സുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ കുട്ടികൾക്ക് റഫറൻസിനായി നൽകണം. അഹാഡ്സിന്റെ പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നതിന് ഈ വിലാസത്തിൽ ബന്ധപ്പെടുക. പത്രാധിപർ, മണ്ണ്, അട്ടപ്പാടി ഹിൽസ് ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റി (AHADS), അഗളി. പി. ഒ, പാലക്കാട് ജില്ല - 678581.

## മലമുകളിലെ കൃഷിരീതികൾ

കേരളത്തെ ഭൂപരമായ പ്രത്യേകതകൾക്കനുസരിച്ച് മൂന്നായി തിരിക്കാമെന്ന് കുട്ടികൾക്കറിയാം. മലമ്പ്രദേശത്തെ മുഖ്യകൃഷികളെക്കുറിച്ച് ചെറിയ ക്ലാസ്സുകളിൽ മനസ്സിലാക്കിയിട്ടുണ്ട്.

"മലനാട്ടിൽ പൊതുവെ കാർഷികവിളകളെല്ലാം കൃഷി ചെയ്യാൻ കഴിയും. എന്നാൽ ഇടനാട്ടിലും തീരപ്രദേശത്തും മലനാട്ടിലെ പലവിളകളും കൃഷി ചെയ്യാൻ കഴിയുകയില്ല." എന്തുകൊണ്ടാവും ഇങ്ങനെ പറയുന്നത് എന്ന പ്രശ്നം കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കാം.

കാരണങ്ങൾ ടീച്ചർ ലിസ്റ്റ് ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കണം. കുട്ടികൾ നോട്ട് ബുക്കിൽ രേഖപ്പെടുത്തുകയും വേണം.

- ഉയർന്ന പ്രദേശങ്ങളിലെ പ്രത്യേക കാലാവസ്ഥ
- വനങ്ങളും സസ്യാവരണവും കൂടുതൽ ഉള്ളതുകൊണ്ടുള്ള ഫലഭൂയിഷ്ഠമായ മണ്ണ്
- കൂടിയ ജലലഭ്യത

### പ്രവർത്തനം- 20 വയനാട്ടിലെ വയലേലകൾ

വയനാട്ടിലെ ഒരു കൃഷിക്കാരനായ സുധാകരന്റെ കൃഷി സ്ഥലത്തെക്കുറിച്ചുള്ള വിവരണമാണ് നൽകിയിരിക്കുന്നത്. 60 വർഷത്തിനിടയ്ക്ക് കൃഷിയിലും കൃഷിയിടത്തിലും വന്ന മാറ്റങ്ങൾ ഇതിലൂടെ അവതരിപ്പിച്ചിട്ടുണ്ട്. ഈ ഭാഗം കുട്ടികളുടെ വ്യക്തിഗത വായനയ്ക്ക് നൽകണം. തുടർന്ന് താഴെപറയുന്ന ചോദ്യങ്ങളോട് കുട്ടികൾ പ്രതികരിക്കട്ടെ.

- എന്തുകൊണ്ടാവും സുധാകരൻ നെൽകൃഷിയിൽ നിന്നും പിൻമാറിയത്.
- തന്റെ പ്രദേശത്തെ വെള്ളം അങ്ങ് ദൂരെ ബംഗാൾ ഉൾക്കടലിൽ എത്തുമെന്ന് അറിഞ്ഞിട്ടും വാർത്തു കളയുന്നതെന്തുകൊണ്ട്?
- കാലാകാലങ്ങളിൽ കൃഷിയിൽ വരുത്തിയ മാറ്റം ശരിയായിരുന്നോ?

കുട്ടികളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസിൽ ചർച്ച നടത്തണം.

തുടർന്ന് കുട്ടികൾ തങ്ങളുടെ പ്രദേശത്തെ കൃഷിയിടത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയാൻ നിർദ്ദേശങ്ങൾ നൽകണം. അതിന്റെ അടിസ്ഥാനത്തിൽ സ്വന്തം പ്രദേശത്ത് കഴിഞ്ഞ 50 വർഷത്തിനിടയ്ക്ക് കൃഷിയിൽ വന്ന മാറ്റങ്ങളെക്കുറിച്ച് കുട്ടികൾ ഓരോ കുറിപ്പ് തയാറാക്കട്ടെ. കൃഷിക്കായി പശ്ചിമഘട്ടമലനിരകളിൽ വരുത്തിയ മാറ്റവും സ്വന്തം പ്രദേശത്ത് വരുത്തിയ മാറ്റവും താരതമ്യം ചെയ്യണം.

| കൃഷിക്കായി എന്റെ നാട്ടിൽ വരുത്തിയ മാറ്റങ്ങൾ | കൃഷിക്കായി പശ്ചിമഘട്ടത്തിൽ വരുത്തിയ മാറ്റങ്ങൾ |
|---|---|
| | |

### സെമിനാർ

"കഴിഞ്ഞ 50 വർഷത്തിനിടയ്ക്ക് സ്വന്തം പ്രദേശത്തെ കൃഷിയിൽ വന്നിട്ടുള്ള മാറ്റം ആ പ്രദേശത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചിട്ടുണ്ട്." എന്നതിനെക്കുറിച്ച് "അപ്രത്യക്ഷമായിക്കൊണ്ടി

രിക്കുന്ന കൃഷികളും ഭൂമിക്കുവരുത്തിയമാറ്റങ്ങളും" എന്ന വിഷയത്തിൽ കുട്ടികൾ ഒരു സെമിനാർ പേപ്പർ വ്യക്തിഗതമായി തയ്യാറാക്കട്ടെ.

പേപ്പർ തയ്യാറാക്കുന്നതിനു മുമ്പ് താഴെ പറയുന്ന പഠനാനുഭവങ്ങൾ കുട്ടികൾക്ക് കിട്ടി എന്നു ഉറപ്പുവരുത്തണം.

- പാഠപുസ്തകത്തിലെ വയനാട്ടിലെ വയലേലകൾ എന്ന ഭാഗം വായിച്ച് - ചർച്ച ചെയ്തിട്ടുണ്ട്.
- സ്വന്തം പ്രദേശത്തെ കൃഷിയിടങ്ങൾ സന്ദർശിച്ചിട്ടുണ്ട്.
- മുതിർന്നവരുമായി കഴിഞ്ഞ അമ്പതു വർഷത്തിനിടയ്ക്ക് കൃഷിയിടങ്ങൾക്ക് വന്ന മാറ്റങ്ങൾ അതിന്റെ ഗുണദോഷങ്ങൾ എന്നിവ അന്വേഷിച്ചറിഞ്ഞിട്ടുണ്ട്.

സെമിനാർ പേപ്പർ തയ്യാറാക്കുന്നതിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്.

- കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവിൽ വന്ന മാറ്റം
- ജലസേചനസൗകര്യം
- ഉല്പാദനത്തിലെ മാറ്റം
- വിളകളിലെ വൈവിധ്യം
- പ്രാദേശിക ജലലഭ്യത
- കൃഷി ഉപജീവനമാർഗമാക്കിയവരുടെ എണ്ണത്തിലെ മാറ്റം
- ഫലഭൂയിഷ്ഠത / വളപ്രയോഗം

**പ്രവർത്തനം- 22**

കേരളത്തിന്റെ ഭൂപടത്തിൽ പശ്ചിമഘട്ട മലനിരകൾ കാണിക്കുന്ന ഒരു മാതൃക നിർമ്മിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

കട്ടിയുള്ള പേപ്പറിൽ കേരളത്തിന്റെ ഭൂപടം വരച്ച് അതിൽ പശ്ചിമഘട്ടത്തിന്റെ ഭാഗം കളിമണ്ണോ പ്ലാസ്റ്റർ ഓഫ് പാരീസോ, പേപ്പർ പൾപ്പോ ഉപയോഗിച്ച് ഉയരം കൂട്ടി നിർമ്മിക്കണം.

**പ്രവർത്തനം- 23**

പശ്ചിമഘട്ട മലനിരകൾ ഇല്ലായിരുന്നെങ്കിൽ കേരളത്തിൽ ഇന്നു കാണുന്നതിൽ നിന്നും എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാവും. പാഠപുസ്തകത്തിലെ വിവരങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തുമല്ലോ.

•

# 2. ഇവിടെ ജീവിക്കുന്നവർ

പ്രശ്നമേഖല : **<u>പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണനയില്ലായ്മ</u>**

ഉപപ്രശ്നം :
- ആദിവാസി ജീവിതസമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തമാണെന്ന തിരിച്ചറിവില്ലായ്മ.

പഠനലക്ഷ്യങ്ങൾ :
- ആദിവാസി വിഭാഗത്തിന്റെ സാമൂഹ്യജീവിതത്തെ വിശകലനം ചെയ്യുന്നതിന്.
- ആദിവാസികളുടെ ജീവിത സാഹചര്യത്തേയും അവർ നേരിടുന്ന വിവിധ വെല്ലുവിളികളേയും കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന്.
- ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ജനവിഭാഗത്തെ പാർശ്വവൽക്കരണത്തിലേക്ക് നയിച്ച കാരണങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിന്.

## സിലബസ് ഗ്രിഡ്

### 2. ഇവിടെ ജീവിക്കുന്നവർ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ആദിവാസി സമൂഹം | • ആദിവാസികൾ ആരാണ്?<br>- ആദിവാസി ജീവിതരീതി<br>- ആദിവാസി ജീവിതത്തനിമ<br>- ആദിവാസി ജീവിതത്തനിമ നേരിടുന്ന വെല്ലുവിളികൾ | • പരമ്പരാഗത കൃഷി, ആചാരങ്ങൾ, കലാരൂപങ്ങൾ, വിവരണങ്ങൾ, ചിത്രങ്ങൾ, പരിസ്ഥിതി സൗഹൃദപരമായ ഗൃഹനിർമ്മാണ രീതികൾ | • ആദിവാസി ജീവിതത്തിന്റെ വിവരങ്ങൾ ശേഖരിച്ച് സാമൂഹ്യഘടനയെക്കുറിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു പാർശ്വവൽക്കരണത്തിന് ഇടയാക്കിയ കാരണങ്ങൾ കണ്ടെത്തുന്നു. കുറിപ്പ് തയാറാക്കുന്നു. | • ആദിവാസികളുടെ സാംസ്കാരിക നന്മകൾ നിലനിൽക്കേണ്ടതാണ്. | ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത ജീവിതത്തെ വിശകലനം ചെയ്ത് സാമൂഹ്യഘടനയെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താൻ കഴിയുന്നുണ്ടോ? |
| പാർശ്വവൽക്കരണം | • ഭൂമിയുടെ നഷ്ടപ്പെടൽ-ജീവിത പ്രതിസന്ധി. | • വായനാ സാമഗ്രികൾ അനുയോജ്യമായ ഉദ്ധരണികൾ. | • ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് വാർത്തകളിൽ നിന്നും ചിത്രങ്ങളിൽ നിന്നും കുറിപ്പുകൾ തയാറാക്കുന്നു.<br>സെമിനാറിൽ അവതരിപ്പിക്കുന്നു. | • സമൂഹത്തിന്റെ പൊതുനേട്ടങ്ങൾ ആദിവാസി സമൂഹത്തിനും അവകാശപ്പെട്ടതാണ്. | ഇന്നത്തെ അവരുടെ ജീവിത സാഹചര്യങ്ങളെ വിശകലനം ചെയ്ത് പാർശ്വവൽക്കരണത്തിലേക്കുനയിച്ച കാരണങ്ങൾ കണ്ടെത്താൻ കഴിയുന്നുണ്ടോ? |

**ആമുഖം**

ഭൂമിശാസ്ത്രപരവും ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ പാർശ്വവത്ക്കരണത്തിന് വിധേയമായ വിഭാഗമാണ് ആദിവാസികൾ. ഈ വിധത്തിൽ പുറംതള്ളപ്പെട്ട ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് സമൂഹത്തിന്റെ പൊതുകടമയാണ്. ആദിവാസി സമൂഹത്തിന്റെ പൊതുവായ ചില പ്രത്യേകതകളാണ് ഇവിടെ പ്രതിപാദിക്കുന്നത്. പാർശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള പരിഗണനയില്ലായ്മ എന്ന പ്രശ്നമേഖലയിലാണ് ഈ പാഠം ചർച്ച ചെയ്യപ്പെടുന്നത്. ആദിവാസി സമൂഹത്തിന്റെ കാർഷികരീതികൾ, ഗൃഹനിർമ്മാണ സവിശേഷതകൾ, കലാരൂപങ്ങൾ കുടുംബ-സമൂഹകൂട്ടായ്മകൾ, ഭാഷ തുടങ്ങിയവയിലൂടെ ആദിവാസി സമൂഹത്തിന്റെ സാമൂഹ്യഘടനയെയും, ജീവിതരീതിയെയുംകുറിച്ച് വിശകലനം ചെയ്ത് ചില നിഗമനങ്ങൾ രൂപപ്പെടുത്താൻ ഇവിടെ ഉദ്ദേശിക്കുന്നു. എന്നാൽ ആദിവാസികളെകുറിച്ച് ആഴത്തിലുള്ള ഒരു പഠനം ഇവിടെ ലക്ഷ്യംവെക്കുന്നില്ല. പ്രാദേശികവും പരമ്പരാഗതവുമായ അവരുടെ ചില നാട്ടറിവുകളും ജ്ഞാനരൂപങ്ങളും പരിചയപ്പെടുന്നതിനും പ്രസക്തമായവ പരിരക്ഷിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള മനോഭാവമാണ് ഇവിടെ ഉണ്ടാവേണ്ടത്. ആദിവാസി സമൂഹം നേരിടുന്ന വർത്തമാനകാല ജീവിത സാഹചര്യത്തേയും വെല്ലുവിളികളേയുംകുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനും കുട്ടികൾ തങ്ങളുടേതായ ബദലുകൾ നിർദ്ദേശിക്കുന്നതിനുമാണ് ശ്രമിക്കേണ്ടത്. ആദിവാസി സമൂഹത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിക്കൊണ്ടു തന്നെ ആ വിഭാഗത്തെ പൊതു സമൂഹത്തോടൊപ്പം ഉയർത്തേണ്ടതാണെന്ന മനോഭാവമാണ് കുട്ടിയിലുണ്ടാക്കേണ്ടത്. സമൂഹത്തിന്റെ പൊതുവായ നേട്ടങ്ങൾ ആദിവാസി വിഭാഗത്തിനും അവകാശപ്പെട്ടതാണ് എന്ന ധാരണ വളർത്തിയെടുക്കണം. അവരുടെ ജീവിതഘടനയെ നിലനിർത്താൻ കഴിയാത്തവിധം നടന്ന ചില കടന്നുകയറ്റങ്ങൾ ആ വിഭാഗത്തിന്റെ പാർശ്വവൽക്കരണത്തിന് ഇടവരുത്തിയിട്ടുണ്ടെന്നും, ഇതിനെ വിമർശനാത്മകമായി വിലയിരുത്താനുമുള്ള ചെറിയ അവസരങ്ങളാണ് കുട്ടിക്ക് ലഭിക്കേണ്ടത്.

**പ്രവർത്തനം- 1 ഇരുളരുടെ ഊര്**

കേരളത്തിൽ മൂന്നുകോടിയലധികം ജനങ്ങൾ അധിവസിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് ഒറ്റപ്പെട്ട് താമസിക്കുന്നുവരുണ്ടോ? വനമേഖലയിൽ താമസിക്കുന്ന വിഭാഗക്കാർ ഏത് പേരിലാണറിയപ്പെടുന്നത്? തുടങ്ങിയ ചോദ്യങ്ങളിലൂടെ പാഠഭാഗത്തേക്ക് കടക്കാം. തുടർന്നു 'ഇരുളരുടെ ഊര്' എന്ന ഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു. പാഠഭാഗവുമായ ബന്ധപ്പെട്ട ചർച്ച നടത്തുന്നു. ചർച്ചയ്ക്ക് ശേഷം വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കി ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു.

- ആരാണ് ആദിവാസികൾ?
- എന്തുകൊണ്ടാണ് ചില വിഭാഗക്കാരെ ആദിവാസികൾ എന്നു വിളിക്കപ്പെടുന്നത്?
- ആദിവാസികൾ കൂടുതലായി താമസിക്കുന്നതെവിടെയാണ്?
- 

തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി അധ്യാപിക കുറിപ്പ് ക്രോഡീകരിക്കണം.

**പ്രവർത്തനം- 2 കൃഷി**

നമ്മുടെ നാട്ടിലെ ഇന്നത്തെ കൃഷിയെകുറിച്ച് ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെടുത്തി ചില ചോദ്യങ്ങൾ ഉന്നയിക്കാം. കാർഷിക വിളകൾ, രാസവളപ്രയോഗം,

ഷിഭൂമി തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്താം. തുടർന്ന് കുട്ടികൾ "കൃഷി" എന്ന പാഠഭാഗം വായിക്കുന്നു. പൊതു സമൂഹത്തിലുള്ള കൃഷിയുമായി താരതമ്യം ചെയ്യുന്നു.

| പൊതുസമൂഹത്തിലെ കൃഷിരീതി | ആദിവാസി സമൂഹത്തിൽ നിലനിന്നിരുന്ന കൃഷിരീതി |
|---|---|
| ഒരു നിശ്ചിത ഭൂമിയിൽ | |
| രാസകീടനാശിനി | |
| രാസവളം | |
| വ്യക്തിഗത ഉല്പാദനം | |
| പുതിയ ഇനം വിളകൾ | |

ഈ പട്ടിക പൂർത്തിയാക്കി ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കാൻ വ്യക്തിപരായി ആവശ്യപ്പെടാം.

**സംവാദം**

- ആദിവാസി കൃഷിരീതിയാണോ, പൊതുസമൂഹത്തിലെ കൃഷിരീതിയാണോ കൂടുതൽ പ്രകൃതി സൗഹൃദപരം.
- താരതമ്യക്കുറിപ്പിനെ വിശകലനം ചെയ്തുകൊണ്ട് പ്രകൃതി സൗഹൃദപരമായ കൃഷി രീതിയാണ് അവർ തുടർന്നിരുന്നത് എന്ന് ക്രോഡീകരിക്കണം.
- ആദിവാസി കൃഷി രീതിയിൽ അവലംബിക്കുന്ന ഏതെല്ലാം സമ്പ്രദായങ്ങൾ ഇന്നും നമുക്ക് തുടരാൻ കഴിയും? ഏതിലെല്ലാം കാലികമായി മാറ്റങ്ങൾ വരുത്തേണ്ടിവരും? എന്നിവ ക്ലാസിൽ പൊതു ചർച്ചയ്ക്ക് വിധേയമാക്കണം. ഓരോരുത്തർക്കും തന്റേതായ നിലപാടെടുക്കാൻ വേണ്ടിയാണ് ഇത്തരം ഒരു അവസരം ഒരുക്കേണ്ടത്.

**പുനംകൃഷി**

കാർഷികവൃത്തിയുടെ ഏറ്റവും പഴയരൂപമായ പുനംകൃഷി ആദിവാസികളുടെ തനിമയുള്ള കൃഷി സമ്പ്രദായമാണ്. കാടിനുള്ളിൽ ഒരു സ്ഥലത്ത് സ്ഥിരമായി കൃഷി ചെയ്യാതെ മാറി മാറി കൃഷി ചെയ്യുന്ന രീതിയാണിത്. ഒരിക്കൽ കൃഷിയിറക്കിയ സ്ഥലം ഉപേക്ഷിക്കുകയും മറ്റു സ്ഥലങ്ങൾ കൃഷി ചെയ്യാൻ കണ്ടെത്തുകയും ചെയ്യുന്നു. ആദ്യം കൃഷി ചെയ്ത സ്ഥലത്തേക്ക് പിന്നീട് വർഷങ്ങൾ കഴിഞ്ഞായിരിക്കും തിരിച്ചു വരിക.

അപ്പോഴേക്കും അവിടെ കാട് തഴച്ചു വളർന്നിരിക്കും. പരിസ്ഥിതിയ്ക്ക് ദോഷം വരാത്ത കൃഷി രീതിയാണിത്. മണ്ണിൽ അടങ്ങിയിട്ടുള്ള സ്വാഭാവിക വളങ്ങളും മരം കരിച്ചുണ്ടാക്കുന്ന വെണ്ണീറുമല്ലാതെ മറ്റു വളപ്രയോഗങ്ങളില്ല. പ്രദേശത്തിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ രീതിയിലാണ് പുനംകൃഷി ചെയ്യുന്നത്.

ഇത്തരത്തിൽ സസ്യങ്ങൾക്കോ, ജന്തുക്കൾക്കോ ദോഷകരമല്ലാതെ ചെയ്തിരുന്ന കൃഷിഭൂമി അവർക്ക് നഷ്ടപ്പെടാനിടയായ സാഹചര്യമെന്താണ്? സ്വന്തം പേരിൽ ഭൂമിയില്ലാതിരുന്ന ആദിവാസികളുടെ ജീവിതത്തിൽ ഇത് എന്ത് പ്രതിസന്ധിയാണ് ഉണ്ടാക്കിയിരിക്കുക? ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പാക്കണം.

ആദിവാസി വിഭാഗങ്ങൾ എന്തുകൊണ്ടാണ് കൃഷിയിടങ്ങൾ ഇടയ്ക്കിടെ മാറ്റിക്കൊണ്ടിരുന്നത്?

- മാറ്റാൻ സ്വതന്ത്ര്യമുള്ള വിധത്തിൽ ധാരാളം ഭൂമി ലഭ്യമായിരുന്നു.
- ഒരേ സ്ഥലത്ത് കൃഷി ചെയ്താൽ വേണ്ടത്ര വിളവ് ലഭിക്കുമായിരുന്നില്ല.
- കാടിന്റെ തനിമ നഷ്ടപ്പെടാത്ത രീതിയായിരുന്നു ഇത്.

ഇത്തരം പ്രതികരണങ്ങൾ കുട്ടിയിൽ നിന്ന് വരത്തക്ക വിധത്തിൽ ഒരു ചർച്ച ക്ലാസ്സിൽ സംഘടിപ്പിക്കണം. ഇത്തരത്തിലുള്ള കൃഷി രീതി ഇന്ന് നാം അവലംബിക്കാതിരിക്കാനുള്ള കാരണങ്ങളും കടന്നുവരുമല്ലോ.

- ഭക്ഷ്യപ്രതിസന്ധി
- തൊഴിൽ നഷ്ടപ്പെടൽ
- ജീവിത പ്രതിസന്ധി
- മറ്റു മേഖലയിലേക്ക് കുടിയേറൽ
- ചൂഷണത്തിന് കൂടുതൽ വിധേയപ്പെടൽ

തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് ക്രോഡീകരിക്കണം.

**പ്രവർത്തനം- 3 കാടിനു ചേർന്ന വീട്**

പൊതുസമൂഹത്തിലെ വീടു നിർമ്മാണ രീതിയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കുന്നു. പണച്ചെലവ്, ഉപയോഗിക്കുന്ന വസ്തുക്കൾ, പരിസ്ഥിതി സൗഹൃദപരം, ആർഭാടം, കാലാവസ്ഥയ്ക്കനുസൃതം തുടങ്ങിയ കാര്യങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്താവുന്നതാണ്. ചർച്ചയ്ക്ക് ശേഷം കാടിനു ചേർന്ന വീട് എന്ന ഭാഗം കുട്ടികൾ വ്യക്തിപരമായി വായിക്കുന്നു. ആധുനിക വീടു നിർമ്മാണവുമായി താരതമ്യം ചെയ്ത് വ്യക്തിഗതമായി കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തി ഒന്നോ രണ്ടോ കുട്ടികൾ പൊതുവായി അവതരിപ്പിക്കുന്നു. ഗ്രൂപ്പിൽ ക്രോഡീകരിക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കണം.

- ലാളിത്യം
- പരിസ്ഥിതി സൗഹൃദം
- ചെലവ്
- കാലാവസ്ഥയ്ക്കനുസൃതം
- നിർമാണ വസ്തുക്കൾ
- സാങ്കേതിക വിദ്യ.

പത്രാസിത്തിരി കാട്ടാനായി
കോൺക്രീറ്റൊത്തിരി വാരിപ്പൊത്തി
പല ലക്ഷങ്ങൾ വാരിവിതച്ച്
ചുട്ടുപുകയ്ക്കും വാസം വേണോ?

തുടർന്ന് ആർഭാടരഹിതമായ വീട് എന്ന ആശയം വരുന്ന മുദ്രാവാക്യ രചന ഗ്രൂപ്പുകളിൽ ആവശ്യപ്പെടാം.

*വിവാഹരീതി*

പരമ്പരാഗത വിവാഹരീതികളിലെ വൈചിത്ര്യവും, വൈവിധ്യവും പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ലഭ്യമാണ്. രവീന്ദ്രൻ രചിച്ച 'അകലങ്ങളിലെ മനുഷ്യർ' അവയിലൊന്നാണ്. കുട്ടികൾ സ്വയം ശേഖരിച്ചതോ, അധ്യാപികയുടെ സഹായത്തോടെ തയാറാക്കിയതോ ആയ കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കട്ടെ.

**പ്രവർത്തനം- 4 ഒന്നായ് ചേർന്നൊരു പേര്**

ആദിവാസികൾ നിത്യജീവിതത്തിൽ പുലർത്തിപ്പോന്ന സാമൂഹ്യബോധവും കൂട്ടായ്മയും പരിചയപ്പെടലാണ് ഈ ഭാഗം കൊണ്ടുദ്ദേശിക്കുന്നത്. പൊതുസമൂഹത്തിലെ വിവാഹം, പേരിടൽ തുടങ്ങിയ ചടങ്ങുകൾ ക്ലാസ്സിൽ പൊതുവായി ചർച്ച ചെയ്യുന്നു. പാഠഭാഗം കുട്ടികൾ വായിച്ചതിനുശേഷം പ്രാദേശികമായ കൂട്ടായ്മകൾ ചർച്ച ചെയ്യാം. പുരകെട്ടി മേയൽ, കൃഷിയിടം ഒരുക്കൽ വിവാഹച്ചടങ്ങുകൾ തുടങ്ങി പണ്ട് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന കൂട്ടായ്മകളെക്കുറിച്ച് പറയാം. ഉദാഹരണമായി പഴയകാല വിവാഹച്ചടങ്ങുകളിൽ നിലനിന്നിരുന്ന ചില കൂട്ടായ്മകൾ പരിശോധിക്കാം. പണ്ടു കാലത്ത് പ്രാദേശിക വിഭവങ്ങൾ ശേഖരിച്ച് അയൽക്കാർ കൂടിചേർന്നാണ് വിവാഹപ്പന്തൽ ഒരുക്കിയിരുന്നത്. വിവാഹപ്പന്തൽ അലങ്കരിച്ചിരുന്നതും ഇങ്ങനെ തന്നെ. ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങൾ ശേഖരിച്ചിരുന്നതും പാകം ചെയ്ത് വിളമ്പിയിരുന്നതും അയൽവാസികൾ തന്നെ. ഈ കൂട്ടായ്മ ചെലവ് കുറക്കൽ മാത്രമല്ല സാമൂഹ്യബന്ധങ്ങളെ നിലനിർത്തുന്ന പരസ്പര സഹായത്തിന്റെ പ്രാധാന്യം വിളിച്ചറിയിക്കുന്നതുമായിരുന്നു. ഇത്തരം കൂട്ടായ്മയുടെ ധാരാളം തെളിവുകൾ പ്രാദേശികമായി അന്വേഷിച്ച് കണ്ടെത്താവുന്നതാണ്. പരമ്പരാഗതമായി ഉണ്ടായിരുന്ന കൂട്ടായ്മകളുടെ നല്ല വശങ്ങളെ നിലനിർത്താൻ എന്തെല്ലാം നിർദ്ദേശങ്ങൾ കണ്ടെത്താനാവും.

**പ്രവർത്തനം- 5 ആദിവാസി കലകൾ**

കുട്ടികൾ അവരുടെ പ്രദേശത്തുള്ള കലാരൂപങ്ങൾ ലിസ്റ്റ് ചെയ്യട്ടെ. ഓരോന്നിന്റെയും പ്രത്യേകതകൾ എഴുതുന്നു. ഇത്തരത്തിലുള്ള കലാരൂപങ്ങളാണോ ആദിവാസി മേഖലയിലുള്ളത്? കലകളും ജീവിതക്രമവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇത്തരം ചോദ്യങ്ങൾ ഉന്നയിച്ചശേഷം കലകളും സംസ്കാരവും തമ്മിലുള്ള ബന്ധം എന്ന കുറിപ്പ് ഗ്രൂപ്പടിസ്ഥാനത്തിൽ തയ്യാറാക്കട്ടെ.

***തെയ്യം***

തുലാം മുതൽ എടവം വരെയുള്ള കാലയളവിലാണ് തെയ്യം അരങ്ങേറുന്നത്. കൊയ്ത്ത് കഴിഞ്ഞ് സമൃദ്ധി നിലനിൽക്കുന്ന സമയമാണിത്. കാവുകളിലും ഭാഗവതികോട്ടങ്ങളിലും വയലുകളിലുമായാണ് തെയ്യം കെട്ടിയാടപ്പെടുന്നത്. തെയ്യത്തിന്റെ വേഷത്തിലും ചില പ്രത്യേകതകൾ ഉണ്ട്. മുഖത്തെഴുത്ത് ഇതിൽ പ്രധാനമാണ്. പ്രകൃതിദത്തമായ ചായങ്ങൾ ഉപയോഗിച്ചാണ് മുഖത്തെഴുത്ത് നടത്തുന്നത്. കുരുത്തോലകൊണ്ടലങ്കരിച്ചതും അല്ലാത്തതുമായ മുടി, കുരുത്തോല കൊണ്ടും ചുവന്ന പട്ടുകൊണ്ടുമുള്ള ആടകൾ, മരംകൊണ്ടും ലോഹം കൊണ്ടുമുള്ള ആഭരണങ്ങൾ, ഓലക്കാത്, ദംഷ്ട്രം, ചിലങ്ക തുടങ്ങിയവ തെയ്യത്തിന്റെ വേഷഭൂഷാതികളാണ്. ചെണ്ട, ബീക്ക്, ചീനിക്കുഴൽ, ചെറിയ ഇലത്താളം തുടങ്ങിയവ തെയ്യത്തിന്റെ വാദ്യങ്ങളാണ്. തോറ്റം പാട്ടിലൂടെയാണ് തെയ്യം ജനങ്ങളുമായി സംവദിക്കുന്നത്. തോറ്റം പാട്ട് തെയ്യത്തിന്റെ സാഹിത്യരൂപമാണെന്ന് പറയാം. മലയാളവും സംസ്കൃതവും കലർന്ന ഭാഷയിലൂടെയും പ്രാദേശിക ഭാഷയിലൂടെയും ആണ് തോറ്റം പാട്ടവതരണം. കഴിഞ്ഞകാല സംസ്കാരത്തിന്റെ ചരിത്രവും സ്മരണകളുമാണ് തോറ്റം പാട്ടിലൂടെ അവതരിപ്പിക്കുന്നത്. ഇതുപോലെ

- കാലം
- വേഷം
- കൃഷി
- ജനങ്ങളുമായി സംവദിക്കുന്ന രീതി
- 

തുടങ്ങിയ കാര്യങ്ങൾ കുറിപ്പിൽ വരാൻ ശ്രദ്ധിക്കണം.

### സെമിനാർ

കേരള സംസ്കാരത്തിന് ആദിവാസികൾ നൽകിയ സംഭാവനകൾ എന്ന വിഷയത്തെ ആധാരമാക്കി ഒരു സെമിനാർ സംഘടിപ്പിക്കണം. ക്ലാസ്സിലെ കുട്ടികളെ നാലു ഗ്രൂപ്പുകളായി തിരിച്ച്, കലാരൂപങ്ങൾ, കൃഷിരീതി ഗൃഹനിർമ്മാണരീതി, ആചാരാനുഷ്ഠാനങ്ങൾ എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് കുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കണം. തുടർന്ന് ഗ്രൂപ്പുകൾ ആദിവാസിജീവിതം വിവിധ മുഖങ്ങൾ എന്ന ചുമർപത്രിക ഉണ്ടാക്കട്ടെ.

### പ്രവർത്തനം- 6 ഭൂമി നഷ്ടമാവുന്ന കാടിന്റെ മക്കൾ

സ്വന്തം കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ടാൽ നിങ്ങൾക്കുണ്ടാകാവുന്ന ദുരിതങ്ങൾ/പ്രശ്നങ്ങൾ എന്തെല്ലാം? ഈ ചോദ്യം അധ്യാപിക ബ്ലാക്ക് ബോർഡിൽ എഴുതുന്നു. ഇതിനോടുള്ള പ്രതികരണം കുട്ടികൾ വ്യക്തിഗതമായി എഴുതട്ടെ. രണ്ടോ മൂന്നോ കുട്ടികൾ അവതരിപ്പിക്കുന്നു. വിദ്യാഭ്യാസപ്രശ്നം, ആരോഗ്യപ്രശ്നങ്ങൾ, സുരക്ഷിതത്വമില്ലായ്മ, അഭിമാനത്തിന് ക്ഷതമുണ്ടാകൽ, തൊഴിൽ പ്രതിസന്ധി, കുടുംബബന്ധങ്ങളിൽ വരുന്ന മാറ്റങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി അവ ക്രോഡീകരിക്കണം.

ഇത് സങ്കൽപ്പിച്ചെഴുതിയതാണെങ്കിൽ യഥാർത്ഥത്തിൽ ഇങ്ങനെ സംഭവിച്ച ഒരു വിഭാഗക്കാരുടെ അനുഭവം വായിക്കാൻ കുട്ടിയോടാവശ്യപ്പെടണം. 'ഭൂമി നഷ്ടമാകുന്ന കാടിന്റെ മക്കൾ', 'നിയമസഭാ ഉപസമിതിയുടെ കണ്ടെത്തൽ' എന്നീ ഭാഗങ്ങൾ കുട്ടികൾ വ്യക്തിപരമായി വായിക്കുന്നു. കുട്ടികളുടെ കണ്ടെത്തലുകൾ ഒരു കുറിപ്പായി എഴുതട്ടെ.

- ഭൂമി തുച്ഛമായ വിലയ്ക്ക് തട്ടിയെടുത്തു
- നിരക്ഷരത ചൂഷണം ചെയ്തു
- അവരുടെ സാമൂഹ്യപിന്നാക്കാവസ്ഥയെ മുതലാക്കി
- കയ്യേറ്റത്തിലൂടെ ഭൂമി കൈക്കലാക്കി
- 

തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് ക്രോഡീകരിക്കണം.

പാഠപുസ്തകത്തിലെ പത്രവാർത്തയ്ക്കൊപ്പം ഇത്തരത്തിലുള്ള മറ്റു ചില പത്രവാർത്തകൾ അധ്യാപിക നിശ്ചിത ഗ്രൂപ്പുകളിൽ കൊടുക്കുന്നു. തുടർന്ന് ഗ്രൂപ്പിൽ "ആദിവാസി ജീവിതം അന്നും ഇന്നും" ഒരു കുറിപ്പ് തയാറാക്കി പൊതുവായി അവതരിപ്പിക്കണം.

പശ്ചിമഘട്ടത്തിലൂടെ എന്ന പാഠത്തിൽ മലയോരമേഖലയിൽ നടന്ന കയ്യേറ്റങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ടല്ലോ? ഭൂമിയുടെ കയ്യേറ്റം സ്ഥിരതാമസക്കാരായ ആദിവാസി വിഭാഗങ്ങളെ എങ്ങിനെയെല്ലാം ബാധിച്ചിരിക്കും എന്ന പ്രവർത്തനം ഇവിടെ കൊടുക്കാവുന്നതാണ്.

- ആവാസവ്യവസ്ഥ നഷ്ടപ്പെടൽ
- കൃഷിസ്ഥലം ഇല്ലാതെയാകൽ
- തൊഴിൽ നഷ്ടപ്പെടൽ
- 

തുടങ്ങിയ കാര്യങ്ങൾ ക്രോഡീകരണത്തിൽ വരണം.

**ആദിവാസി വിഭാഗങ്ങളിൽ ചിലർ**

| | | |
|---|---|---|
| • ഇരുളർ | • കാടർ | • കുറിച്യർ |
| • അടിയർ | • കുറുമർ | • മലയരയൻ |
| • മലക്കാരൻ | • മുഡുഗർ | • എരവള്ളാർ |
| • കാണിക്കാർ | • കരിംപാലൻ | • കൊച്ചുവേലൻ |
| • കണ്ടുവടിയർ | • മലമലസർ | • മലവേടൻ |
| • മലയടിയർ | • മാവിലാൻ | • വിഴവൻ |
| • ഊരാളിക്കുറമർ | • ആളാർ | • അരണാടർ |
| • ചിങ്ങത്താർ | • മുതുവാൻ | • നായാടി |
| • പണിയർ | • പതിയൻ | • ഉരിഡവർ |
| • കനലാടി | • കരവഴി | • കാട്ടുനായ്ക്കർ |
| • കൊറഗർ | • മലകുറവൻ | • മലപ്പണ്ടാരം |
| • മലപണിക്കാർ | • മലസർ | • മലവേട്ടുവൻ |
| • മലയൻ | • ഉള്ളാടർ | • തച്ചനാടൻ മൂപ്പൻ |

(റഫറൻസിനു മാത്രം)

***റഫറൻസ് പുസ്തകങ്ങൾ***

1. **കേരളത്തിലെ ആഫ്രിക്ക**
   കെ. പാനൂർ, നാഷണൽ ബുക്ക് സ്റ്റാൾ
2. **കേരളത്തിലെ അമേരിക്ക**
   കെ. പാനൂർ, നാഷണൽ ബുക്ക് സ്റ്റാൾ
3. **കുറിച്യരുടെ ലോകം**
   ടി. ചാക്കോ, കണ്ണോട്ടുമോടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
4. **മലയിലെ മാവിലമാർ**
   ആർ.സി. കരിപ്പത്ത്, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
5. **കേരളത്തിലെ ആദിവാസികൾ വനവാസികൾ**
   സി.കെ. കരുണാകരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
6. **കാണിക്കാർ**
   സി.കെ. കരുണാകരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
7. **ഇടുക്കി - മണ്ണും മനുഷ്യനും**
   കെ. ടി. രാജീവ്, കേരള സാഹിത്യ അക്കാദമി
8. **കേരളത്തിലെ ആദിവാസി കലാപാരമ്പര്യം**
   സിസ്റ്റർ സിസിലിയ തോമസ്, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്
9. **കേരളത്തിലെ ആദിവാസി ജീവിതവും സംസ്കാരവും**
   സിസ്റ്റർ സിസിലിയ തോമസ്, കേരള സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്

# 3. ഭക്ഷ്യസുരക്ഷ

| | | |
|---|---|---|
| പ്രശ്നമേഖല | : | **കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ** |
| ഉപപ്രശ്നം | : | • ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള തിരിച്ചറിവിന്റെ അഭാവം. |
| പഠനലക്ഷ്യങ്ങൾ | : | • ഭക്ഷ്യസുരക്ഷയും ഭക്ഷ്യസ്വയം പര്യാപ്തതയും തിരിച്ചറിയുന്നു.<br>• ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ ഉല്പാദനം, സംഭരണം, വിതരണം എന്നിവയ്ക്കുള്ള പങ്ക് തിരിച്ചറിയുന്നു.<br>• പൊതുവിതരണ സമ്പ്രദായത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന്.<br>• ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്ക് തനിക്കും തന്റേതായ പങ്കു വഹിക്കാനുണ്ടെന്ന് തിരിച്ചറിയുന്നു. |

## സിലബസ് ഗ്രിഡ്

### 3. ഭക്ഷ്യസുരക്ഷ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഭക്ഷ്യസുരക്ഷ | • ഒരു പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തലാണ് ഭക്ഷ്യസുരക്ഷ.<br>• ഒരു രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ആ രാജ്യത്ത് തന്നെ ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അവസ്ഥയാണ് ഭക്ഷ്യസ്വയം പര്യാപ്തത.<br>• ഒരു രാജ്യം ഭക്ഷ്യസ്വയംപര്യാപ്തത കൈവരിച്ചാലും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാവണമെന്നില്ല.<br>• ഇന്ത്യയിൽ ഭക്ഷ്യസ്വയംപര്യാപ്തയുള്ള സംസ്ഥാനങ്ങളും അല്ലാത്ത സംസ്ഥാനങ്ങളും ഉണ്ട്.<br>• ഭക്ഷ്യവസ്തുക്കളുടെ നീതിപൂർവ്വമായ വിതരണം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനാവശ്യമാണ്.<br>• പൊതുവിതരണ സമ്പ്രദായത്തിലൂടെയാണ് രാജ്യം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ ശ്രമിക്കുന്നത്.<br>• പൊതുവിതരണ സമ്പ്രദായം - വിവിധ മാർഗങ്ങൾ. | • വായനാസാമഗ്രികൾ<br>• വേൾഡ് ഡെവലപ്മെന്റ് റിപ്പോർട്ട്<br>• ഭക്ഷ്യസുരക്ഷ-ഇന്ത്യൻ കാഴ്ചപ്പാട്.<br>• ഭക്ഷ്യസുരക്ഷാ പദ്ധതികൾ.<br>• യു.എൻ.പ്രഖ്യാപനം.<br>• പി.ആർ.ഡി<br>• ഗവണ്മെന്റ് ബുക്ക്ലെറ്റുകൾ.<br>• പത്രക്കട്ടിംഗുകൾ, ഗവ.പ്രസിദ്ധീകരണങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾ, എഫ്. സി. ഐ വെയർഹൗസിംഗ് കോർപ്പറേഷനെക്കുറിച്ച് വിവരങ്ങൾ. | • വിവിധ വായനാസാമഗ്രികൾ ഉപയോഗപ്പെടുത്തി ചർച്ചകളിലൂടെ ഭക്ഷ്യസുരക്ഷ എന്ന ആശയം രൂപീകരിക്കുന്നു.<br>• സ്ഥിതിവിവരക്കണക്കുകൾ, താരതമ്യം ചെയ്തും വിവിധ വായനാസാമഗ്രികൾ പരിശോധിച്ചും ഇന്ത്യയിലെ ഭക്ഷ്യ സ്വയംപര്യാപ്തത എന്നിവ താരതമ്യം ചെയ്യുന്നു.<br>• കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകൾ പൊതുവിതരണ രംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ, വിവിധ വായനാസാമഗ്രികൾ ഉപയോഗപ്പെടുത്തി കണ്ടെത്തുന്നു.<br>• പൊതുവിതരണകേന്ദ്രം സന്ദർശനം, അഭിമുഖം എന്നിവയിലൂടെ തന്റെ പ്രദേശത്തെ പൊതുവിതരണ സമ്പ്രദായം മനസിലാക്കുന്നു.<br>• മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാരുകൾക്ക് ബാധ്യതയുണ്ട് (യു.എൻ. പ്രഖ്യാപനം) ഉപയോഗപ്പെടുത്തി പൊതുവിതരണ തത്വങ്ങളെപ്പറ്റി ധാരണ രൂപപ്പെടുത്തുന്നു. | ഭക്ഷ്യസുരക്ഷ നിലനിർത്തുന്ന തരത്തിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>• കേരളത്തിലെ പൊതുവിതരണം സമ്പ്രദായത്തെ പ്രകീർത്തിക്കുന്നു. (Appreciation) | |

## സിലബസ് ഗ്രിഡ്

### 3. ഭക്ഷ്യസുരക്ഷ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| | • ഭക്ഷ്യസുരക്ഷ ഉല്പാദനം, സംഭരണം, വിതരണം എന്നിവയെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്.<br>• ഭക്ഷ്യ സ്വയംപര്യാപ്തത നിലനിർത്തുന്നതിന് എനിക്കും പങ്കുവഹിക്കാനുണ്ട്. | • ഭക്ഷ്യസുരക്ഷാ കാമ്പയിൻ മെറ്റീരിയൽസ്, പത്രവാർത്തകൾ | • ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ, സംഭരണത്തിന്റെ മാർഗങ്ങൾ, ആവശ്യകതകൾ എന്നിവയെ സംബന്ധിച്ച കുറിപ്പുകൾ വായിച്ച് ചർച്ചചെയ്ത് നിഗമനങ്ങളിലെത്തുന്നു.<br>• ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളിൽ സ്വന്തമായും കൂട്ടായും ഏർപ്പെടുന്നു. ഇതിനെതിരായി നടക്കുന്ന പ്രവർത്തനങ്ങൾ വിവിധ മാർഗങ്ങൾ എന്നിവ കണ്ടെത്തി നിലപാട് സ്വീകരിക്കുന്നു.<br>• ഭക്ഷണം പാഴാക്കാതിരിക്കാനുള്ള ശ്രമം സ്കൂൾതലത്തിലും വീട്ടിലും ആരംഭിക്കുന്നു.<br>• ഭക്ഷണം പാഴാക്കുന്നതിനെതിരെയുള്ള പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു.<br>• 'കേരളത്തിന്റെ ഭക്ഷ്യസുരക്ഷ-സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർപേപ്പർ തയ്യാറാക്കുന്നു. | ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കുവാനുള്ള മനോഭാവം രൂപപ്പെടുന്നു. | |

ഭക്ഷ്യസുരക്ഷ വ്യാപകമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഒരു പ്രദേശത്തെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭിക്കുന്നു എന്നുറപ്പുവരുത്തലാണ് ഭക്ഷ്യസുരക്ഷ. ഒരു രാജ്യത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ അവിടെത്തന്നെ ഉല്പാദിപ്പിക്കാനുള്ള തീവ്രശ്രമങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം, അത് എല്ലാവിഭാഗക്കാരിലേക്കും നീതിപൂർവ്വമായി വിതരണം ചെയ്യുന്നതിന്റെ ആവശ്യകതയിലേക്ക് കൂടി ഈ അധ്യായം വിരൽ ചൂണ്ടുന്നു. ഭക്ഷ്യ സ്വയംപര്യാപ്തതയും ഭക്ഷ്യസുരക്ഷയും വിവേചിച്ചറിയുകയും, ഭക്ഷ്യസുരക്ഷ എന്ന ആശയത്തിന്റെ വൈപുല്യം ബോധ്യപ്പെടുകയും ചെയ്യുകയാണ് ഈ അധ്യായത്തിന്റെ മുഖ്യലക്ഷ്യം. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ ഉല്പാദനം, സംഭരണം, വിതരണം എന്നീ ഘടകങ്ങൾ എങ്ങനെ സ്വാധീനിക്കുന്നുവെന്നും വിശദമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

ഒരു രാജ്യത്തിലെ ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം ആ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യവസ്തുക്കൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള ശ്രമമാണ്. ഇതിന് ഊന്നൽ കൊടുത്തുകൊണ്ടാണ് കാർഷിക രംഗത്തെ നടപടികൾ ശക്തിപ്പെടുത്തുക. എന്നാൽ ആ രാജ്യത്തെ എല്ലാ പ്രദേശങ്ങളിലും അതാതിടങ്ങളിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാൻ കഴിയണമെന്നില്ല. മണ്ണിന്റെ ഘടന, ജലലഭ്യത, കാലാവസ്ഥ തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന് അനുകൂലമാകേണ്ടതുണ്ട്. എന്നാൽ ഒരു രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഭക്ഷ്യധാന്യ ഉല്പാദനം ആ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ഭക്ഷ്യധാന്യ ആവശ്യത്തിന് തികയുന്നതാണെങ്കിൽ ആ രാജ്യം ഭക്ഷ്യ സ്വയംപര്യാപ്തത നേടിയതായി പറയാം. എന്നാൽ ഉൽപാദനം മാത്രം മുൻനിർത്തി ഭക്ഷ്യസുരക്ഷയെ നിർവചിക്കാനാവില്ല. ഒരു രാജ്യത്തെ വിവിധ സാമൂഹിക സാഹചര്യങ്ങളിൽ കഴിയുന്ന എല്ലാ ആളുകൾക്കും ആവശ്യമായ ഭക്ഷ്യധാന്യ ലഭ്യത ഉറപ്പാക്കുന്നത് നീതിപൂർവ്വമായ വിതരണം കൂടിയാണ്. ഇതിനാണ് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നത് അഥവാ ഉല്പാദനത്തോടൊപ്പം തന്നെ പ്രധാന്യമർഹിക്കുന്നതാണ് ഭക്ഷ്യവസ്തുക്കളുടെ സംഭരണം, നീതി പൂർവകമായ വിതരണം എന്നിവയും. ഓരോ ഘടകത്തിലും ഒരു രാജ്യം എവിടെ നിൽക്കുന്നു? അതിൽത്തന്നെ ഓരോ സംസ്ഥാനത്തിന്റെയും അവസ്ഥ എന്ത്? ഈ വ്യത്യസ്ത സാഹചര്യങ്ങളെ എങ്ങനെ, ഏതു നടപടികളിലൂടെ മറികടക്കാൻ ശ്രമിക്കുന്നു. ഇക്കാര്യങ്ങൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യണം. കേരളത്തിന്റെ സവിശേഷമായ സാഹചര്യങ്ങളെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്ത് ഭക്ഷ്യ ഉല്പാദനത്തിലെ അവസ്ഥയും ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിനിൽക്കുന്ന അവസ്ഥയും ഭക്ഷ്യസുരക്ഷയുടെ വിവിധ ഘടകങ്ങളും സംബന്ധിച്ച ആശയങ്ങളിലേക്ക് കുട്ടികളെ നയിക്കണം. ഇതിനാവശ്യമായ പ്രവർത്തനങ്ങളാണ് ഉണ്ടാകേണ്ടത്.

കേരളത്തിലെ കാർഷിക ഉല്പാദനരംഗം നേരിടുന്ന വെല്ലുവിളികളും അത് നമ്മെ എങ്ങനെ ബാധിക്കുന്നുവെന്നും അഞ്ചാം ക്ലാസിൽ കുട്ടി പഠിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തമല്ലാത്ത സംസ്ഥാനമായി കേരളം എങ്ങനെ മാറി എന്ന മുന്നറിവ് ഇതിലൂടെ ലഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഭക്ഷ്യസുരക്ഷ എന്ന ആശയം അവതരിപ്പിക്കാം

കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഏറ്റെടുത്തു നടപ്പാക്കുന്ന നിരവധി പദ്ധതികൾ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നതിലൂടെ സമകാലിക വികസന പദ്ധതികളെക്കുറിച്ച് കുട്ടിക്ക് അവബോധം ഉണ്ടാകുന്നു. ദാരിദ്ര്യം രാജ്യവികസനത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത എന്തെന്നു വിവിധ പ്രദേശങ്ങളുടെ കേസുകൾ എടുത്ത് വിശകലനം ചെയ്യുമ്പോൾ കുട്ടിക്ക് അവസരം ലഭിക്കത്തക്കവിധമാണ് ഈ അധ്യായം സംവിധാനം ചെയ്തിരിക്കുന്നത്.

**പ്രവർത്തനം- 1**

- നമ്മുടെ അടിസ്ഥാന ആവശ്യങ്ങൾ ഏതൊക്കെ? നമ്മുടെ സമൂഹത്തിൽ ജോലി ചെയ്യാൻ കഴിവില്ലാത്ത വിഭാഗങ്ങൾ ഏതൊക്കെ? അവർക്ക് ഭക്ഷണം നൽകാനുള്ള ഉത്തരവാദിത്വം ആർക്കാണ്?
- ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് സൗമ്യയുടെ അമ്മയുടെ അനുഭവം കുട്ടികൾ വ്യക്തിപരമായി വായിച്ച് ചർച്ച ചെയ്യട്ടെ.
- ചർച്ചയിൽ ഉയർന്നുവരുന്ന വ്യക്തിഗത ആശയങ്ങളെ പൊതുധാരണകളാക്കാൻ ഇതുപോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും പങ്കുവയ്ക്കാനുണ്ടോ? സൗമ്യയുടെ അമ്മക്ക് ജോലിക്കു പോകാൻ കഴിയാത്തത് എന്തുകൊണ്ടാവാം? മറ്റെന്തെല്ലാം കാരണങ്ങൾ ജോലിയെയും വേതനത്തെയും ബാധിക്കുന്നു? അത് ജീവിതത്തെ എങ്ങനെ ബാധിക്കുന്നു? ആരാണ് അവരെ സഹായിക്കേണ്ടത്.
- പൊതുവായി എത്തിച്ചേർന്ന ധാരണകൾ ക്രോഡീകരിക്കണം.

***ക്രോഡീകരണം***

- ഒരു സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്വം ഭരണകൂടത്തിനും സമൂഹത്തിനുമാണ്.
- ഈ ഉത്തരവാദിത്വം സർക്കാരുകൾ എങ്ങനെയാണ് നിർവഹിക്കുന്നത്?

**പ്രവർത്തനം- 2**

അവശത അനുഭവിക്കുന്നവർക്കും സ്ഥിരവരുമാനമില്ലാത്തവർക്കും സർക്കാറുകൾ എന്തൊക്കെ സഹായമാണ് നൽകുന്നത്?

- കുട്ടികൾ പ്രാഥമിക ഊഹങ്ങൾ അവതരിപ്പിക്കട്ടെ.
- പൊതുവെ അംഗീകരിക്കപ്പെട്ട ഊഹങ്ങൾക്ക് തെളിവുകൾ കണ്ടെത്താൻ ആവശ്യപ്പെടാം. വിവരശേഖരണത്തിന് വ്യത്യസ്തഗ്രൂപ്പുകൾക്ക് ഓരോ ഊഹവും നൽകാം. ഇവയ്ക്കാവശ്യമായ വായനാ സാമഗ്രി നൽകാം. (അന്നപൂർണ, അന്ത്യോദയ, അന്നയോജന, ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, ജോലിക്കു കൂലി ഭക്ഷണം, ഉച്ചഭക്ഷണ പരിപാടി, സംയോജിത ശിശു വികസനം) (പാഠപുസ്തകത്തിൽ രണ്ടു ഭാഗത്തയാണ് വായനാ സാമഗ്രികൾ നൽകിയിരിക്കുന്നത്.)
- ഓരോ ഗ്രൂപ്പും അവർക്ക് കിട്ടിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ, ഗുണഭോക്താക്കൾ, പ്രവർത്തനങ്ങൾ, ഗുണഫലങ്ങൾ എന്നിവ ചർച്ചചെയ്തു കുറിപ്പുണ്ടാക്കുന്നു.
- ഗ്രൂപ്പുകളുടെ കുറിപ്പുകൾ ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു.
- പൊതുവായ സവിശേഷതകൾ ബിബിയിൽ കുറിക്കണം. സമൂഹത്തിലെ അവശവിഭാഗങ്ങളുടെ സംരക്ഷണത്തിന് സഹായപദ്ധതികൾ - എന്ന ആശയം ക്രോഡീകരിക്കുന്നു. എല്ലാ പദ്ധതികളും ചേർത്ത് 'സഹായത്തിന്റെ വഴികൾ' എന്ന പതിപ്പ് നിർമിക്കുന്നു.

**പ്രവർത്തനം- 3**

അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനാണ് 'വിവിധ പദ്ധതികൾ' എന്ന് നിങ്ങൾ കണ്ടെത്തി. ഓരോ പദ്ധതിയും അതിന്റെ ഗുണഭോക്താക്കൾക്ക് എത്രമാത്രം സഹായകമാണ്? അവ എത്രമാത്രം ലക്ഷ്യം നേടുന്നുണ്ട്? നമുക്ക് കണ്ടെത്താം?

കുട്ടികൾ നേടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പും തങ്ങളുടെ പദ്ധതികൾ മെച്ചപ്പെടുത്തി എഴുതണം. ഗുണഭോക്താക്കളുമായി അഭിമുഖം നടത്തി, ഏതെങ്കിലും പദ്ധതിയുടെ കാര്യക്ഷമതയെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.(സംഘപ്രവർത്തനമായി നൽകിയാൽ മതി)

- പദ്ധതികളുടെ പ്രഖ്യാപിത ലക്ഷ്യം, ഗുണഭോക്താക്കൾക്ക് എത്രമാത്രം ഫലപ്രദമാണ്? പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? തടസ്സങ്ങൾ എന്നിവ അന്വേഷണ വിധേയമാക്കണം. ഓരോ പദ്ധതിയുടെയും കുറഞ്ഞത് 3 ഗുണഭോക്താക്കളിൽ നിന്നെങ്കിലും വിവരം ശേഖരിക്കണം.
- ചോദ്യാവലി തയ്യാറാക്കൽ, വിവരശേഖരണം, അപഗ്രഥനം, റിപ്പോർട്ട് എന്നീ ഘട്ടങ്ങൾ ഉറപ്പുവരുത്തണം.
- എല്ലാ പദ്ധതികളും എല്ലാവർക്കും ലഭ്യമാണോ? ഇല്ലെങ്കിൽ എന്തു കൊണ്ട്? വ്യത്യസ്ത പദ്ധതികളും, അവയുടെ ഗുണഭോക്താക്കളും എന്തടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കപ്പെടുന്നത്?
- ദാരിദ്ര്യ രേഖ, എ.പി.ൽ, ബി.പി.എൽ എന്നീ വിഭജനങ്ങൾ, അവയുടെ യുക്തി ഇവ ക്ലാസിൽ ചർച്ച ചെയ്യണം. പൊതു ധാരണകൾ ക്രോഡീകരിക്കണം.
- ദാരിദ്ര്യ രേഖയ്ക്കുള്ള മാനദണ്ഡങ്ങൾ
- ബി.പി.എൽ കാർക്ക് പ്രത്യേക പരിഗണനയുടെ ആവശ്യകത ചർച്ചയിലൂടെ വ്യക്തമാക്കപ്പെടണം - ഈ ധാരണകൾ ക്രോഡീകരിക്കണം.
- ഇത്തരക്കാരെ പൊതു ജീവിത നിലവാരത്തിലെത്തിക്കാൻ നമ്മുടെ നാട്ടിലും വിവിധ ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ നടന്നുവരുന്നു. ഇവ എത്രമാത്രം ഫലപ്രദമാണ്- അന്വേഷിക്കാം.

**പ്രവർത്തനം- 4 അഭിമുഖം**

പഞ്ചായത്ത് പരിധിയിൽ നടക്കുന്ന കേന്ദ്രാവിഷ്കൃതവും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ളതുമായ പദ്ധതികൾ, അവയുടെ ലക്ഷ്യങ്ങൾ, ഫലപ്രാപ്തി ഇവ തിരിച്ചറിയുക എന്നതാണ് ഈ അഭിമുഖം കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിലെ ഗ്രാമ സേവകനെയോ, പ്രസിഡന്റിനേയോ, പഞ്ചായത്ത് മെമ്പറെയോ അഭിമുഖം നടത്താം. പഞ്ചായത്തിലെ എല്ലാ ദാരിദ്ര നിർമാജ്ജനപദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തണം.

**പ്രവർത്തനം- 5 ഭക്ഷ്യസുരക്ഷ**

പാഠപുസ്തകത്തിലെ 'രാജ്യാന്തര തലത്തിൽ' എന്ന വായനാസാമഗ്രി വ്യക്തിഗതമായി വായിക്കുന്നു.

- ഈ അവസ്ഥ എന്തുകൊണ്ടുണ്ടായി?
- ഈ അവസ്ഥക്ക് എങ്ങനെ പരിഹാരമുണ്ടാക്കാം?
- ലോകത്തുള്ള എല്ലാവരുടെയും ആവശ്യത്തിനുള്ള ഭക്ഷണം ഉല്പാദിപ്പിക്കപ്പെടുന്നുണ്ടോ? ഉണ്ടെങ്കിൽ എല്ലാവർക്കുമായി അത് വിതരണം ചെയ്യപ്പെടുന്നുണ്ടോ?
- ഈ ചോദ്യങ്ങൾ ഉയർത്തി വായനാ സാമഗ്രിയിൽ നിന്നും കിട്ടിയ ആശയം അടിസ്ഥാനമാക്കി ഓരോരുത്തരും കുറിപ്പുകൾ തയാറാക്കട്ടെ.
- കുറിപ്പുകൾ വായിക്കുന്നു. ഭക്ഷ്യസുരക്ഷ എന്ന ആശയം അവതരിപ്പിക്കുന്നു. താഴെ നൽകിയിട്ടുള്ള വിശദീകരണം ടീച്ചർ ബിബിയിൽ/ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. തുടർന്ന് ഇതിനോട് കുട്ടികൾ പ്രതികരിക്കട്ടെ.

*" എല്ലാ ജനങ്ങൾക്കും എല്ലാ കാലത്തും സജീവവും ആരോഗ്യകരവുമായ ജീവിതം നയിക്കുന്നതിന് ആവശ്യമായ താല്പര്യമുള്ള ഭക്ഷണം ലഭിക്കുന്നതിനുള്ള ഭൗതികവും സാമ്പത്തികവുമായ പ്രാപ്തി ഉറപ്പുവരുത്തുന്ന അവസ്ഥയാണ് ഭക്ഷ്യസുരക്ഷ. ജനങ്ങൾക്കാവശ്യമായ ഭക്ഷണത്തിന്റെ ലഭ്യതയും, എല്ലാവർക്കും അതു ലഭ്യമാക്കാനവശ്യമായ അവസ്ഥയും, അത് വാങ്ങാനുള്ള കഴിവുമാണ് ഭക്ഷ്യസുരക്ഷ."*

Food & agricultural organisation (FAO) - 1983 ഭക്ഷ്യസുരക്ഷയെക്കുറിച്ച് (1983) പറഞ്ഞിരിക്കുന്നത് താഴെ പറയും വിധത്തിലാണ്.

എല്ലാവർക്കും എല്ലാ സമയത്തും ആവശ്യമുള്ള പോഷകസമൃദ്ധമായ ഭക്ഷണം ലഭിക്കുന്നതിനും അതു വാങ്ങുന്നതിന് കഴിയുന്നതുമായ അവസ്ഥയാണ് ഭക്ഷ്യസുരക്ഷ.

**ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാന സൂചകങ്ങൾ**

1. ഭക്ഷ്യവസ്തുക്കളുടെ ലഭ്യത
2. അവ വാങ്ങുന്നതിനുള്ളകഴിവ്
3. പോഷകസമൃദ്ധമായ ഭക്ഷണം

**പ്രവർത്തനം- 6 ഭക്ഷ്യസ്വയം പര്യാപ്തതയും ഭക്ഷ്യ സുരക്ഷയും**

- ഓരോ പ്രദേശത്തിനും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ അവിടെത്തന്നെ ഉല്പാദിപ്പിക്കുന്നുണ്ടോ? കുട്ടികൾ പ്രതികരിക്കട്ടെ.

പ്രതികരണങ്ങൾ - ന്യായങ്ങൾ- ഉദാഹരണങ്ങൾ - ബിബിയിൽ പട്ടികപ്പെടുത്തട്ടെ. ഇതിൽ നിന്നും സ്വന്തം പ്രദേശത്തെ ഭക്ഷ്യലഭ്യത കണ്ടെത്താനുള്ള മാർഗം നിർദ്ദേശിക്കാൻ ആവശ്യപ്പെടുന്നു. നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നു-അംഗീകരിച്ച രീതി ഓരോ ഗ്രൂപ്പുകൾ ഏറ്റെടുക്കട്ടെ.

**ഒരു രീതി:**

- ഒരാൾക്ക് ആരോഗ്യകരമായ ജീവിതം നയിക്കാനാവശ്യമായ ഭക്ഷ്യവസ്തുക്കൾ പട്ടികപ്പെടുത്തുന്നു. (ധാന്യങ്ങൾ, മുട്ട, പഴം, പച്ചക്കറി, മത്സ്യം, മാംസം)
- ഇവയുടെ ഉല്പാദനം, ലഭ്യത- നിങ്ങളുടെ പ്രദേശത്ത് എവിടെ നിന്ന്, എത്രമാത്രം - കണ്ടെത്തുന്നു.
- വിവരശേഖരണം, സർവ്വേ
- ഓരോ വസ്തുവും വരുന്ന സംസ്ഥാനം ലിസ്റ്റ് ചെയ്യുന്നു.

**ഉല്പാദനം**

- ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത നേടിയ സംസ്ഥാനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. ഏതൊക്കെ ഭക്ഷ്യ ഇനങ്ങളുടെ കാര്യത്തിൽ എന്നു വ്യക്തമാക്കണം

**ക്രോഡീകരണം**

പട്ടിക വിശകലനം ചെയ്ത് കുട്ടികൾതന്നെ നിഗമനം പറയട്ടെ. ടീച്ചർ ക്രോഡീകരിക്കണം.

- ഓരോ ഭക്ഷ്യവസ്തുവും വ്യത്യസ്ത പ്രദേശങ്ങളിലാണ് ഉല്പാദിപ്പിക്കുപ്പെടുന്നത്.
- എല്ലാ പ്രദേശങ്ങളും ചേർത്ത് കണക്കാക്കിയാൽ ഇന്ത്യ ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തമാണ്.

**പ്രവർത്തനം- 7 ഭക്ഷ്യ സുരക്ഷ എത്രത്തോളം**

ഭക്ഷ്യസ്വയം പര്യാപ്തതയുള്ള എല്ലാ സ്ഥലങ്ങളും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നുണ്ടോ?

ഈ പ്രശ്നമാണ് ചർച്ചചെയ്യുന്നത്. ഉത്തർപ്രദേശിനെ കുറിച്ച് നൽകിയിട്ടുള്ള പാഠപുസ്തകത്തിലെ വായനാക്കുറിപ്പ് വ്യക്തിഗതമായി വായിക്കട്ടെ. താഴെ നൽകുന്ന ചോദ്യങ്ങൾ കുറിപ്പുകളായി നൽകി ഓരോ ഗ്രൂപ്പും അവരവരുടെ നിഗമനം അവതരിപ്പിക്കട്ടെ.

- ഭക്ഷ്യധാന്യ ഉല്പാദനത്തിൽ ഉത്തർപ്രദേശ് മുൻപന്തിയിലെത്താനുള്ള കാരണങ്ങൾ എന്തൊക്കെ?
- ഏതെല്ലാം കാർഷികവിളകളിലാണ് ഉത്തർപ്രദേശ് മുന്നിട്ടുനിൽക്കുന്നത്?
- സംസ്ഥാനത്തിന്റെ ആവശ്യത്തിലും അധികം ഉല്പാദിപ്പിക്കുന്ന വിളകൾ ഏതൊക്കെ?
- ഉത്തർപ്രദേശിലെ ദാരിദ്ര്യരേഖയിൽ താഴെയുള്ളവരുടെ ശതമാനം എത്ര?
- ഭക്ഷ്യധാന്യലഭ്യതയുടെ കുറവ്/അനന്തരഫലങ്ങൾ ആരെയാണ് കൂടുതൽ ബാധിക്കുന്നത്? ഗ്രൂപ്പുകളുടെ അവതരണത്തിനു ശേഷം ടീച്ചർ ക്രോഡീകരിക്കണം.

**ക്രോഡീകരണം**

ഭക്ഷ്യസ്വയംപര്യാപ്തമായ പല സംസ്ഥാനങ്ങളും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നില്ല. ഭക്ഷ്യസുരക്ഷയില്ലാത്തതിന്റെ അനന്തരഫലങ്ങൾ കൂടുതൽ അനുഭവിക്കുന്നത് ദുർബല വിഭാഗങ്ങളും, സ്ത്രീകളും, കുട്ടികളുമാണ്.

**പ്രവർത്തനം- 8 ഭക്ഷ്യസുരക്ഷയുടെ ഘടകങ്ങൾ**

ഭക്ഷ്യസുരക്ഷയുടെ മൂന്നുഘടകങ്ങളാണ് ഉല്പാദനം, സംഭരണം, വിതരണം എന്നിവ. ഈ മൂന്നു ഘടകങ്ങൾ മെച്ചപ്പെടുത്തി എങ്ങനെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നുവെന്നാണ് ചർച്ച ചെയ്യേണ്ടത്. ഓരോ ഘടകത്തിനെപ്പറ്റിയും ആവശ്യമായ റഫറൻസുകൾ ശേഖരിക്കണം. ക്രോഡീകരിക്കേണ്ട ആശയങ്ങൾ.

***ഉല്പാദനം***

ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാനഘടകം ഉല്പാദനം ആണ്. ഇന്ത്യയിലെ കാർഷികോല്പാദന വർദ്ധനവിന് വേണ്ടി നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്.

*ഹരിതവിപ്ലവം*

ഭക്ഷ്യോല്പാദനരംഗത്ത് കുതിച്ചുചാട്ടം ഹരിത വിപ്ലവത്തിലൂടെ സാധ്യമായി. യന്ത്രവൽക്കരണം, മികച്ച ജലസേചനസൗകര്യങ്ങൾ, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം, അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ എന്നിവ ഹരിത വിപ്ലവത്തിലേക്ക് നയിച്ചു. ഇന്ത്യ ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തത നേടി.

*ധവളവിപ്ലവം*

ക്ഷീരരംഗത്ത് വൻ വർദ്ധനവ്, പാലും പാലുല്പന്നങ്ങളുടെയും ഉല്പാദനം വൻതോതിൽ കൂടി. സഹകരണരംഗത്ത് മികവ്

***സംഭരണം***

ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ

ഭക്ഷ്യ ധാന്യങ്ങൾ ശാസ്ത്രീയമായി സംഭരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം. മികച്ച ഗോഡൗൺ ശൃംഖല - ഭക്ഷ്യമിച്ചമുള്ള പ്രദേശങ്ങളിൽ നിന്ന് ഭക്ഷ്യ കമ്മിയുള്ള സ്ഥലങ്ങളിലേക്ക് എത്തിക്കുന്നു.

## Buffer Stock

ഭക്ഷ്യ മിച്ചമുള്ള സമയങ്ങളിൽ സംഭരിക്കുന്നു. താങ്ങുവില നൽകി കർഷകരെ സഹായിക്കുന്നു. ഉല്പാദനസംവിധാനവും ശേഖരവും ഭക്ഷ്യസുരക്ഷക്കുവേണ്ടി ഗവൺമെന്റ് പ്രയോജനപ്പെടുത്തുന്നു.

***വിതരണം***

**പൊതുവിതരണ സമ്പ്രദായം**

ഫുഡ് കോർപ്പറേഷയ്ക്കും ലഭിക്കുന്നു.

ഇറക്കുമതിയുടെ പ്രാധാന്യം. രാജ്യത്ത് ഭക്ഷ്യധാന്യക്കുറവുണ്ടായാൽ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുന്നു.

**പ്രവർത്തനം- 9 റേഷൻ കാർഡിന്റെ പ്രാധാന്യം**

കുട്ടികൾ നടത്തേണ്ട, ഒരു സർവ്വേയാണ് ഇത്. ഒരു കുട്ടി അഞ്ച് കുടുംബങ്ങളുടെ റേഷൻ കാർഡുകളാണ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്. സർവ്വേയിൽ താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കണം.

- റേഷൻകാർഡിലുള്ള ആളുകളുടെ എണ്ണം
- റേഷൻകാർഡിലുള്ള കുടുംബത്തെക്കുറിച്ച് കണ്ടെത്താവുന്ന വിവരങ്ങൾ
- അനുവദിച്ച റേഷൻ- യൂണിറ്റ് അളവിൽ
- കാർഡുപയോഗിച്ച് ലഭിക്കുന്ന ആഹാര വസ്തുക്കൾ? വിതരണം ചെയ്യുന്നതിന്റെ സമയ പരിധി.
- കുടുംബത്തിന് അത് തികയുന്നുണ്ടോ?
- എല്ലാ കാർഡുകൾക്കും ഒരേ വിലയ്ക്കാണോ ഉല്പന്നങ്ങൾ ലഭിക്കുന്നത്?
- ഈ ഉല്പന്നങ്ങൾക്ക് പൊതു വിപണിയിലെ ശരാശരി വില- റേഷൻ വില.

ലഭിച്ച വിവരങ്ങൾ ക്ലാസിൽ ക്രോഡീകരിക്കണം. പൊതു ധാരണകൾ ബിബിയിൽ ലിസ്റ്റ് ചെയ്യണം. **ക്രോഡീകരണം**: റേഷൻകാർഡ്-ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രധാന ഉപാധിയാണ്- അതിന്റെ പ്രാധാന്യം വ്യക്തമാക്കണം.

**സ്റ്റാട്ട്യൂട്ടറി റേഷനിംഗ്**

1969 ലെ നിയമപ്രകാരം ഇന്ത്യാഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കളുടെ ലഭ്യതഉറപ്പുവരുത്തുന്നതിന് നടപടികൾ എടുത്തു. നാണ്യവിളകളുടെ കയറ്റുമതി മൂലം വിദേശനാണ്യം നേടുന്ന കേരളത്തിന് കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയ ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സ്റ്റാട്ട്യൂട്ടറി റേഷനിംഗ്.

**പ്രവർത്തനം- 10 പൊതുവിതരണസംവിധാനം**

ഭക്ഷ്യ ഉല്പാദനരംഗത്ത് കേരളത്തിനുള്ള പരിമിതികൾ മറികടക്കുന്നതിന് പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുന്നുണ്ടോ ചർച്ച?

കേരളത്തിന്റെ ഭക്ഷ്യോല്പാദനം കുറവാണ് എന്നും കേരളത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്നതാണെന്നും നാം കണ്ടു. ഈ പ്രശ്നം പരിഹരിക്കുന്നതിനാണ് പൊതുവിതരണ സംവിധാനം. കേരളത്തിന്റെ പൊതുവിതരണ സംവിധാനം ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവ കുട്ടികൾ പട്ടികപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കണം.

പൊതുവിതരണ സംവിധാനഘടന ചർച്ചയിലൂടെ ക്രോഡീകരിക്കണം. അടുത്തുള്ള ഒരു പൊതുവിതരണ കേന്ദ്രത്തിലേക്ക് സന്ദർശനം സംഘടിപ്പിക്കാം.

| പൊതു വിതരണ കേന്ദ്രങ്ങൾ | ലഭ്യമാകുന്ന സേവന വിഭാഗം |
|---|---|
| | |

പട്ടികയിൽ ലിസ്റ്റ് ചെയ്ത ഏതെങ്കിലും ഒരു സ്ഥാപനത്തിൽ സന്ദർശനം നടത്തി വിവരശേഖരണം നടത്തണം. ഗ്രൂപ്പ് പ്രവർത്തനം) ഓരോരുത്തരും സന്ദർശിക്കുന്ന കേന്ദ്രത്തിൽ നിന്ന് എന്തൊക്കെ ശേഖരിക്കാം? സ്വന്തമായി നിരീക്ഷണ പത്രിക തയാറാക്കുക. പത്രികയിൽ ഉൾപ്പെടുത്തേണ്ടവ.

- ലഭ്യമാകുന്ന സേവനങ്ങൾ - ആർക്കൊക്കെ?
- പൊതുവിപണിയിലെ വിലനിലവാരവുമായി താരതമ്യം ചെയ്യൽ.
- വിതരണം ചെയ്യുന്ന ഇനങ്ങൾ, അളവ്
- വില നിലവാരം -ഗുണമേന്മ
- എങ്ങനെ വില കുറച്ചുകൊടുക്കുന്നു? ഗുണവും കുറയുന്നുണ്ടോ?
- ആരാണ് പൊതുവിതരണകേന്ദ്രങ്ങളെ കൂടുതലായി ആശ്രയിക്കുന്നത്?
- പരാതികൾ മെച്ചപ്പെടാനുള്ള നിർദേശങ്ങൾ

### *ക്രോഡീകരണം*

ശക്തമായ പൊതുവിതരണ സംവിധാനം എങ്ങനെ ഉണ്ടാക്കാം. ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് നിർദ്ദേശങ്ങൾ തയാറാക്കട്ടെ-ചർച്ച ചെയ്യട്ടെ. കണ്ടെത്തിയ കാര്യങ്ങൾ ക്രോഡീകരിച്ച് കുറിപ്പ് തയാറാക്കണം. 'പൊതു വിതരണ കേന്ദ്രങ്ങൾ എന്റെ നാട്ടിൽ'

കേരളത്തിലെ ശക്തമായ പൊതുവിതരണ സമ്പ്രദായത്തിന് പൊതുവിപണിയുടെ ചൂഷണം തടയുന്നതോടൊപ്പം ഗുണമേന്മയുള്ള വസ്തുക്കൾ ആവശ്യക്കാർക്ക് വിലകുറവിൽ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിൽ പൊതുവിതരണകേന്ദ്രങ്ങൾ വലിയ പങ്ക് വഹിക്കുന്നു.

### പ്രവർത്തനം- 11 ഒട്ടും പാഴാക്കരുതേ?

ഭക്ഷ്യസുരക്ഷയും ദാരിദ്ര്യനിർമാർജ്ജനവും ഉറപ്പുവരുത്തുന്നതിൽ നമ്മുടെ റോൾ തിരിച്ചറിയുകയാണ് ഈ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. പാഠപുസ്തകത്തിലെ 'ദാരിദ്ര്യ

നിർമ്മാർജ്ജനം മറ്റൊരു മാതൃകയും', 'ഒട്ടും പാഴാക്കരുതെയും' കേസുകളായി അവതരിപ്പിക്കാം.

നാം പാഴാക്കുന്ന ഭക്ഷണത്തിന്റെ കണക്ക് തയ്യാറാക്കാം - അങ്ങനെ ഒരു സ്കൂളിൽ ആകെ പാഴാക്കുന്ന ഭക്ഷണം കണക്കാക്കട്ടെ - ജില്ലയിലും സംസ്ഥാനത്തുമായി പാഴാക്കുന്ന ഭക്ഷണത്തിന്റെ അളവിന്റെ ഭീകരത ബോധ്യപ്പെടുന്നു.

***പാഴാക്കുന്ന ഭക്ഷണം - രാഷ്ട്രത്തിന്റെ നഷ്ടം - ചർച്ച***

- എത്രകുട്ടികൾ ഭക്ഷണം കിട്ടാതെ ബുദ്ധിമുട്ടുന്നു?
- വീടുകളിലും സൽക്കാരവേളകളിലും ആഘോഷങ്ങൾക്കും ഭക്ഷണം പാഴാക്കുന്നുണ്ടോ?
- നമ്മുടെ സ്കൂളിൽ എല്ലാ കുട്ടികൾക്കും ഭക്ഷണം കിട്ടുന്നു എന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കാം.
- ഉച്ചഭക്ഷണം മെച്ചപ്പെടുത്താൻ നമുക്കെന്തു ചെയ്യാനാവും?
- സ്കൂളിൽ പ്രഭാത ഭക്ഷണം കൂടി നൽകേണ്ടതുണ്ടോ?

ഈ ഉപചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പൊതു ചർച്ച - ക്രോഡീകരണം

# 4. വ്യവസായ വിശേഷം

| | | |
|---|---|---|
| പ്രശ്നമേഖല | : | **പരിസരസൗഹൃദപരമായ നഗരവത്കരണത്തിന്റെയും വ്യവസായവത്കരണത്തിന്റെയും അഭാവം** |
| ഉപപ്രശ്നം | : | • രാഷ്ട്രത്തിന്റെ വികസനത്തിലും സാമൂഹ്യ പുരോഗതിയിലും വ്യവസായങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ടെന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ. |
| പഠനലക്ഷ്യങ്ങൾ | : | • വ്യവസായസ്ഥാപനം നിരവധി അടിസ്ഥാനഘടകങ്ങളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്ന് അറിയുന്നു.<br>• വിപണി വ്യവസായസ്ഥാപനങ്ങളുടെ മുഖ്യഘടകമാണ് എന്ന് അറിയുന്നു.<br>• വ്യത്യസ്ത ഉടമസ്ഥതയിലുള്ള വ്യവസായശാലകൾ ഉണ്ട്.<br>• ഇന്ത്യയിൽ വിവിധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ ഉണ്ട്.<br>• രാജ്യത്തിന്റെ പുരോഗതിയിൽ വ്യവസായങ്ങൾ വഹിക്കുന്ന പങ്ക് കണ്ടെത്തുന്നു.<br>• ആധുനിക സാങ്കേതികവിദ്യകൾ വ്യവസായശാലകളുടെ മലിനീകരണം നിയന്ത്രിക്കാൻ സഹായിക്കും എന്ന് തിരിച്ചറിയുന്നു. |

## സിലബസ് ഗ്രിഡ്

## 4. വ്യവസായവിശേഷം

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| വ്യവസായ വത്കരണം | • ഉല്പാദനഘടകങ്ങൾ യന്ത്രങ്ങൾ, കെട്ടിടങ്ങൾ, പശ്ചാത്തലസൗകര്യങ്ങൾ.<br>• അസംസ്കൃതവസ്തുക്കൾ<br>• തൊഴിൽ<br>• മൂലധനം<br>• സംഘാടനം<br>• പശ്ചാത്തലസൗകര്യങ്ങൾ, വിവരസാങ്കേതികവിദ്യ<br>• പൊതുമേഖല, സ്വകാര്യമേഖല, സംയുക്തമേഖല, സഹകരണ മേഖല | • യന്ത്രങ്ങൾ, കെട്ടിടങ്ങൾ, തൊഴിൽ, മൂലധനം സംഘാടനം<br>• പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്നതും അല്ലാത്തതുമായ വസ്തുക്കൾ വ്യവസായത്തിന് ഉപയോഗപ്പെടുത്തുന്നു.<br>• തൊഴിലിന്റെ പ്രത്യേകതകൾ<br>• വ്യവസായം ആരംഭിക്കുന്നതിന് മുതൽ മുടക്ക് ആവശ്യമാണ്.<br>• ഉല്പാദനഘടകങ്ങളെ സംയോജിപ്പിച്ച് ഉല്പാദനം നടത്തുന്ന പ്രവർത്തനമാണ് സംഘാടനം. ഉല്പാദന പ്രക്രിയ നിയന്ത്രിക്കുന്നതും നയിക്കുന്നതും സംഘാടകനാണ്. വ്യക്തികൾ, സംഘങ്ങൾ, ഗവൺമെന്റ് ഇവയെല്ലാം സംഘാടകരാകാറുണ്ട്.<br>• സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായങ്ങൾ<br>ഉദാ: ഇന്റഗ്രൽ കോച്ച്ഫാക്ടറി, പെരുമ്പാവൂർ<br>• സ്വകാര്യമേഖല – സ്വകാര്യ വ്യക്തികളുടെ സംരംഭങ്ങൾ<br>ഉദാ: ടാറ്റാസ്റ്റീൽ, ജംഷഡ്പൂർ<br>• സംയുക്ത മേഖല<br>സ്വകാര്യ വ്യക്തികളും ഗവൺമെന്റും ചേർന്നു നടത്തുന്ന സംരംഭങ്ങൾ.<br>ഉദാ: പൊതു മേഖല – ടെൽക്ക്, അങ്കമാലി, കെ.എം.എം.എൽ, കുണ്ടറ–സഹകരണമേഖല–റബ്കോ–സ്വകാര്യവ്യക്തികൾ വ്യവസായസംരംഭങ്ങളിൽ മുതൽ മുടക്കുന്നത് ലാഭേച്ഛയോടുകൂടിയാണ്. | • വായനാസാമഗ്രികൾ – പട്ടികകൾ ഫ്ളോചാർട്ട്, ചിത്രങ്ങൾ<br>• പട്ടിക വ്യാഖ്യാനിക്കുന്നു. നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.<br>• ചിത്രങ്ങളുടെ സഹായത്തോടെ അപഗ്രഥിക്കുന്നു. നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. പട്ടിക തയാറാക്കുന്നു.<br>• വായനാ സാമഗ്രിയെ അടിസ്ഥാനപ്പെടുത്തി ചർച്ച നടത്തുന്നു.<br>• വ്യവസായത്തിന്റെ വിവിധ ഘടകങ്ങൾ ചാർട്ട് രൂപത്തിൽ അവതരിപ്പിക്കുന്നു (ഫ്ളോചാർട്ട്)<br>• വ്യവസായങ്ങളുടെ സുഗമമായ പ്രവർത്തനത്തിൽ ഗതാഗതം, വാർത്താവിനിമയം, വിവരസാങ്കേതികവിദ്യ എന്നിവ ആവശ്യമാണ്. | നാടിന്റെ വികസന പ്രക്രിയയിൽ പങ്കാളിയാവാനുള്ള മനോഭാവം<br><br>സമൂഹനന്മയ്ക്ക് വ്യവസായ വികസനം അത്യാവശ്യമാണ്. | ഉല്പാദന ഘടകങ്ങളെക്കുറിച്ച് വിശകലനം ചെയ്യാനും നിഗമനങ്ങൾ രൂപപ്പെടുത്താനുമുള്ള കഴിവ്. |

# സിലബസ് ഗ്രിഡ്

## 4. വ്യവസായവിശേഷം

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| | • വിപണനം<br>• വ്യവസായവും രാഷ്ട്രപുരോഗതിയും<br>• വ്യവസായവും മലിനീകരണവും | • സാധനങ്ങളും സേവനങ്ങളും പ്രതിഫലത്തിന് വേണ്ടി കൈമാറ്റം ചെയ്യുന്ന പ്രവർത്തനത്തെ വിപണനമെന്ന് പറയുന്നു.<br>• മലിനീകരണം നിയന്ത്രിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഫാക്ടറിയെ സംബന്ധിച്ച വിവരങ്ങൾ (സോഴ്സ് - മലിനീകരണ നിയന്ത്രണ ബോർഡ്) | • വ്യവസായസ്ഥാപനങ്ങളെ പട്ടികപ്പെടുത്തുന്നു. വായനാസാമഗ്രികളുടെ സഹായത്തോടെ വിവിധതരം വ്യവസായങ്ങളുടെ സ്വഭാവ സവിശേഷതകൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.<br>• ഇന്ത്യയിൽ വിവിധങ്ങളായ വ്യവസാങ്ങളുണ്ട്. രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തികപുരോഗതിയിൽ വ്യവസായങ്ങൾക്ക് പ്രാധാന്യമുണ്ട്.<br>• രാഷ്ട്രപുരോഗതിയിൽ വ്യവസായങ്ങൾക്കുള്ള പ്രാധാന്യം തിരിച്ചറിയുന്നു.<br>• ഇന്ത്യയിലെ വ്യവസായഭൂപടങ്ങൾ നിരീക്ഷിക്കുന്നു.<br>• പരിസര സൗഹൃദപരമായി വ്യവസാങ്ങൾ വളർന്നു വരേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.<br>• പത്രവാർത്തകൾ, വായനാകുറിപ്പുകൾ എന്നിവയിലൂടെ നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. | | |

**ആമുഖം**

ഏതൊരു രാജ്യത്തിന്റെയും പുരോഗതിയിൽ വ്യവസായ ശാലകൾക്കുള്ള പങ്ക് വലുതാണ്. വൻകിട വ്യവസായശാലകൾ മുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ വരെ പലവിധത്തിൽ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നു. പ്രകൃതിവിഭവങ്ങളും മനുഷ്യന്റെ അധ്വാനശേഷിയും ബുദ്ധി ശക്തിയും ഫലപ്രദമായി ഇഴുകിച്ചേർന്നെങ്കിൽ മാത്രമെ ഒരു ഉല്പന്നം നമുക്ക് ലഭിക്കുകയു ള്ളു. അസംസ്കൃത വസ്തു, തൊഴിലാളി തുടങ്ങിയവയുടെ കൂടിച്ചേരലും അതിന് നേതൃത്വം നൽകാൻ വ്യക്തികളോ സംഘങ്ങളോ നമുക്ക് ആവശ്യമാണ്. ഇവയൊക്കെ വ്യവസായ ശാല കളിൽ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നും. അതിനാവശ്യമായ മറ്റ് ഘടകങ്ങൾ എന്തൊക്കെ യെന്നുമാണ് നമ്മൾ ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നത്.

വ്യവസായ ഉല്പന്നങ്ങളുടെ വിപണനം, അതിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ, സാങ്കേ തിക വിദ്യ തുടങ്ങിയവയും കുട്ടികൾ ചർച്ച ചെയ്യുന്നു. ഈ പാഠഭാഗം വിനിമയം ചെയ്യുമ്പോൾ ഉല്പാദഘടകങ്ങളെക്കുറിച്ചും പശ്ചാത്തല സൗകര്യങ്ങളെക്കുറിച്ചുമുള്ള ധാരണകൾ കുട്ടികൾ നേടിയിരിക്കണം.

പരിസരസൗഹൃദപരമായ നഗരവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും അഭാവം പരിസ്ഥിതിക്ക് ചെറുതും വലുതമായ ദോഷങ്ങൾ സൃഷ്ടിക്കുന്നു. വ്യവസായങ്ങൾ എങ്ങിനെയെല്ലാം പരിസര സൗഹൃദപരമാക്കാം എന്നും ഇവ നമ്മുടെ നാട്ടിൽ എങ്ങിനെ പ്രവർത്തിക്കുന്നുവെന്നും കുട്ടികൾ തിരിച്ചറിയുന്നു.

നാടിന്റെ വികസനപ്രക്രിയയിൽ പങ്കാളിയാകാനും സാമൂഹ്യപുരോഗതിക്ക് വ്യവസായ വിക സനം ആവശ്യമാണ് എന്ന മനോഭാവവും കുട്ടികളിൽ വളർന്നു വരേണ്ടതുണ്ട്.

പാഠഭാഗത്തുള്ള വായനാക്കുറിപ്പുകളും കൈപ്പുസ്തകത്തിൽ നൽകിയിട്ടുള്ള വായനാക്കുറിപ്പും ഉപയോഗിച്ച് ഗ്രൂപ്പ് ചർച്ചയിലൂടെയാണ് പാഠഭാഗങ്ങൾ വിനിമയം ചെയ്യപ്പെടേണ്ടത്. പാഠത്തി നൊടുവിലായി ചർച്ച ചെയ്ത കാര്യങ്ങൾ വിലയിരുത്താനും നേരിട്ട് മനസ്സിലാക്കാനുമായി ഫീൽഡ് ട്രിപ്പും ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

**പ്രവർത്തനം-1**

നമ്മുടെ രാജ്യത്തിന്റെ പുരോഗതിയിൽ വ്യവസായങ്ങൾക്കും കൃഷിക്കും പങ്കുണ്ട് എന്ന് കുട്ടി കൾ തിരിച്ചറിയുന്നു. നമ്മുടെ നിത്യജീവിതത്തിൽ നിരവധി ഉല്പന്നങ്ങൾ നാം ഉപയോഗിക്ക ന്നു. അവ ഏതെല്ലാമാണെന്ന് ചർച്ച ചെയ്തുകൊണ്ട് പാഠഭാഗത്തേക്ക് പ്രവേശിക്കാം. കുട്ടികൾ പറയുന്ന ഉല്പന്നങ്ങളുടെ പേര് അധ്യാപിക ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തണം.

- നാം ഉപയോഗിക്കുന്ന ഉല്പന്നങ്ങളെ കാർഷിക ഉല്പന്നങ്ങളെന്നും വ്യാവസായിക ഉല്പ ന്നങ്ങളെന്നും വേർതിരിക്കാൻ ആവശ്യപ്പെടാം.

കുട്ടികൾ പാഠപുസ്തകത്തിൽ കാണിച്ചിരിക്കുന്നതു പോലെ കാർഷിക ഉല്പന്നങ്ങൾ, വ്യാവ സായിക ഉല്പന്നങ്ങൾ എന്നിവ കാണിക്കുന്ന പട്ടിക നോട്ട് ബുക്കിൽ വരച്ച് ചേർത്ത് പട്ടികപ്പെ ടുത്താൻ പറയുന്നു. ഗ്രൂപ്പിൽ നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനത്തി നൊടുവിൽ അവതരണവും നടക്കുന്നു. അധ്യാപികയ്ക്ക് ബ്ലാക്ക്ബോർഡിൽ ഇങ്ങനെ ക്രോഡീ കരിക്കാം.

| കാർഷിക ഉല്പന്നങ്ങൾ | വ്യവസായിക ഉല്പന്നങ്ങൾ |
|---|---|
| കരിമ്പ് | മരുന്നുകൾ |
| നെല്ല് | വസ്ത്രങ്ങൾ |
| തേങ്ങ | ബക്കറ്റ് |
| ധാന്യങ്ങൾ | ബാഗ് |
| പച്ചക്കറികൾ | വാഹനങ്ങൾ |
| പഴവർഗ്ഗങ്ങൾ | ടെലിവിഷൻ |
| | യന്ത്രങ്ങൾ |

ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഉത്തരം കിട്ടിയിട്ടുണ്ടെന്ന് അധ്യാപിക ഉറപ്പുവരുത്തണം.

- വ്യാവസായിക ഉല്പന്നങ്ങൾ എങ്ങിനെയാണ് നിർമ്മിക്കുന്നത്? അതിനായി എന്തെല്ലാം സൗകര്യങ്ങൾ വേണ്ടി വരും?

**പ്രവർത്തനം 2 വ്യവസായങ്ങൾ കേരളത്തിൽ**

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള വിവിധ വ്യവസായശാലകളുടെ ചിത്രങ്ങൾ നിരീക്ഷിക്കാൻ പറയുന്നു. അവ ഏതെല്ലാമാണെന്ന് തിരിച്ചറിയുന്ന പ്രവർത്തനം നൽകാം. കേരളത്തിലെ മറ്റ് വ്യവസായ ശാലകളുടെ വിവരണം അഞ്ചാംതരത്തിലെ സാമൂഹ്യശാസ്ത്രം ഹാന്റ്ബുക്കിൽ നൽകിയിട്ടുള്ളത് ഉപയോഗപ്പെടുത്താം.

- നമ്മൾ നിത്യേന ഉപയോഗിക്കുന്ന ഒരു ഉല്പന്നമാണല്ലോ പഞ്ചസാര. പഞ്ചസാര ഉണ്ടാക്കാൻ എന്തൊക്കെ ഘടകങ്ങൾ ആവശ്യമാണ്?

ഗ്രൂപ്പിൽ ചർച്ച ചെയ്ത് പട്ടികപ്പെടുത്തുന്നു. അവതരണ സമയത്ത് അധ്യാപിക ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തണം.

കരിമ്പ്, വൈദ്യുതി, പണം, തൊഴിലാളി, വാഹനം, പരസ്യം .......................

പാഠഭാഗത്ത് നൽകിയിരിക്കുന്ന ഫ്ളോചാർട്ട് നിരീക്ഷിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. അതിനു ശേഷം ആ ഘടകങ്ങൾ ബ്ലാക്ക്ബോർഡിൽ അധ്യാപിക രേഖപ്പെടുത്തുന്നു. നേരത്തെ കണ്ടെത്തിയ ഘടകങ്ങളും ഫ്ളോചാർട്ടിലെ ഘടകങ്ങളും തമ്മിൽ ബന്ധപ്പെടുത്താൻ കുട്ടികളെ സഹായിക്കൂ.

കുട്ടികൾ ശേഖരിച്ചതും അവർക്ക് നൽകപ്പെട്ടതുമായ വിവരങ്ങളെ അപഗ്രഥിക്കുകയും പരസ്പരം ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനാൽ അറിവിന്റെ നിർമ്മാണതലത്തിൽ ഇത് മൂല്യനിർണ്ണയം ചെയ്യപ്പെടണം. ഉല്പാദന ഘടകങ്ങളിൽ കൂടുതൽ എണ്ണത്തിൽ ബന്ധം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്താവുന്നതാണ്.

**പ്രവർത്തനം- 3 അസംസ്കൃത വസ്തുക്കൾ**

- നമ്മുടെ ദൈനംദിന ജീവിതത്തിൽ എന്തെല്ലാം വസ്തക്കളാണ് ഉപയോഗിക്കുന്നത്?

  വസ്ത്രങ്ങൾ, നോട്ട് ബുക്ക്, പേന, ബെഞ്ച്

- ഇവയൊക്കെ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കൾ ഏതെന്ന് പറയാമോ?

  നൂല്, പരുത്തി, ഈറ, മുള, മരങ്ങൾ

- കൃഷിക്ക് അത്യാവശ്യമായ ഒരു ഘടകമാണല്ലോ രാസവളങ്ങൾ. കേരളത്തിലെ പ്രധാന രാസവള നിർമ്മാണശാലയായ FACT യിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഏതെല്ലാമാണെന്ന് കണ്ടെത്താമോ?

പാഠപുസ്തകത്തിലെ അസംസ്കൃത വസ്തുക്കൾ എന്ന വായനാക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ച് FACT യിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഏതെല്ലാമാണെന്ന് കണ്ടെത്തുന്നു. ഒരു വ്യവസായശാലയിൽ ഉല്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളാണ് അസംസ്കൃത വസ്തുക്കൾ എന്ന് കുട്ടി തിരിച്ചറിയുന്നു.

- നിങ്ങളുടെ പ്രദേശത്തെ പ്രധാന വ്യവസായശാലകൾ ഏതെല്ലാമാണ്? അവിടെ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ എന്തെല്ലാമാണ് ? അവ നിർമ്മിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ ഏതെല്ലാമാണെന്ന് കണ്ടെത്താമോ?

(സ്കൂൾ പരിസര പ്രദേശങ്ങളിലെ ചെറുകിട, വൻകിട വ്യവസായശാലകൾ ഉൾപ്പെടുത്തണം) ഗ്രൂപ്പിൽ ചർച്ചക്ക് വിധേയമാക്കുന്നു.

| വ്യവസായങ്ങൾ | അസംസ്കൃത വസ്തു |
|---|---|
| പ്ലൈവുഡ് വ്യവസായം | മരം |
| കൈത്തറി പവർലൂം | നൂല് |
| വെളിച്ചെണ്ണ | കൊപ്ര |
| കശുവണ്ടി | കശുവണ്ടി |
| കയർ | ചകിരി നാര്, തൊണ്ട് |
| പപ്പടം | ഉഴുന്ന് പൊടി |
| അച്ചാർ | മാങ്ങ, നാരങ്ങ |

**മൂല്യനിർണയം**

നിർമ്മിത അറിവിനെ പ്രയോജനപ്പെടുത്തി തന്റെ ചുറ്റുപാടുകളിൽ നിന്നും കൂടുതൽ തെളിവുകളും ഉദാഹരണങ്ങളും കണ്ടെത്തുന്നു. കൂടുതൽ വ്യവസായങ്ങൾ കണ്ടെത്തലും അസംസ്കൃത വസ്തുക്കൾ തിരിച്ചറിയലും മൂല്യനിർണയത്തിന് വിധേയമാക്കാനാകും.

**പ്രവർത്തനം- 4 തൊഴിൽ**

- വ്യവസായശാലകളിൽ ജോലിചെയ്യുന്നവർ ആരെങ്കിലും നിങ്ങളുടെ പരിസരപ്രദേശങ്ങളിലുണ്ടോ? വ്യവസായശാലകളിൽ ജോലിചെയ്യുന്ന അവർക്ക് എന്താണ് പ്രതിഫലമായി ലഭിക്കുന്നത്?

കുട്ടികളുടെ പ്രതികരണത്തിനൊടുവിൽ തൊഴിൽ എന്ന വായനാക്കുറിപ്പ് വ്യക്തിഗതമായി വായിക്കാനാവശ്യപ്പെടാം.

- FACT യിൽ ഏതൊക്കെ വിഭാഗത്തിലുള്ള തൊഴിലാളികളാണ് ജോലിചെയ്യുന്നതെന്ന് പറയാമോ? പട്ടികപ്പെടുത്താൻ ആവശ്യപ്പെടാം.

**പ്രവർത്തനം- 5 വ്യവസായം തുടങ്ങാൻ പണം, വിളക്കിചേർക്കൽ**

- നിങ്ങളുടെ പ്രദേശത്തുള്ള വിവിധ സ്ഥാപനങ്ങൾ തുടങ്ങാൻ പണം മുടക്കിയത് ആരാണ്? (സ്കൂൾ, വിവിധ വ്യവസായങ്ങൾ, പലചരക്ക് കടകൾ, വ്യക്തികൾ, ഗവൺമെന്റ് തുടങ്ങിയവ)

വ്യവസായം തുടങ്ങാൻ പണം, വിളക്കിചേർക്കൽ എന്നീ പാഠഭാഗങ്ങൾ ഗ്രൂപ്പിൽ വായിച്ച് സംഘാടകൻ, മൂലധനം എന്നിവയെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു.

- നമ്മുടെ നാട്ടിൽ ആരെല്ലാമാണ് വ്യവസായശാലകൾ തുടങ്ങാൻ പണം മുടക്കുന്നത്?

ചില അവസരങ്ങളിൽ മൂലധനം ലഭ്യമാക്കുന്നത് വ്യക്തിയോ, ഒരു കൂട്ടം വ്യക്തികളോ, സർക്കാരോ,സർക്കാരും സ്വകാര്യവ്യക്തികളും ചേർന്നോ ആകാം. പാഠഭാഗത്ത് നൽകിയിട്ടുള്ള വ്യവസായശാലകൾ ഉടമസ്ഥത എന്ന ഫ്ളോചാർട്ട് ഗ്രൂപ്പിൽ നിരീക്ഷിച്ച് ചർച്ച ചെയ്യുന്നു. വ്യവസായശാലകളുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ അവതരണം നടത്തുന്നു. അധ്യാപിക ബ്ലാക്ക്ബോർഡിൽ ക്രോഡീകരിക്കുന്നു.

**പ്രവർത്തനം- 6 ജില്ലയിലെ പ്രധാന വ്യവസായങ്ങൾ**

ഓരോ പ്രദേശത്തേയും വ്യവസായങ്ങൾ സന്ദർശിച്ച് കുട്ടികൾ നേടിയ അറിവുകൾ എങ്ങിനെ വ്യവസായശാലകളിൽ പ്രവർത്തിക്കുന്നു എന്ന് കണ്ടെത്തുന്ന പ്രവർത്തനമാണിത്. ടീച്ചറുടെ സഹായത്തോടെ കുട്ടികൾ അവരുടെ ജില്ലയിലെ വ്യവസായങ്ങളെ പട്ടികപ്പെടുത്തുന്നു. (ജില്ലാ വ്യവസായകേന്ദ്രങ്ങളിൽ നിന്നുള്ള ലഘുലേഖയും അഞ്ചാംതരത്തിലെ സാമൂഹ്യശാസ്ത്രത്തിന്റെ ഹാന്റ്ബുക്കും ഉപയോഗപ്പെടുത്താം)

വൻകിട ചെറുകിട വ്യവസായശാലകൾ ഉൾപ്പെടുത്തണം.

| വ്യവസായത്തിന്റെ പേര് | ഉല്പന്നം | അസംസ്കൃത വസ്തു | ഉടമസ്ഥത |
|---|---|---|---|
| 1. വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് | പ്ലൈവുഡ് | മരം | സ്വകാര്യം |
| 2. ചൊവ്വ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ | നൂല്, തുണി, | പരുത്തി | സഹകരണം |
| 3. കെൽട്രോൺ | കപ്പാസിറ്റർ, കണ്ടൻസർ | സിലികൺ ക്ലേ | ഗവൺമെന്റ് |
| 4. മിൽമ | പാൽ, തൈര്, നെയ്യ് | പാൽ | സഹകരണം |

**മൂല്യനിർണ്ണയം**

ക്ലാസ് മുറിയിൽ വ്യവസായശാലകളുടെ വിവിധ ഘടകങ്ങളെക്കുറിച്ച് കുട്ടി നേടിയ അറിവുകൾ അവന്റെ പരിസരത്തുള്ള വ്യവസായശാലകളിൽ നിന്നും കണ്ടെത്തട്ടെ. വ്യവസായശാലയിൽ നിന്നുള്ള ഉല്പന്നങ്ങൾ ഏതൊക്കെയെന്നും, ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഏതാണെന്നും, ഉടമസ്ഥത ഏതു വിഭാഗത്തിൽപ്പെടുന്നതാണെന്നും കുട്ടി തിരിച്ചറിയുന്നു. കൂടുതൽ കാര്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തി മൂല്യനിർണ്ണയത്തിന് വിധേയമാക്കാവുന്നതാണ്.

**പ്രവർത്തനം- 7 വിപണനം**

നമ്മുടെ നാട്ടിലും വീട്ടിലും ഉപയോഗിക്കുന്ന ഉല്പന്നങ്ങൾ എവിടെ നിന്നെല്ലാം ഉല്പാദിപ്പിക്കുന്നവയാണെന്നും അവ എങ്ങിനെ നമ്മുടെ കൈകളിൽ എത്തുന്നു എന്നും അതിന് ഏതെല്ലാം തന്ത്രങ്ങളാണ് ഉപയോഗിക്കുന്നതെന്നുമുള്ള പ്രവർത്തനമാണ് ഇവിടെ ചെയ്യേണ്ടത്.

- നിങ്ങൾ ദൈനംദിന ജീവിതത്തിൽ നിരവധി ഉല്പന്നങ്ങൾ ഉപയോഗിക്കുന്നവരാണല്ലോ? ഇവ എവിടെയാണ് നിർമ്മിച്ചതെന്ന് അന്വേഷിക്കാറുണ്ടോ?

പാഠഭാഗത്ത് നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുന്ന പ്രവർത്തനം ഗ്രൂപ്പുകളിൽ നൽകാം. ഉല്പന്നങ്ങളുടെ നിർമ്മാണസ്ഥലം മനസ്സിലാക്കുന്നതിന് റാപ്പറുകൾ ഉപയോഗിക്കാവുന്നതാണ്.

| ഉല്പന്നം | ഉല്പാദിപ്പിക്കുന്ന സ്ഥലം |
|---|---|
| ഇലക്ട്രോണിക് ഉപകരണങ്ങൾ | ജപ്പാൻ, ചൈന സിങ്കപ്പൂർ, കോയമ്പത്തൂർ |
| വാച്ച് | ജപ്പാൻ, മലേഷ്യ, ബംഗളൂരു |
| മരുന്ന് | മുംബൈ, അഹമ്മദാബാദ്, കോഴിക്കോട് |
| പേന | മുംബൈ, ചൈന, ജർമ്മനി, ഫ്രാൻസ് |
| സോപ്പ് | മുംബൈ, കോഴിക്കോട് |

**ക്രോഡീകരണം**

- നമ്മൾ ഉപയോഗിക്കുന്ന ഉല്പന്നങ്ങൾ പല സ്ഥലത്തും നിർമ്മിക്കുന്നവയാണ്.
- വിദേശത്തു നിന്ന് നിർമ്മിക്കുന്ന ഉല്പന്നങ്ങളും നാം ഉപയോഗിക്കുന്നുണ്ട്.
- പല രീതികളിലാണ് ഉല്പന്നങ്ങൾ നമ്മുടെ കൈകളിൽ എത്തുന്നത്.

**മൂല്യനിർണയം**

വ്യത്യസ്ത വിവരസ്രോതസ്സിൽ നിന്നും വിവരശേഖരണം നടത്തി വിവരങ്ങളെ പരസ്പര ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നു. വിവരശേഖരണം നടത്തിയ വിവരങ്ങൾ മൂല്യനിർണയം ചെയ്യുന്നു.

- പല സ്ഥലങ്ങളിലായി നിർമ്മിക്കുന്ന ഉല്പന്നങ്ങൾ നമ്മുടെ കൈകളിലെത്തുന്നത് എങ്ങിനെയാണ്? എന്തെല്ലാം സഹായഘടകങ്ങൾ ഇതിനാവശ്യമാണ്?

  ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു.

ചർച്ചാ സൂചകങ്ങൾ

- ഗതാഗതം
- വാർത്താവിനിമയം
- കച്ചവടസ്ഥാപനങ്ങൾ
- സാങ്കേതിക വിദ്യ

(ഈ കാര്യങ്ങൾ പരാമർശിക്കുന്ന ചിത്രങ്ങളും പത്രകട്ടിംഗുകളും ഗ്രൂപ്പിൽ നൽകണം)

വിപണനം എന്ന പാഠഭാഗവും ഇതിനോടനുബന്ധിച്ച് വായിക്കാൻ നിർദ്ദേശിക്കണം.

ഗതാഗതം:- (റോഡ്, റെയിൽവേ, ജലഗതാഗതം, വ്യോമഗതാഗതം)

- നിർമ്മിച്ച ഉല്പന്നങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്കും കച്ചവട കേന്ദ്രത്തിലേക്കും എത്തിക്കാൻ.
- അസംസ്കൃതവസ്തുക്കൾ വ്യവസായശാലകളിൽ എത്തിക്കാൻ

**സാങ്കേതിവിദ്യ**

- ഉല്പന്നങ്ങൾ ചെലവ് കുറച്ച് നിർമ്മിക്കാൻ
- വിപണനത്തിന് വേണ്ടി
- ഉല്പന്നങ്ങളിൽ വൈവിധ്യം ഉണ്ടാക്കാൻ

- സാമ്പത്തിക ഇടപാടുകൾ സുഗമമാക്കാൻ
-

**മൂല്യനിർണ്ണയം**

വ്യത്യസ്ത വിവരസ്രോതസ്സിൽ നിന്നും പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നു. ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് പരസ്പരബന്ധം കണ്ടെത്തുന്നു. യുക്തമായ വിവരശേഖരണം നടത്തി ശരിയായ രീതിയിൽ ബന്ധം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട് എന്നത് മൂല്യനിർണ്ണയത്തിന് വിധേയമാക്കാം.

**പ്രവർത്തനം- 8 വ്യവസായങ്ങളുടെ പ്രാധാന്യം**

- നമ്മുടെ നാട്ടിലെ വ്യവസായങ്ങൾ നമുക്ക് എങ്ങിനെയെല്ലാം പ്രയോജനപ്പെടുന്നു.

  സ്വതന്ത്രമായ പ്രതികരണം കുട്ടികളിൽ നിന്ന് പ്രതീക്ഷിക്കാം.
- തൊഴിൽവർധന
- നഗരവികസനം
-

പാഠഭാഗത്ത് നൽകിയിട്ടുള്ള വ്യവസായങ്ങളുടെ പ്രാധാന്യം എന്ന വായനാക്കുറിപ്പും ഹാന്റ്ബുക്കിൽ നൽകിയിട്ടുള്ള വായനാക്കുറിപ്പും ഗ്രൂപ്പിൽ നൽകുന്നു. ഒരു സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാനഘടകമാണ് വ്യവസായങ്ങൾ.രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ വ്യവസായങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. വ്യവസായങ്ങളുടെ വളർച്ച കാണിക്കുന്നത് ആ സമ്പദ്‌വ്യവസ്ഥയുടെ പുരോഗതിയാണ്. ഇന്ത്യ ഒരു കാർഷിക രാജ്യമായതിനാൽ കാർഷിക മേഖലയിൽ അധിഷ്ഠിതമായ വ്യവസായങ്ങളാണ് കൂടുതലുള്ളത്. പരുത്തിത്തുണി, ചണം, പഞ്ചസാര,കടലാസ്, സിമന്റ്, ഇരുമ്പുരുക്ക്, പെട്രോകെമിക്കൽസ് തുടങ്ങിയവയുമായി ബന്ധപ്പെട്ടാണ് ഇന്ത്യയിലെ വ്യവസായങ്ങളിലധികവും. രാസവ്യവസായങ്ങളും വിവിധ ഭാഗങ്ങളിൽ കാണാവുന്നതാണ്. പരുത്തിത്തുണി വ്യവസായങ്ങൾ മാത്രം 20 മില്യൺ പേർക്ക് തൊഴിൽ നൽകുകയും വിദേശനാണ്യത്തിന്റെ 33% നമുക്ക് നേടിത്തരികയും ചെയ്യുന്നുണ്ട്. വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ ഒട്ടനവധി നയങ്ങൾ ഗവൺമെന്റ് മുൻകൈ എടുത്ത് നടപ്പിലാക്കുകയും വൻകിട വ്യവസായങ്ങളോടനുബന്ധിച്ച് ഒട്ടനേകം ചെറുകിട വ്യവസായങ്ങളും നമ്മുടെ നാട്ടിൽ വികസിച്ചു വരുന്നു. തുറമുഖങ്ങൾ, റെയിൽവേ, വാർത്താവിനിമയ സൗകര്യങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തി വ്യവസായങ്ങളെ ഗവൺമെന്റ് സഹായിക്കുന്നു. ഇന്ത്യയിലെ ഇരുമ്പുരുക്ക് മേഖലയിൽ ഗവൺമെന്റും സ്വകാര്യവ്യക്തികളും മാത്രമല്ല വിദേശ രാഷ്ട്രങ്ങൾ പോലും മുതൽമുടക്ക് നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ചെറുതും വലുതുമായ വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചാബ്, മഹാരാഷ്ട്ര, തമിഴ്നാഴ് തുടങ്ങിയ സംസ്ഥാനങ്ങൾ വ്യാവസായികമായി മുന്നിട്ടു നിൽക്കുമ്പോൾ കേരളം, ആന്ധ്രപ്രദേശ്, ഒറീസ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയവ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളാണ്.

വായനക്കൊടുവിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ വ്യവസായങ്ങളുടെ പ്രാധാന്യം എന്ന കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു.

ഗ്രൂപ്പിന്റെ അവതരണം അധ്യാപിക ബ്ലാക്ക്ബോർഡിൽ ക്രോഡീകരിക്കുന്നു.

- ദേശീയ വരുമാനത്തിൽ ഗണ്യമായ പങ്ക് വ്യവസായങ്ങൾക്ക് ഉണ്ട്.

- ജനങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്നു.
- നഗരവൽക്കരണകത്തിന് സഹായകമാകുന്നു.
- നാടിന്റെ വികസനം സാധ്യമാകുന്നു.
- ഗതാഗതസൗകര്യം വർധിക്കുന്നു
- ആശുപത്രികൾ, വിനോദ കേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവ വർധിക്കുന്നു.
- ബാങ്കിംഗ് മേഖല ശക്തിപ്പെടുത്തുന്നു.

**മൂല്യനിർണ്ണയം**

പൊതുസമൂഹത്തിന്റെ താത്പര്യങ്ങൾ പരിഗണിച്ച് വസ്തുതകൾ വിശകലനം ചെയ്ത് വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നു. സാമൂഹ്യ പുരോഗതിക്ക് വ്യവസായങ്ങളുടെ വളർച്ച അനിവാര്യമാണെന്ന് നിലപാടിലേക്ക് കുട്ടി എത്തിച്ചേരുന്നു. അതിനായി കുട്ടി കണ്ടെത്തിയ വസ്തുതകൾ മൂല്യനിർണ്ണയം ചെയ്യുന്നു.

**പ്രവർത്തനം- 9 ഇന്ത്യയിലെ വ്യവസായ ഭൂപടങ്ങൾ**

പാഠപുസ്തകഭാഗത്ത് നൽകിയിരിക്കുന്ന വ്യവസായ ഭൂപടങ്ങൾ നിരീക്ഷിച്ച് ഇന്ത്യയിലെ പ്രധാന വ്യവസായങ്ങൾ ഏതൊക്കെ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നു എന്ന് കണ്ടെത്തുന്നു.

- അറ്റ്ലസ് നിരീക്ഷിച്ച് കൂടുതൽ വ്യവസായങ്ങൾ കണ്ടെത്തുക. വ്യവസായങ്ങളുടെ അറ്റ്ലസ് നിർമ്മിക്കാൻ പാഠപുസ്തകത്തിൽ കൊടുത്ത പ്രവർത്തനം മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്.

തയാറാക്കിയ അറ്റ്ലസിൽ നിന്നും പാഠപുസ്തകത്തിലെ വ്യവസായഭൂപടത്തിൽ നിന്നും വ്യാവസായികമായി മുന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾ ഏതെന്ന് കണ്ടെത്തുന്നു.

**പ്രവർത്തനം- 10 മലിനീകരണ നിയന്ത്രണം സാധ്യമാണ്**

ചില വ്യവസായശാലകളുടെ പ്രവർത്തനങ്ങൾ മലിനീകരണത്തിന് കാരണമാകാറുണ്ട്. അഞ്ചാംക്ലാസ്സിൽ വ്യവസായങ്ങളുടെ ഫലമായുണ്ടാകുന്ന മലിനീകരണത്തെക്കുറിച്ച് കുട്ടികൾ ചർച്ച ചെയ്തിട്ടുണ്ട്. ജലം, വായു, മണ്ണ്,തുടങ്ങിയവ മലിനീകരിക്കപ്പെടുന്നതിൽ വ്യവസായ ശാലകൾ മാത്രമല്ല ജനസംഖ്യാവർധനവും കാരണമായിട്ടുണ്ട്.

- നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും വ്യവസായശാലകൾ മലിനീകരണം നടത്തുന്നുണ്ടോ?

FACT എങ്ങനെയാണ് മലിനീകരണനിയന്ത്രണം സാധ്യമാക്കിയത് എന്ന പാഠപുസ്തകത്തിലെ ക്കുറിപ്പ് ഗ്രൂപ്പിൽ ചർച്ച ചെയ്യാൻ നിർദ്ദേശിക്കുന്നു. ക്രോഡീകരണ സമയത്ത് നമ്മുടെ നാട്ടിലെ വ്യവസായങ്ങൾക്കും ഇത്തരം മലിനീകരണ നിയന്ത്രണം സാധ്യമാണ് എന്ന് അധ്യാപിക സൂചിപ്പിക്കുന്നു. വ്യവസായങ്ങൾക്ക് സ്വന്തമായിത്തന്നെ മലിനീകരണ നിയന്ത്രണം സാധ്യമാണ്. മലിനീകരണ നിയന്ത്രണത്തിന് ആവശ്യമായ നിയമങ്ങളും നിലവിലുണ്ട്.

**മീനമാതാരോഗം**

ജപ്പാന്റെ തെക്കേ അറ്റത്തുള്ള ക്യൂഷു എന്ന ദ്വീപിലെ ഒരു പ്രദേശമാണ് മീനമാതാ. ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്ന ഒരു ഫാക്ടറിയിൽ നിന്നും പുറത്തേക്കൊഴുക്കിയ മാലിന്യങ്ങൾ മിനമാതാ ഉൾക്കടലിൽ ചെന്നെത്തി. ഉൾക്കടലിലെ മത്സ്യങ്ങൾ ഇടക്കിടെ ചത്തുപൊങ്ങുന്നതും കാക്കകളും കടൽകാക്കകളും ചത്തു വീഴുന്നതും ആരും ശ്രദ്ധിച്ചില്ല. ക്രമേണ പൂച്ചകളെ ഒരു

പ്രത്യേകതരം രോഗം ബാധിച്ചത് ജനങ്ങൾ ശ്രദ്ധിച്ചു. അവ ഉന്മാദനൃത്തം ചെയ്യാൻ തുടങ്ങി. മനുഷ്യരിൽ ഇതേ ലക്ഷണങ്ങൾ പിന്നീടാണ് കണ്ടുതുടങ്ങിയത്. ആയിരക്കണക്കിന് ആളുകളെ ഈ രോഗം ബാധിച്ചു. മത്സ്യങ്ങളിൽ എത്തിച്ചേർന്ന മെർക്കുറി (രസം)യാണ് ഈ രോഗത്തിന് കാരണമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. ആഹാരത്തിലൂടെയും ശ്വസനത്തിലൂടെയും മെർക്കുറി സംയുക്തങ്ങൾ മത്സ്യങ്ങളിൽ എത്തിച്ചേർന്ന്, തലച്ചോറിലും കരളിലും വൃക്കയിലും തങ്ങി നിൽക്കുന്നു. കൈകാലുകൾ തളരുകയും, ചലനങ്ങൾ തകരാറിലാകുകയും, വിറയൽ അനുഭവപ്പെടുകയും, സംസാരിക്കാൻ വിഷമം നേരിടുകയും ചെയ്യുന്നു. മാനസിക അസ്വാസ്ഥ്യങ്ങൾ ഉണ്ടാകുകയും ഇത് മാരകമായ അവസ്ഥയിലേക്ക് മാറി ആളുകൾ മരിക്കുകയും ചെയ്യുന്നു. അമ്മമാരുടെ രക്തത്തിൽ നിന്നും ഗർഭസ്ഥശിശുവിന് പോലും ഈ രോഗം പിടിപെടുന്നു.

സമൂഹത്തിന്റെ താത്പര്യങ്ങൾ പരിഗണിച്ച് പ്രശ്നങ്ങൾ വിശകലനം ചെയ്ത് വസുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ മലിനീകരണം നിയന്ത്രിക്കപ്പെടേണ്ടതാണ് എന്ന ധാരണ കുട്ടികളിൽ ഉണ്ടാവേണ്ടതാണ്.

### മൂല്യനിർണ്ണയം

നിലപാട് സ്വീകരിക്കൽ. മലിനീകരണ നിയന്ത്രണത്തിലൂടെ വ്യവസായശാലകളാൽ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ ഇല്ലാതാക്കാം എന്ന കണ്ടെത്തലുകൾ മൂല്യനിർണ്ണയം ചെയ്യണം.

### ഫീൽഡ് ട്രിപ്പ്

ഒന്നാം പാഠഭാഗത്തിലൂടെ കുട്ടികൾ ചർച്ച ചെയ്തതും, കണ്ടെത്തിയതുമായ കാര്യങ്ങൾ പരിശോധിക്കാൻ അനുയോജ്യമായ ഈ പ്രവർത്തനമായാണ് ഫീൽഡ് ട്രിപ്പ് ആസൂത്രണം ചെയ്യേണ്ടത്. ഉല്പാദനഘടകങ്ങളും പശ്ചാത്തലസൗകര്യങ്ങളും എങ്ങിനെയാണ് ഒരു വ്യവസായശാലയിൽ പ്രവർത്തിക്കുന്നതെന്നും മലിനീകരണ നിയന്ത്രണത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്നും കുട്ടിക്ക് നേരിട്ട് മനസ്സിലാക്കാനുള്ള അവസരം കൂടിയാണിത്. ഫാക്ടറി സന്ദർശനത്തിനിടയിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടികൾക്ക് ലഭിക്കണം.

- വ്യവസായശാലയുടെ പേര്
- നിർമ്മിക്കുന്ന ഉല്പന്നം
- ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ
- ഫാക്ടറി സ്ഥിതി ചെയ്യുന്നത് എവിടെ?
- എത്ര തൊഴിലാളികൾ ജോലിചെയ്യുന്നു; ഏതൊക്കെ വിഭാഗത്തിലാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്?
- നിർമ്മിക്കുന്ന ഉല്പന്നങ്ങൾ എവിടെയാണ് വിറ്റഴിക്കുന്നത്.
- സാങ്കേതികവിദ്യ എങ്ങനെ പ്രയോജനപ്പെടുത്തുന്നു.
- ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്വീകരിക്കുന്ന തന്ത്രങ്ങൾ
- വ്യവസായശാലയുടെ സ്ഥാനം ആ പ്രദേശത്തിന്റെ വികസനത്തെ എങ്ങിനെയെല്ലാം സ്വാധീനിച്ചിട്ടുണ്ട്.

- മലിനീകരണ നിയന്ത്രണത്തിന് ഫാക്ടറി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ
- കണ്ടെത്തിയ കാര്യങ്ങൾ ക്ലാസ്സിൽ സെമിനാറായി അവതരിപ്പിക്കുന്നു.

**വിഷയങ്ങൾ**

1. ഉല്പാദനഘടകങ്ങൾ
2. പശ്ചാത്തല സൗകര്യങ്ങൾ
3. വികസന പ്രവർത്തനങ്ങൾ
4. മലിനീകരണം

**സെമിനാർ**

1. ഉല്പാദനഘടകങ്ങൾ
2. പശ്ചാത്തല സകര്യങ്ങൾ
3. വികസന പ്രവർത്തനങ്ങൾ
4. മലിനീകരണം.

# 5. ഭൂമിയിൽ നമ്മുടെ സ്ഥാനം

| | | |
|---|---|---|
| പ്രശ്നമേഖല | : | **വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ** |
| ഉപപ്രശ്നം | : | • ഭൂപരമായ സവിശേഷതകളെ വിശകലനം ചെയ്യുന്നതിൽ ഗ്ലോബ്, ഭൂപടം എന്നിവയുടെ പങ്ക് തിരിച്ചറിയാനാവാത്ത അവസ്ഥ. |
| പഠനലക്ഷ്യങ്ങൾ | : | • ഭൂമിശാസ്ത്രപഠനോപാധികൾ എന്ന നിലയ്ക്ക് ഗ്ലോബ്, ഭൂപടം എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുന്നതിന്.<br>• ഗ്ലോബ്, ഭൂപടം എന്നിവ ഉപയോഗിച്ച് ഭൂമിശാസ്ത്രപരമായ വിവരങ്ങളെ വിശകലനം ചെയ്യുന്നതിന്.<br>• ഈ സങ്കേതങ്ങൾ ഉപയോഗിച്ച് ഭൂമിശാസ്ത്രപരമായ ആശയങ്ങളെ പ്രകടിപ്പിക്കുന്നതിന്. |

# സിലബസ് ഗ്രിഡ്

## 5. ഭൂമിയിൽ നമ്മുടെ സ്ഥാനം

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഗ്ലോബ് ഭൂപടങ്ങൾ | • സാമൂഹ്യശാസ്ത്രപഠനത്തിനുള്ള ഉപാധികളിൽ ചിലതാണ് ഭൂപടം, അറ്റ്ലസ്, ഗ്ലോബ് എന്നിവ.<br>• ഭൂമിയുടെ ആകൃതി മനസിലാക്കുന്നതിന് ഗ്ലോബ് സഹായിക്കുന്നു.<br>• ഗ്ലോബിൽ വൻകരകൾ, സമുദ്രങ്ങൾ എന്നിവ തിരിച്ചറിയുന്നു.<br>• അക്ഷാംശരേഖാംശങ്ങൾ ഒരു സ്ഥലത്തിന്റെ സ്ഥാനനിർണയത്തിന് ആവശ്യമാണ്. | • ഗ്ലോബ്<br>• അറ്റ്ലസ്<br>• ഭൂപടങ്ങൾ | • ഭൂമിയിൽ മനുഷ്യന്റെ സ്ഥാനം ചിത്രീകരിക്കുന്നു.<br>• ഗ്ലോബിൽ മനുഷ്യരുടെ സ്ഥാനം തീപ്പെട്ടിക്കൊള്ളി ഉപയോഗിച്ച് കാണിക്കുന്നു.<br>• ഗ്ലോബ് പരിശോധിച്ച് വൻകരകൾ, സമുദ്രങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.<br>• അക്ഷാംശരേഖാംശരേഖകൾ ഗ്ലോബ് പരിശോധിച്ച് തിരിച്ചറിയുന്നു.<br>• അക്ഷാംശരേഖാംശരേഖകൾ സ്ഥാനനിർണയത്തിന് എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് വിശദീകരിക്കുന്നു.<br>• ഇന്ത്യയുടെ സ്ഥാനം അക്ഷാംശ രേഖാംശരേഖകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. | ഭൂമിയുടെ ഭാഗമാണ് ഞാനും എന്ന മനോഭാവം | ഒരു നിശ്ചിത സ്ഥലത്തെ അക്ഷാംശ രേഖാംശരേഖകൾപട്ടികപ്പെടുത്തുന്നു.<br>അക്ഷാംശരേഖാംശരേഖകളുടെ അടിസ്ഥാനത്തിൽ പ്രദേശം കണ്ടെത്തുന്നു.<br>അറ്റ്ലസ് ഉപയോഗപ്പെടുത്തി ഭൂപടങ്ങളെ വ്യാഖ്യാനിക്കുന്നു. |

## ആമുഖം

ഭൂമിശാസ്ത്രപഠനോപാധികൾ എന്ന നിലയിൽ ഗ്ലോബ്, ഭൂപടം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുകയും അവ ഉപയോഗപ്പെടുത്തി ഭൂപരമായ വിവരങ്ങളെ വിശകലനം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് ഈ യൂണിറ്റിന്റെ ലക്ഷ്യമാണ്.

വൻകരകൾ, സമുദ്രങ്ങൾ എന്നിവയുടെ സ്ഥാനം, ധ്രുവങ്ങൾ, അച്ചുതണ്ട്, അക്ഷാംശ രേഖാംശരേഖകൾ, അവ ഉപയോഗിച്ചുള്ള സ്ഥാനനിർണയം, വിവിധ തരം ഭൂപടങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ വസ്തുതകൾ കുട്ടികളിൽ എത്തിക്കുന്നതിന് ഗ്ലോബ്, അറ്റ്ലസ് എന്നിവ ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാമെന്നും ഈ യൂണിറ്റ് ചർച്ച ചെയ്യുന്നു.

ഗ്ലോബ്, ഭൂപടങ്ങൾ ഇവ നിരീക്ഷിക്കുന്നതിന് പരമാവധി സന്ദർഭങ്ങൾ ടീച്ചർ ക്ലാസിൽ ഒരുക്കുന്നതിലൂടെ മാത്രമേ ഭൂപരമായ വസ്തുതകൾ വേണ്ട വിധം മനസിലാക്കുന്നതിന് കുട്ടികൾക്ക് കഴിയൂ. അറിവുനിർമാണ പ്രക്രിയയിലൂടെപോകുന്നതോടൊപ്പം സ്വയം പഠന, തുടർപഠന സാധ്യതയും പ്രയോജനപ്പെടുത്തണം. ആവശ്യമായ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

ജില്ല, സംസ്ഥാനം, ഇവയുടെ ഭൂപടങ്ങൾ കുട്ടികൾ കഴിഞ്ഞ ക്ലാസുകളിൽ പരിചയപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജില്ലകൾ, അതിരുകൾ, ഭൂപ്രകൃതി, വിഭവങ്ങൾ തുടങ്ങിയവ ഭൂപടങ്ങൾ നിരീക്ഷിച്ച് മനസിലാക്കിയിട്ടുണ്ട്.

കൂടുതൽ നിരീക്ഷിക്കുന്നതിനും താരതമ്യം ചെയ്യുന്നതിനു അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനുമുള്ള പരമാവധി അവസരങ്ങൾ ഒരുക്കിക്കൊടുക്കുവാൻ ടീച്ചർ ശ്രദ്ധിക്കുമല്ലോ?

### നമ്മുടെ ഹെർക്കുലീസിനെ കാണുന്നില്ല

ഭൂമിശാസ്ത്രപഠന ഉപാധികളിൽ ഒന്നായ 'അറ്റ്ലസിന്' ആ പേര് കിട്ടാനിടയായ കഥയാണ് ഇവിടെ പ്രതിപാദിക്കുന്നത്. പാഠത്തിലേയ്ക്ക് പ്രവേശിക്കാനുള്ള ഒരു സന്ദർഭമായി ഇതിനെ പ്രയോജനപ്പെടുത്താം.

- ക്ലാസിൽ അറ്റ്ലസ് പരിശോധിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുകയും ഏതെല്ലാം തരത്തിലുള്ള ഭൂപടങ്ങൾ കാണാൻ കഴിയും? എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താൻ സഹായിക്കുകയും വേണം.

### മുകളിലും താഴെയും

ഭൂമിയിൽ നാം എങ്ങനെയാണ് നിൽക്കുന്നത് എന്ന് മനസിലാക്കാൻ ഉതകുന്ന ഒരു പ്രവർത്തനമാണിത്- ഗോളാകൃതിയായ ഭൂമിയുടെ മറുഭാഗത്ത് മനുഷ്യർ എങ്ങനെ നിൽക്കുന്നു എന്ന സംശയം കുട്ടികൾക്കുണ്ടാകാം.

### *പ്രവർത്തന രീതി*

- എല്ലാ കുട്ടികളും വ്യക്തിഗതമായി ചിത്രം വരയ്ക്കുന്നു.
- പാഠപുസ്തകത്തിൽ കൊടുത്തിട്ടുള്ള 4 ചിത്രങ്ങളിൽ ഏതിനോടെങ്കിലും സാമ്യം ഉണ്ടെങ്കിൽ അത് കണ്ടെത്തട്ടെ.
- ചിത്രത്തിന്റെ പിന്നിലുള്ള യുക്തി അവതരിപ്പിക്കുന്നു.
- ചർച്ച.

പ്രവർത്തനം



ഗ്ലോബിൽ നിങ്ങളുടെ സ്ഥാനം (മനുഷ്യർ) തീപ്പെട്ടികൊള്ളികൾ ഒട്ടിച്ച് കാണിക്കുന്നത്.

**വേണ്ട സാമഗ്രികൾ**

- ഗ്ലോബ്.
- തീപ്പെട്ടിക്കൊള്ളികൾ
- ഇരുവശവും പശയുള്ള ടേപ്പ് (ചെറിയ കഷണങ്ങൾ)

**കുട്ടികൾ ചെയ്യേണ്ടത്**

- ഭൂമിയിൽ മനുഷ്യർ എപ്രകാരമാണ് നിൽക്കുന്നത് എന്ന് മനസിലാക്കുന്നതിനായി ഗ്ലോബിൽ വിവിധ സ്ഥലങ്ങളിൽ തീപ്പെട്ടിക്കൊള്ളികൾ കുട്ടികൾ ഒട്ടിക്കട്ടെ.
- ഇങ്ങനെ നിൽക്കാൻ കഴിയുമൊ?
- ചർച്ച

**എന്റെ കണ്ടെത്തലുകൾ**

- ഭൂമിയ്ക്ക് മുകൾഭാഗം എന്നൊ താഴ്ഭാഗം എന്നൊ ഇല്ല.
- ഭൂമിയിൽ എവിടെയും മനുഷ്യൻ ലംബമായാണ് നിൽക്കുന്നത്.
- ഭൂമിയുടെ ഭൂഗുരുത്വ ബലമാണിതിന് കാരണം.

**ഭൂഗുരുത്വ ബലം**

ഭൂമി എല്ലാ വസ്തുക്കളെയും അതിന്റെ കേന്ദ്രത്തിലേയ്ക്ക് ആകർഷിക്കുന്നു. ഭൂമിയുടെ ഈ സവിശേഷതയാണ് ഭൂഗുരുത്വബലം.

**വൻകരകൾ, മഹാസമുദ്രങ്ങൾ**

ടെക്സ്റ്റ് ബുക്കിലെ ഭൂപടം പരിശോധിച്ച് വൻകരകളും മഹാസമുദ്രങ്ങളും പട്ടികപ്പെടുത്താനാണ് ഈ പ്രവർത്തനം.

**പ്രവർത്തന രീതി**

- ഭൂപടം പരിശോധിക്കുന്നു.
- വൻകരകൾ/മഹാസമുദ്രങ്ങൾ ഇവ ലിസ്റ്റ് ചെയ്യുന്നു.
- ഗ്ലോബിൽ അവയുടെ സ്ഥാനം കണ്ടെത്തുന്നു.

വൻകരകൾ- ഏഷ്യ, ആഫ്രിക്ക, വടക്കെ അമേരിക്ക, തെക്കെ അമേരിക്ക, യൂറോപ്പ്, ആസ്ട്രേലിയ, അന്റാർട്ടിക്ക.

മഹാസമുദ്രങ്ങൾ - പസഫിക് (ശാന്ത) സമുദ്രം, അറ്റ്ലാന്റിക് സമുദ്രം, ഇന്ത്യൻ സമുദ്രം, ആർട്ടിക് സമുദ്രം.

**ചെയ്തു നോക്കു**

ധ്രുവങ്ങൾ എന്ന ആശയം ബോധ്യപ്പെടുന്നതിനാണ് ഈ പ്രവർത്തനം ചെയ്യുന്നത്.

- പ്രവർത്തനം കുട്ടികളെക്കൊണ്ട് ക്ലാസിൽ ചെയ്യിക്കേണ്ടതാണ്.
- വേണ്ട സാമഗ്രികൾ - പ്ലാസ്റ്റിക് പന്ത്, കുടക്കമ്പി, വിവിധ നിറത്തിലുള്ള പൊട്ടുകൾ.

## പ്രവർത്തന രീതി

പന്തിലൂടെ ദണ്ഡ് കടത്തിയിട്ട് പന്ത് കറക്കുമ്പോൾ മധ്യഭാഗത്തെ പൊട്ട് കൂടുതൽ ദൂരം സഞ്ചരിക്കുകയും ഇരു വശങ്ങളിലേയ്ക്ക് പോകുന്തോറും പൊട്ടുകളുടെ സഞ്ചാര ദൂരം കുറഞ്ഞു കുറഞ്ഞു വന്ന് ഒടുവിൽ സഞ്ചരിക്കാതെ നിന്നിടത്ത് നിന്ന് കറങ്ങുന്ന രണ്ട് പൊട്ടുകൾ കാണാവുന്നതാണ്. ഈ ഭാഗമാണ് പന്തിന്റെ ധ്രുവങ്ങൾ. ഇതുപോലെ തന്നെയാണ് സ്വയം ഭ്രമണം ചെയ്യുന്ന ഭൂമിയുടെ ധ്രുവവും. ധ്രുവത്തോട് ചേർന്ന് കാണുന്ന പ്രദേശമാണ് ധ്രുവപ്രദേശം.

**ഭൂമിയുടെ ആകൃതി**

ഭൂമിയുടെ ആകൃതി ധ്രുവങ്ങളിൽ തെല്ലുപരന്നും മധ്യഭാഗം അല്പം വീർത്തിട്ടുമാണ്. ഈ ആകൃതി ജിയോയിഡ് (geiod) എന്നാണ് അറിയപ്പെടുന്നത്. ഭൂമിയുടെ കേന്ദ്രത്തിൽ നിന്ന് ഭൂമധ്യരേഖയിലേയ്ക്കുള്ള ദൂരം 6378 കി. മീറ്ററും ധ്രുവങ്ങളിലേയ്ക്കുള്ള ദൂരം 6357 കി.മീറ്ററുമാണ്.

**അച്ചുതണ്ട്**

ചിത്രം നിരീക്ഷിച്ച് ഭൂമിയുടെ അച്ചുതണ്ടിനെക്കുറിച്ച് ധാരണ നേടുന്നു.

- ചിത്രം വരച്ച് അച്ചുതണ്ട്, ഉത്തരധ്രുവം, ദക്ഷിണധ്രുവം എന്നിവ അടയാളപ്പെടുത്തുന്നു.

ഭൂമിക്ക് അതിന്റെ അച്ചുതണ്ടിൽ ഒരു പ്രാവശ്യ കറങ്ങുന്നതിന് ഏകദേശം 24 മണിക്കൂർ ആവശ്യമാണ് (യഥാർഥ സമയം 23 മണിക്കൂർ 56 മിനിട്ട് 4 സെക്കന്റ്) ഭൂമിയുടെ ഭ്രമണവേഗം ഭൂമധ്യരേഖയിൽ മണിക്കൂറിൽ 1667 കിലോമീറ്ററാണ്. ധ്രുവങ്ങളിലേയ്ക്ക് പോകുന്തോറും ഭ്രമണവേഗം കുറഞ്ഞുവരുന്നു.

പ്രദക്ഷിണതലത്തിന്റെ ലംബത്തിൽ നിന്നും $23\frac{1}{2}^0$ ചരിഞ്ഞിട്ടാണ് ഭൂമിയുടെ അച്ചുതണ്ടിന്റെ സ്ഥാനം. അതിനാൽ മധ്യരേഖയിൽ നിന്നും $23\frac{1}{2}^0$ വടക്കോട്ടും തെക്കോട്ടുമുള്ള പ്രദേശം മാത്രമേ സൂര്യരശ്മി ലംബമായി പതിക്കുന്നുള്ളു. ഭൂമിയുടെ ഉത്തരധ്രുവം എപ്പോഴും ധ്രുവ നക്ഷത്രത്തിന്റെ നേർക്കായിരിക്കും

**അർധ ഗോളങ്ങൾ**

ഗ്ലോബ് നിരീക്ഷിച്ച് ഉത്തരാർധഗോളത്തിന്റെയും ദക്ഷിണാർദ്ധഗോളത്തിന്റെയും പ്രത്യേകതകൾ കണ്ടെത്തുന്നതിനായുള്ള പ്രവർത്തനമാണിത്.

## പ്രവർത്തനരീതി

- ഗ്ലോബ് നിരീക്ഷിക്കുന്നു (വ്യക്തിഗതമായി/ഗ്രൂപ്പായി)
- പാഠഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.

**ചെയ്തുനോക്കാം**

- അക്ഷാംശരേഖാംശ രേഖകളുടെ ആവശ്യകതയും പ്രധാന്യവും ബോധ്യപ്പെടാൻ സഹായിക്കുന്ന ഒരു പ്രവർത്തനമാണിത്.
- രേഖകളില്ലാത്ത പ്രതലത്തിൽ കപ്പലിന്റെ സ്ഥാനം കൃത്യമായി പറയാൻ കഴിയില്ലായെന്നും തുല്യ അകലത്തിൽ വരകൾ വരച്ചിട്ടുള്ള പ്രതലത്തിൽ വസ്തുവിന്റെ (കപ്പലിന്റെ) സ്ഥാന നിർണയം എളുപ്പമാണെന്നും കുട്ടികൾക്ക് ബോധ്യപ്പെടണം.
- കപ്പലിന്റെ സ്ഥാനം മാറ്റി പ്രവർത്തനം ആവർത്തിക്കണം.

### ക്രോഡീകരണം

ഭൂമിയുടെ ഉപരിതലത്തിൽ സ്ഥലങ്ങളുടെ സ്ഥാനം നിർണയിക്കുന്നതിന് ഇത്തരം വരകൾ (രേഖകൾ) ആവശ്യമാണ്.

**അക്ഷാംശരേഖകൾ**

അക്ഷാംശരേഖകൾ, അവയുടെ പ്രത്യേകതകൾ, പ്രധാന അക്ഷാംശരേഖകൾ, അവയുടെ ഡിഗ്രി അളവുകൾ, സ്ഥാനനിർണയത്തിൽ അവയ്ക്കുള്ള പ്രാധാന്യം എന്നിവ ഈ പ്രവർത്തനത്തിൽ ചർച്ചചെയ്യേണ്ടതാണ്.

- ഗ്ലോബ് നിരീക്ഷിച്ച് ഭൂമധ്യരേഖ കണ്ടെത്തുന്നു.
- മധ്യരേഖയ്ക്ക് വടക്കും തെക്കുമുള്ള അക്ഷാംശരേഖകൾ കണ്ടെത്തുന്നു. ഓരോ രേഖയും കടന്നു പോകുന്ന ഏതെങ്കിലും ഒരു രാജ്യം ലിസ്റ്റ് ചെയ്യുന്നു.

പ്രധാനപ്പെട്ട അക്ഷാംശരേഖകൾ ചിത്രത്തിൽ ഇടതുവശത്തായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 30° വടക്ക് 60°വടക്ക് 30° തെക്ക്, 60° തെക്ക് എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് അക്ഷാംശരേഖകൾ 0° മുതൽ തുടർച്ചയായി 90° വരെ ഇരുവശത്തേയ്ക്കും ഉണ്ട് എന്ന് സൂചിപ്പിക്കാനാണ്.

0° അക്ഷാംശരേഖയായ ഭൂമധ്യരേഖ ഭൂമിയുടെ മധ്യഭാഗത്തുകൂടി കടന്നുപോകുന്നതിനാലും ഭൂമിയെ രണ്ട് അർധഗോളങ്ങളായി വിഭജിക്കുന്നതിനാലും പ്രധാനപ്പെട്ടതാണ്.

23 ½° വടക്കെ അക്ഷാംശരേഖയായ ഉത്തരായന രേഖയും 23½° തെക്കെ അക്ഷാംശരേഖയായ ദക്ഷിണായനരേഖയും 66½$^0$ വടക്കെ അക്ഷാംശരേഖയായ ആർട്ടിക് വൃത്തവും 66½$^0$ തെക്കേ അക്ഷാംശരേഖയായ അന്റാർട്ടിക് വൃത്തവും മറ്റ് പ്രധാനപ്പെട്ട അക്ഷാംശരേഖകളാണ്.

**പ്രവർത്തനം**

- ഗ്ലോബ്/അറ്റ്ലസ് പരിശോധിച്ച് മധ്യരേഖയ്ക്ക് വടക്കും തെക്കുമുള്ള $15^0$ , $30^0$ , $45^0$ എന്നീ ക്രമത്തിലുള്ള അക്ഷാംശരേഖകൾ കണ്ടെത്തി, ഓരോ രേഖയും കടന്നുപോകുന്ന ഏതെങ്കിലും ഒരു രാജ്യം ലിസ്റ്റ് ചെയ്യട്ടെ.
- ഒരു രാജ്യത്തു കൂടിയും കടന്നുപോകാത്ത ഏതെങ്കിലും രേഖയുണ്ടോ? കുട്ടികൾ കണ്ടെത്തട്ടെ.

### ചില ചോദ്യങ്ങൾ

(ഗ്ലോബ്/അറ്റ്ലസ് നോക്കി താഴെപറയുന്ന ചോദ്യങ്ങൾ ഉത്തരം കണ്ടെത്താൻ കുട്ടികളെ സഹായിക്കുമല്ലോ.

- ഏറ്റവും വലിയ അക്ഷാംശരേഖ ഏത്?
- ഇന്ത്യയിലൂടെ കടന്നുപോകുന്ന പ്രധാന അക്ഷാംശരേഖ ഏത്?
- ഉത്തരായനരേഖ കടന്നുപോകുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ?
- ഭൂമധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ എന്നീ മൂന്ന് രേഖകളും കടന്നുപോകുന്ന വൻകര.

### ഗ്ലോബ് പരിശോധിച്ച് ഞാൻ കണ്ടെത്തിയത്

ഇവിടെ താഴെ പറയുന്നവയെക്കുറിച്ച് ലഘു കുറിപ്പുകൾ തയാറാക്കാനുള്ള പ്രവർത്തനം നൽകിയാൽ മതി.

- ഭൂമധ്യരേഖ
- അക്ഷാംശരേഖകൾ
- ഉത്തരായനരേഖ
- ദക്ഷിണായനരേഖ

**രേഖാംശരേഖകൾ**

- ഗ്ലോബ്/അറ്റ്ലസ്/ഭൂപടം നിരീക്ഷിച്ച് രേഖാംശ രേഖകൾ കണ്ടെത്തുന്നു. (വ്യക്തിഗതം/ഗ്രൂപ്പ്)
- 0° രേഖാംശരേഖയായ ഗ്രീനിച്ച്രേഖ കണ്ടെത്തുന്നു.
- ഗ്രീനിച്ച്രേഖയ്ക്ക് നേരെ എതിർ ദിശയിലുള്ള 180° രേഖാംശരേഖ (അന്തർദേശീയ ദിനാങ്ക രേഖ) കണ്ടെത്തുന്നു.
- 0°രേഖാംശരേഖയ്ക്ക് ഗ്രീനിച്ച് രേഖയെന്ന് പേര് കിട്ടാനിടയായ കാരണം ചർച്ച ചെയ്യുന്നു.
- ഗ്ലോബിൽ 'വൈറ്റ് ബോർഡ് മാർക്കർ പെൻ' കൊണ്ട് 0° രേഖാംശരേഖ 180° രേഖാംശ രേഖ എന്നിവ വരച്ച് ഭൂമിയെ രണ്ട് അർധഗോളങ്ങളായി വിഭജിക്കാമെന്ന് കാണിക്കുന്നു.
- പാഠഭാഗത്തെ ചോദ്യങ്ങൾക്ക് കുട്ടികൾ തന്നെ ഉത്തരം കണ്ടെത്തട്ടെ.

0° രേഖാംശരേഖ ഇംഗ്ലണ്ടിന്റെ തലസ്ഥാനമായ ലണ്ടൻ പട്ടണത്തിന് സമീപമുള്ള ഗ്രീൻവിച്ച് എന്ന സ്ഥലത്തുകൂടിയാണ് കടന്നുപോകുന്നത്.

**ഗ്ലോബിൽ ഇന്ത്യയുടെ സ്ഥാനം**

അക്ഷാംശരേഖകൾ പരിഗണിക്കുമ്പോൾ വടക്കെ അക്ഷാംശം 8 ഡിഗ്രിക്കും 38 ഡിഗ്രിക്കും ഇടയിലും കിഴക്കെരേഖാംശം 68° ഡിഗ്രിക്കും 98° ഡിഗ്രിക്കും ഇടയിലുമാണ് ഇന്ത്യയുടെ സ്ഥാനം.

**പ്രവർത്തനം**

ഗ്ലോബ്/അറ്റ്ലസ്/ഭൂപടം നിരീക്ഷിച്ച് പാഠഭാഗത്ത് കൊടുത്തിരിക്കുന്ന രേഖാംശരേഖകൾ കടന്നുപോകുന്ന ഏതെങ്കിലും ഒരു രാജ്യം ലിസ്റ്റ് ചെയ്യട്ടെ.

# 6. അധികാരം ജനങ്ങൾക്ക്

പ്രശ്നമേഖല : **വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ**

ഉപപ്രശ്നം :
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രാധാന്യം വേണ്ടത്ര തിരിച്ചറിയുന്നില്ല.

പഠനലക്ഷ്യങ്ങൾ :
- പ്രാദേശിക ഭരണകൂടങ്ങൾ (ഗ്രാമവും, നഗരവും - അവയുടെ ഭരണസംവിധാനം) എന്നിവയെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിന്.
- പ്രാദേശിക ഭരണസംവിധാനങ്ങളുടെ ചുമതലകളെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിന്.
- പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ ഭൂപടത്തിൽ പൊതുസ്ഥാപനങ്ങളെ നിർദ്ദിഷ്ട സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുന്നതിന്.
- കേരളത്തിലെ പഞ്ചായത്ത്രാജ് സംവിധാനവും മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയും താരതമ്യം ചെയ്യുന്നതിന്. (ഗോവ, സിക്കിം തുടങ്ങിയവ)
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണ മാർഗങ്ങളെക്കുറിച്ച് അന്വേഷിച്ചറിയുന്നതിന്.
- പ്രാദേശിക വികസനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പങ്ക് തിരിച്ചറിയുന്നതിന്.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികേന്ദ്രീകൃത പ്രവർത്തനങ്ങളിൽ പങ്കാളിത്തത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിന്.

## സിലബസ് ഗ്രിഡ്

## 6. അധികാരം ജനങ്ങൾക്ക്

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| തദ്ദേശസ്ഥാപനങ്ങൾ<br><br>ഗ്രാമപഞ്ചായത്തുകൾ<br><br>ബ്ലോക്കുപഞ്ചായത്തുകൾ<br><br>മുനിസിപ്പൽ-കോർപ്പറേഷൻ | • വികസനപ്രവർത്തനങ്ങൾ തീരുമാനിക്കുന്നതിൽ ഗ്രാമസഭകളും പ്രാദേശിക സ്ഥാപനങ്ങളും മുഖ്യ പങ്ക് വഹിക്കുന്നു.<br>• പഞ്ചായത്തീരാജ് സംവിധാനിലൂടെ വികേന്ദ്രീകൃത ആസൂത്രണം നടക്കുന്നു.<br>• ത്രിതല പഞ്ചായത്ത് ഭരണസംവിധാനമാണ് കേരളത്തിലുള്ളത്. ഇതിലൂടെ പ്രാദേശിക വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>• സംസ്ഥാനത്തെ, ഭരണസൗകര്യത്തിനായി ജില്ലകൾ, ബ്ലോക്കുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്.<br>• നഗരങ്ങളെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. | • ഗ്രാമസഭകൾ<br>• ഗ്രാമസഭയുടെ പ്രവർത്തനവും ചുമതലകളും<br>• വാർഡുസഭയും വാർഡു കമ്മിറ്റിയും<br>• പഞ്ചായത്തീരാജ് സംവിധാനം<br>• ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ<br>• ഗ്രാമ-ബ്ലോക്ക്-ജില്ലാ ഭൂപടങ്ങൾ | • ചിത്രങ്ങൾ, വായനാസാമഗ്രികൾ എന്നിവ വായിച്ച് ഗ്രാമസഭകളുടെ പ്രവർത്തനങ്ങളും ചുമതലകളും വിശകലനം ചെയ്യുന്നു.<br>• ഗ്രാമസഭ-വാർഡുസഭ-വാർഡുകമ്മറ്റി ഇവയുടെ വ്യത്യാസങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിലെത്തുന്നു.<br>• ഗ്രാമസഭകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു.<br>• ത്രിതലപഞ്ചായത്തുകളും സംവിധാനങ്ങളും വായനാ സാമഗ്രികൾ വായിച്ച് നിഗമനത്തിലെത്തുന്നു. വയന സാമഗ്രികൾ വിശകലനം ചെയ്ത് ത്രിതലപഞ്ചായത്തു സംവിധാനത്തെ താരതമ്യം ചെയ്യുന്നു.<br>• ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി -കോർപ്പറേഷൻ എന്നിവയിൽ തന്റെ പ്രദേശത്തെ നേതൃത്വം നൽകുന്നവരെക്കുറിച്ച് അന്വേഷിച്ചറിയുന്നു.<br>• ഭൂപടങ്ങൾ പരിശോധിച്ച് താനുൾപ്പെടുന്ന പഞ്ചായത്തു സ്ഥാപനങ്ങളെ അടയാളപ്പെടുത്തുന്നു. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള സന്നദ്ധത ഉണ്ടാകുന്നു. | ഗ്രാമസഭാ പ്രവർത്തനം, ചുമതലകൾ എന്നിവയെ കുറിച്ചുള്ള ധാരണ.<br><br>സന്ദർശന റിപ്പോർട്ട്<br><br>ത്രിതലപഞ്ചായത്തു സംവിധാനങ്ങളുടെ ഘടന, പ്രവർത്തനം, ഭരണ സംവിധാനം എന്നിവയെ കുറിച്ചുള്ള ധാരണ<br><br>വിവരശേഖരണത്തിനുള്ള കഴിവ്<br><br>തന്റെ സ്ഥലം ഭൂപടത്തിൽ രേഖപ്പെടുത്താനുള്ള കഴിവ്. |

# സിലബസ് ഗ്രിഡ്

## 6. അധികാരം ജനങ്ങൾക്ക്

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| അധികാരങ്ങൾ | • ഭരണഘടനാപരമായി നിരവധി അധികാരങ്ങളും ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. | • പ്രാതിനിധ്യ സ്വഭാവം അധികാരങ്ങളും ചുമതലകളും | • തദ്ദേശ സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും കണ്ടെത്തുന്നു. തന്റെ പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികളുമായി താരതമ്യം ചെയ്യുന്നു. | | അധികാരങ്ങളും ചുമതലകളും വിമർശനാത്മകമായി വിലയിരുത്താനുള്ള കഴിവ് |
| ജില്ലാ ആസൂത്രണ സമിതി. | • ഓരോ ജില്ലയിലും ജില്ലാ ആസൂത്രണ സമിതികളാണ് വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. | • ഭരണസമിതി പ്രസിഡന്റ്, വൈസ്പ്രസിഡന്റ്.<br>• ജില്ലാ ആസൂത്രണസമിതി. | • ഭരണ സംവിധാനങ്ങളുടെ ഘടന താരതമ്യം ചെയ്ത് ഡയഗ്രം തയാറാക്കുന്നു.<br>• വായനാ സാമഗ്രി വിശകലനം ചെയ്ത് നിഗമനത്തിലെത്തുന്നു. | | വരുമാന സ്രോതസ്സുകൾ വിശകലനം ചെയ്യാനുള്ള കഴിവ് |
| വരുമാനമാർഗ്ഗങ്ങൾ | • തദ്ദേശ ഭരണസ്ഥാപനങ്ങൾ വികസനപ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികം സ്വരൂപിക്കുന്നത് നികുതികളും പദ്ധതി വിഹിതങ്ങളും വഴിയാണ്. | • വിവിധതരം നികുതികൾ പദ്ധതിവിഹിതങ്ങൾ വിനിമയരീതി. | • നികുതി രസീതുകൾ പരിശോധിച്ചും വായനാ സാമഗ്രഹികൾ വായിച്ചും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്നു. അഭിമുഖം, പ്രോജക്ട് എന്നിവയിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രദേശിക വികസനത്തിലെ പങ്കാളിത്തം വിമർശനാത്മകമായി വിലയിരുത്തുന്നു. | | തന്റെ പ്രദേശത്തെ വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. |

**ആമുഖം**

ഭരണ സൗകര്യത്തിനായി നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങൾ, ജില്ലകൾ, ബ്ലോക്കുകൾ, പഞ്ചായത്തുകൾ എന്നിങ്ങനെ വിഭജിച്ചിട്ടുണ്ടെന്നും ഓരോ തലത്തിലും ജനകീയ ഭരണ സമിതികളുണ്ടെന്നും കുട്ടികൾ മുൻ ക്ലാസ്സുകളിൽ പഠിച്ചിട്ടുണ്ട്. കൂടാതെ അവരുടെ വീടുൾപ്പെടുന്ന തദ്ദേശഭരണ വാർഡ് ഏതാണെന്നും മനസ്സിലാക്കിയിട്ടുണ്ട്.

73, 74 ഭരണഘടനാഭേദഗതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറി. പ്രാദേശിക വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്, അധികാര വികേന്ദ്രീകരണവും, വികേന്ദ്രീകൃത ആസൂത്രണവും ഫലപ്രദമായ മാർഗങ്ങളാണ്. ഇവ നടപ്പിലാക്കുന്നതിനുള്ള സ്ഥാപനങ്ങളെന്ന നിലക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള പ്രസക്തി വളരെ വലുതാണ്. അവിടത്തെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃപരമായ പങ്ക് വർദ്ധിച്ചുവരുന്നു. രാജ്യത്തെ പൗരനെന്ന നിലക്ക് ജനങ്ങൾക്കും മുഖ്യപങ്ക് വഹിക്കാനുണ്ട്. ഈ സാഹചര്യത്തിൽ നേടിയ മുന്നറിവുകളിൽ നിന്നും കുറെക്കൂടി ഉയർന്ന തലത്തിലുള്ള ധാരണകളിലേക്ക് കുട്ടികളെ എത്തിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ അധികാരങ്ങൾ, ചുമതലകൾ, പ്രാദേശികമായി ഏറ്റെടുക്കുന്ന വികസനപ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ച് സമഗ്രധാരണ നൽകുന്നതാണ് ഈ പാഠഭാഗം. കുട്ടികൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ നേരിട്ടുകാണുന്നതിനും വിമർശനാത്മകമായി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ വയ്ക്കുന്നതിനും അവസരം നൽകുന്ന പ്രവർത്തനങ്ങൾ പഠനത്തിൽ ഉൾപ്പെടുത്തണം.

നാടിന്റെ സമ്പത്തും വിഭവങ്ങളും വിനിയോഗിക്കപ്പെടുമ്പോൾ അതിന്റെ ഗുണഫലം എല്ലാവരിലും എത്തേണ്ടതുണ്ടെന്നും നാടിന്റെ വികസനപ്രവർത്തനങ്ങളിൽ അവസരം ലഭ്യമാകുമ്പോൾ ഞാനും പങ്കാളിയാകേണ്ടതുണ്ടെന്നുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾ എന്ന പ്രയോഗം കൊണ്ട് ഈ പാഠഭാഗത്തിൽ ഉദ്ദേശിക്കുന്നത് ഗ്രാമപ്രദേശത്തിന്റെ ഭരണ സംവിധാനങ്ങളായ ഗ്രാമ പഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ മൂന്നുതലങ്ങളിലുള്ള സ്ഥാപനങ്ങളും, നഗരഭരണ സംവിധാനങ്ങളായ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയുമാണ്.

**പ്രവർത്തനം- 1**

ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ പരിഹരിക്കുന്നതിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാതലത്തിലുള്ള പഞ്ചായത്തുകളുടെ സംയുക്ത ഇടപെടലിന്റെ ഒരു ഉദാഹരണമാണ് പാഠഭാഗത്തിന്റെ ആരംഭം. വിദ്യാലയ പ്രദേശത്ത് ജനങ്ങളുടെ ആവശ്യപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സംയുക്ത ഇടപെടലിലൂടെ പരിഹരിക്കപ്പെട്ട ഒരു പ്രശ്നം ഉദാഹരണമായി എടുത്തുകൊണ്ട് ചർച്ചയിലൂടെ പാഠഭാഗത്തേക്ക് കടക്കാം. ചിത്രങ്ങൾ-വിവരങ്ങൾ എന്നിവ മുൻകൂട്ടി ശേഖരിക്കേണ്ടതുണ്ട്. താഴെ പറയുന്ന മേഖലകൾ മുൻനിർത്തി ഇതിന്റെ വിവരശേഖരണം നടത്താം.

ഈ അനുഭവങ്ങൾ പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്തിലെ അനുഭവവുമായി ബന്ധപ്പെടുത്താം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എങ്ങനെ പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു എന്ന ധാരണയാണ് ക്രോഡീകരിക്കേണ്ടത്.

- പ്രശ്നം അധികാരികളിലെത്തിച്ച രീതി
- പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ

- പരിഹരിച്ച രീതി
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക്
- ജനപങ്കാളിത്തം

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ക്രോഢീകരണം നടത്താം.

**പ്രവർത്തനം- 2 ഗ്രാമസഭ-അധികാരങ്ങളും ചുമതലകളും**

ഒരു പ്രദേശത്തെ ജനങ്ങളുടെ പ്രശ്നം തദ്ദേശ ഭരണസ്ഥാപനത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് എങ്ങനെയെന്നു നിങ്ങൾ കണ്ടല്ലോ?

ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും ആവശ്യങ്ങൾ പരിഹരിക്കുന്നതിനുമുള്ള ജനകീയവേദി എന്ന നിലക്കും ജനാധിപത്യ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന അടിസ്ഥാനഘടകം എന്ന നിലയിലുമാണ് ഗ്രാമസഭയെ കാണേണ്ടത്.

ടി.ബി യിലെ ഗ്രാമസഭയുടെ ചിത്രം, വിവരണം ഇവ കുട്ടികളുടെ ശ്രദ്ധയിൽ കൊണ്ടുവരിക. ഗ്രാമസഭ, ഘടന, പ്രവർത്തനം, പങ്കാളിത്തം തുടങ്ങിയവ വിശകലനം ചെയ്യുന്നതിനുള്ള പ്രവർത്തനമാണിത്. കുട്ടികൾ വ്യക്തിഗതമായി ടി.ബിയിലെ ചിത്രവും, വായനാകുറിപ്പും വായിച്ച് വിശകലനം ചെയ്യട്ടെ. താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് ഓരോ കുട്ടിയും തങ്ങളുടെ ധാരണകൾ ക്ലാസ്സിൽ പറയട്ടെ. തുടർന്ന് ഗ്രൂപ്പുകളായി, ഓരോ ധാരണയും സംബന്ധിച്ച കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കട്ടെ.

1. ഗ്രാമസഭയുടെ ഘടന
2. വിളിച്ചു ചേർക്കുന്ന രീതി
3. നടത്തിപ്പു രീതി
4. അധികാരം - ചുമതലകൾ
5. വികസനപ്രവർത്തനത്തിലെ റോൾ

ഓരോ ഗ്രൂപ്പും അവതരിപ്പിക്കട്ടെ. കുട്ടികൾ അവതരിപ്പിച്ച കാര്യങ്ങൾ, നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ (അനുബന്ധവിവരം നോക്കുക) ടീച്ചർ ക്രോഡീകരണം. ഓരോ ടൈറ്റിലും ഉൾപ്പെടുത്തി 'എന്റെ ഗ്രാമസഭ/ വാർഡുസഭ' കുറിപ്പുകൾ വ്യക്തിപരമായി തയ്യാറാക്കട്ടെ. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തെ വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തണം. (വാർഡുസഭകളുടെ നടത്തിപ്പു രീതിയിൽ വ്യത്യാസമുണ്ട്. നഗരപാലികാബിൽ നോക്കുക).

**തുടർ പ്രവർത്തനം**

- അടുത്ത ഗ്രാമസഭാ/ വാർഡ്സഭ നടക്കുമ്പോൾ, അതിൽ പങ്കെടുത്ത് ഒരു റിപ്പോർട്ട് തയ്യാറാക്കട്ടെ. മികച്ച റിപ്പോർട്ടിന് സമ്മാനം നൽകണം.

### *അനുബന്ധവിവരം- ഗ്രാമസഭ*

പഞ്ചായത്തീരാജ് നിയമത്തിലെ ഏറ്റവും സവിശേഷമായ ഒരു സംവിധാനമാണ് ഗ്രാമസഭ. ജനാധിപത്യ പ്രക്രിയയിൽ സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏകസംവിധാനമാണിത്. ഒരു ഗ്രാമ പഞ്ചായത്തിന്റെ നിയോജക മണ്ഡലം (വാർഡ് പരിധി) അടിസ്ഥാനമാക്കിയാണ് ഗ്രാമസഭ രൂപീകരിക്കുന്നത്. അവിടത്തെ മുഴുവൻ വോട്ടർമാരും ആ ഗ്രാമസഭയിലെ അംഗങ്ങളാണ്. വാർഡുമെമ്പറാണ് സഭയുടെ കൺവീനർ.

ഗ്രാമപഞ്ചായത്തു പ്രസിഡന്റാണ് ഗ്രാമസഭയുടെ അധ്യക്ഷൻ. നിശ്ചയിക്കുന്ന സ്ഥലത്ത് മൂന്നു മാസത്തിലൊരിക്കൽ (വർഷത്തിൽ 4 പ്രാവശ്യം) യോഗം ചേരണം. ആ വാർഡുപ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് അംഗത്തേയും നിയമസഭാംഗത്തേയും കൺവീനർ ക്ഷണിക്കേണ്ടതാണ്. ആകെ വോട്ടർമാരുടെ 10% മാണ് ക്വാറം. 10% ത്തിലധികം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ സാധാരണയോഗങ്ങൾക്കിടക്ക് പ്രത്യേകയോഗവും ചേരാവുന്നതാണ്. മൂന്നുമാസത്തിലൊരിക്കൽ യോഗം വിളിക്കുന്നതിൽ തുടർച്ചയായി രണ്ടു തവണ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട അംഗത്തിന്റെ അംഗത്വം നഷ്ടമാകും. ഇങ്ങനെ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും തങ്ങളുടെ വാർഡ് മെമ്പറുമായി സംവദിക്കാൻ ഗ്രാമസഭ അവസരമൊരുക്കുന്നു. മുൻവർഷത്തെ വികസന പരിപാടികളും അവയുടെ ചെലവും സംബന്ധിച്ച റിപ്പോർട്ടും നടപ്പുവർഷത്തിൽ നടത്താനുദ്ദേശിക്കുന്ന ഭാവി പ്രവർത്തന നിർദ്ദേശങ്ങളും ഗ്രാമസഭയിൽ ചർച്ചയ്ക്ക് അവതരിപ്പിക്കുന്നു. ഗ്രാമസഭയുടെ നിർദ്ദേശങ്ങൾക്ക് ത്രിതലപഞ്ചായത്തുകൾ അർഹമായ രീതിയിൽ പരിഗണന നൽകണം. ഗ്രാമസഭ തയ്യാറാക്കുന്ന മുൻഗണനാക്രമത്തിൽ മാറ്റം വരുത്താൻ പാടില്ല. പദ്ധതിയാസൂത്രണത്തിലും നടത്തിപ്പിലും ഗ്രാമസഭകൾക്ക് നിർണായക സ്ഥാനം നിയമം വ്യവസ്ഥചെയ്തിട്ടുണ്ട്.

**പ്രവർത്തനം- 3 ക്ലാസ് വികസനസെമിനാർ**

ഗ്രാമസഭ/വാർഡുസഭയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയല്ലൊ. ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട പ്രാദേശിക പ്രശ്നങ്ങൾ, എങ്ങനെയാണ് പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റികളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇതിന്റെ രീതി ബോധ്യപ്പെടാനുള്ള അവസരമായി ക്ലാസ്‌വികസന സെമിനാർ സംഘടിപ്പിക്കാവുന്നതാണ്. കുട്ടികൾ അവരുടെ ക്ലാസുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ വ്യക്തിഗതമായി കുറിക്കട്ടെ. അവ ബി.ബി യിൽ ക്രോഡീകരിച്ച് പട്ടികയാക്കാവുന്നതാണ്. പട്ടികപ്പെടുത്തിയ ആവശ്യങ്ങളെ വിവിധ മേഖലകളാക്കി (ശുചിത്വം, ഉച്ചഭക്ഷണം, പഠനം) തിരിക്കാം. പിന്നീട് ഓരോ മേഖലകളും ഓരോ ഗ്രൂപ്പുകളായി ഉന്നയിക്കപ്പെട്ട പ്രവർത്തനങ്ങൾ അവതരിപ്പിച്ച് ചർച്ചചെയ്യട്ടെ.

ഓരോ ഗ്രൂപ്പും ഇത്തരത്തിൽ പട്ടിക തയ്യാറാക്കണം.

| ഉന്നയിക്കപ്പെട്ട പ്രശ്നം | പരിഹാരനിർദ്ദശം |
|---|---|
| | |
| | |

ഇനി വികസന സെമിനാർ

- മോഡറേറ്റർ ഉണ്ടാകണം, അധ്യക്ഷൻ ഉണ്ടാവണം
- നിർദ്ദേശങ്ങൾ രേഖപ്പെടുത്തിവക്കണം. (മിനുട്ട്സ്)

ക്രോഡീകരണത്തിൽ, ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചാണ് പഞ്ചായത്ത് വികസന സെമിനാറിൽ അവതരിപ്പിക്കുന്നത് എന്നും കണ്ടെത്തിയ വികസന ആവശ്യങ്ങൾ മുൻഗണനാക്രമത്തിലാക്കി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണസമിതിക്കു നൽകുന്നുവെന്നും പറയണം. ഇതിൽ നിന്നാണ് പിന്നീട് തദ്ദേശഭരണ സ്ഥാപനം വാർഷിക പദ്ധതി തയ്യാറാക്കുന്നത്.

ക്ലാസ്സ് വികസന സെമിനാറിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ ക്രോഡീകരിച്ച് ഹെഡ്മാസ്റ്റർക്ക് നൽകാവുന്നതാണ്. പി.റ്റി.എ യിൽ ക്ലാസ് ടീച്ചർക്ക് അവതരിപ്പിക്കുകയുമാകാം.

### പ്രവർത്തനം- 4 പഞ്ചായത്തീരാജ് സംവിധാനം

നമ്മുടെ രാജ്യം, സംസ്ഥാനം, ജില്ല, ബ്ലോക്ക്, പഞ്ചായത്ത് ഇവ ഏതെന്ന് ചർച്ചചെയ്തുകൊണ്ട് പ്രവർത്തനത്തിലേക്ക് കടക്കാം.

പാഠഭാഗത്തു നൽകിയിട്ടുള്ള വായനാകുറിപ്പ് കുട്ടികൾ വ്യക്തിഗതമായി വായിച്ച് പ്രധാന ആശയങ്ങൾ കുറിക്കട്ടെ. പിന്നീട് ഗ്രൂപ്പുകളായി ഓരോ ഗ്രൂപ്പും താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിശദീകരണക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കണം.

- എന്താണ് പഞ്ചായത്തീ രാജ്?
- പ്രാദേശികമായി വികസനപ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉണ്ടാക്കുന്നതിന്റെ മേന്മകൾ എന്തെല്ലാം?
- നഗരങ്ങളിൽ ഇതിനുസമാനമായ സംവിധാനം എന്താണ്?

ഗ്രൂപ്പുകളുടെ അവതരണത്തിനുശേഷം ടീച്ചർ ആവശ്യമായ ഇടപെടലുകളോടെ ധാരണകൾ മെച്ചപ്പെടുത്തണം. ക്രോഡീകരണം നടത്തണം. താഴെ പറയുന്ന ആശയങ്ങൾ പ്രയോജനപ്പെടുത്താം.

- ആസൂത്രിത ഗ്രാമവികസനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഭരണഘടനയുടെ 73, 74-ാം ഭേദഗതിപ്രകാരം നിലവിൽവന്ന നിയമത്തിന്റെ ഭാഗമായി കേരളത്തിൽ പാസാക്കിയ നിയമമാണ് കേരള പഞ്ചായത്തീരാജ് നിയമം. ഈ നിയമത്തിൽ ഗ്രാമ ബ്ലോക്ക്-ജില്ലാതലത്തിൽ ത്രിതല ഭരണസംവിധാനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നുഭരണതലങ്ങളും സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിലൂടെ നിലവിൽവന്ന ഭരണ സംവിധാനമാണ് പഞ്ചായിത്തീരാജ് സംവിധാനം.
- ജനങ്ങൾക്ക് വികസന പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കാൻ കഴിയുന്നു.
- യഥാർത്ഥ വികസന ആവശ്യങ്ങൾ കണ്ടെത്താനും, ജനപങ്കാളിത്തത്തോടെ സുതാര്യമായി പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുന്നു.
- കേന്ദ്രഗവൺമെന്റ് മുതൽ പഞ്ചായത്തുവരെ വിവിധ തട്ടുകളിലായി ഉത്തരവാദിത്വങ്ങൾ വിഭജിക്കപ്പെടുന്നു.
- ജനാധിപത്യ പ്രക്രിയ വികേന്ദ്രീകരിക്കപ്പെടുകയും, പങ്കാളിത്തത്തിന് കൂടുതൽ അവസരം ലഭിക്കുകയും ചെയ്യുന്നു.
- പഞ്ചായത്തീരാജ് സംവിധാനത്തിന്റെ സമാന്തര സംവിധാനമാണ് നഗരപാലികാബിൽ. മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, എന്നിവയാണ് നഗരങ്ങളിൽ നിലവിലുള്ള ഭരണ സംവിധാനം.

### *നഗരത്തിൽ നിലവിലുള്ള ഭരണ സംവിധാനങ്ങൾ*

#### *മുനിസിപ്പൽ കോർപ്പറേഷൻ*

നഗരപാലികാബില്ലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമസഭ അംഗീകരിച്ച നിയമപ്രകാരം രൂപീകൃതമാകുന്നു. കൂടിയ തോതിലുള്ള സ്വയംഭരണാധികാരം ഉണ്ട്. തെരഞ്ഞെടുപ്പിനു വേണ്ടി നിരവധി വാർഡുകളായി തിരിച്ചിട്ടുണ്ട്. അവിടെനിന്നു പ്രായപൂർത്തി വോട്ടവകാശത്തിലൂടെ തെരഞ്ഞെടുക്കുന്നവർ ഉൾപ്പെടുന്ന കൗൺസിലർമാർ അടങ്ങുന്ന സഭയാണത്. കൗൺസിലർമാർ തെരഞ്ഞെടുക്കുന്ന മേയറാണ് തലവൻ. 5-10 ലക്ഷം ജനസംഖ്യയുള്ള നഗരങ്ങളാണ് കോർപ്പറേഷൻ. കോർപ്പറേഷൻ കമ്മീഷണറാണ് ഭരണനിർവഹണാധികാരി.

സംസ്ഥാനത്ത് നിലവിലുള്ള 'മുനിസിപ്പാലിറ്റീസ് ആക്ട്' അനുസരിച്ച് രൂപീകൃതമായി. താരതമ്യേന ചെറുപട്ടണങ്ങളാണ്. പട്ടണത്തിലെ വോട്ടർമാർ തെരഞ്ഞെടുക്കുന്ന വാർഡു കൺവീനർമാരുടെ സഭയാണ് നിയമനിർമ്മാണം നടത്തുന്നത്. കൗൺസിലർമാർ തെരഞ്ഞെടുത്ത ചെയർമാനാണ് ഭരണസമിതിയുടെ തലവൻ. മുനിസിപ്പൽ സെക്രട്ടറിക്കാണ് ഭരണ നിർവഹണ ചുമതല. 3 മുതൽ 5 ലക്ഷം വരെ ജനസംഖ്യയുള്ള പ്രദേശമാണ് മുനിസിപ്പാലിറ്റികൾ.

ക്രോഡീകരണ ശേഷം ടി.ബിയിൽ നൽകിയ പട്ടിക പൂർത്തിയാക്കട്ടെ.

**അസൈൻമെന്റ്**

- സ്വന്തം ജില്ലയുടെ ഭൂപടം പരിശോധിച്ച് അതിലുൾപ്പെടുന്ന ബ്ലോക്കുകൾ, മുനിസിപ്പാലിറ്റികൾ ഇവ കണ്ടെത്തി അടയാളപ്പെടുത്തുക. വിദ്യാലയം സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലാണെങ്കിൽ അതുൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത്, അതിലുൾപ്പെടുന്ന മറ്റു പഞ്ചായത്തുകൾ ഇവ കണ്ടെത്തുക.

**പ്രവർത്തനം- 5 നിറയുന്ന ഭൂപടം**

ജില്ലയുടെ ഭൂപടം ട്രെയ്സ് ചെയ്ത് ടെക്സ്റ്റ്ബുക്കിൽ നിർദ്ദേശിച്ച പ്രവർത്തനം ചെയ്യട്ടെ.

ഈ പ്രവർത്തനം ചെയ്യാൻ ആവശ്യമായ റഫറൻസ് ഗ്രന്ഥങ്ങൾ, മാപ്പുകൾ, മറ്റുവിവരങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കണം. തയ്യാറാക്കിയ മാപ്പുകൾ കുട്ടികൾ തമ്മിൽ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ.

**പ്രവർത്തനം- 6 നിറയുന്ന ഭൂപടം-ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി**

ടി.ബി യിൽ നൽകിയിട്ടുള്ള പ്രവർത്തനം ചെയ്യട്ടെ. സ്വന്തം പഞ്ചായത്തിലെ വികസന-വിഭവ ഭൂപടങ്ങൾ മുൻകൂട്ടി ശേഖരിക്കുകയും റഫറൻസിനായി ആവശ്യമായ കോപ്പികൾ കുട്ടികൾക്ക് ലഭ്യമാക്കണം. ഗ്രൂപ്പ് പ്രവർത്തനമായി ചെയ്താൽ മതി.

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ പട്ടികപ്പെടുത്തുകയും സ്കെച്ചിൽ രേഖപ്പെടുത്താനുള്ള സൂചകങ്ങളും മുൻക്ലാസിൽ പഠിച്ചിട്ടുള്ളത് ഇവിടെ ഉപയോഗപ്പെടുത്താം.

- ആശുപത്രികൾ
- വിദ്യാലയങ്ങൾ
- വായനശാലകൾ
- വില്ലേജ് ഓഫീസ്
- പഞ്ചായത്ത് ഓഫീസ്

തുടങ്ങിയ പ്രധാനപ്പെട്ട പൊതുസ്ഥാപനങ്ങൾ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും. ഗ്രൂപ്പുകൾ തയ്യാറാക്കിയ ഭൂപടങ്ങൾ കൈമാറി നൽകി മെച്ചപ്പെടുത്തണം. പിന്നീട് ക്ലാസ്സിൽ പ്രദർശിപ്പിക്കണം. ഓരോ ഗ്രൂപ്പും വ്യത്യസ്തമായി ചെയ്തവ പരിശോധിച്ച് ആധികാരിക രേഖകളുടെ സഹായത്തോടെ പരിഷ്ക്കരിക്കേണ്ടത് ടീച്ചറുടെ കടമയാണ്. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി കുട്ടി ഉൾപ്പെടുന്ന പ്രദേശത്തെ ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്-ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നേതൃത്വം നൽകുന്ന പ്രസിഡന്റ്/ചെയർമാൻ, വാർഡുഡിവിഷൻമെമ്പർ എന്നിവരുടെ ലിസ്റ്റുകൾ തയ്യാറാക്കാനുള്ള അസൈൻമെന്റ് നൽകാം. (വിവരങ്ങൾ എവിടെ നിന്ന് ലഭ്യമാകുമെന്ന് കുട്ടികൾ വിവരം നൽകണം)

| ജില്ല | ജില്ലാ പഞ്ചായത്ത് വാർഡുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | | ഗ്രാമ പഞ്ചായത്തുകൾ | | നഗരസഭകൾ | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | കോർപ്പറേഷനുകൾ | | മുനിസിപ്പാലിറ്റികൾ | |
| | | എണ്ണം | വാർഡുകൾ | എണ്ണം | വാർഡുകൾ | എണ്ണം | വാർഡുകൾ | എണ്ണം | വാർഡുകൾ |
| തിരുവനന്തപുരം | 28 | 12 | 160 | 78 | 1332 | 1 | 86 | 4 | 135 |
| കൊല്ലം | 27 | 12 | 163 | 71 | 1226 | 1 | 52 | 2 | 61 |
| പത്തനംതിട്ട | 17 | 9 | 110 | 54 | 757 | - | - | 3 | 90 |
| ആലപ്പുഴ | 23 | 12 | 147 | 73 | 1113 | - | - | 5 | 172 |
| കോട്ടയം | 23 | 11 | 142 | 75 | 1151 | - | - | 4 | 118 |
| ഇടുക്കി | 16 | 8 | 96 | 52 | 750 | - | - | 1 | 32 |
| എറണാകുളം | 28 | 15 | 185 | 88 | 1363 | 1 | 71 | 8 | 229 |
| തൃശൂർ | 30 | 17 | 209 | 92 | 1481 | 1 | 52 | 6 | 170 |
| പാലക്കാട് | 29 | 13 | 173 | 91 | 1451 | - | - | 4 | 139 |
| മലപ്പുറം | 32 | 14 | 210 | 102 | 1845 | - | - | 5 | 198 |
| കോഴിക്കോട് | 28 | 12 | 165 | 78 | 1326 | 1 | 55 | 2 | 85 |
| വയനാട് | 16 | 3 | 46 | 25 | 434 | - | - | 1 | 25 |
| കണ്ണൂർ | 26 | 9 | 133 | 81 | 1264 | - | - | 6 | 227 |
| കാസർഗോഡ് | 16 | 4 | 65 | 39 | 646 | - | - | 2 | 75 |
| **ആകെ : 14** | **339** | **152** | **2004** | **999** | **16139** | **5** | **316** | **53** | **1756** |

- എന്റെ ജില്ലയിൽ എത്ര തദ്ദേശഭരണസ്ഥാപനങ്ങൾ ഉണ്ട്?
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം, ജില്ലയുടെ വിസ്തൃതി/ജനസംഖ്യയുമായുള്ള ബന്ധം
- തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് ആകെ എത്ര ജനപ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടുന്നു?

ഇവ കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. ഗ്രൂപ്പു പ്രവർത്തനം.

**ക്രോഡീകരണം**

ജനാധിപത്യ സംവിധാനത്തിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതാണ് പഞ്ചായത്തീ രാജ്/നഗരപാലികാനിയമങ്ങൾ. കൂടുതൽ ജനപ്രതിനിധികൾ, ഭരണ സ്ഥാപനങ്ങൾ ഇവയിലൂടെ ജനങ്ങളുടെ അഭിപ്രായം ഭരണത്തിൽ/വികസനപ്രവർത്തനങ്ങളിൽ ഉണ്ടാകുന്നു. അഴിമതിയും, കെടുകാര്യസ്ഥയും ഒഴിവാക്കാൻ സാഹയകമാകുന്നു. സുതാര്യമായ പദ്ധതി നിർവ്വഹണത്തിനും വികസന പ്രവർത്തനങ്ങൾക്കും സാധ്യത ഒരുക്കുന്നു.

***അനുബന്ധ വിവരം- പഞ്ചായത്തുകളുടെ രൂപീകരണവും അംഗസംഖ്യയും***

2001-ലെ ജനസംഖ്യാകണക്കെടുപ്പനുസരിച്ച് പഞ്ചായത്തു ഡയറക്ടർ ഉത്തരവിൻ പ്രകാരം 999 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്കുപഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും പ്രവർത്തിക്കുന്നു. ബ്ലോക്കുപഞ്ചായത്തുകളിൽ 12-22 വരെ അംഗങ്ങളും ജില്ലാപഞ്ചായത്തിൽ 16-32 വരെ അംഗങ്ങളുമാണ് ഉള്ളത്.

**പ്രവർത്തനം- 8 അധികാരങ്ങളും ചുമതലകളും**

- പഞ്ചായത്തിന്/മുനിസിപ്പാലിറ്റിക്ക് എന്തൊക്കെ അധികാരങ്ങളുണ്ട്?
- കുട്ടികൾ തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ ലിസ്റ്റ് ചെയ്യട്ടെ.
- പൊതു അവതരണം. പട്ടികപ്പെടുത്തൽ
- ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ ഓഫീസ് സന്ദർശനം
    - പ്രസിഡന്റുമായുള്ള അഭിമുഖം - ചോദ്യാവലി
    - സെക്രട്ടറിയുമായുള്ള അഭിമുഖം - ചോദ്യാവലി

ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ചുമതലകൾ: - ഓരോ ഗ്രൂപ്പും തയ്യാറാക്കി പൊതു അവതരണം - പൊതു ലിസ്റ്റ് തയ്യാറാക്കൽ

- ടീച്ചർ പഞ്ചായത്തീരാജ്ബില്ലിലെ/ നഗരപാലികാ ബില്ലിലെ ചുമതലകൾ വിവരിക്കുന്ന ഭാഗം നൽകി കുട്ടികൾ തയ്യാറാക്കിയ ലിസ്റ്റിലെ കാര്യങ്ങളും നിയമം നിർവഹിക്കുന്ന അധികാരങ്ങളും തമ്മിലുള്ള വ്യത്യാസം/സാമ്യം ചർച്ച ചെയ്യട്ടെ.

**ക്രോഡീകരണം**

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരങ്ങൾ, ചുമതലകൾ ഇവയെപ്പറ്റി ഏകദേശധാരണ കുട്ടികൾക്ക് ഉണ്ടാകണം. നിയമപരമായി നൽകിയിട്ടുള്ള അധികാരങ്ങളെപ്പറ്റിയും ധാരണ ഉണ്ടാകണം.

**ചുമതലകൾ**

ഗ്രാമപഞ്ചായത്തുകൾക്ക് 1999-ലെ ഭേദഗതി നിമമനുസരിച്ച് 27 അനിവാര്യചുമതലകളും 14 പൊതു ചുമതലകളും മേഖലാടിസ്ഥാനത്തിൽ 19 വകുപ്പുകളിൽ നിന്നുള്ള ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. ബ്ലോക്കുപഞ്ചായത്തുകൾക്ക് പൊതുവായ 3 ഉം മേഖലാടിസ്ഥാനത്തിൽ 14 ഉം വകുപ്പുകളിൽ നിന്നുള്ള ചുമതലകളുണ്ട്. ജില്ലാ പഞ്ചായത്തിന് പൊതുവായ 3 ഉം മേഖലാടിസ്ഥാനത്തിൽ 16 ചുമതലകളും ഉണ്ട്. നികുതി പിരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾക്ക് മാത്രമാണ്.

***സ്റ്റാന്റിംഗ് കമ്മിറ്റികൾ***

വിവിധ ചുമതലകൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥയുണ്ട്. 1999-ലെ ഭേദഗതി നിയമപ്രകാരം ഗ്രാമ-ബ്ലോക്കു പഞ്ചായത്തുകൾക്ക് ധനകാര്യം, വികസനം, ക്ഷേമകാര്യം എന്നിങ്ങനെ മൂന്നുവീതം സ്റ്റാന്റിംഗ് കമ്മിറ്റികളും ജില്ലാ പഞ്ചായത്തുകൾക്ക് മേൽപറഞ്ഞവ കൂടാതെ പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും എന്നിവ കൂടി ചേർത്ത് അഞ്ച് സ്റ്റാന്റിംഗ് കമ്മിറ്റികളും ഉണ്ടാകും. 2000 ഒക്ടോബർ-1 ന് നിലവിൽ വന്ന നിയമപ്രകാരം ഒരു പഞ്ചായത്തിലെ എല്ലാ അംഗങ്ങളും ഏതെങ്കിലും ഒരു കമ്മിറ്റിയിൽ അംഗമായിരിക്കും. വൈസ്പ്രസിഡന്റ് ധനകാര്യകമ്മിറ്റിയുടെ ചെയർമാനാണ്. പ്രസിഡന്റ് എല്ലാ കമ്മിറ്റിയിലും അംഗമാണ്.

മുനിസിപ്പാലിറ്റികളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ജില്ലാ പഞ്ചായത്തിലേതുപോലെതന്നെയാണ്. കോർപ്പറേഷൻ ഭരണസമിതിയിൽ നഗരാസൂത്രണം, നികുതി/അപ്പീൽ കാര്യങ്ങൾ എന്നീ രണ്ടു കമ്മിറ്റികൾ കൂടിച്ചേർത്ത് 7 സ്റ്റാന്റിംഗ് കമ്മിറ്റികളുണ്ട്.

## ജില്ലാ ആസൂത്രണ സമിതി

ഓരോ തദ്ദേശസ്ഥാപനങ്ങളുടെയും ഭൂപരമായ പരിധിയും സാമ്പത്തിക പരിധിയും പരിമിതമായിരിക്കാം. അതുകൊണ്ടുതന്നെ പലപ്പോഴും ഒന്നിലധികം സ്ഥാപനങ്ങൾ ചേർന്നുകൊണ്ടുള്ള പദ്ധതികളുടെ ആസൂത്രണവും ഏകോപനവും ആവശ്യമായിവരും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജില്ല ഒന്നായുള്ള വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള വേദി എന്ന നിലയിലാണ് ജില്ലാ ആസൂത്രണസമിതിയെ കാണേണ്ടത്. പാഠഭാഗത്തെ കുറിപ്പ് കുട്ടികൾ വായിക്കട്ടെ. ആവശ്യമായ കൂട്ടിച്ചേർക്കലുകൾ ആവാം.

**പ്രവർത്തനം-9**

**ജില്ലാ ആസൂത്രണ സമിതി**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും ജില്ലാ കലക്ടർ ചെയർമാനുമാണ്. ഓരോ ഗ്രാമ പഞ്ചായത്തും ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് വാർഷിക പദ്ധതികൾ തയ്യാറാക്കി ഒരു കോപ്പി ജില്ലാ ആസൂത്രണ സമിതിക്ക് നൽകുന്നു. അതിന്റെ പകർപ്പ് ബന്ധപ്പെട്ട ബ്ലോക്കുപഞ്ചായത്തിന് നൽകുന്നു. ഇവ പരിഗണിച്ചുകൊണ്ട് ബ്ലോക്കുപഞ്ചായത്തിന്റെ പദ്ധതികൾ തയ്യാറാക്കി ഒരു കോപ്പി ജില്ലാ ആസൂത്രണ സമിതിക്കും പകർപ്പ് ജില്ലാ പഞ്ചായത്തിനും നൽകുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്തിൽ നിന്നുള്ള പദ്ധതികൾ കൂടി പരിഗണിച്ച് ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി തയ്യാറാക്കുകയും ജില്ലാ ആസൂത്രണ സമിതിക്ക് നൽകുകയും ചെയ്യുന്നു.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനും ഇതുപോലെ വാർഷിക പദ്ധതികൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നേരിട്ട് നൽകുകയും അംഗീകാരം നേടുകയും ചെയ്യുന്നു.

**പ്രവർത്തനം- 10 തദ്ദേശസ്ഥാപനങ്ങളും വരുമാനവും**

പ്രവർത്തന നിർദ്ദേശം : പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നൽകുന്ന നികുതികൾ ഏതെല്ലാമെന്ന് അന്വേഷിച്ച് വരാൻ നിർദ്ദേശിക്കാം. രശീത്കൊണ്ടുവരാൻ കഴിയുമെങ്കിൽ അതുമാകാം. ലഘുചർച്ചയ്ക്ക് ശേഷം പാഠഭാഗം കുട്ടികൾ വായിക്കട്ടെ.

- ഏതെല്ലാം നികുതികളാണ് അടയ്ക്കുന്നത്?
- നികുതികൾ കൂടാതെ എന്തെല്ലാം വരുമാനമാർഗങ്ങളാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ളത്?
- തദ്ദേശഭരണ സ്ഥാപനത്തിനു ലഭിക്കുന്ന നികുതി എങ്ങനെ ചെലവഴിക്കുന്നു.
- നികുതി/ഫീസുകൾ പിരിക്കാതിരുന്നാൽ വരുന്ന പ്രയാസങ്ങൾ

മുകളിൽ കൊടുത്ത കാര്യങ്ങൾ വിശദമാക്കുന്ന രീതിയിൽ ഒരു ചോദ്യാവലി തയ്യാറാക്കി തൊട്ടടുത്ത തദ്ദേശ ഭരണസ്ഥാപനത്തിൽ നിന്നും വിവരശേഖരണം നടത്തുക. ഇതിന് ഒരു സംഘത്തെ ചുമതലപ്പെടുത്തിയാൽമതി.

- ഇതോടൊപ്പം കഴിഞ്ഞ സാമ്പത്തിക വർഷത്തെ തദ്ദേശ ഭരണസ്ഥാപനത്തിന്റെ വിവിധ ഇനങ്ങളിലുള്ള വരുമാനം, ചെലവുകൾ ഇവയും ശേഖരിക്കണം.
- തുടർന്ന് ലഭിച്ച വിവരങ്ങൾ ക്ലാസ്സിൽ വിശകലനം ചെയ്യുന്നു.
- തദ്ദേശ ഭരണസ്ഥാപനത്തിന്റെ വരുമാനം, ചെലവുകൾ ഇവ സംബന്ധിച്ച ധാരണകൾ കുട്ടികൾ അവതരിപ്പിക്കട്ടെ.

സംശയനിവാരണത്തിന് പഞ്ചായത്ത് സെക്രട്ടറി/നിയോഗിക്കുന്ന ആൾ - ആയി അഭിമുഖവും നടത്താം.

**ക്രോഡീകരണം**

തദ്ദേശ ഭരണസ്ഥാപനത്തിന്റെ വരവുചെലവുകളെപ്പറ്റി ധാരണ ലഭിക്കൽ.

***റഫറൻസ് ബുക്ക്***

1. **കേരള പഞ്ചായത്തീ രാജ് നിയമങ്ങളും ചട്ടങ്ങളും**
   ലോ ബുക്ക്സ് - എറണാകുളം
2. **കേരള മുനിസിപാലിറ്റീസ് ആക്ടും ചട്ടങ്ങളും**
   ലോ ബുക്സ് - എറണാകുളം
3. **പഞ്ചായത്തീരാജിന്റെ തിരുമുറ്റത്ത്**
   ശ്രീ. രാജു നാരായണ സ്വാമി- ഐ.എ.എസ്
4. **പഞ്ചായത്ത് വികസന ഗൈഡ്- 2008**
   തദ്ദേശ സ്വയംഭരണ വകുപ്പ്.

•

# 7. നാട് വരയ്ക്കാം

പ്രശ്നമേഖല : **വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ**

**ഉപപ്രശ്നം** :

- ഭൂപരമായ സവിശേഷതകളെ വിശകലനം ചെയ്യുന്നതിൽ ഗ്ലോബ്, ഭൂപടം എന്നിവയുടെ പങ്ക് തിരിച്ചറിയാനാവാത്ത അവസ്ഥ

**പഠനലക്ഷ്യങ്ങൾ** :

- ഭൂമിശാസ്ത്രപഠനോപാധികൾ എന്ന നിലയ്ക്ക് ഗ്ലോബ്, ഭൂപടം എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുന്നതിന്.
- ഗ്ലോബ്, ഭൂപടം എന്നിവ ഉപയോഗിച്ച് ഭൂപരമായ വിവരങ്ങളെ വിശകലനം ചെയ്യുന്നതിന്.
- ഈ സങ്കേതങ്ങൾ ഉപയോഗിച്ച് ഭൂപരമായ ആശയങ്ങളെ പ്രകടിപ്പിക്കുന്നതിന്.

# സിലബസ് ഗ്രിഡ്

## 7. നാട് വരയ്ക്കാം

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഭൂപടം, ഗ്ലോബ് | • തന്റെ പ്രദേശത്തിന്റെ രൂപരേഖ തയാറാക്കുന്നതിനുള്ള ധാരണ.<br>• തന്റെ പ്രദേശത്തെ ദിക്കുകൾ പാലിച്ചുകൊണ്ട് ചിത്രീകരിക്കുന്നു.<br>• ഭൂപടങ്ങൾ തയാറാക്കുന്നത് തോത് പാലിച്ചാണ്.<br>• പ്രാദേശിക ഭൂപടങ്ങളിൽ സൂചകങ്ങൾ ഉപയോഗിച്ച് സവിശേഷതകൾ രേഖപ്പെടുത്തുന്നു. | മുൻകൂട്ടി തയാറാക്കിയ രൂപരേഖകൾ<br><br>പ്രാദേശിക ഭൂപടങ്ങൾ<br><br>വടക്കുനോക്കിയന്ത്രം | • സ്കൂളിന്റെ സ്കെച്ച് തയാറാക്കുന്നു.<br>• സൂര്യനെ അടിസ്ഥാനമാക്കി ദിക്കുകൾ കണ്ടെത്തുന്നു.<br>• വടക്കുനോക്കിയന്ത്രത്തിന്റെ സഹായത്തോടെ പരിചിതമല്ലാത്ത സ്ഥലത്തെ ദിക്കുകൾ കണ്ടെത്തുന്നു.<br>• സ്വന്തം ക്ലാസ്മുറിയുടെ രൂപരേഖ തോതു പാലിച്ചുകൊണ്ട് തയാറാക്കുന്നു.<br>• സൂചകങ്ങൾ ഉപയോഗിച്ച് പ്രാദേശികഭൂപടങ്ങളിൽ സവിശേഷതകൾ ചിത്രീകരിക്കുന്നു. | തന്റെ പ്രദേശത്തെക്കുറിച്ച് ആഴത്തിൽ മനസിലാക്കുന്നതിന്. | പരിചിതമായ ഒരുനിശ്ചിത സ്ഥലത്തിന്റെ രൂപരേഖ തോത് പാലിച്ച് തയാറാക്കുന്നു. |

## ആമുഖം

കുട്ടികൾക്ക് തന്റെ ചുറ്റുപാടിനെക്കുറിച്ച് വിവരണം തയാറാക്കുക എന്നത് പൊതുവെ എളുപ്പമായിരിക്കും. എന്നാൽ ഒരു പ്രദേശത്തിന്റെ രൂപരേഖ വരച്ചു തയാറാക്കുന്നത് അത്ര എളുപ്പമായിരിക്കില്ല. കുട്ടികൾ നാല്, അഞ്ച് ക്ലാസുകളിൽ കേരളത്തിന്റെയും ഇന്ത്യയുടെയും ഭൂപടങ്ങൾ പരിചയപ്പെട്ടിട്ടുണ്ട്. ഭൂപടങ്ങൾ ഉപയോഗിക്കുമ്പോൾ കുട്ടികളെക്കുറിച്ചുള്ള പ്രാഥമിക ധാരണകൾ ആവശ്യമാണ്. തന്റെ പ്രദേശത്തിന്റെ രൂപരേഖ തയാറാക്കുന്നതിനും വിവിധ ഭൂപടങ്ങൾ പരിശോധിച്ച് തോത് എന്ന ആശയം വ്യക്തമാക്കുന്നിനും ഉദ്ദേശിച്ചാണ് ഈ അധ്യായം തയാറാക്കിയിട്ടുള്ളത്.

ഒരു പ്രദേശത്തെ കെട്ടിടങ്ങൾ, മരങ്ങൾ, റോഡുകൾ തുടങ്ങിയ സവിശേഷതകൾ ചിഹ്നങ്ങളുടെ സഹായത്തോടെ വായിച്ചെടുക്കാനും വരയ്ക്കാനും ഉള്ള അനുഭവം കുട്ടികൾക്ക് ഈ പാഠത്തിലൂടെ ലഭിക്കണം. ഈ പ്രപഞ്ചത്തിൽ തന്റെ സ്ഥാനം തിരിച്ചറിയാനും അടയാളപ്പെടുത്താനുമുള്ള കഴിവുനേടുന്നതോടെ വിശ്വമാനവൻ എന്ന സങ്കൽപ്പത്തെക്കുറിച്ച് പടിപടിയായി സ്വാംശീകരിക്കാൻ കുട്ടിക്ക് സാധ്യമാവും. തന്റേതുപോലെ മറ്റുള്ളവർക്കും അവരവരുടേതായ സ്ഥാനമുണ്ടെന്ന തിരിച്ചറിവ് ഭാവിജീവിതത്തിൽ കുട്ടികൾക്ക് ഏറെ പ്രയോജനപ്പെടും. 'വിശ്വമാനവനെന്ന കാഴ്ചപാട് രൂപപ്പെടാത്ത അവസ്ഥ' എന്ന സാമൂഹ്യപ്രശ്നത്തെ ഈ രീതിയിലാണ് പാഠഭാഗത്ത് കൈകാര്യം ചെയ്തിട്ടുള്ളത്.

### സ്കൂൾ രൂപരേഖ

സ്കൂൾ രൂപരേഖ വരയ്ക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നതിനു മുമ്പ് സ്കൂളിന്റെ ചുറ്റുമതിൽ, കെട്ടിടങ്ങൾ, കളിസ്ഥലം, വൃക്ഷങ്ങൾ മുതലായവയെക്കുറിച്ച് ടീച്ചർ ക്ലാസ്സിൽ സൂചിപ്പിക്കേണ്ടതാണ്. സൂര്യോദയം, സൂര്യാസ്തമയം, എന്നീ സ്ഥലങ്ങൾ സൂചിപ്പിച്ചുകൊണ്ട് കിഴക്ക്, പടിഞ്ഞാറ് എന്നിവ എവിടെയാണെന്ന് ഓർമ്മിപ്പിക്കണം. ഈ പ്രവർത്തനം ചെയ്യുന്നതിനായി കുട്ടികളെ ക്ലാസ് റൂമിന് പുറത്തേക്ക് വിടാവുന്നതാണ്. ഭൂപടത്തിൽ ദിക്കുകളുടെ പ്രാധാന്യം, കെട്ടിടങ്ങൾ തമ്മിലുള്ള അകലം, വലിപ്പം എന്നിവയെക്കുറിച്ചുള്ള ധാരണകൾ ഉറപ്പിക്കുന്നതിന് വേണ്ടിയാണ് ഈ പ്രവർത്തനത്തെ ഉപയോഗപ്പെടുത്തേണ്ടത്. തുടർപ്രവർത്തനം എന്ന നിലയ്ക്ക് തന്റെ വീടും പരിസരവും ഇത്തരത്തിൽ വരയ്ക്കാൻ ആവശ്യപ്പെടാവുന്നതാണ്. പാഠഭാഗത്തു നൽകിയിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വരച്ച രൂപരേഖ വിലയിരുത്തണം. അഞ്ചുപേരുടെ ഗ്രൂപ്പിൽ രൂപരേഖകൾ പരിശോധിച്ച് മെച്ചപ്പെട്ടത് ക്ലാസിൽ ചാർട്ടിൽ വരച്ച് അവതരിപ്പിക്കണം.

ക്ലാസ്തല അവതരണത്തിനുശേഷം രൂപരേഖയിൽ എന്തെല്ലാം വസ്തുതകൾ ഇതിൽ വരുത്തേണ്ടതുണ്ട് എന്ന ചർച്ച നടത്തണം. ചർച്ചയിൽ ഉണ്ടായ ആശയങ്ങൾ ടീച്ചർ ബി.ബി. യിൽ ക്രോഡീകരിക്കണം.

- അതിർത്തികൾ വ്യക്തമാണ്.
- പ്രധാന കെട്ടിടങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്
- ദിക്കുകൾ കാണിച്ചിട്ടുണ്ട്.
- കെട്ടിടങ്ങൾ തമ്മിലുള്ള അകലം, വലിപ്പം എന്നിവ തിരിച്ചറിയുന്നുണ്ട്.

ക്ലാസ്തല ക്രോഡീകരണശേഷം തന്റെ രൂപരേഖ മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നോട്ടുബുക്കിൽ എഴുതട്ടെ. ക്ലാസ്തല ക്രോഡീകരണമായിരിക്കും കുട്ടിയുടെ നോട്ടുബുക്കിൽ ഉണ്ടാവുക. ക്രോഡീകരണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുക

ളോടെ പുതിയ രൂപരേഖ കുട്ടികൾ വരക്കട്ടെ. തുടർന്ന് കുട്ടികൾ വരച്ച രൂപരേഖയെ പാഠഭാഗത്തു നൽകിയ രൂപരേഖയുമായി താരതമ്യം ചെയ്യണം.

പാഠഭാഗത്തെ രൂപരേഖ പരിശോധിക്കുന്നതിനായി പുസ്തകത്തിലെ ചോദ്യങ്ങൾ ഉപയോഗപ്പെടുത്തണം. ഇതിലൂടെ ദിക്ക്, ദിശ എന്നിവയുടെ വ്യത്യാസത്തിലേയ്ക്ക് കുട്ടിയുടെ ശ്രദ്ധ വരണം.

**ഇടത്തോ വലത്തോ**

പാഠഭാഗത്തിൽ കൊടുത്തിട്ടുള്ള പ്രവർത്തനം ക്ലാസ്സിലെ എല്ലാകുട്ടികൾക്കും അവസരം കിട്ടത്തക്ക വിധത്തിൽ നടത്തുവാൻ ശ്രമിക്കണം. കുട്ടികൾ നിൽക്കുന്ന സ്ഥാനവും ദിക്കുമായി ബന്ധപ്പെടുന്ന പരമാവധി ചോദ്യങ്ങൾ കുട്ടികളെകൊണ്ടുതന്ന ചോദിപ്പിക്കുകയും ഉത്തരം കണ്ടെത്തുകയും വേണം. ഷാഹിന ഏത് ഭാഗത്തേക്ക് തിരിഞ്ഞാലും ദിക്കുകൾക്ക് മാറ്റം വരുന്നില്ല എന്നും. എന്നാൽ വലത്തുഭാഗത്തും ഇടത്തുഭാഗത്തും നിൽക്കുന്ന കുട്ടികൾ മാറി വരാമെന്നുമുള്ള ധാരണ ഈ പ്രവർത്തനത്തിലൂടെ കുട്ടികളിലെത്തണം.

**തെക്കും വടക്കും**

ഇടത്തോ വലത്തോ എന്ന പ്രവർത്തനത്തിന്റെ തുടർച്ചയായി അഷ്ടദിക്കുകൾ പരിചയപ്പെടുത്തുന്നതിനായി ഈ പ്രവർത്തനം ഉപയോഗിക്കാം. പാഠപുസ്തകത്തിലെ കുട്ടികളുടെ സ്ഥാനം നോട്ടുപുസ്തകത്തിലേക്ക് പകർത്തി. പട്ടിക പൂരിപ്പിക്കണം.

നിത്യജീവിതത്തിൽ എട്ടുദിക്കുകളും ഉപയോഗപ്പെടുത്തേണ്ട സന്ദർഭങ്ങൾ പരിചയപ്പെടുത്തണം. ഇത്തരം സന്ദർഭങ്ങളുണ്ടോ എന്ന് കുട്ടികളോടു ചോദിക്കാവുന്നതാണ്. തുടർന്ന് സ്കൂൾ വളപ്പിലെ മരത്തിന്റെ (മറ്റേതെങ്കിലും വസ്തുക്കളോ) സ്ഥാനം പറയാനാവശ്യപ്പെടുന്നു. ഇതുപോലെ നാലുമൂലകളും വ്യാഖ്യാനിക്കാനവസരം നൽകാവുന്നകാണ്.

## വടക്കുനോക്കിയന്ത്രം

ദിക്ക് മനസ്സിലാക്കുന്നതിനായി നമ്മൾ പല മാർഗ്ഗങ്ങളും ഉപയോഗിക്കാറുണ്ടെങ്കിലും ദിക്ക് നിർണയിക്കുന്നതിന് വടക്കുനോക്കിയന്ത്രത്തിന്റെ ഉപയോഗം പരിചയപ്പെടുത്തുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. വടക്കുനോക്കിയന്ത്രം ഉപയോഗിച്ച് സ്കൂൾ കെട്ടിടം, മരങ്ങൾ എന്നിവയുടെ ദിക്കുകൾ കണ്ടെത്താനുള്ള അവസരം കുട്ടികൾക്ക് നൽകേണ്ടതാണ്.

പകൽ സമയങ്ങളിൽ കിഴക്കും പടിഞ്ഞാറും സൂര്യനെ അടിസ്ഥാനമാക്കി കണ്ടെത്താനാവും. എന്നാൽ തെക്കും വടക്കും എങ്ങനെയാണ് തിരിച്ചറിയുക എന്ന പ്രശ്നം കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കണം. പൊതുവായി സ്വീകരിക്കുന്ന ചില രീതികൾ പറയട്ടെ.

- കിഴക്കോട്ട് അഭിമുഖമായി നിൽക്കുന്ന കുട്ടിയുടെ വലതുവശം തെക്കും ഇടതുവശം വടക്കുമായിരിക്കും.
- 

വടക്കുനോക്കിയന്ത്രം എല്ലാ കുട്ടികൾക്കും പരിചയപ്പെടാനും ഉപയോഗിക്കാനുമുള്ള അവസരം നൽകണം.

മെച്ചപ്പെടുത്തി വരച്ച രൂപരേഖ ദിക്കുകൾ കൃത്യമാക്കുന്ന തരത്തിൽ മേശപ്പുറത്തു വരക്കട്ടെ. അതിനുമുകളിൽ വടക്കുനോക്കിയന്ത്രം വച്ച് രൂപേഖയിലെ ദിക്കുകൾ കൃത്യമാണോ എന്നു വിലയിരുത്തട്ടെ. (സയൻസ് ലാബിൽ വടക്കുനോക്കിയന്ത്രം ലഭ്യമാണ്)

## ആദ്യകാല ഭൂപടങ്ങൾ



പാഠഭാഗത്ത് തന്നിട്ടുള്ള കുറിപ്പുകൾ വായിച്ച് മുൻകാല ജനവിഭാഗങ്ങൾക്ക് ഭൂപടം എന്തൊക്കെ പ്രയോജനങ്ങളാണ് ഉണ്ടാക്കിയതെന്ന ചർച്ച ക്ലാസ് അടിസ്ഥാനത്തിൽ നടത്തി പ്രധാന ആശയങ്ങൾ ബി.ബി. യിൽ ക്രോഡീകരിക്കണം.

## എത്ര ദൂരം

കുട്ടികളോട് ഏതെങ്കിലും ഒരു വസ്തുവിന്റെ ചിത്രം വരക്കാൻ ആവശ്യപ്പെടുന്നു. (ഉദാ:- കാർ, ബസ്, ബോർഡ്) സ്വാഭാവികമായും വസ്തുക്കളെ യഥാർത്ഥ വലിപ്പത്തിലായിരിക്കില്ല വരച്ചിട്ടുണ്ടാവുക. ചിത്രത്തിൽ നിന്നും വസ്തുവിന്റെ യാഥാർത്ഥ വലിപ്പം തിരിച്ചറിയാനാവുന്നുണ്ടോ എന്ന ചോദ്യമുയർത്തുന്നു. യഥാർത്ഥ വലിപ്പം ഇല്ലെങ്കിലും രൂപം മനസ്സിലാക്കാൻ ചിത്രം സഹായിക്കുന്നു. ഇതെങ്ങനെ സാധ്യമാവുന്നു? കുട്ടികൾ അവരവരുടെ അഭിപ്രായം പറയട്ടെ. ഈ പ്രശ്നത്തെ പരിഹരിക്കുന്നതിന് നൽകിയിട്ടുള്ള പ്രവർത്തനമാണ് പാഠഭാഗത്തെ 'എത്ര ദൂരം' എന്ന ഭാഗം.

ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ കുട്ടിയിൽ രൂപപ്പെടേണ്ട ആശയം "തോതുപാലിച്ചാണ് ഭൂപടം തയാറാക്കുന്നത് എന്നതാണ്."

പ്രവർത്തനങ്ങൾ ചെയ്തതിനുശേഷം ടീച്ചർ ക്രോഡീകരിക്കേണ്ടതാണ് പാഠഭാഗത്ത് ബോക്സിൽ നൽകിയിട്ടുള്ളത്.

## അളന്നുവരയ്ക്കാം

കുട്ടികൾ സ്വന്തം ക്ലാസ്മുറിയുടെ രൂപരേഖ വ്യക്തിഗതമായി വരക്കട്ടെ. അതിൽ സ്വന്തം സ്ഥാനവും വസ്തുക്കളും രേഖപ്പെടുത്തട്ടെ. ഏതാനുംപേർ അവതരിപ്പിക്കുന്നു.

- രൂപരേഖയിൽ ക്ലാസിന്റെ വാതിലും കുട്ടിയുടെ സ്ഥാനവും കൃത്യതയോടെ മനസിലാവുന്നുണ്ടോ?
- ബ്ലാക്ക്ബോർഡും കുട്ടിയുടെ സ്ഥാനവും തമ്മിലുള്ള അകലം എത്രത്തോളം കൃത്യതയുണ്ട്?
- കാറും ബസും വരച്ചതിൽ നിന്നും രൂപരേഖ വരച്ചപ്പോഴുള്ള വ്യത്യാസം എന്ത്?

മേൽചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ തുടർന്ന് ക്ലാസ്മുറി പാഠപുസ്തകത്തിൽ നൽകിയിട്ടുള്ളതുപോലെ തോത് പാലിച്ച് ചിത്രീകരിക്കുക.

**ക്രോഡീകരണം**

തോത് പാലിച്ച് തയ്യാറാക്കുന്ന ചിത്രത്തിൽ രണ്ടു സ്ഥാനങ്ങൾ തമ്മിലുള്ള യഥാർത്ഥ ദൂരം/ അകലം കണ്ടുപിടിക്കാൻ കഴിയുന്നു. ഇങ്ങനെ തോത് പാലിച്ച് വരച്ച ഭൂപടത്തിലെ രണ്ടു ബിന്ദുക്കൾ തമ്മിലുള്ള അകലം രണ്ടു സ്ഥലത്തെ യഥാർത്ഥ അകലത്തിന് ആനുപാതികമായിരിക്കും.

## പ്രാദേശിക ഭൂപടം

കുട്ടികൾ ആദ്യം വരച്ച രൂപരേഖയിൽ മരങ്ങൾ, കിണർ എന്നിവയ്ക്ക് അനുയോജ്യമായ ചിഹ്നങ്ങൾ കൊടുക്കുവാനാവശ്യപ്പെടുക. അതിനുശേഷം പുസ്തകത്തിൽ കൊടുത്തിട്ടുള്ള പ്രാദേശികഭൂപടത്തിൽ ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങൾ വിശകലനം ചെയ്യുവാനുള്ള അവസരം കൊടുക്കണം. അവയ്ക്ക് പകരം നൽകാവുന്ന ചിഹ്നങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തി നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തുക.

# 8. അധ്വാനം സമ്പത്ത്

| | | |
|---|---|---|
| പ്രശ്നമേഖല | : | **അധ്വാനശേഷി വികാസത്തിന്റെ അഭാവം** |
| ഉപപ്രശ്നം | : | • പരമ്പരാഗതതൊഴിൽമേഖല നേരിടുന്ന ഭീഷണി, അവ പരിഹരിക്കാനുള്ള മാർഗങ്ങൾ എന്നിവയെക്കുറിച്ച് ധാരണയില്ലായ്മ. |
| പഠനലക്ഷ്യങ്ങൾ | : | • പരമ്പരാഗതതൊഴിൽമേഖലകളിൽ അറിവുകളുടെ കൈമാറ്റത്തെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തുന്നതിനും തന്റേതായ രീതിയിൽ അവതരിപ്പിക്കുന്നതിനും. |

- അതാത് പ്രദേശങ്ങളിൽ പരമ്പരാഗതതൊഴിൽമേഖല രൂപപ്പെടാനിടയായ സാഹചര്യങ്ങൾ വിശകലനം ചെയ്യുന്നതിനും സമൂഹത്തിൽ ചെലുത്തിയ സ്വാധീനം തിരിച്ചറിയുന്നതിനും.
- തന്റെ പ്രദേശത്തെ പരമ്പരാഗതതൊഴിൽ മേഖലകളുടെ തകർച്ചയ്ക്കിടയാക്കിയ സാഹചര്യം അന്വേഷിച്ചറിയുന്നതിന്.
- പരമ്പരാഗതതൊഴിൽമേഖലകൾ സാമൂഹ്യമാറ്റത്തിന് അനുസൃതമായി നിലനിർത്തേണ്ടതിന്റെ ആവശ്യകത വിമർശനാത്മകമായി വിലയിരുത്തുന്നതിന്.
- മനുഷ്യവിഭവശേഷിയുടെ പരമാവധി ഉപയോഗം വികസനത്തിന് വേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണെന്ന് തിരിച്ചറിയുന്നതിന്.
- പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെ ഉപയോഗവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നതിന്.
- പരമ്പരാഗതതൊഴിൽമേഖലയിൽ ശാസ്ത്രസാങ്കേതികനേട്ടങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയാലുള്ള നേട്ടങ്ങൾ തിരിച്ചറിയുന്നതിന്.

## സിലബസ് ഗ്രിഡ്

### 8. അധ്വാനം സമ്പത്ത്

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| പരമ്പരാഗത തൊഴിൽമേഖല | • അറിവുകളും സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട് വികസിച്ചുവന്നതാണ് പരമ്പരാഗത തൊഴിലുകൾ.<br>• തനിമയാർന്ന സാങ്കേതികവിദ്യകളുടെ ഉപയോഗം പരമ്പരാഗത തൊഴിലുകളുടെ പ്രത്യേകതയാണ്. | • വൈവിധ്യങ്ങളായ പരമ്പരാഗത തൊഴിലുകളുടെ ചിത്രങ്ങൾ, ഉൽപന്നങ്ങൾ.<br>• വായനാക്കുറിപ്പുകൾ<br>• പരമ്പരാഗതമേഖലയിൽ പ്രയോജനപ്പെടുത്തുന്ന സാങ്കേതിക വിദ്യകൾ, അറിവുകൾ എന്നിവയെക്കുറിച്ചുള്ള വായനാക്കുറിപ്പുകൾ | • വായനാക്കുറിപ്പുകൾ<br>• പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട വിവരങ്ങൾ, അഭിമുഖക്കുറിപ്പുകൾ.<br>• തന്റെ പ്രദേശത്ത് നിലനിൽക്കുന്ന പരമ്പരാഗത തൊഴിലുകളുടെ വിശദാംശങ്ങൾ, പട്ടിക.<br>• വായനാക്കുറിപ്പുകൾ, ഫീൽഡ് ട്രിപ്പ് എന്നിവയിലൂടെ വിവരശേഖരണം, കുറിപ്പു തയാറാക്കൽ, ചിത്രങ്ങൾ നിരീക്ഷിച്ച് വിവരശേഖരണം. | • പരമ്പരാഗത തൊഴിലിനോടും തൊഴിലാളികളോടുമുള്ള ബഹുമാനം<br>• പരിസര സൗഹൃദ ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതിനും അതിനുള്ള പ്രേരണ മറ്റുള്ളവരിൽ ഉണ്ടാക്കുന്നതിനുമുള്ള മനോഭാവം. | പരമ്പരാഗത തൊഴിൽ മേഖലയും നാടൻ സാങ്കേതിക വിദ്യയും തമ്മിൽ ഏതു രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു?<br>പരസ്പരാശ്രയത്തിലൂന്നിയാണ് പരമ്പരാഗത തൊഴിലുകൾ വളർന്നുവന്നതും നിലനിൽക്കുന്നതും എന്നു പറയുന്നതിന്റെ തെളിവുകൾ എന്ത്? |
| പരമ്പരാഗത തൊഴിലുകളും പരിസ്ഥിതിയും | • പരമ്പരാഗത തൊഴിലുകൾ പരിസര സൗഹൃദപരമാണ്.<br>• പരസ്പരാശ്രയത്വത്തിലൂടെയാണ് ഓരോ പരമ്പരാഗത തൊഴിലും നിലനിൽക്കുന്നത്.<br>• സമൂഹത്തിലെ വിവിധങ്ങളായ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ പരമ്പരാഗത തൊഴിലുകൾക്ക് മുഖ്യ സ്ഥാനമുണ്ടായിരുന്നു.<br>• വിവിധ ജില്ലകളിലായി കേരളത്തിൽ ധാരാളം പരമ്പരാഗത വ്യവസായങ്ങൾ ഉണ്ട്.<br>• വിവിധങ്ങളായ ഉല്പന്നങ്ങളാണ് പരമ്പരാഗതവ്യവസായത്തിലൂടെ ഉല്പാദിപ്പിക്കുന്നത്<br>• കേരളത്തിലെ പരമ്പരാഗതവ്യവസായമാണ് കയർ<br>• ഭൂപരമായ പ്രത്യേകതകൾ പരമ്പരാഗത തൊഴിലുകളുടെ വികസനത്തിന് ഇടയാക്കി. | • വായനാക്കുറിപ്പുകൾ, ചിത്രങ്ങൾ എന്നിവയിൽ നിന്നുള്ള വിവരശേഖരണം<br>• പ്രാദേശികമായുള്ള അന്വേഷണത്തിലൂടെയുള്ള വിവരശേഖരണം.<br>• പട്ടിക, വായനാക്കുറിപ്പ്<br>• ഭൂപടം (കേരളം)<br>• ഭൂപടം (ജില്ല)<br>• വായനാക്കുറിപ്പ് | • ചുമർപ്പതിപ്പു തയാറാക്കുന്നു.<br>• വിവരശേഖരണം നടത്തി കുറിപ്പുകൾ തയാറാക്കുന്നു.<br>• ചർച്ചയിലൂടെ അറിവുകൾ പങ്കുവയ്ക്കുന്നു.<br>• ഭൂപടവായനയിലൂടെ നേടിയ അറിവുകൾ പട്ടികപ്പെടുത്തുന്നു.<br>• അന്വേഷണത്തിലൂടെ കണ്ടെത്തിയ കൂടുതൽ കാര്യങ്ങൾ ചേർത്ത് പട്ടിക വിപുലീകരിക്കുന്നു. ജില്ലാ ഭൂപടത്തിൽ രേഖപ്പെടുത്തുന്നു.<br>• വായനാക്കുറിപ്പിൽ നിന്ന് ആശയം ഗ്രഹിക്കുന്നു.<br>• ചർച്ചയിലൂടെ ആശയം വിപുലപ്പെടുത്തുന്നു.<br>• കുറിപ്പു തയാറാക്കുന്നു. | • പരമ്പരാഗത തൊഴിൽ മേഖല സംരക്ഷിക്കപ്പെടേണ്ടതാണെന്ന മനോഭാവം. | പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഭൂപരമായ പ്രത്യേകതകൾ കൂടി വ്യാപകമായിട്ടുണ്ട് എന്നു സമർത്ഥിക്കുക.<br>സാമൂഹ്യ ഘടനയിൽ വന്ന മാറ്റവും മാറിയ ഉപഭോഗ സംസ്കാരവും പരമ്പരാഗത തൊഴിൽ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

# സിലബസ് ഗ്രിഡ്

## 8. അധ്വാനം സമ്പത്ത്

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| | • പരമ്പരാഗത തൊഴിൽ മേഖല കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. | | | | |
| പരമ്പരാഗത തൊഴിൽ മേഖലയുടെ ഇന്നത്തെ അവസ്ഥ | • പരമ്പരാഗത തൊഴിലുകൾ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്.<br>• മാറിയ സാമൂഹിക വ്യവസ്ഥിതിയും ഉപഭോഗസംസ്കാരവും പരമ്പരാഗതമേഖലയുടെ തകർച്ചയ്ക്ക് ഇടയാക്കിയിട്ടുണ്ട്.<br>• പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്നതിൽ തന്റേതായ പങ്ക് നിർവഹിക്കാനുണ്ട് എന്ന തിരിച്ചറിവ്. | • വായനാസാമഗ്രി – പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയ്ക്കിടയാക്കിയ കാരണങ്ങൾ<br>• അനുഭവക്കുറിപ്പ്.<br>• ക്ലാസ്തല ചർച്ച. | • വായനാസാമഗ്രിയുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തുന്നു. തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.<br>• നിർദേശങ്ങൾ സൂചിപ്പിക്കുന്ന കുറിപ്പുകൾ തയാറാക്കുന്നു. | | സർക്കാരിന്റെയും ഇതര ഏജൻസികളുടെയും ഇടപെടൽ പരമ്പരാഗതമേഖലയെ ഏതുവിധത്തിലാണ് സ്വാധീനിക്കുന്നത്. |
| സർക്കാർ സഹകരണ സംഘങ്ങൾ ഇതര ഏജൻസികൾ എന്നിവയുടെ ഇടപെടൽ | • കേരളത്തിന്റെ സാമ്പത്തിക രംഗത്ത് നിർണായക സ്വാധീനം ചെലുത്തുന്ന പരമ്പരാഗതമേഖലയുടെ സംരക്ഷണത്തിന് വിവിധങ്ങളായ പ്രവർത്തനങ്ങൾ വിവിധ ഏജൻസികൾ നടപ്പിലാക്കുന്നുണ്ട്. | • വായനാസാമഗ്രി, പത്രക്കട്ടിംഗുകൾ, മാസികകൾ, ആനുകാലികങ്ങൾ.<br>• കുറിപ്പുകൾ | • വായനാസാമഗ്രി, പത്രം, മാസികകൾ എന്നിവയിൽ നിന്ന് വിവരശേഖരണം നടത്തുന്നു.<br>• ചർച്ചയിലൂടെ ധാരണകൾ മെച്ചപ്പെടുത്തുന്നു, കുറിപ്പുതയാറാക്കുന്നു. | | |
| ആധുനിക സാങ്കേതികവിദ്യകൾ പരമ്പരാഗത മേഖലയിൽ ചെലുത്തുന്ന സ്വാധീനം | • സഹകരണ സംഘങ്ങൾക്ക് ഇതിൽ നിർണായകമായ പങ്കുവഹിക്കാൻ കഴിയും.<br>• പരമ്പരാഗത തൊഴിൽ മേഖലയിൽ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നുണ്ട്.<br>• ഇതിന്റെ ഫലമായി ധാരാളം ഗുണപരമായ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. | • ചിത്രങ്ങൾ വായനാസാമഗ്രികൾ, കുറിപ്പുകൾ | • വായനാസാമഗ്രികൾ, ചിത്രങ്ങൾ, എന്നിവയുടെ സഹായത്തോടെ ആശയം ഗ്രഹിക്കുന്നു.<br>• ചർച്ചയിലൂടെ പുതിയ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു. | | |

**ആമുഖം**

വിവിധ തൊഴിലുകളെക്കുറിച്ചും, തൊഴിലിന്റെ മഹത്വത്തെക്കുറിച്ചും മുൻക്ലാസുകളിൽ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. അധ്വാനശേഷിയുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയും എന്ന ധാരണ കുട്ടി നേടിയിട്ടുണ്ട്. പരമ്പരാഗതമായി നിലനിന്നു പോരുന്ന തൊഴിലുകൾ, അധ്വാനശേഷി ഏതു വിധത്തിലാണ് പ്രയോജനപ്പെടുത്തുന്നത് എന്നാണ് ഈ പാഠത്തിലൂടെ അവതരിപ്പിക്കുന്നത്.

മനുഷ്യൻ നാടോടിസംസ്കാരം വിട്ട് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമായി കൂട്ടത്തോടെ താമസിക്കാൻ തുടങ്ങിയതു മുതൽ അതുവരെ ഇല്ലാതിരുന്ന പല ആവശ്യങ്ങളും പുതുതായി വന്നു ചേർന്നു. കൃഷിപ്പണി, കാർഷിക വിഭവങ്ങൾ ശേഖരിക്കൽ, അവയുടെ വിതരണം, പുതിയ കാർഷിക ഉപകരണങ്ങൾ നിർമ്മിക്കൽ എന്നിവ അക്കൂട്ടത്തിൽ പെടുന്നവയാണ്. തന്റെ അധ്വാനശേഷി മാത്രമായിരുന്നു ഓരോ പ്രവർത്തനത്തിന്റെയും അടിസ്ഥാനം. ഓരോ പ്രവർത്തിക്കും നിർമ്മാണത്തിനും വേണ്ട സാങ്കേതിക ജ്ഞാനം പ്രകൃതിയിൽ നിന്ന് കണ്ടെത്തുകയായിരുന്നു. ഉള്ളതിനെ പുതുക്കാനുള്ള മനുഷ്യന്റെ ശേഷിയും മറ്റൊരു പ്രധാനഘടകമാണ്. ഗോത്രങ്ങളും, കുലങ്ങളും, വർഗ്ഗങ്ങളും, ജാതികളുമെല്ലാമായി മാറിയപ്പോഴും നേടിയ അറിവുകളും, നിർമാണ രീതികളും കൈവിടാതിരുന്നു. പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയും നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുകൊണ്ടാണ് മനുഷ്യൻ അധ്വാനശേഷി വിനിയോഗിച്ചിരുന്നത്. തനിമയാർന്നതും പ്രാദേശികമായി വികസിച്ചുവന്നതുമായ സാങ്കേതിക വിദ്യകളാണ് ഓരോ നിർമാണ പ്രവർത്തനത്തിനും പ്രയോജനപ്പെടുത്തിയിരുന്നത്.

ഈ അധ്വാനശേഷിയും സാങ്കേതികവിദ്യകളും ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് എത്രമാത്രം സഹായകമായിരുന്നു എന്നും ഇന്ന് ഇതിന്റെ അവസ്ഥ എന്താണ് എന്നീ കാര്യങ്ങളുമാണ് പാഠഭാഗത്ത് ചർച്ച ചെയ്യുന്നത്. പരമ്പരാഗതമായി നിലനിന്നു പോരുന്ന പല തൊഴിലുകളുമുണ്ട്. ജീവിതരീതിയിൽ വന്ന മാറ്റം ഇതിൽ പലതിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ അതിജീവന സാധ്യതയുള്ളവ ഏതെല്ലാമാണെന്ന് തിരിച്ചറിയാൻ കുട്ടിക്ക് കഴിയണം. പരമ്പരാഗതതൊഴിലുകളുടെ സംരക്ഷണത്തിന് ഏതു രീതിയിലാണ് ഇടപെടാൻ കഴിയുക എന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാൻ കുട്ടിക്ക് കഴിയണം. ആധുനിക ശാസ്ത്ര സങ്കേതിക നേട്ടങ്ങൾ എങ്ങനെ പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രയോജനപ്പെടുത്താം എന്ന ഗവേഷണ ചിന്ത വളർത്തിയെടുക്കാൻ പാഠഭാഗം ഉദ്ദേശിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലിനോടും തൊഴിലാളികളോടും ബഹുമാനം ഉള്ളവരായി കുട്ടികൾ മാറണം. ചുരുക്കത്തിൽ പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കാൻ താൻ ഉൾപ്പെടുന്ന സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട് എന്നും, ഇതിനായി തന്റെ ജീവിതശൈലിയിൽ തന്നെ മാറ്റങ്ങൾ വരുത്തണം എന്നുമുള്ള കാഴ്ചപ്പാടാണ് കുട്ടിയിൽ വികസിക്കേണ്ടത്. പരമ്പരാഗതതൊഴിൽ മേഖലയുടെ സംരക്ഷണത്തിന് സർക്കാരും ഇതര ഏജൻസികളും ചെയ്യുന്ന പ്രവർത്തനങ്ങൾ കുട്ടിക്ക് തിരിച്ചറിയാൻ കഴിയണം. ജീവിത സന്ദർഭങ്ങളുമായി നിരന്തരം ബന്ധിപ്പിച്ചുകൊണ്ടുവേണം പാഠഭാഗം അവതരിപ്പിക്കേണ്ടത്. കേരളത്തിന്റെ മുക്കിലും മൂലയിലും പലതരം പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളമായി ഉണ്ടെന്നിരിക്കെ അന്വേഷണാത്മക പഠനാനുഭവം ഒരുക്കുന്നതിന് വലിയ പ്രയാസം നേരിടുകയില്ല.

**പ്രവർത്തനം- 1**

കയർ മേഖലയുമായി ബന്ധപ്പെട്ട ഏതാനും ചിത്രങ്ങൾ കാണിച്ചുകൊണ്ടാണ് പാഠഭാഗം ആരംഭിക്കുന്നത്. തുടർന്നു വരുന്ന ചോദ്യത്തിനോട് കുട്ടികൾ പ്രതികരിക്കുന്നു. കയർ മേഖലയു

മായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളിലുള്ള കുട്ടികൾക്കുമാത്രമേ നേരിട്ട് അനുഭവമുണ്ടാവുകയുള്ളൂ അതിനാൽ ഇതിന് അനുബന്ധമായി താഴെ പറയുന്ന ചോദ്യങ്ങൾ കൂടി ചോദിക്കുന്നത് ഉചിതമായിരിക്കും

- നമ്മുടെ പ്രദേശത്ത് മനുഷ്യാധ്വാനം മാത്രം (യന്ത്രസഹായമില്ലാതെ) ഉപയോഗപ്പെടുത്തി ചെയ്യുന്ന തൊഴിലുകൾ ഉണ്ടോ?
- മൺപാത്രനിർമ്മാണം, ഇരുമ്പുപണി, സ്വർണ്ണപ്പണി, നെയ്ത്ത്, പപ്പടനിർമ്മാണം, തെങ്ങ്-പന ചെത്ത്, കുട്ട-വട്ടി നെയ്ത്ത്, ഓലക്കുടനിർമ്മാണം, കശുവണ്ടി മേഖലയിലെ തൊഴിൽ, മത്സ്യം പിടിക്കൽ, പായ-പുൽപ്പായ നിർമ്മാണം, ഇങ്ങനെയുള്ള മേഖലയിൽ ജോലി ചെയ്യുന്നവർ നമ്മുടെ പ്രദേശത്തുണ്ടോ?

ഈ ചോദ്യങ്ങൾ നേരിട്ട് അനുഭവമുള്ള കാര്യങ്ങൾ പറയാൻ കുട്ടിക്ക് പ്രേരണനൽകും. പാഠഭാഗത്തിലേക്കുള്ള പ്രവേശികയായി ഈ ചോദ്യങ്ങൾ പ്രയോജനപ്പെടുത്തിയാൽ മതി. ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിന്റെ തുടർച്ചയായി ഈ കാര്യങ്ങളും ചർച്ചചെയ്യുന്നു.

- എന്തെല്ലാം ഉപകരണങ്ങളാണ് ഇത്തരം തൊഴിലിൽ പ്രയോജനപ്പെടുത്തുന്നത്?
- ഉല്പന്നങ്ങൾ എന്തെല്ലാമണ്?
- തൊഴിൽശാലയുടെ സ്വഭാവമെന്ത്?

കുട്ടികൾക്ക് പ്രതികരിക്കാൻ അവസരം നൽകുന്നു. കുട്ടികളുടെ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത, ചെറുകിട വ്യവസായങ്ങൾ എന്തെന്ന് ക്രോഡീകരിക്കണം.

**പ്രവർത്തനം- 2 മണ്ണ് പാത്രമാവുമ്പോൾ**

പരമ്പാരഗത തൊഴിലുകളിൽ പ്രയോജനപ്പെടുത്തുന്ന നാടൻ സാങ്കേതിക വിദ്യകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനാണ് ഈ ഭാഗം ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചില പ്രദേശങ്ങളിൽ ഇന്നും നിലനിൽക്കുന്ന ഇത്തരം സാങ്കേതിക വിദ്യകൾ എന്തൊക്കെയെന്നും അവ ഏതേതു മേഖലകളിലാണ് പ്രയോജനപ്പെടുത്തുന്നത് എന്നും അന്വേഷിച്ചുകണ്ടെത്താൻ കുട്ടിക്ക് അവസരമൊരുക്കണം. പാഠഭാഗം വായിക്കാൻ അവസരം നൽകിയ ശേഷം കുട്ടികൾക്ക് അറിയാവുന്ന ഇത്തരം സാങ്കേതിക വിദ്യകൾ ചർച്ച ചെയ്യുന്നു.

***ഫീൽഡ് ട്രിപ്പ്***

വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് മൺപാത്ര നിർമ്മാണശാലയുണ്ടെങ്കിൽ കുട്ടികൾക്ക് അവിടേക്ക് ഒരു ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കണം. മൺപാത്രനിർമാണത്തിന്റെ വിവിധ ഘട്ടങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് ഇത് ഉപകരിക്കും. ഫീൽഡ്ട്രിപ്പ് നടത്തിയ ശേഷം കണ്ടകാര്യങ്ങൾ കുട്ടികൾ കുറിപ്പായി എഴുതുന്നു.

***സാങ്കേതിക വിദ്യയും അറിവും***

ഒന്നിലധികം ഉപകരണങ്ങൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് മനുഷ്യാധ്വാനത്തെ ലഘൂകരിക്കാൻ തയാറാക്കുന്ന ഉപകരണങ്ങൾ നമുക്ക് കാണാവുന്നതാണ്. ഇതിനുപയോഗിക്കുന്ന അറിവിനെ സാങ്കേതിക വിദ്യ എന്നു വിളിക്കാം. ഉദാ. വെള്ളം തേവാനുള്ള തേക്കുകുട്ട, കുശവന്റെ ചക്രം, കൊല്ലന്റെ ഉല, എലിക്കെണി.

എല്ലാ അറിവും സാങ്കേതികവിദ്യകളല്ല, പരമ്പരാഗതമായി കൈമാറി വരുന്ന കേവല വിവരങ്ങളാണിവ. സ്വർണ്ണം വെളുപ്പിക്കാൻ ഉറുവഞ്ചിക്കായ ഉപയോഗിക്കുന്നതും, സ്വർണ്ണം വിളക്കാൻ കുന്നിക്കുരുപ്പശ ഉപയോഗിക്കുന്നതും അറിവു മാത്രമാണ്.

പരമ്പരാഗത തൊഴിൽ മേഖലയിൽ ഉപയോഗപ്പെടുത്തുന്ന സാങ്കേതിക വിദ്യകളും, അറിവുകളും എന്തൊക്കെയെന്ന് ഈ ഭാഗത്ത് വിശദമാക്കുന്നു.

നേരത്തെ മൺപാത്ര നിർമ്മാണ ശാലയിലേക്ക് നടത്തിയ പഠനയത്രയിൽ കണ്ടെത്തിയ കാര്യങ്ങൾ കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. തുടർന്ന് പാഠഭാഗം കുട്ടി വ്യക്തിഗതമായി വായിക്കുന്നു.

പാഠഭാഗത്ത് കാണിച്ചിട്ടുള്ള ചോദ്യങ്ങളോട് പ്രതികരിക്കാൻ കുട്ടിക്ക് അവസരം നൽകുന്നു.

നാടൻ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ കുട്ടികൾ വ്യക്തിഗതമായി പട്ടികപ്പെടുത്തുന്നു. തുടർന്ന് ഓരോരുത്തരും ഇക്കൂട്ടത്തിൽ ഉപയോഗിക്കുന്ന ഉല്പ്പന്നങ്ങൾ നേരെ ടിക് ഇടുന്നു. പൊതുവായി ചർച്ച ചെയ്ത് ക്രോഡീകരിക്കുന്നു.

പരമ്പരാഗത രീതിയിൽ തയാറാക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ നാം വിമുഖത കാണിക്കുന്നത് എന്തു കൊണ്ട് എന്ന ചോദ്യത്തിനോട് കുട്ടികൾ പ്രതികരിക്കുന്നു.

തനിമയാർന്നതും പ്രകൃതി സൗഹൃദപരവുമായ ഇത്തരം ഉല്പന്നങ്ങൾ ഉപയോഗിക്കുക എന്നത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. പരസ്പരം ആശ്രയിച്ചു ജീവിച്ചിരുന്ന മനുഷ്യസമൂഹത്തിന്റെ - തന്നിലേക്ക് കൂടുതൽ കൂടുതൽ ഒതുങ്ങുക എന്ന പുതിയ സ്വഭാവത്തിന്റെയും പുതിയ ഉപഭോഗരീതിയുടെയും ഫലമാണ് ഇത്തരം ഉല്പന്നങ്ങൾ ഉപയോഗിക്കാനുള്ള മടി. ഈ രീതിയിൽ ചർച്ച ക്രോഡീകരിക്കണം.

**പ്രവർത്തനം- 3**

വിവിധ പരമ്പരാഗതതൊഴിലുകളുടെ ചിത്രങ്ങളാണ് തുടർന്ന് കൊടുത്തിരിക്കുന്നത്. ഈ ചിത്രങ്ങൾ കുട്ടികൾ സൂക്ഷമമായി നിരീക്ഷിക്കുന്നു. എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്താൻ കഴിയുന്നത്?

- മനുഷ്യാധ്വാനം മാത്രം പ്രയോജനപ്പെടുത്തിയാണ് ഓരോ തൊഴിലും നിലനിൽക്കുന്നത്.
- തനിമയാർന്ന തൊഴിലുപകരണങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്.
- പ്രകൃത്യായുള്ള അസംസ്കൃത വസ്തുക്കളാണ് ഉപയോഗപ്പെടുത്തുന്നത്.
- 

പരമ്പരാഗത തൊഴിലുകളുമായി ബന്ധപ്പെട്ട കൂടുതൽ ചിത്രങ്ങൾ മാസികകൾ, പത്രം എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കാവുന്നതാണ്. ഈ ചിത്രങ്ങൾ ചേർത്ത് ക്ലാസ് തലത്തിൽ ചുമർചിത്രപ്പതിപ്പ് തയാറാക്കുന്നു.

## പരമ്പരാഗതതൊഴിൽ മേഖലയിലെ പരസ്പരാശ്രയത്വം

പരമ്പരാഗത തൊഴിൽ മേഖല പരസ്പരം ആശ്രയിച്ചു കൊണ്ടാണ് നിലനിൽക്കുന്നത് എന്ന് വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് കാണിച്ചിട്ടുള്ള ചിത്രങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. നൂൽ വസ്ത്രമായി മാറുന്നതുവരെയുള്ള പ്രക്രിയകൾ ചിത്രത്തിന്റെ സഹായത്തോടെ കുട്ടികൾ പറയട്ടെ.

പരമ്പാരഗത തൊഴിൽ മേഖലയിലെ ഈ കൂട്ടായ്മയെക്കുറിച്ച് കുട്ടികളിൽ ധാരണയുണ്ടാക്കുന്നതിനാണ് ചിത്രവും തുടർന്നു വരുന്ന പാഠഭാഗവും ലക്ഷ്യം വെക്കുന്നത്.

തന്റെ പ്രദേശത്തെ പരമ്പരാഗത തൊഴിലേർപ്പെടുന്നവരിൽ ഇത്തരം കൂട്ടായ്മകൾ നിലനിൽക്കുന്നുണ്ടോ? എന്ന അന്വേഷണം നടത്തുവാൻ കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്.

### നൂൽവസ്ത്രമായി മാറുന്നു

പരുത്തിയിൽ നിന്നും വിവിധ തരം നൂലുകൾ നിർമ്മിച്ചെടുക്കുന്നു ഈ നൂലുകൾ ആവശ്യമുള്ള ചായം മുക്കിയെടുക്കുന്നു. ചായം മുക്കിയ നൂൽ വെയിലത്ത് വെച്ച് ഉണക്കിയെടുക്കുന്നു. യാന്ത്രങ്ങൾ ഉപയോഗിച്ച് ഉണക്കിയെടുക്കുന്ന രീതിയും നിലവിലുണ്ട്. ഉണക്കിയെടുക്കുന്ന നൂലുകൾ റാട്ട് (ചർക്ക, ചക്രം) ഉപയോഗിച്ച് നല്ലിയിൽ (നൂൽ ചുറ്റുന്നതിന് മരം കൊണ്ട് നിർമ്മിച്ച ഉപകരണം) ചുറ്റിയെടുക്കുന്നു. ഇങ്ങനെ നൂൽ ചുറ്റിയ നല്ലികൾ ചേർത്ത് വെച്ച് പാവ് ചുറ്റുന്നു. പാവു ചുറ്റുന്നതിന് മരംകൊണ്ട് നിർമ്മിച്ച പ്രത്യേക ഉപകരണം ഉപയോഗിക്കുന്നു. പാവ് ചുറ്റിയെടുത്ത ശേഷം ഇത് മഗ്ഗത്തിലേക്ക് (തറി, ലൂം) മാറ്റി ഓടം (ഷട്ടിൽ) ഉപയോഗിച്ച് തുണി നെയ്തെടുക്കുന്നു. തുണികളിൽ ആവശ്യമായ ഡിസൈൻ രൂപപ്പെടുത്തുന്നത് തറികളിൽ ഉള്ള പ്രത്യേക സംവിധാനം ഉപയോഗിച്ചാണ്. തറിയിൽ ഉപയോഗിക്കുന്ന ഓടത്തിൽ വിവിധ നിറത്തിലുള്ള നൂൽ ഉപയോഗിച്ചാണ് വ്യത്യസ്ത നിറങ്ങളിലുള്ള തുണികൾ നെയ്യുന്നത്.

**പ്രവർത്തനം- 5 അങ്ങോളമിങ്ങോളം**

കേരളത്തിൽ വിവിധ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പരമ്പാരഗത വ്യവസായങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുന്നതിനും തന്റെ പ്രദേശത്തുള്ള പരമ്പാരഗതവ്യവസായങ്ങൾ കൂടി കൂട്ടിച്ചേർത്ത് ഭൂപടവും പട്ടികയും വികസിപ്പിക്കുന്നതിനുമാണ് ഈ പ്രവർത്തനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചുകൊണ്ടാണ് പ്രവർത്തനം നടത്തേണ്ടത്. ഭൂപടത്തിൽ കാണിച്ചിട്ടുള്ള പരമ്പരാഗതവ്യവസായങ്ങൾ ഏതൊക്കെ ജില്ലകളിലാണ് വ്യാപിച്ചുകിടക്കുന്നത് എന്ന് കണ്ടെത്തി പട്ടിക പൂർത്തികരിക്കുന്നു. ഭൂപടത്തിൽ കാണിച്ചിട്ടുള്ളതിനുപുറമെ അതാതുപ്രദേശത്ത് നിലനിൽക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ പ്രത്യേക അടയാളം ഉപയോഗിച്ച് ഭൂപടത്തിൽ ചേർക്കുകയും അവ പട്ടികപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനം തുടർന്ന് നൽകാവുന്നതാണ്.

### പരമ്പരാഗത തൊഴിലും പരമ്പരാഗതവ്യവസായവും

പരമ്പരാഗതതൊഴിലും, വ്യവസായവും തമ്മിൽ വ്യത്യാസമുണ്ട്. സമൂഹത്തിലെ വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി പ്രത്യേക ജാതികൾക്ക് തൊഴിലുകൾ വിഭജിച്ചു നൽകിയിരുന്നു. താൽപര്യമില്ലെങ്കിലും ഈ തൊഴിലുകൾ ചെയ്യാൻ ബന്ധപ്പെട്ട ജാതിയിൽപ്പെട്ടവർ നിർബന്ധിതരായിരുന്നു. ഓലക്കുടനിർമാണം, തുണി നെയ്ത്ത്, മൺപാത്രനിർമാണം, മരപ്പണി, ലോഹപ്പണി എന്നിവയെല്ലാം ഇത്തരം കുലത്തൊഴിലുകളായി വികസിച്ചുവന്നവയാണ്. എന്നാൽ പരമ്പരാഗത വ്യവസായങ്ങൾ ഒരു പ്രദേശത്തെ ഒരു കൂട്ടം ആളുകൾ ഒന്നിച്ചു ചെയ്തുവരുന്ന തൊഴിലുകളാണ്. ഇത് പ്രത്യേക സമൂദായത്തിന്റെ മാത്രം തൊഴിലുകളല്ല. കയർ, നെയ്ത്ത്, കശുവണ്ടി എന്നി പരമ്പാരാഗത തൊഴിരുകൾ ഇക്കൂട്ടത്തിൽപെടുന്നവയാണ്. ഉപജീവനമാർഗമായി ഈ തൊഴിലുകളെ ഉപയോഗിപ്പെടുത്താൻ കൂടുതൽ ആൾക്കാർ തയാറായതോടെ ഇവ പരമ്പരാഗതവ്യവസായമായി വളരുകയായിരുന്നു.

### കരുപ്പെട്ടി (പനം ചക്കര)

പനയുടെ പൂങ്കുല പ്രത്യേകം പരുവപ്പെടുത്തി മൂർച്ചയുള്ള കത്തി ഉപയോഗിച്ച് വൃത്താകൃതിയിൽ ചീകിമാറ്റുന്നു. ചുണ്ണാമ്പുതേച്ച മൺകുടം മുറിവായിൽ കെട്ടിവെക്കുന്നു. പനയിൽ നിന്ന് വീഴുന്ന നീരും ചുണ്ണാമ്പും ചേർന്ന് ഉണ്ടാക്കുന്ന മിശ്രിതമാണ് അക്കാനി. ഈ പാനീയം തകര പാത്രത്തിൽ അരിച്ചൊഴിച്ച് ഉയർന്ന ഊഷ്മാവിൽ ചൂടാക്കുന്നു. ഇങ്ങനെ കുറുക്കിയെടുക്കുന്ന പാനീയം പ്രത്യേക അച്ചുകളിലൊഴിച്ച് തണുപ്പിക്കുന്നു. നന്നായി തണുത്തശേഷം അച്ചിൽ നിന്നും പനം ചക്കര ഇളക്കിയെടുക്കുന്നു.

**പനംകൽക്കണ്ടം**

അക്കാനി ഉപയോഗിച്ചു തയാറാക്കുന്ന ഉല്പന്നമാണ് ഇത്. അക്കാനി വിസ്താരമേറിയ തകരപാത്രത്തിൽ അരിച്ചൊഴിക്കുന്നു. ഉയർന്ന ഊഷ്മാവിൽ ചൂടാക്കി കുറിക്കിയെടുക്കുന്ന പാനീയം ദീർഘവൃത്താകൃതിയിലുള്ള പാത്രത്തിൽ മുക്കാൽ ഭാഗം വരെ നിറയ്ക്കും. ഈ പാത്രത്തിനുള്ളില നെടുകെവെച്ചിട്ടുള്ള ഫ്രെയിമിൽ ധാരാളം നൂൽകെട്ടിയിരിക്കും. മുകൾഭാഗം നന്നായി മൂടിക്കെട്ടി പാത്രം ഇളക്കം തട്ടാത്തരീതിയിൽ വെക്കുന്നു. 45 ദിവസം കഴിയുമ്പോഴേക്കും ക്രിസ്റ്റൽ രൂപത്തിലുള്ള പനം കൽക്കണ്ടം നൂലിൽപറ്റിപ്പിടിച്ചിട്ടുണ്ടാവും. പുറത്തെടുക്കുന്ന കൽക്കണ്ടം ശുദ്ധജലത്തിൽ കഴുകുന്നു. സൂര്യപ്രകാശത്തിൽ ഉണക്കിയെടുക്കുന്നു. പനംകൽക്കണ്ടം നല്ല ഔഷധഗുണമുള്ളതാണ്.

**പ്രവർത്തനം- 6 ഭൂപടം നിറയ്ക്കാം**

ജില്ലയുടെ ഭൂപടത്തിൽ തന്റെ പ്രദേശത്തെ പരമ്പരാഗതവ്യവസായങ്ങൾ അടയാളപ്പെടുത്തുന്നു.

**പ്രവർത്തനം- 7**

കേരളത്തിന്റെ സ്വർണ്ണനൂൽ എന്ന പാഠഭാഗം വായിക്കാൻ അവസരം നൽകുന്നു. കേരളത്തിലെ പ്രധാന പരമ്പരാഗത തൊഴിലായി കയർ വ്യവസായം മാറിയത് എങ്ങിനെ എന്നും കയർ മേഖല പ്രധാന വ്യവസായമായി വികസിച്ചു വരുന്നതിന് ഇടയാക്കിയ ഭൂപരമായ കാരണങ്ങൾ എന്തൊക്കെയെന്നും ഈ ഭാഗത്ത് വിശദീകരിക്കുന്നു. കേരളത്തിലെ പരമ്പരാഗതവ്യവസായങ്ങൾ വികസിച്ചുവന്നതിന് ഭൂപരമായ കാരണങ്ങൾ എന്തൊക്കയാണെന്ന് അന്വേഷിച്ചറിയുന്നതിന് കുട്ടിയെ പ്രാപ്തയാക്കുക എന്നതാണ് ഈ പാഠഭാഗം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ കയർവ്യവസായത്തിലൂടെ കേരളം കൈവരിച്ചിട്ടുള്ള സാമ്പത്തിക നേട്ടം കുട്ടി പരിചയപ്പെടുന്നു. പരമ്പരാഗത വ്യവസായം കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കുന്നതിന് കുട്ടിക്ക് കഴിയേണ്ടതുണ്ട്.

കേരളത്തിലെ ഭൂപരമായ എന്തെല്ലാം പ്രത്യേകതകളാണ് താഴെപറയുന്ന വ്യവസായങ്ങളുടെ വളർച്ചക്ക് സഹായകമായിതീർന്നത്? എന്ന ചോദ്യത്തിനോട് കുട്ടി പ്രതികരിക്കേണ്ടത് ഇതിനു മുമ്പ് മനസ്സിലാക്കിയ പാഠഭാഗങ്ങളുടെ കൂടി അടിസ്ഥാനത്തിലാണ്

- കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥ
- ഇഷ്ടം പോലെയുള്ള ജലാശയങ്ങൾ
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത.
- വിശാലമായ വനപ്രദേശങ്ങൾ
- മണ്ണിന്റെ പ്രത്യേകത.

ഈ കാര്യങ്ങളെല്ലാം കുട്ടികളുമായി ചർച്ച ചെയ്യുന്നു. കേരളത്തിൽ നിലവിലുള്ള എല്ലാ പരമ്പരാഗതവ്യവസായങ്ങളെയും പരിഗണിച്ചുകൊണ്ടാണ് ചർച്ചനടത്തേണ്ടത്. തുടർന്ന് കുട്ടികൾ കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്നതിനെക്കുറിച്ച് വ്യക്തിഗതമായി കുറിപ്പു തയാറാക്കുന്നു. അറിവിന്റെ നിർമ്മാണതലം എന്ന മേഖലയുമായി ബന്ധപ്പെടുത്തി കുറിപ്പുകളെ വിലയിരുത്തണം.

അന്യമാകുന്ന പരമ്പരാഗത മേഖല, കാലം മാറി ശീലം മാറി, അധ്വാനം മാത്രം മിച്ചമാകുന്നവർ എന്നീപാഠഭാഗങ്ങൾ വ്യക്തിഗതമായി വായിക്കുന്നു.

പരമ്പരാഗത മേഖലനേരിടുന്ന പ്രതിസന്ധികൾ കുട്ടിക്ക് തിരിച്ചറിയാൻ കഴിയണം. ഇതു മറികടക്കുന്നതിന് നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കാനും, ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും കുട്ടിക്ക് കഴിയണം. ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കണം കുറിപ്പുകൾ വിലയിരുത്തേണ്ടത്.

**പ്രവർത്തനം- 8 മാറിവരുന്ന ഉപഭോഗശീലങ്ങൾ**

ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനം നടത്തേണ്ടത്.

നമ്മുടെ മാറിവന്ന ഉപഭോഗശീലങ്ങൾ പരമ്പരാഗത മേഖലയുടെ തകർച്ചക്ക് ഏതെല്ലാം വിധത്തിലാണ് ഇടയാക്കിയിട്ടുള്ളത്? പരിഹാരങ്ങൾ എന്തൊക്കെ?

ഈ ചോദ്യങ്ങൾ അവതരിപ്പിക്കുന്നു. പാഠഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പിൽ ചർച്ച ചെയ്ത് കാരണങ്ങൾ കണ്ടെത്തുന്നു. തുടർന്ന് ഗ്രൂപ്പുകളുടെ അവതരണം. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരണത്തിന് ആവശ്യമായ നിലപാടുകൾ കുട്ടികൾക്ക് മുന്നോട്ടുവെക്കാൻ കഴിയണം.

അവതരണത്തിനൊടുവിൽ അധ്യാപികയുടെ ക്രോഡീകരണം ഉണ്ടാവേണ്ടതുണ്ട്. പരിസരസൗഹൃദപരമായതും അതിജീവനസാധ്യതയുള്ളതുമായ പരമ്പരാഗത തൊഴിലുകൾ നിലനിൽക്കേണ്ടതുണ്ട്. ധാരാളം പേരുടെ ഉപജീവനമാർഗ്ഗമായതും, കേരളത്തിന്റെ സമ്പദ്ഘടനയിൽ സ്വാധീനം ചെലുത്തുന്നതുമായ പരമ്പരാഗതതൊഴിലുകൾ സംരക്ഷിക്കുന്നതിന് നമുക്കേവർക്കും ഉത്തരവാദിത്വമുണ്ട്.

**പ്രവർത്തനം- 9 സർക്കാർ ഇടപെടലുകൾ**

പരമ്പാരാഗത തൊഴിൽ മേഖലയിൽ സഹകരണസംഘങ്ങളുടെയും ഗവൺമെന്റിന്റെയും ഇടപെടൽ എന്ന പാഠഭാഗം വായിക്കാൻ അവസരം നൽകുന്നു. കാഞ്ഞിരോട് നെയ്ത്ത് സഹകരണസംഘത്തിന്റെ മാതൃകയിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ തന്റെ പ്രദേശത്ത് ഉണ്ടോ എന്ന് കുട്ടി അന്വേഷിക്കട്ടെ. സഹകരണമേഖലയിലെ ഉദ്യോഗസ്ഥനുമായി അഭിമുഖം നടത്തുന്നതിനുള്ള സന്ദർഭം ഒരുക്കാവുന്നതാണ്. പരമ്പരാഗതമേഖലയിലെ സഹകരണ സംഘങ്ങളിൽ തൊഴിലെടുക്കുന്നവരെയും വിവരശേഖരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ക്ലസ്റ്റർ മീറ്റിംഗിൽ ഇത്തരം സ്ഥാപനങ്ങളുടെ പട്ടിക തയാറാക്കുന്ന പ്രവർത്തനം നടത്തുന്നത് ഗുണകരമാവില്ലേ?

ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം തൊഴിലാളികൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടാക്കുന്നത്? അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ. കുറിപ്പ് തയാറാക്കുന്നതിന് സഹായകമായ ചർച്ചാ സൂചകങ്ങൾ ചുവടെ കൊടുക്കുന്നു.

- സംഘബോധത്തോടെ തൊഴിലെടുക്കാൻ അവസരം ലഭിക്കുന്നു.
- അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നു.
- ഉല്പന്നങ്ങൾക്ക് വിപണിലഭിക്കുന്നു.
- ന്യായമായ കൂലി സ്ഥിരമായി ലഭിക്കുന്നു.
- തൊഴിലാളികൾക്ക് പെൻഷൻ, ക്ഷേമനിധി, ചികിൽസാ ആനുകൂല്യങ്ങൾ ഇവ ലഭിക്കുന്നു.
- തൊഴിൽ സംരക്ഷണം-തൊഴിൽ ആനൂകുല്യങ്ങൾ എന്നിവ ലഭിക്കുന്നു.

പരമ്പരാഗത മേഖലയിലെ അധ്വാനശേഷി പ്രയോജനപ്പെടുത്തി സമൂഹ്യപുരോഗതിക്ക് ഉപയു

ക്തമാക്കുന്നതിൽ സഹകരണസംഘങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട് എന്ന തിരിച്ചറിവ് കുട്ടിക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം.

**പ്രവർത്തനം- 10**

സാങ്കേതിക വിദ്യ പരമ്പരാഗത മേഖലയിൽ എന്ന പാഠഭാഗം വ്യക്തിഗതവായനക്ക് നൽകുന്നു. തുടർന്ന് ചോദ്യം അവതരിപ്പിക്കുന്നു.

- പരമ്പരാഗത തൊഴിൽ മേഖലയിൽ ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ ഉപയോഗപ്പെടുത്തുക വഴി എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാവുന്നത്.

വായനാക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ ചോദ്യത്തിനോട് പ്രതികരിക്കുന്നു.

***സഹായ സൂചകങ്ങൾ***

- അധ്വാനഭാരം ലഘൂകരിക്കുന്നു.
- കൂടുതൽ ഉല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നു.
- ഉല്പന്നങ്ങൾ വില കുറച്ച് നൽകാൻ കഴിയുന്നു.
- കൂടുതൽ പൂർണ്ണതയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നു.

പ്രതികരണത്തിനു ശേഷം ഒരു കുറിപ്പു തയാറാക്കട്ടെ.

**പ്രവർത്തനം- 11**

പരമ്പരാഗത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് കുട്ടികൾ നേടിയിട്ടുള്ള അറിവുകളുടെ തെളിവുകൾ പ്രാദേശികമായി കണ്ടെത്തുന്നതിനുള്ള പ്രോജക്ട് പ്രവർത്തനമാണ് ഇത്. ഓരോ പ്രദേശത്തും പരമ്പരാഗതതൊഴിലിൽ ഏർപ്പെടുന്ന ധാരാളം തൊഴിലാളികളെ കാണാവുന്നതാണ്. ഇവരുമായി അഭിമുഖം നടത്തിയും, തൊഴിലിടങ്ങൾ സന്ദർശിച്ചും വിവരങ്ങൾ ശേഖരിക്കണം.

കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. താഴെ പറയുന്ന മേഖലകളുമായി ബന്ധപ്പെട്ട പഠനമാണ് ഓരോ ഗ്രൂപ്പും നടത്തേണ്ടത്.

- ഓരോ പ്രദേശത്തുമുള്ള പരമ്പരാഗതതൊഴിലുകൾ.
- എത്രപേർ ഈ തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നു?
- ഉള്ളവ പരമ്പരാഗത തൊഴിൽ മാത്രമായി നിലനിൽക്കുകയാണോ? ഏതെങ്കിലും മേഖല വ്യവസായമായി വളർന്നിട്ടുണ്ടോ?
- എന്തെല്ലാം സാങ്കേതിക വിദ്യകളാണ് ഉപയോഗപ്പെടുത്തുന്നത്?
- പണ്ടുണ്ടായിരുന്ന സാങ്കേതിക വിദ്യ അതുപോലെ പിൻതുടരുകയാണോ. അതോ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?
- എന്തെല്ലാം ഉപകരണങ്ങളാണ് ഓരോതൊഴിലിനും ഉപയോഗിക്കുന്നത്?
- സാങ്കേതിക വിദ്യകളും, അറിവുകളും ഏതു രീതിയിലാണ് പ്രയോജനപ്പെടുത്തുന്നത്?
- പരമ്പാരാഗത തൊഴിലിൽ ഏർപ്പെടുന്നവർ എന്തെല്ലാം പ്രയാസങ്ങളാണ് നേരിടുന്നത്?
- പരമ്പരാഗത തൊഴിൽ മുഖ്യ ജീവനോപാധിയാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?
- സർക്കാരിൽ നിന്നും, ഇതര ഏജൻസികളിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട്?

- സർക്കാർ സഹയത്തെക്കുറിച്ച് എത്രമാത്രം അറിയാം?
- ഈ മേഖല മെച്ചപ്പെടുത്താൻ എന്തെങ്കിലും നിർദേശങ്ങൾ മുന്നോട്ടുവെക്കാനുണ്ടോ?
-

ചോദ്യങ്ങൾ ഉൾപ്പെടുത്തി ഫോർമാറ്റ് തയാറാക്കാൻ ഓരോ ഗ്രൂപ്പിനും അവസരം നൽകുന്നു. തുടർന്ന് അന്വേഷണ പ്രവർത്തനം നടത്താവുന്നതാണ്. പാരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവരെ ക്ലാസിലേക്ക് കൊണ്ടുവന്ന് അഭിമുഖത്തിന് അവസരമൊരുക്കാം. തൊഴിലിടങ്ങൾ നേരിട്ട് സന്ദർശിച്ചും വിവരശേഖരണം നടത്താം. ഓരോ ഗ്രൂപ്പും ബന്ധപ്പെട്ട മേഖലയിലെ ചോദ്യങ്ങൾ ഉന്നയിച്ച് വിവരശേഖരണം നടത്തുന്നു. തുടർന്ന് ശേഖരിച്ചവിവരങ്ങളെ അടിസ്ഥാനമാക്കി 'എന്റെ നാട്ടിലെ പരമ്പരാഗതവ്യവസായങ്ങൾ' എന്ന സെമിനാർ സംഘടിപ്പിക്കുന്നു. ഓരോ ഗ്രൂപ്പും അവരുടെ കണ്ടെത്തലുകളെ സെമിനാർ പേപ്പർ രൂപത്തിൽ തയാറാക്കുന്നു. സെമിനാറിന്റെ അവതരണത്തിൽ ഓരോ ഗ്രൂപ്പിനും ഓരോ മേഖല വിഭജിച്ചു നൽകുന്നത് കൂടുതൽ വ്യക്തവും ആഴത്തിലുമുള്ള അവതരണത്തിന് സഹായകമാവും. അങ്ങനെയെങ്കിൽ ഈ മേഖലയെ താഴെ പറയും പ്രകാരം വിഭജിക്കാവുന്നതാണ്.

a. അതാതു പ്രദേശത്തെ പാരമ്പര്യതൊഴിലുകൾ

b. പ്രയോജനപ്പെടുത്തുന്ന സാങ്കേതികവിദ്യ

c. നേരിടുന്ന പ്രയാസങ്ങൾ

d. സർക്കാർ ഇതര ഏജൻസികൾ ചെയ്യുന്ന സഹായങ്ങൾ

e. സമൂഹം എന്തുചെയ്യണം - അഭിപ്രായങ്ങൾ

**പ്രവർത്തനം 12**

സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ പരമ്പരാഗത ഉല്പന്നങ്ങൾ, തൊഴിലുപകരണങ്ങൾ (സാങ്കേതിക വിദ്യകൾ, നാട്ടറിവുകൾ, ചിത്രം, ചാർട്ട്) എന്നിവയെ അടിസ്ഥാനമാക്കി പ്രദർശനം സംഘടിപ്പിക്കുന്നു.

•

# 9. കേരളസംസ്ഥാനരൂപീകരണം

പ്രശ്നമേഖല : **സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണക്കുറവ്**

ഉപപ്രശ്നം :

- ഐക്യകേരളത്തിലേക്കു നയിച്ച രാഷ്ട്രീയപ്രസ്ഥാനങ്ങളെക്കുറിച്ചും പ്രക്ഷോഭങ്ങളെക്കുറിച്ചും ധാരണയില്ലായ്മ.

പഠനലക്ഷ്യങ്ങൾ :

- ഭൂപട വായനയിലൂടെ ഐക്യകേരളത്തിനുമുമ്പുള്ള ഭരണപ്രദേശങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രാജഭരണത്തെയും ഇപ്പോഴത്തെ ഭരണരീതിയേയും താരതമ്യം ചെയ്യുന്നതിന്.
- നാട്ടുരാജ്യങ്ങളിൽ നടന്ന അവകാശപ്രക്ഷോഭങ്ങളെക്കുറിച്ച് ധാരണരൂപീകരിക്കുന്നത്.
- കേരളസംസ്ഥാനരൂപീകരണത്തിലേക്കു നയിച്ച സാഹചര്യങ്ങളെ തിരിച്ചറിയുന്നതിന്.
- വർത്തമാനകാലകേരളം നേടേണ്ട പുരോഗതിയെക്കുറിച്ച് തന്റേതായ നിർദ്ദേശങ്ങൾ വയ്ക്കുന്നതിന്.

## സിലബസ് ഗ്രിഡ്

### 9. കേരളസംസ്ഥാനരൂപീകരണം

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| ഐക്യകേരള പൂർവ്വ പ്രദേശങ്ങൾ<br><br>ഐക്യകേരള പൂർവ്വ പ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ | • കേരളം രൂപീകരിക്കപ്പെടുന്നതിനു മുമ്പ് ഈ പ്രദേശങ്ങളിലെ ചില ഭാഗങ്ങൾ നാട്ടുരാജ്യങ്ങളും, മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമായിരുന്നു.<br>• തിരുവിതാംകൂർ<br>• കൊച്ചി<br>• മലബാർ<br>• തിരുവിതാംകൂർ നിയമസഭ<br>• ഈ നാട്ടുരാജ്യങ്ങളിൽ നിരവധി ജനകീയ പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്.<br>• വിദ്യാഭ്യാസ വ്യാപനം<br>• നിവർത്തനപ്രക്ഷോഭം<br>• മലയാളി മെമ്മോറിയൽ<br>• ഈഴവ മെമ്മോറിയൽ<br>• തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്, പുന്നപ്ര വയലാർ സമരം<br>• ഐക്യകേരളം എന്ന ആശയം ബലപ്പെടുന്ന രൂപത്തിലുള്ള സാഹചര്യം രൂപപ്പെടുകയും അതിനായുള്ള പ്രസ്ഥാനങ്ങൾ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു.<br>• ഇന്ത്യൻ നാഷണൽ കോൺഗ്രസ്<br>• തിരുവിതാംകൂർ - കൊച്ചി സംയോജനം<br>• കേരളസംസ്ഥാന രൂപീകരണം | • 1956 നവംബർ 1 ലെ പത്രം<br>• ഭൂപടങ്ങൾ<br>• വിദ്യഭ്യാസ വ്യാപനത്തിന്റെ വിവരങ്ങൾ, ചിത്രീകരണങ്ങൾ<br><br>• തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്, പുന്നപ്ര വയലാർ സമരം എന്നിവയെക്കുറിച്ചുള്ള വിവരണം<br>• കേരള പ്രദേശ് കോൺഗ്രസ്സ് സമ്മേളനം, ഐക്യകേരള രൂപീകരണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ. ആദ്യത്തെ കേരള മന്ത്രിസഭയുടെ ഫോട്ടോ. | • ഭൂപടങ്ങൾ നിരീക്ഷിച്ച് ഐക്യകേരള പൂർവ്വ പ്രദേശങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിയുന്നു.<br>• ഇന്നത്തെ കേരളവുമായി ഈ പ്രദേശങ്ങൾ താരതമ്യം ചെയ്യുന്നു. കുട്ടിയുടെ കണ്ടെത്തലുകൾ കുറിപ്പാക്കുന്നു.<br>• തിരുവിതാംകൂറിലെയും ഇന്നത്തെ കേരളത്തിലെയും ഭരണസമ്പ്രദായങ്ങളെ താരതമ്യം ചെയ്യുന്നു.<br>• പട്ടിക തയ്യാറാക്കി നിഗമനത്തിൽ എത്തുന്നു.<br>• തിരുവിതാംകൂറിലെ ജനകീയ സമരങ്ങളെ ഇന്നത്തെ സമരരീതികളുമായി താരതമ്യം ചെയ്ത് സംവാദം സംഘടിപ്പിക്കുന്നു.<br>• അക്കാലത്തെ ജനകീയആവശ്യങ്ങളെ ഇന്നത്തേതുമായി താരതമ്യം ചെയ്യുന്നു.<br>• പത്രമാധ്യമങ്ങളിൽ നിന്നുള്ള വാർത്താശേഖരണം.<br>• ഐക്യകേരളത്തിലേക്കു നയിച്ച പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നു.<br>• ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ഭരണനിർവ്വഹണത്തെ സഹായിച്ചതിനെക്കുറിച്ച് കുറിപ്പു തയ്യാറാക്കുന്നു. | സാമൂഹ്യപുരോഗതിക്ക് അനുകൂലമായ പ്രക്ഷോഭങ്ങളെയും പ്രസ്ഥാനങ്ങളെയും അനുകൂലിക്കാനുള്ള മനോഭാവം | ഐക്യകേരള പൂർവ്വകേരള ഭൂപടം കേരള ഭൂപടവുമായി താരതമ്യം ചെയ്ത് പ്രദേശപരമായ ബന്ധം കണ്ടെത്താൻ കഴിയുന്നുണ്ടോ?<br>തിരുവിതാംകൂർ ഭരണ സമ്പ്രദായവും കേരളത്തിലെ ഭരണ സമ്പ്രദായവും നിർദ്ദിഷ്ട ഘടകങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യാൻ കഴിയുന്നുണ്ടോ?<br><br>തിരുവിതാംകൂർ രാജ്യത്ത് നടന്ന ജനകീയ പ്രക്ഷോഭങ്ങളെക്കുറിച്ചും അവ ഉയർത്തിയ ജനകീയ ആവശ്യങ്ങളെക്കുറിച്ചും നിഗമനങ്ങൾ രൂപപ്പെടുത്താൻ കഴിയുന്നു ണ്ടോ?<br>സമകാലിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, അവ ഉയർത്തുന്ന ജനകീയ ആവശ്യങ്ങൾ പ്രക്ഷോഭ രീതികൾ എന്നിവ ആ കാലഘട്ടത്തിലേതുമായി താരതമ്യം ചെയ്യാൻ കഴിയുന്നുണ്ടോ?<br>ഐക്യകേരള പ്രസ്ഥാനത്തിന്റെ ആവശ്യകത സാധൂകരിക്കാൻ കഴിയുന്നു ണ്ടോ?<br>കേരളത്തിന്റെ ഭാവി പുരോഗതിയെക്കുറിച്ച് തന്റേതായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്താൻ കഴിയുന്നുണ്ടോ? |

സാമൂഹിക നീതിക്കും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ എല്ലായ്പ്പോഴും മുന്നിട്ടുനിന്നിട്ടുള്ള ഒരു പ്രദേശമാണ് നമ്മുടേത്. ഈ പോരാട്ടങ്ങളിലൂടെ രൂപപ്പെട്ട വ്യത്യസ്തമായ ഒരു സാംസ്കാരിക അന്തരീക്ഷവും അതിന്റെ സ്വതന്ത്രമായ വികാസവും കേരളത്തിന്റെ പ്രത്യേകതകളാണ്. എന്നാൽ ഇന്നത്തെ തലമുറയ്ക്ക് ഇതിനെക്കുറിച്ചു വേണ്ടത്ര ധാരണയില്ല. ഇത് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ പ്രതിസന്ധിയെ മറികടക്കുന്നതിനും കേരളത്തിന്റെ സമകാലികാവസ്ഥയെ ചരിത്രപശ്ചാത്തലത്താൽ വിലയിരുത്തുന്നതിനും ഈ അധ്യായത്തിൽ ശ്രമിക്കുന്നു.

സംസ്ഥാനം രൂപപ്പെടുന്നതിനുമുമ്പുള്ള കേരളം വിവിധ ഭരണപ്രദേശങ്ങളായിട്ടാണ് നിലനിന്നിരുന്നത്. ഇവ പിന്നീട് കേരളമായി പരിണമിക്കുന്നതിന് ഇടയാക്കിയ പ്രക്ഷോഭങ്ങൾ, ഭരണ നടപടികൾ, രാഷ്ട്രീയ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് കുട്ടിക്ക് ധാരണ ഉണ്ടാകണം. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ ഭരണരീതികളും അവ ജനാധിപത്യവൽക്കരിക്കുന്നതിനായി നടത്തിയ ജനകീയ സമരങ്ങളും വിശകലനം ചെയ്യപ്പെടണം. ഇത്തരത്തിലുള്ള നിരവധിയായ പ്രക്ഷോഭങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ് ആധുനിക കേരളം രൂപപ്പെട്ടത് എന്ന തിരിച്ചറിവാണ് കുട്ടിയിൽ രൂപപ്പെടേണ്ടത്. അതോടൊപ്പം വിവിധ മേഖലകളിൽ കേരളം കൈവരിച്ച പുരോഗതിയും വർത്തമാനകാല കേരളം നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളും വിമർശനപരമായി വിലയിരുത്തുവാനും നിഗമനങ്ങൾ രൂപപ്പെടുത്താനുമാകണം.

ഐക്യകേരളപ്പിറവിക്കുവേണ്ടി നടന്ന പ്രക്ഷോഭങ്ങളോടും അതിനു നേതൃത്വം നൽകിയവരോടും ആദരവു പ്രകടപ്പിക്കുന്നതിനുള്ള മനോഭാവം കുട്ടിയിൽ ഉണ്ടാകേണ്ടതുണ്ട്. ഭാവിയിൽ സാമൂഹികാവശ്യങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള അവകാവബോധം പഠനത്തിലൂടെ കുട്ടിയിൽ ഉരുത്തിരിയണം.

**ആമുഖം**

ഇന്ത്യയിൽ സ്വതന്ത്ര്യസമര പ്രസ്ഥാനത്തോടൊപ്പംതന്നെ വളർന്നുവന്ന ഒരാവശ്യമായിരുന്നു ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണം. ഇന്ത്യ സ്വതന്ത്ര്യയായതോടെ ഈ ആവശ്യം കൂടുതൽ ശക്തമായി. രാഷ്ട്രീയ പ്രസ്ഥാനങ്ങളോടൊപ്പം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവയും ഐക്യകേരളമെന്ന ആശയം ഉന്നയിച്ചു. ഈ കാലഘട്ടത്തിലെ പത്രങ്ങളുടെ/ആനുകാലികങ്ങളുടെ പേരുകൾ ശ്രദ്ധിക്കൂ.

കേരള പത്രിക, കേരളരാജ്യം, മലയാളനാട്, കേരളദർപ്പണം, കേരളപഞ്ചിക, മലയാളി

*ചില കവിതാ ഭാഗങ്ങൾ ശ്രദ്ധിക്കൂ.*

കേരളമെന്ന പേർ കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ ........................

ജയ ജയ കേരള കോമള ധരണി
ജയ ജയ മാമക പൂജിത ജനനി ..................................

പ്രേമദമാകും പ്രമദവനം താൻ
        ശ്യാമള സുന്ദരമെന്നുടെ രാജ്യം
മലയജസുരഭില മാരുതനേൽക്കും
        മലയാളം ഹാ! മാമക രാജ്യം

കേരളപ്പിറവി ദിനമായ 1956 നവംബർ 1ന് മാതൃഭൂമി ദിനപ്പത്രം പ്രസിദ്ധീകരിച്ച വിശേഷാൽ പതിപ്പിന്റെ മുഖപ്രസംഗമാണ് പുസ്തകത്തിൽ നൽകിയിട്ടുള്ളത്. വിശേഷാൽ പതിപ്പ് പൂർണ മായും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നത് കുട്ടികൾക്ക് രസാവഹമായിരിക്കും. അതു പോലെ കേരളപ്പിറവി ദിനത്തിൽ മറ്റു പത്രങ്ങളിൽ വന്ന വാർത്തകളും കുട്ടികൾ ശേഖരിക്കട്ടെ. ഇങ്ങനെ ശേഖരിച്ച വാർത്തകൾ, ചിത്രങ്ങൾ, കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഐക്യ കേരളപ്പതിപ്പ് തയ്യാറാക്കാം. കുട്ടികൾ കൈമാറി വായിക്കട്ടെ

**ഭൂപടങ്ങൾ**

കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പുണ്ടായിരുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടു രാജ്യങ്ങളേയും ബ്രിട്ടീഷ് ഭരണത്തിലായിരുന്ന മദ്രാസ് പ്രവിശ്യയുടെ ഭാഗമായ മലബാർ ജില്ല യേയും പരിചയപ്പെടുത്തുക എന്നതാണ് ഭൂപടങ്ങളുടെ ലക്ഷ്യം. 1949ൽ തിരുവിതാംകൂർ - കൊച്ചി സംയോജനം നടന്നു. 1956 ൽ മലബാർ ജില്ലയും കൂടി കൂട്ടിച്ചേർത്തപ്പോൾ ഇന്നത്തെ കേരളമായി.

- കുട്ടികൾ അവരുടെ വീട് ഉൾപ്പെടുന്ന പ്രദേശം കേരളപ്പിറവിക്കുമുമ്പ് ഏതു പ്രദേശത്താ യിരുന്നു വെന്ന് (തിരുവിതാംകൂർ/കൊച്ചി/മലബാർ)കണ്ടെത്തണം.
- സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശവും ഇതുപോലെ കണ്ടെത്താവുന്നതാണ്.
- ചിലപ്പോൾ വ്യത്യസ്തമായ രണ്ടുപ്രദേശങ്ങളിൽ നിന്നും വരുന്നവർ സ്കൂളിലുണ്ടാകും. അവ കണ്ടെത്തുന്നത് രസാവഹമായിരിക്കും.
- കുട്ടിയുടെ സാമൂഹ്യശാസ്ത്ര പുസ്തകത്തിൽ ഭൂപടങ്ങൾ വരച്ചുചേർത്ത് ഓരോ പ്രദേ ശത്തും വരുന്ന ഇന്നത്തെ ജില്ലകൾ കണ്ടെത്തുന്ന പ്രവർത്തനം ചെയ്യണം.

**ജനപ്രതിനിധി സഭകൾ - അന്നും ഇന്നും**

തിരുവിതാംകൂറിൽ നിലനിന്നിരുന്ന ജനപ്രതിനിധിസഭയെക്കുറിച്ചാണ് ഈ ഭാഗത്ത് വിവരിക്കു ന്നത്. ഇതിനെ കേരളത്തിലെ ഇപ്പോഴത്തെ നിയമസഭയുമായി കുട്ടികൾ താരതമ്യം ചെയ്യണം.

- ഏതു ഭരണക്രമമാണ് കൂടുതൽ സ്വീകാര്യമായിട്ടുള്ളത്? എന്തുകൊണ്ട്? എന്ന പ്രശ്നം അധ്യാ പിക ഉന്നയിക്കണം.
- കൈവശമുള്ള സ്വത്തിന്റെയും അടയ്ക്കുന്ന നികുതിയുടെയും അടിസ്ഥാനത്തിൽ വോട്ടവ കാശം അനുവദിക്കുന്നത് ന്യായമാണോ?
- സ്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നും വോട്ടവകാശമെങ്കിൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും?

ഈ പ്രശ്നങ്ങൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് ക്രോഡീകരണം നടത്തി ക്ലാസ്സിൽ അവതരിപ്പിക്കു വാൻ കുട്ടികൾക്ക് അവസരം നൽകണം.

**വോട്ടവകാശത്തിനു വേണ്ടി**

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ തിരുവിതാംകൂറിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അന്നത്തെ ദിവാൻ രാജഗോപാലാചാരിക്കെതിരെ സ്വദേശാഭിമാനി പത്രത്തിലൂടെ രൂക്ഷവിമർശനങ്ങൾ നടത്തി. അതിന്റെ പേരിൽ 1911 ൽ അദ്ദേഹത്തെ നാടുകടത്തി. 1922 ൽ ജനകീയാഭിപ്രായം മാനിച്ച് തിരുവിതാംകൂർ നിയമസഭ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഭൂരിപക്ഷമുള്ള ഒരു ജനപ്രതി നിധി സഭയാക്കി. പക്ഷേ വോട്ടവകാശം കരമൊടുക്കുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തി

യതിനാൽ ഈഴവ, മുസ്ലീം, ക്രിസ്ത്യൻ സമുദായക്കാർക്ക് തുച്ഛമായ പ്രാതിനിധ്യമാണ് ലഭിച്ചത്. 1932 ൽ ശ്രീചിത്തിരതിരുനാൾ പ്രഖ്യാപിച്ച ഭരണപരിഷ്കാരത്തിലും ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ സമുദായക്കാർക്ക് ന്യായമായി കിട്ടേണ്ട സീറ്റുകൾ ലഭിക്കുന്ന വിധത്തിലായിരുന്നില്ല നിയോജകമണ്ഡല വിഭജനവും വോട്ടവകാശവും നിർണയിച്ചിരുന്നത്. ഈ സാഹചര്യത്തിൽ ഈഴവ-മുസ്ലീം-ക്രിസ്ത്യൻ സമുദായങ്ങൾ യോജിച്ച് സംയുക്ത രാഷ്ട്രീയ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സി. കേശവൻ, പി.കെ കുഞ്ഞ്, എൻ.സി ജോസഫ് എന്നിവർ നേതൃത്വം നൽകി. അവകാശങ്ങളംഗീകരിക്കുന്നതുവരെ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു ബഹിഷ്ക്കരിക്കുവാൻ തീരുമാനിച്ചു. ഇതിന് അവർ നൽകിയ പേരാണു 'നിവർത്തന പ്രക്ഷോം.'

### വിദ്യാഭ്യാസത്തിലൂടെ കരുത്തിലേക്ക്

തിരുവിതാംകൂറിലെ പൊതുവിദ്യാഭ്യാസത്തിന്റെ തുടക്കവും വ്യാപനവും ഇവിടെ പരാമർശിക്കുന്നു. രാജാക്കന്മാരോടൊപ്പം ക്രിസ്ത്യൻ മിഷനറിമാരും വിദ്യാഭ്യാസ വ്യാപനത്തിൽ വഹിച്ചിട്ടുള്ള പങ്ക് സൂചിപ്പിക്കണം. വിദ്യാഭ്യാസം ലഭിച്ചവർ സാമൂഹിക അനീതികൾക്കെതിരെയും അവസരങ്ങൾ നേടിയെടുക്കുന്നതിനായും നടത്തിയ ശ്രമങ്ങൾക്ക് ഊന്നൽ നൽകണം.

- ഏതെങ്കിലും കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നവർ നമ്മുടെ സമൂഹത്തിൽ ഇന്നുമുണ്ടോ എന്ന വിഷയം ക്ലാസിൽ പൊതുവായി ചർച്ച ചെയ്യണം.
- ഇന്നത്തെ വിദ്യാഭ്യസ സമ്പ്രദായം, തിരുവിതാംകൂറിലെ വിദ്യാഭ്യാസ സമ്പ്രദായവുമായി താരതമ്യം ചെയ്യുക.

### മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

റാണി പാർവ്വതിഭായിയുടെ കാലഘട്ടത്തിൽ എൽ.എം എസിന് (ലണ്ടൻ മിഷൻ സൊസൈറ്റി) നാഗർകോവിലിലും സി.എം.എസിന് (ചർച്ച് മിഷൻ സൊസൈറ്റി) കോട്ടയത്തും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു വേണ്ട സഹായം ചെയ്തു കൊടുത്തു. അവർ ആംഗലഭാഷാ പഠനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി. ആദ്യകാല സി.എം.എസ് മിഷണറിമാരുടെ കൂട്ടത്തിൽ ബഞ്ചമിൻ ബെയ്‌ലി, ബേക്കർ എന്നീ പേരുകൾ പ്രത്യേകം പ്രസ്താവ്യങ്ങളാണ്. കോട്ടയത്തെ പ്രശസ്തമായ ബേക്കർ മെമ്മോറിയൽ സ്കൂൾ ഇദ്ദേഹത്തിന്റെ ഓർമ്മ നിലനിർത്തുന്നു. റവ. ജെ.ഡാസൺ എന്ന മിഷനറി മട്ടാഞ്ചേരിയിൽ സ്ഥാപിച്ചതാണ് കൊച്ചിയിലെ ആദ്യത്തെ വിദ്യാലയം. മലബാറിൽ പാശ്ചാത്യ വിദ്യാഭ്യാസ പുരോഗതിയിൽ പ്രധാന പങ്ക് വഹിച്ചത് ബാസൽ ഇവാഞ്ചലിക്കൽ മിഷനായിരുന്നു. ബാസൽ ഇവാഞ്ചലിക്കൽ മിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന ഡോ.ഹെർമൻ ഗുണ്ടർട്ടിന്റെ ആഭിമുഖ്യത്തിൽ 1839 ൽ തലശ്ശേരിയിലും 1848 - ൽ കല്ലായിയിലും വിദ്യാലയങ്ങൾ ആരംഭിച്ചു. 1862 -ൽ തലശ്ശേരിയിൽ സ്ഥാപിതമായ ബ്രണ്ണൻ സ്കൂൾ പിന്നീട് സർക്കാർ ഏറ്റെടുക്കുകയും ഇന്നത്തെ ബ്രണ്ണൻ കോളേജായി ഉയർത്തുകയും ചെയ്തു. എൽ.എം എസ്സിലെ ജെ.റോബർട്ട്സ് തിരുവനന്തപുരത്ത് ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. ഒരു വർഷത്തിനകം ആ വിദ്യാലയം His Highness the Maharaja's free school എന്ന പേരിൽ 1835 ൽ സ്വാതിതിരുനാളിന്റെ സർക്കാർ ഏറ്റെടുത്തു. 1866 ൽ ഇതു കോളേജായി ഉയർത്തി. അതാണ് ഇന്നത്തെ യൂണിവേഴ്സിറ്റി കോളേജ്.

### അർഹമായത് നേടിയെടുക്കാൻ

വിദ്യാ സമ്പന്നരായവർക്ക് സർക്കാർ ഉദ്യോഗങ്ങളിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിരുന്നില്ല.

ഈ അവസ്ഥയ്ക്കെതിരെയുള്ള രോഷപ്രകടനമായിരുന്നു മലയാളി മെമ്മോറിയലും ഈഴവ മെമ്മോറിയലും.

രണ്ടു മെമ്മോറിയലുകളും ക്ലാസിൽ പൂർണ്ണമായും വായിച്ചവതരിപ്പിക്കുന്നത്, ആ കാലഘട്ടത്തിലെ വിദ്യാസമ്പന്നരായ താണജാതിക്കാരുടെ അവസ്ഥ മനസ്സിലാക്കുവാൻ ഉപകരിക്കും. മെമ്മോറിയലുകളിൽ ഉപയോഗിച്ചിരുന്ന ഭാഷ പ്രത്യേകം പരാമർശ വിഷയമാകണം. പ്രജകളുടെ വിധേയത്വം ഭാഷയിൽ ആദ്യന്തം മുറ്റി നിൽക്കുന്നുവെന്ന വസ്തുത കുട്ടികൾക്ക് തനിയെ കണ്ടെത്തുവാനുള്ള അവസരം നൽകണം. ഇന്ന് നാം നൽകുന്ന നിവേദനങ്ങളുമായി ഇതിനെ താരതമ്യം ചെയ്യട്ടെ. നിവേദനങ്ങൾക്ക് പുറമെ നാമിന്ന് സ്വീകരിക്കുന്ന മറ്റു സമരമുറകൾ ഏതൊക്കെയെന്ന് കുട്ടികൾ കണ്ടെത്തി പട്ടികപ്പെടുത്തട്ടെ. (മെമ്മോറിയലുകളുടെ കോപ്പി വായനയ്ക്ക് നൽകണം.)

- സത്യഗ്രഹം
- ധർണ
- പണിമുടക്ക്
- നിരാഹാരം
-

**സംവാദം:** വിവിധ ജനകീയാവശ്യങ്ങൾ നേടിയെടുക്കുവാനായി നമ്മുടെ നാട്ടിൽ നടന്നിട്ടുള്ള സമരങ്ങളെക്കുറിച്ച് പൊതു ചർച്ച നടത്തണം. അതിനുശേഷം ഇന്നു നടക്കുന്ന വിവിധ ജനകീയ സമരമാർഗ്ഗങ്ങളെക്കുറിച്ചു സംവാദത്തിൽ ഏർപ്പെടുവാൻ അവസരം നൽകണം.

ഇതിനായി വിഷയം തീരുമാനിക്കണം “ജനകീയാവശ്യങ്ങൾ നേടിയെടുക്കുന്നതിൽ പ്രസക്തമല്ലാത്ത സമരരീതികളുണ്ടോ?” എന്ന പ്രശ്നം ക്ലാസിൽ അവതരിപ്പിക്കുന്നു. ഉണ്ട് എന്നും ഇല്ല എന്നും അഭിപ്രായങ്ങൾ വരുമല്ലോ. ഈ രണ്ട് വിഭാഗക്കാരെ രണ്ടു ഭാഗത്തായി ഇരുത്തണം. അനുയോജ്യമായ ഒരു കുട്ടിയെ മോഡേറേറ്ററാക്കണം. രണ്ടു വിഭാഗത്തിനും മാറി മാറി വാദങ്ങൾ അവതരിപ്പിക്കാൻ അവസരം നൽകണം. മോഡറേറ്ററുടെ അഭിപ്രായ പ്രകടനത്തിനു ശേഷം ടീച്ചർ സംവാദ ചർച്ചയെ ക്രോഡീകരിക്കണം. കുട്ടികൾ ചർച്ച ചെയ്യാനിടയില്ലാത്ത ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തിയാകണം ക്രോഡീകരണം. പ്രവർത്തനത്തിനു ശേഷം ഓരോ കുട്ടിയും വ്യക്തിഗത കുറിപ്പ് തയാറാക്കട്ടെ. വ്യത്യസ്തതയാർന്ന ഏതാനും കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം.

- നിവർത്തന പ്രക്ഷോഭം, മലയാളിമെമ്മോറിയൽ, ഈഴവമെമ്മോറിയൽ തുടങ്ങിയ അവകാശ സമരങ്ങൾ നടത്തുന്നതിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് കുട്ടികൾ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കണം. വിദ്യാഭ്യാസത്തിന്റെ സാമൂഹിക ധർമ്മം കുട്ടികൾ തിരിച്ചറിയുകയും അതിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുകയും ചെയ്യേണ്ടതുണ്ട്.

**മലയാളി മെമ്മോറിയൽ**

കെ.പി. ശങ്കരമേനോനാണ് ഈ ഭീമ ഹർജി രാജാവിന് സമർപ്പിച്ചത്. ഹർജി സമർപ്പണത്തിനുശേഷം വടക്കൻ പറവൂർ മുതൽ നാഗർകോവിൽ വരെ പൊതുയോഗങ്ങൾ സംഘടിപ്പിച്ച് ഹർജിയിലെ ആവശ്യങ്ങൾ ജനങ്ങളോട് വിശദീകരിച്ചു. ഈ നിവേദനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഭാരതത്തിൽ ആദ്യമായി ജാതിസംവരണത്തിനുള്ള നിവേദനം മലയാളി മെമ്മോറിയൽ ആയിരുന്നുവെന്നതാണ്. ഈ കൂറ്റൻ നിവേദനം എഴുതി തയ്യാാക്കിയത് സി.വി.രാമൻപിള്ളയായിരുന്നു. നിവേദനത്തിന്റെ ഫലമായി ഏതാനും പേർക്ക് സർക്കാർ ജോലി ലഭിച്ചു. ഇതൊഴിവാക്കിയാൽ കാര്യമായ ചലനമൊന്നും സർക്കാരിലുണ്ടാക്കാൻ നിവേദനത്തിലൂടെ സാധിച്ചില്ല.

### മലയാളി മെമ്മോറിയലിന്റെ ഏതാനും ഭാഗങ്ങൾ

മഹാരാജരാജമാന്യ ശ്രീ പത്മനാഭദാസ വഞ്ചിക്ഷിതിപാലക ബാലരാമവർമ്മ കുലശേഖര കൃപാപതി മന്നൈസുൽത്താൻ മഹാരാജ രാമരാജ ബഹദൂർ ഷംഷേർജംഗ് ജി.ഡി.എസ്.ഐ തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിലേക്ക് അവിടുത്തെ മഹത്ത്വത്തിന്റെ മുമ്പിൽ ദയവായി താഴെ ഒപ്പിട്ടിരിക്കുന്ന തിരുമനസ്സിലെ പ്രജകളായി ഞങ്ങൾ അങ്ങേയറ്റത്തെ ബഹുമാനത്തോടുകൂടി അടിയിൽ കാണുന്ന നിവേദനം യാചനാപൂർവ്വം സമർപ്പിക്കുന്നു. ആവശ്യങ്ങളുടെ തീക്ഷ്ണതയനുസരിച്ച് തിരുമനസ്സിൽ നിന്ന് ഇതിന് പരിഗണനയ്ക്ക് ശ്രദ്ധയുണ്ടാകണമെന്ന ഗാഢമായ വിശ്വാസത്തോടെയാണ് അങ്ങയുടെ സർക്കാരിന്റെയും അങ്ങയുടെയും കൈകളിൽ ഇത് സമർപ്പിക്കുന്നത്.

തിരുവിതാംകൂറിലുള്ള അങ്ങയുടെ പ്രജകളിൽ പ്രധാനപ്പെട്ട വിഭാഗങ്ങളെ ബാധിക്കുന്ന ഈ ദുഃഖം ഞങ്ങളിൽ കുറച്ചുപേർ ചേർന്ന് നിർബന്ധപൂർവ്വമായ യാചനയോടുകൂടി തിരുമനസ്സിലെ ദയപൂർണമായ ശ്രദ്ധയ്ക്ക് വിധേയമാകുന്നത്.

സ്വന്തം രാജ്യത്തുള്ള ഭരണകൂടത്തിലെ സേവനത്തിൽ അർഹമായ വിഹിതം ഞങ്ങൾ നിഷേധിച്ചിരിക്കുന്നതു കൊണ്ടും ഞങ്ങളെ സർവീസിലുള്ള ഉയർന്ന തസ്തികകളിൽ നിന്ന് വ്യവസ്ഥാപിത തന്ത്രമുപയോഗിച്ച് ഒഴിവാക്കിയിരിക്കുന്നതുകൊണ്ടുമാണ്.............................

..............................................................................................................................................

ഞങ്ങൾ യാചനാപൂർവ്വം സ്വയം സമർപ്പിക്കുന്നു.
തിരുമനസ്സിലെ ഭക്തരും ദാസരുമായ പ്രജകൾ
കെ.പി. ശങ്കരമേനോൻ ബി.എ; ബി.എൽ
പതിനായിരത്തി മുപ്പത്തി ഏഴു മറ്റു പ്രജകളും

### ഈഴവ മെമ്മോറിയൽ

മലയാളി മെമ്മോറിയലിനെപ്പോലെ ദീർഘവും കണക്കുകൾ വിശദമാക്കുകയും ചെയ്യുന്നതല്ല ഈഴവ മെമ്മോറിയൽ. ഡോ. പല്പുവാണ് ഈഴവമെമ്മോറിയൽ തയ്യാറാക്കിയത്. ഈഴവർക്കാകെ തിരുവിതാംകൂറിൽ ഒരു സർക്കാർ സ്കൂൾമാത്രമാണ് അന്നുണ്ടായിരുന്നത്. സർക്കാർ വിദ്യാലയങ്ങളിൽ പഠനം നടത്തുവാനും സർക്കാർ ഉദ്യോഗങ്ങളിൽ സമുദായത്തിലെ യോഗ്യതയുള്ളവരെ നിയമിക്കാനുമുള്ള അപേക്ഷയാണ് മെമ്മോറിയലിന്റെ ഉള്ളടക്കം. തിരുവിതാംകൂറിലെ അന്നത്തെ രാജാവായിരുന്ന ശ്രീമൂലം തിരുനാൾ രാമവർമ്മയ്ക്കാണ് അപേക്ഷ സമർപ്പിച്ചത്.

### ഈഴവ മെമ്മോറിയലിന്റെ ഏതാനും ഭാഗങ്ങൾ

ശ്രീ പത്മനാഭൻ തുണ,

പൊന്നു തമ്പുരാൻ തിരുമുമ്പാകെ തൃപ്പാദം കൊണ്ട് കല്പിച്ചു പരിപാലിച്ചുപോരുന്ന പ്രജകളും അഗതികളുമായ താഴെപേരെഴുതി കൈയൊപ്പിട്ടിരിക്കുന്ന ഈഴവർ ഏറ്റവും താഴ്മയോടുകൂടി കയ്ക്കുറ്റപ്പാട് ചെയ്ത തിരുവുള്ളമുണർത്തിച്ചുകൊള്ളുന്ന സങ്കടം

അടിയങ്ങൾ സംസ്ഥാനമൊട്ടുക്കുള്ള ജനസംഖ്യയിൽ അഞ്ചിലൊന്നോളമുള്ളവരും പരമ്പരയായി തൃപ്പാദങ്ങളിൽ വളരെ ഭയഭക്തി വിശ്വസങ്ങളോടുകൂടി രാജ്യനീതികളെ കീഴ്‌വഴങ്ങി മര്യാദയായി കാലം കഴിച്ചുപോരുന്നവരും രാജ്യത്തിനു സമാധാനമില്ലാതിരുന്ന കാലങ്ങളിൽ എല്ലാം പൊന്നു തമ്പുരാക്കന്മാർക്കു വേണ്ടി പ്രാണൻ കളഞ്ഞിട്ടുള്ള പഴവന്മാരുടെ സന്താനങ്ങളും ഇപ്പോഴും രാജ്യക്ഷേമ കാര്യങ്ങളായി കൃഷി, കൈത്തൊഴിൽ, കച്ചവടം മുത

ലായവയിൽ പരിശ്രമിച്ച് ഇതര ജാതിക്കാരെക്കാളും സർക്കാരിന് മുതൽക്കൂട്ടുന്നവരുമാകുന്നു എന്നുള്ള വാസ്തവം അടിയങ്ങൾ തിരുവുള്ളമുണർത്തിച്ചേ തീരു എന്നില്ല. എന്നാൽ ഗവൺമെന്റിൽ നിന്നും പ്രജകളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ചെയ്തു വരുന്ന ചില സൗകര്യങ്ങളും സഹായങ്ങളും അടിയങ്ങൾക്ക് ഇന്നും സിദ്ധിക്കുന്നതിന് സംഗതി ആയിട്ടില്ല.

ഇഹപരസുഖങ്ങൾക്കു നിദാനമായിരിക്കുന്ന വിദ്യാഭ്യാസം ജാതിഭേദം കൂടാതെ സകല പ്രജ കൾക്കും ഒന്നുപോലെ സിദ്ധിക്കത്തക്കവണ്ണം തിരുവുള്ളമുണ്ടായി സംസ്ഥാനമൊട്ടുക്കും പാഠശാലകൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ടെങ്കിലും അടിയങ്ങളുടെ കിടാങ്ങളും പഠിത്ത ത്തിൽ പ്രോത്സാഹിപ്പിക്കേണ്ട ഗവൺമെന്റ് ഇന്നും അവരെ മിക്ക പാഠശാലകളിലും കട ക്കാൻ സമ്മതിക്കാതെ നിർദ്ദയം ആട്ടിക്കളയുകയാണ് ചെയ്തുവരുന്നത്. അതിനാൽ അടി യങ്ങളിൽ വിദ്യാഭ്യാസമുള്ളവർ പഠിത്ത വിഷയത്തിൽ സകല സൗകര്യമുള്ള ഇതര ജാതി ക്കാരോടൊത്തു നോക്കിയാൽ വളരെ മോശവും വിശേഷിച്ചും ഇക്കാലത്തെ പരിഷ്കാര ത്തിന് ആവശ്യം വേണ്ടതായ ഇംഗ്ലീഷ് പഠിത്തം ഉള്ളവർ തീരെ ചുരുക്കവുമാണ്. ഇതിനു കാരണം പഠിത്തത്തിന് സൗകര്യമില്ലായ്മ ഒന്നു മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ പ്രയോജന മെന്നു സാധാരണ ജനങ്ങൾ വിചാരിച്ചുവരുന്നതും വിദ്യാഭ്യാസത്തിൽ അവരെ പ്രത്യേകം പ്രേരിപ്പിക്കുന്നതുമായ സർക്കാർ ഉദ്യോഗങ്ങളിൽ അടിയങ്ങൾക്ക് നിശ്ശേഷം അർഹതയി ല്ലെന്നു വച്ചിരിക്കുന്നതും പ്രധാനമായ ഒരു കാരണമാണ്. ...............

**തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ്**

ജനകീയ ആവശ്യങ്ങൾ ഉന്നയിച്ചു നടന്ന വിവിധ പ്രക്ഷോഭങ്ങളിൽ നിന്നും കിട്ടിയ ഊർജ്ജ മാണ് ഒരു പ്രസ്ഥാനത്തിന്റെ ആവശ്യകതയിലേക്ക് നയിച്ചത്. അവകാശങ്ങൾ നേടിയെടുക്കാൻ സംഘടിത പ്രസ്ഥാനങ്ങളുടെ അനിവാര്യത കുട്ടികളെ ബോധ്യപ്പെടുത്തണം.

നിവർത്തന പ്രക്ഷോഭത്തിനുശേഷം, 1932 ൽ ശ്രീ ചിത്തിര തിരുന്നാൾ പ്രഖ്യാപിച്ച ഭരണ പരി ഷ്കാരത്തിലും പിന്നാക്ക സമുദായങ്ങൾക്ക് ഭരണത്തിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ഈഴവ, മുസ്ലീം, ക്രിസ്ത്യൻ സമുദായങ്ങൾ ഒത്തു ചേർന്ന് രൂപീകരിച്ച താണ് സംയുക്ത രാഷ്ട്രീയ സമിതി. സംയുക്ത രാഷ്ട്രീയ സമിതിയിൽ മറ്റു സമുദായങ്ങളെ ക്കൂടി ഉൾപ്പെടുത്തി പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ 1938 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് രൂപീകൃതമായി.

**പുന്നപ്ര വയലാർ സമരം**

1946 ൽ തിരുവിതാംകൂർ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യർ സ്വതന്ത്ര തിരുവിതാംകൂർ വാദമുന്നയിച്ചതിനെ തുടർന്നാണ് കലാപം ആരംഭിച്ചത് 'സ്വതന്ത്ര തിരുവിതാംകൂർ' എന്നതു കൊണ്ട് ഉദ്ദേശിച്ചത് ഇന്ത്യ സ്വതന്ത്രമായാൽ ഇന്ത്യൻ യൂണിയനിൽ ചേരാതെ ഒരു സ്വതന്ത്രരാ ജ്യമായി തിരുവിതാംകൂർ തുടരും എന്നാണ്. ജന്മിത്വത്തിനെതിരെയുള്ള സമരവും ഇതേ സമയം ആലപ്പുഴയിൽ നടക്കുന്നുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് ഇതിനു നേതൃത്വം നൽകി യിരുന്നത്. ദിവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചു. എന്നാൽ തൊഴിലാളികൾ കൂടുതൽ ശക്തരാകുകയും രാഷ്ട്രീയ പൊതു പണിമുടക്ക് ആരംഭിക്കുകയും ചെയ്തു. തൊഴിലാളികൾ വാരിക്കുന്ത(മുളകീറി അതിന്റെ അഗ്രഭാഗം കൂർപ്പിച്ച ഏതാണ്ട് എട്ടടി നീളമുള്ള ആയുധം)വുമായി പോലീസിനെ നേരിട്ടു. പോലീസിനെ സഹായിക്കുവാൻ പട്ടാളവുമെത്തി. പട്ടാള നിയമത്തിന്റെ അറിയിപ്പ് സർക്കാർ വിമാനത്തിൽ ചേർത്തല, അമ്പലപ്പുഴ താലൂക്കിൽ വിതരണം ചെയ്തു. എന്നാൽ ആരും പിരിഞ്ഞുപോയില്ല. നിരപരാധികളായ മനുഷ്യർക്കു നേരെ സി.പി.യുടെ പട്ടാളം നിറയൊഴിച്ചു. ഏതാണ്ട് മൂവായിരത്തിലധികം പേർ കൊല്ലപ്പെട്ടതായി കരുതുന്നു. മരിച്ചവരെ യെല്ലാം ഒന്നിച്ച് ഒരു കുളത്തിൽ കൂട്ടിയിട്ട് പെട്രോൾ ഒഴിച്ചു കത്തിക്കുകയായിരുന്നു. ആ കുളം

ഇന്ന് ഒരു കുന്നായി മാറിയിരിക്കുന്നു. 'വെടിക്കുന്ന്' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ജ്വലിക്കുന്ന നിണമണിഞ്ഞ അധ്യായമാണ് പുന്നപ്ര - വയലാർ സമരം.

- പുന്നപ്ര വയലാർ പ്രദേശങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിച്ച് വിവരശേഖരണം നടത്താവുന്നതാണ്.
- നിവർത്തന പ്രക്ഷോഭം, മെമ്മോറിയലുകൾ, പുന്നപ്ര വയലാർ സമരം എന്നിവ കുട്ടികൾ ഇതിനകം പരിചയപ്പെട്ടു. ജനകീയാവശ്യങ്ങൾ നേടിയെടുക്കുന്നതിൽ ഈ സമരങ്ങൾ വഹിച്ച പങ്ക് കണ്ടെത്തി കുറിപ്പു തയ്യാറാക്കുക.
- തിരുവിതാംകൂറിൽ നടന്ന സമരങ്ങളും പ്രക്ഷോഭങ്ങളും നടന്ന കാലക്രമത്തിൽ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

### തിരുവിതാംകൂറിലെ രാജാക്കന്മാർ

| | പേര് | ഭരണകാലം |
|---|---|---|
| 1. | അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ | 1729 - 1758 |
| 2. | കാർത്തിക തിരുനാൾ രാമവർമ്മ (ധർമ്മരാജ) | 1758 - 1798 |
| 3. | അവിട്ടം തിരുനാൾ ബാലരാമ വർമ്മ | 1798 - 1810 |
| 4. | ആയില്യം തിരുനാൾ റാണി ഗൗരി ലക്ഷ്മി ഭായി | 1810 - 1815 |
| 5. | ഉത്യട്ടാതി തിരുനാൾ റാണി ഗൗരി പാർവ്വതി ഭായി | 1815 - 1829 |
| 6. | സ്വാതി തിരുനാൾ രാമവർമ്മ | 1829 - 1847 |
| 7. | ഉത്രം തിരുനാൾ മാർത്താണ്ഡ വർമ്മ | 1847 - 1860 |
| 8. | ആയില്യം തിരുനാൾ രാമവർമ്മ | 1860 - 1880 |
| 9. | വിശാഖം തിരുനാൾ രാമവർമ്മ | 1880 - 1885 |
| 10. | ശ്രീമൂലം തിരുനാൾ രാമവർമ്മ | 1885 - 1924 |
| 11. | പൂരാടം തിരുനാൾ റാണി സേതു ലക്ഷ്മി ഭായി | 1924 - 1931 |
| 12. | ശ്രീ ചിത്തിര തിരുനാൾ രാമവർമ്മ | 1931 - 1949 |

**കൊച്ചി - പ്രജാമണ്ഡലം**

1941-ൽ വി.ആർ കൃഷ്ണൻ എഴുത്തച്ഛന്റെ നേതൃത്വത്തിൽ കൊച്ചിയിലെ വിവിധ രാഷ്ട്രീയ കക്ഷികളിൽ പ്രവർത്തിച്ചിരുന്നവർ യോഗം ചേർന്ന് കൊച്ചി രാജ്യപ്രജാമണ്ഡലം രൂപീകരിച്ചു. ഇവരെല്ലാവരും തന്നെ കോൺഗ്രസ്സ് അനുഭാവികൾ ആയിരുന്നു. പ്രായപൂർത്തി വോട്ടവകാശം വഴി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ മാത്രമടങ്ങിയ നിയമസഭയോട് പരിപൂർണ ഉത്തരവാദിത്വമുള്ള സർക്കാർ രൂപീകരിക്കുകയായിരുന്നു പ്രജാമണ്ഡലത്തിന്റെ ലക്ഷ്യം 1946 ആഗസ്റ്റ് 17 -നു ക്രമസമാധാനപാലനവും ധനകാര്യവുമൊഴികെ എല്ലാവകുപ്പുകളും ജനകീയമന്ത്രിമാർക്ക് നൽകിക്കൊണ്ടുള്ള സന്ദേശം മഹാരാജാവ് നിമയസഭയ്ക്ക് അയച്ചുകൊടുത്തു. ഇതേ തുടർന്ന് പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ ആദ്യത്തെ ജനകീയ മന്ത്രിസഭ കൊച്ചിയിൽ അധികാരത്തിൽ വന്നു. 1947 ആഗസ്റ്റ് 14 ന് കൊച്ചി മഹാരാജാവ് ഒരു പ്രഖ്യാപനത്തിലൂടെ

നിയമസമാധാനം, ധനകാര്യം എന്നീ വകുപ്പുകൾ കൂടി ദിവാന്റെ നിയന്ത്രണത്തിൽ നിന്നും ജനകീയ മന്ത്രിമാരുടെ കീഴിലാക്കി. ഇതിൽ പ്രതിഷേധിച്ച് ദിവാൻ സി.പി കരുണാകാരമേനോൻ രാജിവെച്ചു. ഇതോടെ കൊച്ചിയിൽ ദിവാൻ ഭരണത്തിന് അവസാനമായി.

1948 ൽ മുംബൈയിൽ ചേർന്ന പ്രജാമണ്ഡലത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം സംഘടന പിരിച്ചുവിട്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ലയിക്കാൻ തീരുമാനിച്ചു. താമസിയാതെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സും ലയനതീരുമാനം കൈകൊണ്ടു.

- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റേയും കൊച്ചി രാജ്യപ്രജാമണ്ഡലത്തിന്റെയും പ്രവർത്തനങ്ങൾ താരതമ്യം ചെയ്യാനുള്ള പ്രവർത്തനം കുട്ടികൾക്ക് നൽകേണ്ടതാണ്.

**ബ്രിട്ടീഷുകാർ നേരിട്ടുഭരിച്ച മലബാർ**

നിരവധി നാട്ടുരാജ്യങ്ങളായി കിടന്നിരുന്ന മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിലായ സാഹചര്യം ഈ പാഠഭാഗത്ത് വിശദമാക്കണം. അതോടൊപ്പം സാമ്രാജ്യത്ത അധിനിവേശത്തിനെതിരെ നടന്ന ശക്തമായ സമരങ്ങൾ പരാമർശിക്കപ്പെടുകയും ചെയ്യണം. മലബാറിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ക്രിസ്ത്യൻ മിഷണറിമാർ വഹിച്ച പങ്കും വിലയിരുത്തപ്പെടണം.

1921 ലെ മലബാർ കലാപം വടക്കൻ കേരളത്തിലെ ശ്രദ്ധേയമായ ഒരു സമരമായിരുന്നു. തുർക്കിയിലെ ഖാലിഫിനെ ബ്രിട്ടൺ നിഷ്കാസനം ചെയ്തതിൽ പ്രതിഷേധിച്ചു മുസ്ലീം നേതാക്കളും അവരോടൊപ്പം നിന്ന ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിലെ മുസ്ലീം കർഷകരും കുടിയാന്മാരും ചേർന്നാണ് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സമരം സംഘടിപ്പിച്ചത്.

ബാസൽ മിഷന്റെ മലബാറിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നത് ഡോ. ഹെർമൻ ഗുണ്ടർട്ട് ആയിരുന്നു. 1839-ൽ തലശ്ശേരിയിൽ സ്ഥാപിച്ച വിദ്യാലയം പിന്നീട് ബ്രണ്ണൻ കോളേജായി മാറി. 1848-ൽ കോഴിക്കോട് സ്ഥാപിച്ച വിദ്യാലയം പിന്നീട് കോളേജായി ഉയർത്തപ്പെട്ടു.

1920- കളോടുകൂടി മലബാറിൽ ധാരാളം സ്വകാര്യ സ്കൂളുകൾ നിലവിൽ വന്നു. 1921 -ൽ മദിരാശി സർക്കാർ കൊണ്ടുവന്ന നിയമമനുസരിച്ച് ഓരോ ജില്ലയിലും ഓരോ വിദ്യാഭ്യാസ കൗൺസിലുകൾ രൂപീകരിക്കപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി പദ്ധതികൾ തയാറാക്കുന്നതിനും പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഈ കൗൺസിലുകൾക്ക് അധികാരം നൽകി. ഇതേ കാലഘട്ടത്തിൽ തന്നെ സ്വകാര്യ സ്കൂൾ മാനേജർമാർക്ക് ധനസഹായം നൽകുവാൻ വേണ്ടി സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് കോഡ് പ്രഖ്യാപിച്ചു. വെള്ളിയാഴ്ച അവധിയായ നിരവധി മാപ്പിള സ്കൂളുകൾ ഇപ്പോഴും ഇവിടെ പ്രവർത്തിച്ചു വരുന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിൽ കേരളപ്പിറവിക്കു മുമ്പു നടന്ന രാഷ്ട്രീയ സാമുദായിക പ്രക്ഷോഭങ്ങളും വിദ്യാഭ്യാസ രംഗത്തുണ്ടായ പരിവർത്തനങ്ങളുമാണ് ഈ അധ്യായത്തിൽ ഇതുവരെ ചർച്ച ചെയ്ത്. ഈ മൂന്നു ഭൂപ്രദേശങ്ങളിലെയും പ്രക്ഷോഭങ്ങളെ ഉൾപ്പെടുത്തി 'ഐക്യകേരള'രൂപീകരണത്തിനുമുമ്പുണ്ടായ പ്രക്ഷോഭങ്ങളും അവ കേരള സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങളും' എന്ന കുറിപ്പ് തയാറാക്കണം

- ഭരണത്തെ ജനകീയമാക്കാൻ നടന്ന ശ്രമങ്ങൾ.
- അവകാശങ്ങൾ നേടിയെടുക്കുന്നതിനായി സംഘം ചേരേണ്ടതിന്റെ ആവശ്യകത.
- വിദ്യാഭ്യാസം ഉണ്ടാക്കുന്ന സാമൂഹിക മാറ്റം എന്നീ ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയാണ് കുറിപ്പ് തയാറാക്കേണ്ടത്.

### ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കേരളവും

കേരളത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഏതെല്ലാമെന്ന് ഒരു ചർച്ച ക്ലാസിൽ സംഘടിപ്പിക്കണം. ഇതിൽ പല രാഷ്ട്രീയ പാർട്ടികൾക്കും വർഷങ്ങളോളം പ്രവർത്തിച്ച പാരമ്പര്യമുണ്ട്. ഇത്തരം പ്രസ്ഥാനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങളെയും സമരങ്ങളേയും പരിചയപ്പെടുന്നതിന്റെ ഭാഗമായാണ് “ഇന്ത്യൻ നാഷണൽ കോൺഗ്രസും കേരളവും” എന്ന ഭാഗം വായനയ്ക്ക് നൽകേണ്ടത്.

### തിരുവിതാംകൂർ-കൊച്ചി സംയോജനം

തിരുവിതാംകൂർ-കൊച്ചി സംയോജനം, ഐക്യകേരളം, മലയാളികൾ, ഭാഷാസംസ്ഥാനങ്ങൾ എന്നീ കുറിപ്പുകൾ കുട്ടികൾ വായിക്കണം.അതിനു ശേഷം ‘കേരളപ്പിറവി‘ എന്ന വിഷയത്തിൽ ഒരു ലഘുവിവരണം ഗ്രൂപ്പിൽ തയാറാക്കുവാൻ ആവശ്യപ്പെടുക. ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനരൂപീകരണത്തിന്റെ പ്രയോജനങ്ങൾ കുട്ടികൾ കണ്ടെത്തി പട്ടികപ്പെടുത്തണം.

- സാംസ്കാരികമായ ഒന്നിക്കൽ
- ഭരണ നിർവ്വഹണം എളുപ്പമാക്കൽ
- ഐക്യബോധം
-

### കേരള സംസ്ഥാനരൂപീകരണം

കേരളത്തിൽ ഇന്ന് ജനാധിപത്യഭരണ രീതിയാണ് നിലനിൽക്കുന്നത്. കേരളത്തെ 140 നിയമസഭാമണ്ഡലങ്ങളായി തിരിച്ചിരിക്കുന്നു. ഈ മണ്ഡലങ്ങളിൽ നിന്നും ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരാണ് എം.എൽ.എ മാർ. ഇവർ അംഗങ്ങളായ സഭയാണ് നിയമനിർമാണ സഭ. സംസ്ഥാനത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്ന സഭയാണിത്. 5 വർഷത്തിലൊരിക്കൽ നിയമനിർമാണസഭയിലേക്ക് തെരഞ്ഞെടുപ്പ് നടക്കും. ജാതി-മത-ലിംഗ ഭേദമന്യേ ഏതൊരാൾക്കും നിയമസഭയിലേക്ക് മത്സരിക്കാം. സ്വതന്ത്രരായും, രാഷ്ട്രീയ പാർട്ടിയുടെ പേരിലും മുന്നണിയുടെ പേരിലും ഇന്ന് വ്യക്തികൾ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് നിയമസഭയിൽ പ്രാതിനിധ്യം ഉറപ്പിക്കുന്നതിന് ചില മണ്ഡലങ്ങൾ ആ വിഭാഗക്കാർക്കായി പ്രത്യേകം സംവരണം ചെയ്തിരിക്കുന്നു. 18 വയസ് പൂർത്തിയായ ഏതൊരു വ്യക്തിയ്ക്കും ഇന്ന് വോട്ടവകാശമുണ്ട്.

### കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ

1957 ഫെബ്രുവരി - മാർച്ച് മാസങ്ങളിലാണ് കേരളത്തിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ് നടന്നത്.

**മന്ത്രിമാരും വകുപ്പുകളും**

| | | |
|---|---|---|
| 1. | ടി.എ. മജീദ് | പൊതുമരാമത്ത് |
| 2. | ജോസഫ് മുണ്ടശ്ശേരി | വിദ്യാഭ്യാസം, സഹകരണം |
| 3. | കെ.സി. ജോർജ്ജ് | ഭക്ഷ്യം, വനം |
| 4. | ടി.വി.തോമസ് | തൊഴിൽ, ട്രാൻസ്പോർട്ട് |
| 5. | ഡോ. എ. ആർ. മേനോൻ | ആരോഗ്യം |
| 6. | സി. അച്ചുതമേനോൻ | ധനകാര്യം |
| 7. | കെ. ആർ. ഗൗരി | റവന്യൂ, എക്സൈസ് |
| 8. | വി. ആർ. കൃഷ്ണയ്യർ | നിയമം, ഇലക്ട്രിസിറ്റി |
| 9. | കെ.പി ഗോപാലൻ | വ്യവസായം |
| 10. | പി.കെ. ചാത്തൻ മാസ്റ്റർ | തദ്ദേശസ്വയംഭരണം |

- ആദ്യത്തെ മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന ആരെല്ലാമാണ് ഇന്ന് ജീവിച്ചിരിക്കുന്നത് എന്ന് കുട്ടികൾ അന്വേഷിച്ചു കണ്ടെത്തട്ടെ.
- ആദ്യമന്ത്രിസഭയുടെ ഏതെല്ലാം രംഗങ്ങളിലെ പ്രവർത്തനങ്ങളാണ് ജനശ്രദ്ധയാകർഷിച്ചത് എന്നുള്ള വിവരം ഒരു അഭിമുഖത്തിലൂടെ കണ്ടെത്തി കുറിപ്പു തയാറാക്കുക.

**കേരളം: അന്ന് - ഇന്ന്**

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള പട്ടിക കുട്ടികൾ പൂർത്തിയാക്കണം അതിനു ശേഷം, കേരളത്തിലെ വിവിധ മേഖലകളിൽ ഉണ്ടായ മാറ്റങ്ങളും വളർച്ചകളും താരതമ്യം ചെയ്യണം. ഏതെല്ലാം മേഖലകളിലാണ് നമ്മുടെ സംസ്ഥാനം ഇനിയും മുന്നേറുവാനുള്ളത് എന്ന് സ്വയം നിഗമനങ്ങളിൽ എത്തിച്ചേരുവാൻ കുട്ടിക്ക് കഴിയണം. 'കേരളം ഇനിയും മുന്നേറേണ്ട മേഖലകൾ' എന്ന ഒരു കുറിപ്പ് ഗ്രൂപ്പിൽ തയാറാക്കി ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കണം.

**സെമിനാർ**

ഈ യൂണിറ്റിന്റെ സമഗ്രമായ ഉള്ളടക്കത്തെ പരാമർശിക്കുന്ന വിധത്തിൽ കുട്ടികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പരമാവധി വിവരങ്ങൾ ഉൾപ്പെടുത്തി സെമിനാർ പ്രബന്ധം തയാറാക്കണം.

- തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ വിവിധ പ്രക്ഷോഭങ്ങൾ
- സാമൂഹികമാറ്റത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രവർത്തനങ്ങൾ
- കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകിയ പ്രക്ഷോഭങ്ങൾ
- ഐക്യകേരള രൂപീകരണം

എന്നീ ഉപവിഷയങ്ങൾക്ക് പ്രാധാന്യം നൽകി 'നവ കേരളത്തെ സൃഷ്ടിച്ച പ്രവർത്തനങ്ങൾ, പ്രക്ഷോഭങ്ങൾ' എന്നതാകണം സെമിനാർ വിഷയം.

**സാമൂഹ്യശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ**

1. ഫോട്ടോ ആൽബം - കേരളത്തിലെ മുഖ്യമന്ത്രിമാർ, മന്ത്രിമാർ.
2. കേരളപ്പിറവി ദിനത്തിലെ (1956 നവബംർ 1) വിവിധ പത്രങ്ങൾ ശേഖരിച്ച് പ്രദർശനം.
3. മലബാർ കലാപം, പുന്നപ്ര-വയലാർ സമരം എന്നിവപോലെ നമ്മുടെ നാട്ടിൽ വിവിധ ജന കീയ സമരങ്ങൾ നടന്നിട്ടുണ്ട്. അവയെക്കുറിച്ചും പരമാവധി വിവരങ്ങൾ ശേഖരിക്കുക. അവ ഒരുമിച്ചു ചേർത്ത് 'കേരളത്തിലെ ജനകീയ സമരങ്ങൾ' എന്ന പതിപ്പുതയാറാക്കൽ.

***റഫറൻസ് പുസ്തകങ്ങൾ***


**1. കേരള ചരിത്രം**
ഒരു സംഘം ലേഖകർ

**2. കേരളചരിത്രം**
എ. ശ്രീധരമേനോൻ

**3. ആധുനിക കേരളം**
എ. ശ്രീധരമേനോൻ

**4. കേരളചരിത്രവും സംസ്കാരവും**
ടി.കെ. ഗംഗാധരൻ

**5. മലബാർ കലാപം-പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കുമെതിരെ**
കെ. എൻ. പണിക്കർ

**6. കേരള സാംസ്കാരിക ചരിത്രം**
പി.കെ. ഗോപാലകൃഷ്ണൻ

**7. കേരള സംസ്കാരം**
ഇടമറുക്

**8. കേരള സംസ്കാരം**
പ്രൊഫ. എ. അച്ചുതവാര്യർ

**9. കേരളം മലയാളികളുടെ മാതൃഭൂമി**
ഇ.എം. എസ് നമ്പൂതിരിപ്പാട്

**10. മലബാർ പഠനങ്ങൾ**
ഡോ. കെ. ഗോപാലൻ കുട്ടി

**11. തിരുവിതാംകൂർ ചരിത്രം**
ശങ്കുണ്ണി മേനോൻ


•

# 10. ആരോഗ്യം പൂർണമാവാൻ

| | | |
|---|---|---|
| പ്രശ്നമേഖല | : | **ശാസ്ത്രീയ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം** |
| ഉപപ്രശ്നം | : | • വ്യക്തിഗത ആരോഗ്യവും പൊതുജനാരോഗ്യവും പരസ്പരം ബന്ധപ്പെട്ട താണെന്ന് തിരിച്ചറിയാനാവുന്നില്ല. |
| പഠനലക്ഷ്യങ്ങൾ | : | • തന്റെ ചുറ്റുപാടിലെ പൊതുജനാരോഗ്യത്തെ അനുകൂലവും പ്രതികൂലവു മായി ബാധിക്കുന്ന ഘടകങ്ങളെ വിശകലനം ചെയ്യുന്നതിന്.<br>• പൊതുജനാരോഗ്യത്തിന്റെ ഘടകങ്ങളാണ് വൈകാരികാരോഗ്യം, സാമൂ ഹ്യാരോഗ്യം എന്നിവ എന്ന് തിരിച്ചറിയുന്നതിന്.<br>• പൊതുജനാരോഗ്യം ശക്തമാകുന്നതിലൂടെ മാത്രമേ വ്യക്തിഗതാരോഗ്യം പരിരക്ഷിക്കപ്പെടുകയുള്ളൂ എന്ന് തിരിച്ചറിയുന്നതിന്.<br>• പൊതുജനാരോഗ്യം നിലനിർത്താൻ സഹായിക്കുന്ന സംവിധാനങ്ങളെ ക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും നിഗമനങ്ങൾ രൂപീകരിക്കുന്നതിന്. |

# സിലബസ് ഗ്രിഡ്

## 10. ആരോഗ്യം പൂർണമാവാൻ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| പൊതുജനാരോഗ്യത്തിന്റെ പ്രസക്തി | • എന്താണ് ആരോഗ്യം - ഡബ്ല്യു.എച്ച്.ഒയുടെ നിർവചനം.<br>• ഒരു വ്യക്തിയുടെ ആരോഗ്യം സാമൂഹ്യ ബന്ധത്തിലൂടെയാണ് പൂർത്തിയാകുന്നത്.<br>• വ്യക്തിഗതാരോഗ്യത്തിന്റെ ഘടകങ്ങൾ.<br><br>• ആരോഗ്യപരിപാലനം - ഘടകങ്ങൾ.<br>• പൊതുജനാരോഗ്യം നിലനിർത്തുന്നതിൽ വ്യക്തിഗതാരോഗ്യത്തിന് പങ്കുണ്ട്. വ്യക്തിയുടെ ആരോഗ്യം, സാമൂഹ്യബന്ധത്തിലൂടെയാണ് പൂർണമാകുന്നത്. | ആരോഗ്യ നിർവചനം (ഡബ്ല്യൂ.എച്ച്.ഒ)<br>-വ്യക്തിഗത ആരോഗ്യവും പൊതുജനാരോഗ്യവും.<br>-ശുദ്ധവായു<br>-ശുദ്ധജലം<br>-പോഷകാഹാരം<br>-മലിനീകരണമുക്തമായ ചുറ്റുപാട്<br>-ആരോഗ്യകരമായ സാമൂഹ്യബന്ധങ്ങൾ<br><br>• ആരോഗ്യകരമായ വീടും പരിസരവും സ്വയം തിരിച്ചറിയൽ (താൻ തന്നെ മനസ്സിലാക്കൽ)<br>• വ്യക്തിഗതാരോഗ്യവും പൊതുജനാരോഗ്യവും. | • സാമൂഹിക ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളെ പട്ടികപ്പെടുത്തുന്നു.<br>പട്ടികയാക്കി തരംതിരിക്കുന്നു. | പൊതുജനാരോഗ്യം നിലനിർത്തുന്നതിൽ എനിക്കും പങ്കുണ്ട് എന്ന മനോഭാവം. | സാമൂഹ്യ ആരോഗ്യത്തെ ബാധിക്കുന്ന ഘടകങ്ങളെ വിശകലനം ചെയ്യാൻ കഴിയുന്നുണ്ടോ? |

## സിലബസ് ഗ്രിഡ്

### 10. ആരോഗ്യം പൂർണ്ണമാവാൻ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| | • പൊതുജനാരോഗ്യം നിലനിർത്തുന്നതിൽ പ്രധാനമായും മൂന്ന് ഘടകങ്ങൾക്ക് പങ്കുണ്ട്.<br>1. ഭൗതികഘടകങ്ങൾ<br>2. വൈകാരികഘടകങ്ങൾ<br>3. സാമൂഹികഘടകങ്ങൾ<br><br>• ഒരു പ്രദേശത്തെ പൊതുജനാരോഗ്യം നിലനിർത്തുന്നതിന് ചില പൊതുസംവിധാനങ്ങൾ നിലവിലുണ്ട്. | • സാമൂഹികാരോഗ്യഘടകങ്ങൾ<br>• ഭൗതികഘടകങ്ങൾ<br>• ശുദ്ധവായു, ശുദ്ധജലം, പോഷകാഹാര ലഭ്യത, ആരോഗ്യകരമായ സമൂഹം.<br>• വൈകാരികഘടകങ്ങൾ<br>• സുരക്ഷിതത്വം, സഹിഷ്ണുത, സേവന മനോഭാവം, യുക്തിബോധം, ആത്മവിശ്വാസം, പ്രതികരണശേഷി.<br>• സാമൂഹികഘടകങ്ങൾ<br>• ജനാധിപത്യം, മതേതരത്വം, സഹകരണം, കുറ്റകൃത്യ വിമുക്ത സമൂഹം.<br>ഫലപ്രദമായ മാലിന്യ നിർമാർജ്ജന സംവിധാനം.<br>പൊതുജനാരോഗ്യം നിലനിർത്തുന്ന പൊതുസ്ഥാപനങ്ങൾ ആരോഗ്യകേന്ദ്രങ്ങൾ (ആരോഗ്യവകുപ്പ്) മാലിന്യ നിർമാർജ്ജനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുദ്ധജല വിതരണം, മലിനജല നിർമാർജ്ജനം, ഐ.സി.ഡി.എസ്, പോലീസ് സ്റ്റേഷൻ, മലനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയവ) പൊതുജനാരോഗ്യം നിലനിർത്തുന്നതിന് വഹിക്കുന്ന പങ്ക്. | • പൊതുജനാരോഗ്യം നിലനിർത്തുന്നതിന് സഹായിക്കുന്ന പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.<br>ഉദാ : ചിത്രങ്ങൾ.<br>• വായനാസാമഗ്രികൾ വായിച്ച് പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നു. അവയുടെ സാമൂഹിക പ്രസക്തിയെക്കുറിച്ച് നിഗമനങ്ങൾ രേഖപ്പെടുത്തുന്നു.<br>- വിവരശേഖരണം<br>- പൊതുസ്ഥാപനങ്ങൾ<br>- പ്രവർത്തനങ്ങൾ, പട്ടിക–ചർച്ച. | ഭക്ഷണം ദുരുപയോഗം ചെയ്യാതിരിക്കാനുള്ള മനോഭാവം. | പോഷകാഹാരം കഴിക്കേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്യുന്നുണ്ടോ?<br><br>പൊതുജനാരോഗ്യവും വ്യക്തിഗത ആരോഗ്യവും തമ്മിലുള്ള ബന്ധത്തെ സാധൂകരിക്കാൻ കഴിയുന്നുണ്ടോ? |

**ആമുഖം**

ശാസ്ത്രീയമായ ആരോഗ്യ-പൊതുജനാരോഗ്യ കാഴ്ചപ്പാടിന്റെ അഭാവം എന്ന പ്രശ്നമേഖല യിൽ ഉൾപ്പെടുത്തിയാണ് ഈ പാഠഭാഗം തയാറാക്കിയിട്ടുള്ളത്. വ്യക്തിഗത ആരോഗ്യം മെച്ച പ്പെടുത്തുന്നതിനോടൊപ്പം സാമൂഹ്യആരോഗ്യം കൂടി മെച്ചപ്പെടുത്തേണ്ടതാണ് എന്ന ആശയമാണ് കുട്ടിയിൽ ഉണ്ടാകേണ്ടത്. വ്യക്തിഗത ആരോഗ്യത്തിലും ശുചിത്വത്തിലുമൊക്കെ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെക്കാൾ കേരളം വളരെ മുൻപന്തിയിലാണെന്ന് കണക്കു കൾ സൂചിപ്പിക്കുന്നു. സാക്ഷരതയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. എന്നിട്ടും സാമൂഹ്യശുചിത്വം, സാമൂഹ്യാരോഗ്യം എന്നിവയിൽ നാം വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്ന വസ്തുത നിലനിൽക്കുന്നു.

ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ താഴെ പറയുന്ന ശേഷികൾ കുട്ടികൾ ആർജ്ജിക്കേ ണ്ടതുണ്ട്.

- പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ വിശകലനം ചെയ്ത് അത് പരിഹരിക്കാനാവശ്യമായ പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയണം.
- ആരോഗ്യത്തിന്റെ സാമൂഹിക വൈകാരിക ഘടകങ്ങൾ തിരിച്ചറിയാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്താൻ അവയുടെ സ്വാധീനം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയണം.
- സമൂഹത്തിലെ ഒരു വ്യക്തി എന്ന നിലയ്ക്ക് സാമൂഹ്യാരോഗ്യം മെച്ചപ്പെടുമ്പോഴേ വ്യക്തി ഗത ആരോഗ്യം സമ്പുഷ്ടമാകൂ എന്ന ആശയം കുട്ടിക്കുണ്ടാവണം.
- തന്റെ പ്രദേശത്തെ പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും അവരുടെ സേവനം മെച്ചപ്പെടുത്താനും ആവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനും കഴിയണം.
- പൊതു ജനാരോഗ്യം സംരക്ഷിക്കാനായി ചില സാമൂഹ്യ നിയമങ്ങൾ പാലിക്കാൻ താൻ ബാധ്യസ്ഥനാണെന്ന ബോധ്യം കുട്ടിക്കുണ്ടാവണം.
- സാമൂഹ്യാരോഗ്യത്തിനും സാമൂഹ്യശുചിത്വത്തിനും തടസ്സമായ സാമൂഹ്യവിരുദ്ധ കൂട്ടായ്മ കളിൽ നിന്നും വിട്ടുനിൽക്കാനും അവയ്ക്കെതിരെ നിലപാടു സ്വീകരിക്കാനും കുട്ടിക്ക് കഴി യണം.
- അനഭിലഷണീയമായ സാമൂഹ്യപ്രവണതകളെ വിശകലനം ചെയ്ത് സാമൂഹ്യാരോഗ്യത്തിന് വിഘാതമാകുന്ന ഘടകങ്ങൾ തിരിച്ചറിയാനും അവയ്ക്കെതിരെ പ്രതികരണപ്രവർത്തന ങ്ങളിലേർപ്പെടാനുമുള്ള ശേഷി കുട്ടികൾക്കുണ്ടാവണം.

ഇത്തരം ശേഷികൾ നേടിയെടുക്കാനുള്ള പഠനപ്രവർത്തനങ്ങളാണ് അധ്യാപിക ഈ യൂണി റ്റിൽ ഒരുക്കിയെടുക്കേണ്ടത്

**പ്രവർത്തനം- 1**

ക്ലാസിലെ മുഴുവൻ കുട്ടികൾക്കും സ്കൂൾ പരിസരം നിരീക്ഷിക്കാനുള്ള പ്രവർത്തനത്തോടെ ഈ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ക്ലാസ്മുറികൾ, സ്റ്റാഫ്റൂം, ഉച്ചഭക്ഷണം കഴിക്കുന്ന സ്ഥലം, ഉച്ചഭക്ഷണ സാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം, കൈകഴുകുന്ന സ്ഥലം, വാട്ടർ ടാങ്ക്, കക്കൂസ്, യൂറിനലുകൾ, സ്കൂളിലെ ഒഴിഞ്ഞ മുറികൾ എന്നിവ സന്ദർശിച്ച ശേഷം ആരോഗ്യത്തിന് ഗുണ കരമായവ, ദോഷകരമായവ എന്നിങ്ങനെ തരംതിരിക്കട്ടെ. ഈ നിരീക്ഷണങ്ങളെ അധ്യാപിക ബോർഡിൽ പട്ടികപ്പെടുത്തണം. സ്കൂളിലും പരിസരത്തുമുള്ള ആരോഗ്യകരമായ ജീവിതത്തിന്

ദോഷം ചെയ്യുന്ന വസ്തുക്കളെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ. ഇവ പരിഹരിക്കാനാവശ്യമായ പ്രതികരണപ്രവർത്തനങ്ങൾ അധ്യാപികയുടെ നേതൃത്വത്തിൽ ആസുത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

എന്തൊക്കെയാവാം?

- ഉച്ചഭക്ഷണസാമഗ്രികൾ സൂക്ഷിക്കുന്ന സ്ഥലത്തെ എലി ശല്യം
- വാട്ടർ ടാങ്ക് ശുചീകരിക്കാത്ത അവസ്ഥ
- ചപ്പു ചവറുകൾ നിറഞ്ഞ പരിസരം
- 

**പ്രവർത്തനം- 2**

തുടർന്ന് പാഠപുസ്തകത്തിലെ ചിത്രം പരിശോധിച്ച് വ്യക്തിപരമായി തരംതിരിക്കട്ടെ. വ്യക്തിഗതമായി പൂരിപ്പിച്ച പദസൂര്യൻ ഗ്രൂപ്പ് ചർച്ചയിൽ പൂർത്തീകരിക്കട്ടെ. ഗ്രൂപ്പിന്റെ കണ്ടെത്തലുകൾ ടീച്ചറുടെ സഹായത്തോടെ ആരോഗ്യകരമായ ജീവിതം എന്ന പൂർത്തീകരിച്ച പദസൂര്യൻ പേപ്പറിൽ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുമല്ലോ.

**പ്രവർത്തനം- 3**

പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് സ്വയം വിലയിരുത്താനും ക്ലാസിലെ മറ്റു കുട്ടികളുടെ അവസ്ഥയുമായി താരതമ്യം ചെയ്യാനുമുള്ള പ്രവർത്തനമാണ് 'ഞാൻ എവിടെ' എന്നത്.

ഈ ഭാഗത്തെ അഞ്ച് പ്രസ്താവനകളോടുള്ള പ്രതികരണങ്ങൾ എല്ലാ കുട്ടികളും പ്രത്യേകം കടലാസിൽ നമ്പരിട്ട് മേശപ്പുറത്തുള്ള ബോക്സിൽ നിക്ഷേപിക്കട്ടെ. (എഴുതിയ ആളെ തിരിച്ചറിയണമെന്നില്ല). കുറിപ്പുകൾ കൂട്ടികലർത്തി ഗ്രൂപ്പുകളിൽ വിതരണം ചെയ്ത് ക്രോഡീകരിക്കുക. ഓരോ പ്രസ്താവനയോടും അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ നൽകിയവരുടെ എണ്ണം ടീച്ചർ ബോർഡിൽ രേഖപ്പെടുത്തണം. അഞ്ച് പേരടങ്ങിയ ഗ്രൂപ്പിൽ ഇത് വിലയിരുത്തി മാറേണ്ട ശീലങ്ങളെക്കുറിച്ച് ധാരണകൾ രൂപപ്പെടുത്തി വിലയിരുത്തലിന് വിധേയമാക്കണം.

ഗ്രൂപ്പ് പ്രവർത്തനം നടക്കുമ്പോൾ ടീച്ചറുടെ സജീവമായ ഇടപെടൽ ആവശ്യമാണ്. തെറ്റായ ആരോഗ്യശീലങ്ങളുടെ വ്യപകമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കേവലം ഒരു പഠനപ്രവർത്തനമെന്നതിലപ്പുറം കുട്ടികളുടെ അനാരോഗ്യകരമായ ശീലങ്ങൾ തിരുത്തിയെടുക്കാനുള്ള ശ്രമം ടീച്ചറുടെ ഭാഗത്തുനിന്നുണ്ടാകണം. വിലയിരുത്താനും സ്വന്തം ജീവിതത്തിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്താനും കുട്ടിയെ തയാറാക്കാനുള്ള കൈത്താങ്ങാണ് ഗ്രൂപ്പിലിടപെട്ടുകൊണ്ട് അധ്യാപിക നൽകേണ്ടത്. ഓരോ പ്രസ്താവനയും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണം. ശാരീരിക വ്യായാമത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനോടൊപ്പം അത് സ്വജീവിതത്തിൽ പ്രായോഗികമാക്കാനുള്ള പ്രേരണ കുട്ടികൾക്ക് ലഭിക്കണം.

കുപ്പിപ്പാനീയങ്ങളുടെയും ബേക്കറി-പാക്കറ്റ് ആഹാരങ്ങളുടെയും ഉപയോഗം ഇപ്പോൾ നാട്ടിൽ വ്യാപകമായിക്കൊണ്ടിരിക്കുയാണ്. വീട്ടുപറമ്പിൽ കൃഷിചെയ്യുന്ന കാർഷിക വിഭവങ്ങളെ ഉപേക്ഷിച്ച് ഫാസ്റ്റ്ഫുഡിന്റെ നേരെ തിരിയുന്ന ശീലം നിരുത്സാഹപ്പെടുത്താൻ ഗ്രൂപ്പ് പ്രവർത്തനത്തിൽ ടീച്ചർ ഇടപെടണം. ഇത്തരം ആഹാരങ്ങൾ ഉണ്ടാക്കുന്ന ദോഷഫലങ്ങളെക്കുറിച്ചുള്ള

പത്രവാർത്തകളും മറ്റ് വായനാസാമഗ്രികളിൽ നിന്ന് ലഭിക്കുന്ന കുറിപ്പുകളും കുട്ടികൾ വ്യക്തി പരമായി ശേഖരിക്കട്ടെ. അതുപയോഗിച്ച് ഗ്രൂപ്പ് തലത്തിലോ ക്ലാസ് തലത്തിലോ കൊളാഷ്/ ചുമർമാസികകൾ തയാറാക്കട്ടെ. അറിവിന്റെ പ്രയോഗം എന്ന മേഖലയിലെ പ്രസക്തമായ സൂചകം ഉപയോഗിച്ച് ഈ പ്രവർത്തനങ്ങൾ നിരന്തര മൂല്യനിർണയത്തിന് വിധേയമാക്കാവു ന്നതാണ്.

**പ്രവർത്തനം- 4**

ഭക്ഷണശീലവും ആരോഗ്യവും എന്ന വായനാക്കുറിപ്പ് കുട്ടികൾ വ്യക്തിപരമായി വായിക്കട്ടെ. ദൈനംദിനജീവിതത്തിൽ അനിവാര്യമായി ലഭിക്കേണ്ട പോഷകാഹാരത്തെക്കുറിച്ചുള്ള അറിവ് കുട്ടി ശാസ്ത്രക്ലാസിൽ നിന്ന് നേടിയിട്ടുണ്ടല്ലോ. തനിക്ക് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന പോഷകാഹാരത്തെ ഇതുമായി വിദ്യാർത്ഥികൾ താരതമ്യം ചെയ്യട്ടെ. പോഷകാഹാരക്കുറവ് പരിഹരിക്കാൻ വലിയ സാമ്പത്തിക ചിലവില്ലാതെ തന്നെ കുട്ടികൾ ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ക്ലാസിൽ എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിൽ പച്ചക്കറികളും മുരിങ്ങ, പപ്പായ തുടങ്ങിയ വയും കൃഷിചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു കർമ്മപദ്ധതി ആസൂത്രണം ചെയ്താലോ.

പച്ചക്കറി വിത്തുകൾ, മുരിങ്ങാക്കമ്പ്, പപ്പായ തൈകൾ എന്നിവ വിദ്യാർത്ഥികൾ പരസ്പരം കൈമാറട്ടെ. ക്ലാസിനെ മൂന്നോ നാലോ ഗ്രൂപ്പാക്കി തിരിച്ച് ഓരോ ഗ്രൂപ്പും മറ്റ് ഗ്രൂപ്പ് അംഗങ്ങ ളുടെ വീടുകൾ സന്ദർശിച്ച് വീട്ടിലെ പച്ചക്കറിത്തോട്ടത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തട്ടെ. കൃഷിഭവനിലെ കൃഷി ഉദ്യോഗസ്ഥനെ ക്ലാസിൽ ക്ഷണിച്ചുവരുത്തി ബന്ധപ്പെട്ട വിഷയത്തിൽ ഒരു അഭിമുഖം സംഘടിപ്പിക്കുമല്ലോ. കുട്ടികൾക്ക് വീടുകളിൽ പച്ചക്കറിത്തോട്ടം നിർമിക്കാൻ പ്രേരണ നൽകത്തക്ക രീതിയിൽ സ്കൂളിൽ മാതൃകാ പച്ചക്കറിത്തോട്ടം നിർമിക്കാൻ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാമല്ലോ.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ പ്രവർത്തനങ്ങൾ ഭക്ഷ്യസുരക്ഷ എന്ന അധ്യായത്തിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ. ഒരു അന്വേഷണപ്രോജക്ട് കുട്ടിക്ക് നൽകാവുന്നതാണ്. ഓരോ വീട്ടിലും ദിവസവും തയാറാക്കുന്ന ഭക്ഷണത്തിന്റെ അളവ്, ഉപഭോഗം, പാഴാക്കിക്കളയുന്ന ഭക്ഷണത്തിന്റെ അളവ് എന്നതിന്റെ കണക്കുകൾ കുട്ടികൾ ശേഖരിക്കട്ടെ. വ്യക്തിപരമായ കണ്ടെത്തലുകൾ ഗ്രൂപ്പ്ചർച്ചയ്ക്ക് വിധേയമാക്കി പൊതുവായി അവതരിപ്പിക്കുമല്ലോ.

**പ്രവർത്തനം- 5**

“ആരോഗ്യപരിപാലനവും പരിസ്ഥിതിയും” എന്ന ഭാഗത്ത് ആരോഗ്യ സംരക്ഷണത്തിൽ പരി സ്ഥിതി വഹിക്കുന്ന പങ്കിനെക്കുറിച്ച് കുറിപ്പ് തയാറാക്കാൻ ആവശ്യപ്പെടുന്നുണ്ട്. ഇതിന് വേണ്ടുന്ന പശ്ചാത്തലം ഒരുക്കികൊടുക്കാൻ അധ്യാപിക ശ്രദ്ധിക്കേണ്ടതാണ്.

ജലം മലിനീകരിക്കപ്പെടുന്നതുവഴിയുണ്ടാകുന്ന വയറിളക്കരോഗങ്ങൾ, അന്തരീക്ഷം മലിനമാ കുന്നതുവഴിയുണ്ടാകുന്ന ശ്വാസകോശരോഗങ്ങൾ, മലിനജലം കെട്ടിക്കിടക്കുന്നതുവഴി കൊതുക് പെരുകി ഡെങ്കിപ്പനി, ചിക്കൻഗുനിയ തുടങ്ങിയ പുതിയ രോഗങ്ങൾ കടന്നുവരാൻ ഇടയാകു ന്നതും ശരിയായ ആരോഗ്യശീലങ്ങൾ പാലിക്കപ്പെടാത്തതുവഴിയുണ്ടാകുന്ന വിരശല്യവും ചർച്ച ചെയ്യപ്പെടണം.

**പ്രവർത്തനം- 6**

പാഠപുസ്തകത്തിലെ പൊതുജനാരോഗ്യം എന്ന വായനക്കുറിപ്പ് ഈ വിഷയത്തിൽ കുട്ടിക്ക് വ്യക്തമായ ഒരു കാഴ്ചപ്പാട് രൂപപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. ഗ്രൂപ്പ്തലത്തിൽ കുട്ടികൾ

വായനാക്കുറിപ്പ് വായിച്ച് ചർച്ച ചെയ്യട്ടെ. ചർച്ചയിൽ ഉരുത്തിരിയുന്ന പ്രധാനാശയങ്ങൾ പൊതുവായി അവതരിപ്പിച്ച് ബോർഡിൽ ലിസ്റ്റ് ചെയ്യുമല്ലോ. ആരോഗ്യത്തെക്കുറിച്ചുള്ള യു.എൻ.ഒ-യുടെ നിർവചനമായ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി എന്ന ആശയത്തിൽ കേന്ദ്രീകരിച്ചാകണം ഈ ഭാഗം ക്രോഡീകരിക്കേണ്ടത്.

ആരോഗ്യവലയിലെ ഓരോ ഘടകവും കുട്ടി വ്യക്തിപരമായി പരിശോധിച്ച് ഇവ ഓരോന്നും വ്യക്തിയുടെ ആരോഗ്യത്തിന്റെ ഏതേതു മേഖലയെയാണ് ബാധിക്കുക എന്നു കണ്ടെത്തട്ടെ. തുടർന്ന് ഗ്രൂപ്പ് ചർച്ചയിലൂടെ പ്രസ്തുത മേഖലകളിലോരോന്നും എങ്ങനെയാണ് വ്യക്തിപരമായ ആരോഗ്യത്തെ ബാധിക്കുന്നത് എന്നും കണ്ടെത്തി അവതരിപ്പിക്കണം. ഈ സൂചകങ്ങൾ ഓരോന്നും വെച്ച് തന്റെ കുടുംബത്തിന്റെ ആരോഗ്യസ്ഥിതി വിലയിരുത്താൻ കുട്ടിക്ക് അവസരം കിട്ടണം. ഒരു വ്യക്തി എന്ന നിലയിലും സമൂഹത്തിന്റെ ഒരംഗം എന്ന നിലയിലും താൻ മാറേണ്ടതുണ്ടെന്ന ബോധം കുട്ടിക്കുണ്ടാവണം. ഗ്രൂപ്പ് തലത്തിൽ ചർച്ചചെയ്യേണ്ട കാര്യങ്ങൾ ശാരീരികം മാനസികം സാമൂഹികം എന്ന് തരംതിരിച്ച് എല്ലാവരും നോട്ടുബുക്കിൽ രേഖപ്പെടുത്തണം. വ്യക്തിപരമായ ആരോഗ്യവും സാമൂഹികാരോഗ്യവും പരസ്പരം പൂരകമാണെന്ന രീതിയിൽ ഈ ഭാഗം ക്രോഡീകരിക്കപ്പെടണം.

| ഭൗതികം | മാനസികം/വൈകാരികം | സാമൂഹികം |
|---|---|---|
| വൃത്തിയുള്ള വീടും പരിസരവും | സഹകരണ മനോഭാവം | സുരക്ഷിതത്വം |
| ടോയ്‌ലറ്റ് സൗകര്യം | സഹിഷ്ണുത | അയൽപക്കബന്ധങ്ങൾ |
| പോഷകാഹാരം | സ്നേഹം | പരസ്പരാശ്രിതത്വം |
| ശുദ്ധവായു | യുക്തിബോധം | ജനാധിപത്യബോധം |
| ശുദ്ധജലം | | |

**പ്രവർത്തനം- 8**

നിർദ്ദിഷ്ട സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വിദ്യാർത്ഥിയുടെയും വൈകാരിക ബുദ്ധി സ്വയം വിലയിരുത്താനും തന്നെക്കുറിച്ചുള്ള തന്റെ വിലയിരുത്തൽ മറ്റുള്ളവരുടെ വിലയിരുത്തലിൽ നിന്ന് എത്രമാത്രം വ്യത്യസ്തമാണെന്ന് തിരിച്ചറിയാനും കുട്ടിയെ സഹായിക്കുന്ന പഠനപ്രവർത്തനമാണ് 'ആരോഗ്യത്തിന്റെ വിവിധ മുഖങ്ങൾ' എന്ന ശീർഷകത്തിലുള്ളത്. കുട്ടി സൂചകങ്ങൾ ഉപയോഗിച്ച് സ്വയം വിലയിരുത്തണം. ഓരോ കുട്ടിയും നിർദ്ദിഷ്ട നിലവാരത്തിലെത്തുവാൻ വേണ്ട ഇടപെടലുകൾ തുടർന്ന് അധ്യാപിക നടത്തണം. ഓരോ സൂചകവും പൊതുവായി അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. ദൈനംദിന സാഹചര്യങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങളിലൂടെ ഓരോ സന്ദർഭത്തിലും കുട്ടിയെടുക്കേണ്ട നിലപാടുകളെക്കുറിച്ചുള്ള ധാരണ ക്ലാസിൽ വച്ച് രൂപപ്പെടുത്തേണ്ടതാണ്.

ചെറിയകാര്യങ്ങൾ പോലും ചെയ്യാൻ മറ്റൊരാളുടെ സഹായം ആവശ്യപ്പെടുന്നത് കുട്ടിയിലുള്ള ആത്മവിശ്വാസക്കുറവിനെയും തന്റേടമില്ലായ്മയെയുമാണ് സൂചിപ്പിക്കുന്നത്. രക്ഷിതാക്കളുടെ അമിതലാളന, കുട്ടിയുടെ എല്ലാ കാര്യത്തിലും ഇടപെടരുതെന്ന മനോഭാവം എന്നിവയൊക്കെ ഇതിന് കാരണമായിട്ടുണ്ടാവാം. ഇത്തരം കുട്ടികളുടെ രക്ഷിതാക്കളുമായി ക്ലാസ് പി.റ്റി.എ ചേരുമ്പോഴോ മറ്റോ അധ്യാപിക ഇക്കാര്യം ചർച്ചചെയ്ത് ബോധ്യപ്പെടുത്തേണ്ടതുണ്ട്. പൊതുനിയമങ്ങൾ അനുസരിക്കുകയെന്നത് ജനാധിപത്യരാജ്യത്തിലെ പൗരന്റെ പ്രധാന ചുമതലയാണ്. ക്ലാസിലും സ്കൂളിലും വീടിലും അനുവർത്തിക്കേണ്ട നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയനാകാൻ ഇപ്പോഴേ പരിശീലിച്ചാലേ ഭാവിയിൽ മികച്ച ഒരു പൗരനായി കുട്ടിക്ക് വളരാനാവൂ. ക്ലാസ് മുറിയിലെ സജീവമായ ഇടപെടലുകളിലൂടെ അധ്യാപികയ്ക്ക് ഇക്കാര്യത്തിൽ

വലിയപങ്കുവഹിക്കാനാവും. ചെയ്യേണ്ട കാര്യങ്ങൾ യഥാസമയം ചെയ്യുകയെന്നത് ജീവിത വിജയം കൈവരിക്കാൻ അത്യാവശ്യമാണ്. 'Do IT Now' എന്ന തത്വം കുട്ടിയെ ചെറുപ്പത്തിലേ അഭ്യസിപ്പിക്കേണ്ടതാണ്. സ്കൂളിലായാലും വീട്ടിലായാലും അന്നന്ന് ചെയ്യേണ്ട കാര്യങ്ങൾ കുട്ടി അന്നന്ന് ചെയ്തുതീർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള തന്ത്രം അധ്യാപിക രൂപപ്പെടുത്തേണ്ടതുണ്ട്. കൂട്ടുകാരുമൊത്ത് ഇടപെടാതെ മാറിനിൽക്കുന്ന ചില വിദ്യാർത്ഥികളെ നമുക്ക് കാണാൻ കഴിയും. അന്തർമുഖത്വത്തിന്റെ ലക്ഷണമാണിത്. ഒരു സാമൂഹ്യജീവിയെന്ന രീതിയിൽ ഉത്തമമായ സാമൂഹ്യജീവിതത്തിന് അത്യന്താപേക്ഷിതമായ ഒരു ശേഷിയാണ് മറ്റുള്ളവരുമായി ഇടപഴകി ജീവിക്കുകയെന്നത്. ഇതിന് വിരുദ്ധമായി പെരുമാറുന്ന കുട്ടികളുടെ മനശാസ്ത്രപരമായ കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കപ്പെടേണ്ടതുണ്ട്. വീട്ടിലും സ്കൂളിലും അവനവന്റെ ചുമതലകൾ ഓരോരുത്തരും ഭംഗിയായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രശ്നങ്ങളും പ്രയാസങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും പരിഹാരനിർദ്ദേശങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുകയുമെന്നത് ഉത്തമമായ സാമൂഹ്യജീവിതത്തിന്റെ ലക്ഷണമാണ്. മറ്റുള്ളവരുമായി പങ്കുവയ്ക്കാത്ത പ്രശ്നങ്ങൾ മനസിലിട്ട് നീറ്റിപ്പുകച്ച് ഒടുവിൽ ആത്മഹത്യയിലേക്ക് എടുത്തുചാടുന്ന കൗമാരപ്രായക്കാരുടെ കഥകൾ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ. തന്റെ അധ്യാപികയോടും രക്ഷിതാക്കളോടും തുറന്നുപറഞ്ഞാൽ തന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന ആത്മവിശ്വാസം കുട്ടിയിലുണ്ടാകണം. എല്ലാ വിദ്യാലയങ്ങളിലും ഇതിനുവേണ്ടി കൗൺസലിംഗ് യൂണിറ്റുകൾ രൂപപ്പെടേണ്ടതുണ്ട്. കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതിനുള്ള കുട്ടിയുടെ വിവേചനശീലവും ചർച്ചചെയ്യപ്പെടേണ്ടതുണ്ട്.

തന്റെ നിയന്ത്രണത്തിലുള്ള വസ്തുക്കളും സേവനങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്ന ശീലം കുട്ടികളിൽ വളരേണ്ടതുണ്ട്. വിശ്വമാനവൻ എന്ന തലത്തിലേയ്ക്ക് എത്തിച്ചേരുവാനുള്ള ആദ്യപടിയായി ഇത് വികസിപ്പിച്ചെടുക്കാൻ കഴിയണം. അടിപിടി രംഗങ്ങളിലും അക്രമങ്ങളിലും മാത്രം താല്പര്യം കാണിക്കുന്ന വിദ്യാർത്ഥികൾ രോഗാതുരമായ മാനസികാവസ്ഥയുടെ ഉടമയായിരിക്കും. കുട്ടിയുടെ ഈ സ്വഭാവവൈകല്യത്തിന്റെ കാരണങ്ങൾ കണ്ടെത്തി സന്തുലിതമായ മാനസികാവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് മറ്റാരേക്കാളും അധ്യാപികയ്ക്ക് വലിയ പങ്ക് വഹിക്കാനാവും. ക്ഷമ, സഹിഷ്ണുത, പ്രതിപക്ഷ ബഹുമാനം തുടങ്ങിയ ജനാധിപത്യമൂല്യങ്ങൾ കുട്ടിയിൽ രൂപപ്പെടേണ്ടതിലേയ്ക്കാണ് പത്താമത്തെ പ്രസ്താവന വിരൽചൂണ്ടുന്നത്. കുട്ടികൾ തൊട്ടാവാടികളായി പെരുമാറുന്ന സന്ദർഭങ്ങൾ കണ്ടറിഞ്ഞ് ആരോഗ്യകരമായ ഇടപെടൽ നടത്താൻ നമുക്ക് കഴിയണം.

ചുരുക്കത്തിൽ പാഠം പഠിപ്പിക്കുന്ന ഒരാൾ എന്ന നിലയിൽ നിന്ന് ഉയർന്ന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളെ നേരിടാൻ കുട്ടിയെ പ്രാപ്തരാക്കുന്ന ഒരു സോഷ്യൽ എഞ്ചിനീയറുടെ തലത്തിലേക്ക് അധ്യാപിക ഉയരുമ്പോഴേ വിമർശനാത്മക ബോധനത്തിനായുള്ള വിദ്യാഭ്യാസ പ്രക്രിയയിൽ തന്റെ പങ്ക് നിറവേറ്റപ്പെടുന്നുവെന്ന് അധ്യാപികയ്ക്ക് ഉറപ്പുവരുത്താനാവൂ.

**പ്രവർത്തനം- 9**

പാഠപുസ്തകത്തിൽ രണ്ട് പത്രങ്ങളുടെ തലക്കെട്ടുകളാണ് നൽകിയിട്ടുള്ളത്. വ്യക്തിപരമായി വിശകലനം ചെയ്ത് ഇത്തരം സംഭവങ്ങൾ നടക്കുന്ന സമൂഹത്തിൽ സാമൂഹ്യവും മാനസികവുമായ ആരോഗ്യം നിലനിൽക്കുമോയെന്ന് കുട്ടികൾ പരിശോധിക്കട്ടെ. തുടർന്ന് സ്കൂളിൽ സാമൂഹ്യവും മാനസികവുമായ ആരോഗ്യം നിലനിൽക്കാനാവശ്യമായ അടിസ്ഥാനഘടകങ്ങൾ കണ്ടെത്തി പൊതുവായി അവതരിപ്പിക്കട്ടെ.

കേരളത്തിലും ഇന്ത്യയിലും ഏതെല്ലാം സാമൂഹ്യഘടകങ്ങളാണ് സമ്പുഷ്ടവും മാനസികവുമായ ആരോഗ്യത്തിന് തടസ്സം നിൽക്കുന്നതെന്ന് ഗ്രൂപ്പ്തലത്തിൽ കണ്ടെത്തി അവതരിപ്പിക്കട്ടെ.

- വർഗീയത
- തെറ്റായരീതിയിൽ പണം സമ്പാദിക്കാനുള്ള ആഗ്രഹം
- മദ്യം, മയക്കുമരുന്ന് എന്നിവയോടുള്ള ആസക്തി.

**പ്രവർത്തനം- 10**

ആരോഗ്യസംരക്ഷണത്തിനായി ആരോഗ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ മനസിലാക്കാൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരെ ക്ലാസിലേക്ക് ക്ഷണിച്ചുവരുത്തി അഭിമുഖം സംഘടിപ്പിക്കാവുന്നതാണ്. അഭിമുഖത്തിനായി ചോദിക്കേണ്ട ചോദ്യങ്ങൾ ഗ്രൂപ്പ്തലത്തിൽ ചർച്ചചെയ്ത് തയ്യാറാക്കണം. ചോദ്യങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതും ആര്, ഏത് ചോദ്യം എപ്പോൾ ചോദിക്കുമെന്ന് മുൻകൂട്ടി തീരുമാനിക്കുകയും വേണം. അഭിമുഖത്തിനുശേഷം എല്ലാ കുട്ടികളും ആരോഗ്യസംരക്ഷണത്തിനായി ആരോഗ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്ന ഒരു കുറിപ്പ് തയാറാക്കണം.

**പ്രവർത്തനം- 11**

സാമൂഹ്യാരോഗ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് ഓരോരുത്തരും വ്യക്തിപരമായി പദസൂര്യനിൽ ലിസ്റ്റ് ചെയ്യട്ടെ. തുടർന്ന് ഓരോ സ്ഥാപനവും എങ്ങനെയാണ് സാമൂഹ്യ ആരോഗ്യം സംരക്ഷിക്കുന്നതിൽ പങ്കാളിയാവുന്നതെന്ന് ഗ്രൂപ്പിൽ വിശകലനം ചെയ്യണം. ഗ്രൂപ്പിന്റെ വിശദാംശങ്ങൾ പൊതുവായി അവതരിപ്പിച്ച് അധ്യാപികയുടെ ഇടപെടലോടെ കുട്ടികൾ പാഠപുസ്തത്തിലെ പട്ടിക പൂർത്തിയാക്കട്ടെ.

| സ്ഥാപനം | സേവനം | പ്രസക്തി |
|---|---|---|
| • പോലീസ് സ്റ്റേഷൻ | • ക്രമസമാധാനപാലനം | • സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തൽ |
| • അംഗനവാടി | • അഞ്ചുവയസിനുതാഴെയുള്ള കുട്ടികളുടെ സാമൂഹ്യ-ആരോഗ്യപരിപാലനം | • ആരോഗ്യപൂർണവും സാമൂഹ്യബന്ധങ്ങളുള്ളതുമായ തലമുറയെ വളർത്തിയെടുക്കൽ |
| • കോടതികൾ | • നീതിന്യായം ഉറപ്പുവരുത്തൽ | • സാമൂഹ്യനീതിയിലധിഷ്ഠിതമായ സമൂഹം നിലനിൽക്കാൻ സഹായിക്കുന്നു |
| • ജലഅതോറിറ്റി | • കുടിവെള്ളവിതരണം | • ആരോഗ്യസംരക്ഷണം |
| • വിദ്യാലയം | • വിദ്യാഭ്യാസം നൽകൽ | • വ്യക്തിയുടെ സർവതോന്മുഖമായ വികസനം |

**പ്രവർത്തനം- 12**

'സാമൂഹ്യാരോഗ്യം സംരക്ഷിക്കുന്നതിൽ സ്ഥാപനങ്ങളുടെ പങ്ക്' എന്ന സെമിനാറാണല്ലോ ഈ യൂണിറ്റിന്റെ അവസാനമായി നടക്കേണ്ടത്. ഇതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ആവശ്യമായത്. സമൂഹത്തിലെ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്ന പത്രവാർത്തകൾ കുട്ടികൾ വ്യക്തിപരമായി ശേഖരിക്കേണ്ടതുണ്ട്. ഇവ ഗ്രൂപ്പ്തലത്തിൽ ചർച്ചചെയ്ത് മേഖലകളാക്കി തിരിക്കാവുന്നതാണ്.

നിർദ്ദിഷ്ടവിഷയത്തിൽ വ്യക്തിപരമായി സെമിനാർ പേപ്പർ തയാറാക്കി ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെട്ടത് സെമിനാറിൽ അവതരിപ്പിക്കട്ടെ.

# 11. ഭരണനിർവഹണം ജില്ലയിൽ

പ്രശ്നമേഖല : **വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.**

ഉപപ്രശ്നം :

- ഔദ്യോഗികഭരണനിർവഹണം ജില്ലാതലത്തിൽ നടക്കുന്നതെങ്ങനെ എന്ന് തിരിച്ചറിയാനാകുന്നില്ല.

പഠനലക്ഷ്യങ്ങൾ :

- ഔദ്യോഗിക ഭരണനിർവഹണത്തത്തിനായി സംസ്ഥാനത്തെ ചെറുഘടകങ്ങളായി മാറ്റിയിട്ടുണ്ട് എന്ന് തിരിച്ചറിയുക.
- ഭരണ നിർവ്വഹണവും ഏകോപനവും ജില്ല-താലൂക്ക്-വില്ലേജ് തലങ്ങളിൽ എങ്ങനെ നടക്കുന്നു എന്ന ധാരണ രൂപീകരിക്കുന്നു.
- വില്ലേജ്, താലൂക്ക്, ജില്ല എന്നീ ഘടകങ്ങളുമായി ബന്ധപ്പെട്ട ഭരണാധികാരികളെക്കുറിച്ചും അവരുടെ അധികാരത്തെക്കുറിച്ചും ധാരണകൾ രൂപീകരിക്കുക.
- ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഓഫീസ് സംവിധാനങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിന്
- ജീവനും, സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പോലീസിന്റെ പങ്ക് തിരിച്ചറിയുക.
- ജില്ലാഭരണ (നിർവഹണ) സംവിധാനത്തിന്റെ ഘടന വേർതിരിച്ചറിയുന്നതിന്.

# സിലബസ് ഗ്രിഡ്

## 11. ഭരണനിർവഹണം ജില്ലയിൽ

| പഠന പ്രമേയങ്ങൾ | ആശയങ്ങൾ/ ധാരണകൾ | വിവരങ്ങൾ, വിഭവങ്ങൾ സൂചനകൾ, ചിത്രങ്ങൾ | പ്രക്രിയകൾ ആവിഷ്കാര പ്രകടിത രൂപങ്ങൾ | മനോഭാവം | മൂല്യനിർണയ സൂചകങ്ങൾ |
|---|---|---|---|---|---|
| കളക്ടറേറ്റ്<br><br>റവന്യൂഭരണം | • റവന്യൂ ഭരണസൗകര്യത്തിനായി സംസ്ഥാനത്തെ ചെറുഘടകങ്ങളാക്കി വിഭജിച്ചിട്ടുണ്ട്.<br>• റവന്യൂ ഭരണസൗകര്യങ്ങളുടെ അധികാരികൾ അവരുടെ ചുമതലകൾ നിർവഹിക്കുന്നുണ്ട്. | • ജില്ല-താലൂക്ക്-വില്ലേജ് വിഭജനം.<br>• ജില്ലാകളക്ടർ, റവന്യൂ ഡിവിഷൻ ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരുടെ ചുമതലകൾ. | • വായനാസാമഗ്രികൾ വായിച്ച് വിശകലനം ചെയ്യുന്നു.<br>• ഡയഗ്രം, വായനാസാമഗ്രികൾ എന്നിവയിൽ നിന്നും നിഗമനത്തിലെത്തുന്നു. | | • വിവിധ ഭരണ നിർവ്വഹണ സംവിധാനങ്ങളും അവയുടെ ചുമതലകളും തിരിച്ചറിയൽ. |
| പോലീസ് സംവിധാനം | • ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പോലീസ് സേനകൾ പ്രധാന പങ്കുവഹിക്കുന്നു.<br>• കുറ്റകൃത്യങ്ങളിൽ ശിക്ഷ വിധിക്കുന്നത് കോടതികളാണ്<br>• ഭരണ നിർവ്വഹണത്തിന് വിവിധ ഓഫീസ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. | • പോലീസ് ഭരണ നിർവഹണം, ഉദ്യോഗസ്ഥ സംവിധാനം.<br>• സേവന-വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ സംവിധാനം. | • ചിത്രങ്ങൾ, വായനാസാമഗ്രികൾ എന്നിവ വായിച്ച് വിശകലനം ചെയ്യുന്നു. ചുമതലകളെ സംബന്ധിച്ച് നിഗമനത്തിലെത്തുന്നു.<br>• ചിത്രങ്ങൾ, വായനാസാമഗ്രികൾ വായിക്കുന്നു. വിശകലനം ചെയ്യുന്നു.<br>• വായനാസാമഗ്രികൾ വായിക്കുന്നു. | | – ക്രമസമാധാനം<br>– നിയമസംരക്ഷണം.<br>– ക്ഷേമവികസനപ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്നിവ സംബന്ധിച്ച ധാരണകൾ. |

സംസ്ഥാനത്തെ ജില്ലകളായി വിഭജിച്ചിട്ടുണ്ടെന്നും ജില്ലാതലത്തിൽ ജനകീയ സംവിധാനമുണ്ടെന്നും കുട്ടിയ്ക്കറിയാം. വ്യത്യസ്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായ ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നീ സംവിധാനങ്ങളുടെ പ്രവർത്തനം കുട്ടി മനസ്സിലാക്കിയിട്ടുണ്ട്. നമ്മെ സഹായിക്കാൻ ധാരാളം സ്ഥാപനങ്ങളുണ്ടെന്ന അറിവും അവയുമായി ബന്ധപ്പെട്ട അനുഭവങ്ങളും കുട്ടിക്കുണ്ട്.

സർക്കാരിലേക്കുള്ള നികുതികൾ പിരിച്ചെടുക്കാനും ക്രമസമാധാനം പാലിക്കാനും ക്ഷേമവികസനപ്രവർത്തനങ്ങൾ നടത്താനും എന്തെല്ലാം ഓഫീസ്-ഉദ്യോഗസ്ഥ സംവിധാനങ്ങളാണ് ജില്ലയ്ക്കു കീഴിൽ പ്രവർത്തിക്കുന്നത് എന്ന് കുട്ടി തിരിച്ചറിയേണ്ടതുണ്ട്. മുഴുവൻ സംവിധാനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യുക എളുപ്പമല്ല. പ്രധാന ജില്ലാ സംവിധാനങ്ങളെയും ഏറ്റവും അടുത്ത പരിസരത്തിലുള്ള സ്ഥാപനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് നമ്മുടെ ജീവിതത്തെ അവ എങ്ങനെ സ്വാധീനിക്കുന്നു എന്ന അറിവാണ് കുട്ടി നിർമ്മിച്ചെടുക്കേണ്ടത്. ഈ അറിവുനിർമ്മാണത്തിന് സഹായകമായ പ്രക്രിയയിലൂടെ കടന്നുപോകുന്ന കുട്ടിക്ക് മഹത്തായ സേവനം നടത്തുന്ന സംവിധാനങ്ങളോടും ഉദ്യോഗസ്ഥരോടും മതിപ്പും ആദരവും ക്ഷേമപ്രവർത്തനങ്ങളോട് സഹകരിക്കാനുള്ള മനോഭാവവും ഉണ്ടാവുക എന്നതും അധ്യാപകർ ലക്ഷ്യം വയ്ക്കണം.

ഇതിനു സഹായകമായ പത്രവാർത്തകളോ ചിത്രങ്ങളോ തെരഞ്ഞെടുത്ത് പാഠഭാഗത്തിലേക്കു പ്രവേശിക്കാം.

**പ്രവർത്തനം- 1**

പഠിതാവിന്റെ ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ ഉള്ള സർക്കാർ സ്ഥാപനങ്ങളെ പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു. വ്യക്തിപരമായി പട്ടികപ്പെടുത്തിയതിനെ ഗ്രൂപ്പടിസ്ഥാനത്തിൽ ക്രോഡീകരിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു. ഈ അവതരണത്തെ അധ്യാപിക ക്രോഡീകരിക്കുന്നു. ക്രോഡീകരിക്കുന്ന വിവരങ്ങൾ നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്തി എന്നുറപ്പുവരുത്തണം. അറിവുനിർമ്മാണത്തിലേക്കുള്ള ഒരുക്കപ്രവർത്തനമായി സ്ഥാപനപട്ടികാരൂപീകരണത്തെ കരുതിയാൽ മതി.

സാമൂഹിക ജീവിതത്തിൽ സ്വാധീനം ചെലുത്തുന്ന എന്തെല്ലാം പൊതുസ്ഥാപനങ്ങൾ കുട്ടിയുടെ നിരീക്ഷണത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നതാണ് മൂല്യനിർണയത്തിനു വിധേയമാക്കേണ്ടത്.

ക്ലാസ്റൂം പ്രവർത്തന ക്രോഡീകരണം ഇതിനു സഹായിക്കുന്ന വിധത്തിലായിരിക്കണം.

**പ്രവർത്തനം- 2**

പ്രവർത്തനം ഒന്നിലൂടെ കണ്ടെത്തിയവ തരംതിരിച്ച് പട്ടികയാക്കുന്ന പ്രവർത്തനമാണിത്. ഇതിന് സഹായകമായ വിധത്തിൽ പ്രശ്നാവതരണം നടത്തണം. കുട്ടികൾ പട്ടികയാക്കിയ സ്ഥാപനങ്ങളിൽ എല്ലാ പഞ്ചായത്തു പരിധിയിലും പ്രവർത്തിക്കുന്ന പൊതുവായ സ്ഥാപനമേത്? എന്ന ചോദ്യത്തിലൂടെ പ്രശ്നമവതിരിപ്പിക്കാം. എല്ലാ ഗ്രാമപഞ്ചായത്തുകളിലും (മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലും) സമാനമായി കാണുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് നിയന്ത്രണത്തിലുള്ളവയായിരിക്കാം എന്ന ഊഹം കുട്ടികൾ നടത്തുകയാണെങ്കിൽ അതിൽ നിന്നും വില്ലേജ് ഓഫീസ്, പോസ്റ്റ് ഓഫീസ്, ടെലിഫോൺ എക്സ്ചേഞ്ചുകൾ എന്നിവയെ കാര്യം ബോധ്യപ്പെടുത്തി ഒഴിവാക്കണം.

| ഗ്രാമപഞ്ചായത്ത് നിയന്ത്രണത്തിലുള്ളവ | അല്ലാത്തവ |
|---|---|
| പ്രൈമറി ഹെൽത്ത് സെന്റർ | എ.ഇ.ഒ. ഓഫീസ് |
| ആയുർവേദ ഡിസ്പെൻസറി | സബ്ട്രഷറി |
| | വില്ലേജ് ഓഫീസ് |
| യു.പി./എൽ.പി. വിദ്യാലയങ്ങൾ | ബ്ലോക്ക് ഓഫീസ് |
| ഹോമിയോ ഡിസ്പെൻസറി | പോലീസ് സ്റ്റേഷൻ |
| കൃഷിഭവൻ | |
| അംഗനവാടികൾ | |
| മൃഗാശുപത്രി | |

തരംതിരിക്കൽ പ്രവർത്തനം ഗ്രൂപ്പുപ്രവർത്തനമായി നൽകാവുന്നതാണ്.

☞ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ഈ നിയന്ത്രണത്തിനുപുറമേ സർക്കാർ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണം കൂടിയുണ്ട്. ഉദാഹരണമായി എൽ.പി./യു.പി. സ്കൂളുകൾ പഞ്ചായത്തുകൾക്കു കീഴിലാണെങ്കിലും എ.ഇ.ഒ. ഓഫീസിന്റെ നിയന്ത്രണത്തിലും കൂടിയാണ്.

☞ ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലില്ലാത്ത സ്ഥാപനങ്ങൾ, ഉദാഹരണമായി പോലീസ് സ്റ്റേഷൻ, സബ്ട്രഷറി, ബ്ലോക്ക് ഓഫീസ്, ... തുടങ്ങിയവ സർക്കാർ വകുപ്പുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

ഈ രണ്ട് ആശയങ്ങളും കുട്ടികൾ സ്വയം രൂപീകരിക്കാൻ സഹായകമായ ചോദ്യങ്ങളിലൂടെ അധ്യാപകർ ഇടപെടൽ നടത്തണം. തരംതിരിച്ച പട്ടിക രേഖപ്പെടുത്തലിന്റെ ഭാഗമായി നോട്ടുപുസ്തകത്തൽ വരണം.

✍ അപഗ്രഥനത്തിന് സഹായകമായ വിധത്തിൽ തരംതിരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് മൂല്യനിർണയം ചെയ്യേണ്ടത്. ഒരു കുറിപ്പ് കുട്ടികൾ തയാറാക്കട്ടെ.

✍ ഉയർന്ന നിലയിലുള്ള താരതമ്യവും കുറിപ്പിൽ കാണുന്നുണ്ടോ എന്നതായിരിക്കും ഇവിടെ മൂല്യനിർണയം ചെയ്യേണ്ടത്.

**പ്രവർത്തനം- 3**

സ്വന്തം ജില്ലയിലെ താലൂക്കുകളും തന്റെ അയൽ വില്ലേജുകളും കണ്ടെത്തിവരാൻ അസൈൻമെന്റു നൽകുന്നു. ഈ പ്രവർത്തനം ഒരു പ്രശ്നസന്ദേതത്തിലാക്കി നൽകണം. ഉദാഹരണമായി ഒരു ഉത്സവത്തിന് പ്രത്യേക താലൂക്കിന് അവധി പ്രഖ്യാപിച്ചാൽ നിങ്ങൾക്കു ബാധകമാവുമോ? എന്ന മട്ടിൽ പ്രശ്നം അവതരിപ്പിക്കാവുന്നതാണ്. കുട്ടികൾ ശേഖരിച്ച വിവരങ്ങളെ ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകിയശേഷം ക്രോഡീകരിക്കണം. ഈ വിവരത്തെ പ്രയോജനപ്പെടുത്തി തുടർച്ചയായി അടുത്ത പ്രവർത്തനങ്ങളിലേയ്ക്ക് പ്രവേശിക്കാവുന്നതാണ്. ഈ പ്രവർത്തനത്തിൽ പ്രശ്ന സന്ദർഭത്തിൽ അവ പരിഹരിക്കാനാവശ്യമായ വിവരശേഖരണതാൽപര്യവും അന്വേഷണസാമർത്ഥ്യവും വിലയിരുത്താവുന്നതാണ്.

**വില്ലേജുകൾ ഭരണനിർവഹണത്തിന്റെ ജീവവായു**

കേരളത്തിലെ 63 താലൂക്കുകളെ 1572 വില്ലേജുകളായി വിഭജിച്ചിരിക്കുന്നു. സംസ്ഥാന-ജില്ലാ ഭരണനിർവഹണവിഭാഗത്തിൽ ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന സ്ഥാപന മാണ് വില്ലേജ്. വില്ലേജ് ഓഫീസറാണ് സ്ഥാപനമേധാവി. സാധാരണക്കാരായ ജനങ്ങൾക്ക് സർക്കാരിന്റെ സംരക്ഷണവും ആനുകൂല്യങ്ങളും യഥാസമയം ലഭിക്കുന്നതിനാവശ്യമായ പലതരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം വില്ലേജ് ആഫീസർക്കാണ്. അതു പോലെ സർക്കാരിലേയ്ക്ക് കൊടുക്കാൻ ബാധ്യതപ്പെട്ട നികുതികൾ ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത് സർക്കാരിന് നൽകുക എന്നതും വില്ലേജ് ഓഫീസിന്റെ ചുമതലയാണ്.

**വില്ലേജ് ഓഫീസിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്കായി അപേക്ഷിച്ചാൽ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ**

- ജാതിസർട്ടിഫിക്കറ്റ്
- അഗതി സർട്ടിഫിക്കറ്റ്
- ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
- ലൊക്കേഷൻ സർട്ടിഫിക്കറ്റ് & ലൊക്കേഷൻ മാപ്പ്
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
- റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
- റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
- കൈവശാവകാശസർട്ടിഫിക്കറ്റ്
- നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
- സോൾവൻസി സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപ വരെ)
- വാല്യുവേഷൻ സർട്ടിഫിക്കറ്റ് (5 ലക്ഷം രൂപവരെ)
- വൺ & സേ സർട്ടിഫിക്കറ്റ്
- വിധവാ സർട്ടിഫിക്കറ്റ്
- നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (സംസ്ഥാനസർക്കാർ ജോലികൾക്ക്)
- ആശ്രിത സർട്ടിഫിക്കറ്റ്
- ലൈഫ് സർട്ടിഫിക്കറ്റ്

*(ഇത് അധ്യാപകരുടെ റഫറൻസിനു മാത്രമാണ്)*

ഇതിൽ നാലോ അഞ്ചോ സർട്ടിഫിക്കറ്റുകൾ ഉദാഹരണമായി എടുത്തുകൊണ്ട് സാധാരണ ക്കാർക്ക് ഇത് എങ്ങനെ പ്രയോജനപ്പെടുന്നുവെന്ന് വിശദീകരിക്കാവുന്നതാണ്. ഇത്തരം ചില പഠനപ്രവർത്തനങ്ങൾ ക്ലസ്റ്റർ മീറ്റിങ്ങിൽ തയാറാക്കാവുന്നതാണ്.

**വില്ലേജുകൾ ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതികളും ഫീസുകളും**

- ഭൂനികുതി
- തോട്ടനികുതി
- വാട്ടർ ടാക്സ് - ലിഫ്റ്റ് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ ജലം കാർഷിക ജലസേചനത്തിന് ഉപയോഗിക്കുന്നവർക്ക്
- ബിൽഡിംഗ് ടാക്സ് - പുതിയ കെട്ടിടം പണിഞ്ഞാൽ ഒറ്റത്തവണമാത്രം നൽകേണ്ടത്.
- ലക്ഷ്വറി ടാക്സ് - 3000 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുപണിയുന്നവർ നൽകേണ്ടത്.
- സർവേ പ്ലാൻ - സ്കെച്ച് ഫീസ്
- മൈനിംഗ് ഫീസ്
- കളക്ഷൻ ചാർജ് - റവന്യൂവകുപ്പിന്റേതല്ലാത്ത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തുകയുടെ 5 ശതമാനം
- ലീസ് എമൗണ്ട് - സർക്കാർ പാട്ടത്തിനുനൽകിയ കെട്ടിടങ്ങളുടെ വാടക
- കർഷകത്തൊഴിലാളി ക്ഷേമനിധി വിഹിതം - ഭൂവുടമകളിൽ നിന്നും
- ലേലത്തുക - പിടിച്ചെടുക്കുന്ന മണൽ പോലുള്ള വസ്തുക്കൾ പൊതു ലേലം ചെയ്യുമ്പോൾ
- കോടതി ചുമത്തുന്ന പിഴ - ജാമ്യവ്യവസ്ഥ ലംഘിക്കുമ്പോൾ

*(റഫറൻസിനു മാത്രം)*

സർക്കാരിന് ക്ഷേമപ്രവർത്തനങ്ങൾ നടത്താനാവശ്യമായ പണത്തിന്റെ ഒരു വിഹിതം പിരിച്ചെടുത്തു നൽകുന്നതിൽ വില്ലേജുകളുടെ പ്രാധാന്യം കുട്ടികളുമായി ചർച്ച ചെയ്യാവുന്നതാണ്.

**പ്രവർത്തനം- 4**

കുട്ടികൾ ഗൃഹപ്രവർത്തനമായി ചെയ്തുവരുന്ന താലൂക്കുകൾ, വില്ലേജുകൾ ക്ലാസ്തലത്തിൽ ക്രോഡീകരിച്ച ശേഷം മുകളിൽ സൂചിപ്പിച്ച അനുപൂരക വിവരങ്ങൾ പ്രയോജനപ്പെടുത്തി സൂചകങ്ങൾക്കനുസരിച്ചുള്ള ചർച്ചകൾ നടത്താവുന്നതാണ്.

ഈ ചർച്ചയുടെ തുടർച്ചയായി വ്യത്യസ്ത ദിവസങ്ങളിലെ വ്യത്യസ്ത പത്രങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ പരിശോധനയ്ക്കു നൽകുന്നു. ജില്ലാ കളക്ടർ പങ്കെടുത്ത പ്രവർത്തനങ്ങൾ വാർത്തകളിൽ നിന്നും കണ്ടെത്തട്ടെ. ഇത് ക്ലാസ് തലത്തിൽ ക്രോഡീകരിക്കാം. അതിനുശേഷം പാഠത്തിലെ ജില്ലാഭരണനിർവഹണം, കളക്ടറേറ്റ് എന്നീ ഭാഗങ്ങൾ വ്യക്തിഗത വായനയ്ക്കുനൽകുന്നു. വ്യക്തിഗതമായി കളക്ടറുടെ ചുമതലകളെക്കുറിച്ച് ഓരോ കുറിപ്പുതയാറാക്കാൻ ആവശ്യപ്പെടാം. ഇതിലെ ചില മികച്ച കുറിപ്പുകൾ ചാർട്ടിൽ തയാറാക്കി ക്ലാസിൽ പൊതുവായി പ്രദർശിപ്പിക്കാം.

ഒരു മൂല്യനിർണയപ്രവർത്തനമെന്ന നിലയിൽ 'കളക്ടറാണോ വില്ലേജ് ആഫീസറാണോ ഭരണത്തിന്റെ ജീവനാഡി' എന്ന ഒരു സംവാദം ക്ലാസിൽ സംഘടിപ്പിക്കാം. ജനങ്ങളുമായി ബന്ധപ്പെട്ട ഭരണനിർവ്വഹണത്തിൽ രണ്ടുദ്യോഗസ്ഥർക്കും അവരുടേതായ പങ്കുണ്ട്. അവരുടെ പ്രവർത്തനങ്ങൾ പരസ്പരബന്ധിതമാണ് എന്നതരത്തിൽ ഇത് ക്രോഡീകരിക്കണം.

**പ്രവർത്തനം- 5**

ക്ലാസ്റൂം പ്രവർത്തനത്തിന്റെ തുടർച്ച എന്ന നിലയിൽ നടത്താവുന്ന ഫീൽഡ് ട്രിപ്പുകളാണ് ഇവിടെ നിർദ്ദേശിക്കുന്നത്. ഫീൽഡ് ട്രിപ്പിന് 3 സാധ്യതകളാണ് മുന്നിലുള്ളത്. സ്ഥാപനത്തിന്റെ സാഹചര്യമനുസരിച്ച് കളക്ടറേറ്റ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് യാത്ര സംഘടിപ്പിക്കാവുന്നതാണ്. ഇതിനുവേണ്ട മുന്നൊരുക്കപ്രവർത്തനങ്ങൾ, ചോദ്യാവലി തയാറാക്കൽ തുടങ്ങിയവ പഠനപ്രവർത്തനമായി ക്ലാസിൽ നടക്കേണ്ടതുണ്ട്.

അനുയോജ്യ ചോദ്യാവലി രൂപീകരിക്കാനുള്ള കഴിവ്, ലഭിച്ച സൂചകങ്ങളെ അപഗ്രഥിക്കാനുള്ള കഴിവും വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്. എല്ലാ കുട്ടികളുടെയും കണ്ടെത്തലുകൾ ഡയറി, യാത്രാക്കുറിപ്പ്, ചുമർപത്രിക എന്നിങ്ങനെ അനുയോജ്യരൂപത്തിൽ രേഖപ്പെടുത്തൽ നടത്താവുന്നതാണ്. ഇത്തരം ഉൽപന്നങ്ങളുടെ അവതരണത്തിനുള്ള അവസരം ക്ലാസിൽ ഒരുക്കിക്കൊടുക്കണം.

**ഭരണഘടകങ്ങൾ** (അധ്യാപികയുടെ റഫറൻസിനുമാത്രം)

| നമ്പർ | ജില്ല | താലൂക്കുകൾ | റവന്യൂ വില്ലേജുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | ഗ്രാമ പഞ്ചായത്തുകൾ | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 4 | 116 | 12 | 78 | 5 |
| 2 | കൊല്ലം | 5 | 104 | 13 | 71 | 3 |
| 3 | പത്തനംതിട്ട | 5 | 68 | 9 | 54 | 3 |
| 4 | ആലപ്പുഴ | 6 | 91 | 12 | 73 | 5 |
| 5 | കോട്ടയം | 5 | 95 | 11 | 75 | 4 |
| 6 | ഇടുക്കി | 4 | 64 | 8 | 52 | 1 |
| 7 | എറണാകുളം | 7 | 117 | 15 | 88 | 9 |
| 8 | തൃശൂർ | 5 | 254 | 17 | 92 | 7 |
| 9 | പാലക്കാട് | 5 | 158 | 13 | 91 | 4 |
| 10 | മലപ്പുറം | 6 | 135 | 14 | 102 | 5 |
| 11 | കോഴിക്കോട് | 3 | 117 | 12 | 78 | 3 |
| 12 | വയനാട് | 3 | 49 | 3 | 25 | 1 |
| 13 | കണ്ണൂർ | 3 | 129 | 9 | 81 | 6 |
| 14 | കാസർഗോഡ് | 2 | 75 | 4 | 39 | 2 |
| | ആകെ | 63 | 1572 | 152 | 999 | 58 |

ജില്ലാകളക്ടർ ജില്ലാ മജിസ്ട്രേറ്റുകൂടിയാണ്. എന്താണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്? നിലവിൽ കോടതിക്കുമാത്രം നിർവഹണാധികാരമുള്ള ചില പ്രവർത്തനങ്ങൾ ചില പ്രത്യേക സന്ദർഭങ്ങളിൽ കളക്ടർക്കും പ്രയോഗിക്കാനുള്ള വിശേഷാധികാരങ്ങളുണ്ട്. സർക്കാരിനടയ്ക്കാനുള്ള നികുതിയിൽ നിന്നു ബോധപൂർവം ഒഴിഞ്ഞുമാറുന്ന വ്യക്തികളെ അറസ്റ്റുചെയ്യാനുള്ള ഉത്തരവ് കളക്ടർക്കു പുറപ്പെടുവിക്കാം (റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 65). സംഘർഷബാധിതപ്രദേശങ്ങളിൽ നിരോധനാജ്ഞ പുറപ്പെടുവിക്കാനും നിയമവിരുദ്ധ ജനക്കൂട്ടത്തിനുനേരെ അത്യാവശ്യഘട്ടങ്ങളിൽ വെടിവയ്ക്കാൻ ഉത്തരവിടാനുമുള്ള കളക്ടർക്കുള്ള അധികാരം ജില്ലാ മജിസ്ട്രേറ്റ് എന്ന നിലയിലുള്ളതാണ്.

**പ്രവർത്തനം- 6**

വ്യത്യസ്ത ദിവസങ്ങളിലെ പത്രങ്ങൾ ക്ലാസിൽ കൊണ്ടുവരാൻ തലേദിവസം തന്നെ കുട്ടികളോട് ആവശ്യപ്പെടാം. നാലോ അഞ്ചോ പത്രങ്ങൾ പരിശോധിച്ച് പോലീസ് സമൂഹത്തിൽ നടത്തുന്ന സേവനപ്രവർത്തനങ്ങളെ കണ്ടെത്തുന്ന പ്രവർത്തനമാണിത്. ഗ്രൂപ്പടിസ്ഥാനത്തിലാണ് ഇത് നൽകേണ്ടത്. ഓരോ ഗ്രൂപ്പും കണ്ടെത്തിയ സേവനപ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു. അധ്യാപിക ഇത് ക്ലാസടിസ്ഥാനത്തിൽ ക്രോഡീകരിക്കണം.

ഇത്തരം ഒരു സംവിധാനം ഇല്ലായിരുന്നുവെങ്കിൽ എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നു? ക്ലാസിൽ അധ്യാപകൻ പൊതുചർച്ച നയിക്കുന്നു'പോലീസ്- സമൂഹത്തിന്റെ രക്ഷാകവചം' എന്ന പാഠഭാഗം വായിക്കാനാവശ്യപ്പെടുന്നു.

**പ്രവർത്തനം- 7**

പോലീസ് സ്റ്റേഷൻ സന്ദർശനമാണ് ഈ പ്രവർത്തനം. കുട്ടികൾ വ്യക്തിഗതമായും പിന്നീട് ഗ്രൂപ്പടിസ്ഥാനത്തിലും ആവശ്യമായ ചോദ്യാവലി തയാറാക്കട്ടെ. മുന്നൊരുക്കത്തോടുകൂടി പോലീസ് സ്റ്റേഷൻ സന്ദർശിക്കുന്നു. വിവരങ്ങൾ ശേഖരിച്ച് തിരിച്ചുവന്ന ഓരോ കുട്ടിയും 'പോലീസ് സേവനമില്ലായിരുന്നെങ്കിൽ' എന്ന കുറിപ്പു തയാറാക്കട്ടെ. ലഭ്യമായ വിവരങ്ങളെ അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ചിട്ടുണ്ടോ? അനുയോജ്യമായ നിഗമനങ്ങൾ നടത്തിയിട്ടുണ്ടോ? നിഗമനങ്ങൾ സാധൂകരിക്കത്തക്കതാണോ? എന്നീ സൂചകങ്ങളനുസരിച്ച് വിലയിരുത്തൽ നടത്താവുന്നതാണ്.

ഒരു കുറ്റകൃത്യം നടന്നുകഴിഞ്ഞാൽ അതിനുകാരണക്കാരനായ വ്യക്തി/വ്യക്തികൾ ശിക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ പോലീസ് സ്വീകരിക്കുന്ന നടപടിക്രമങ്ങളെ ഇങ്ങനെ ചുരുക്കിപ്പറയാം.

- First Information Report തയാറാക്കുന്നു. നടന്ന സംഭവത്തെക്കുറിച്ച് ആദ്യമായി ഒരു വ്യക്തി എഴുതി തയാറാക്കിയ രൂപത്തിലോ, വാക്കാലോ നൽകുന്ന വിവരങ്ങൾ രേഖപ്പെടുത്തൽ. വ്യക്തി ഇതിൽ ഒപ്പിട്ടിരിക്കണം. കേസ് രജിസ്റ്റർ ചെയ്യുന്നു.
- തെളിവുനശിപ്പിക്കാതിരിക്കാൻ ജാഗ്രതപുലർത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

  അധികാരികളൊഴിച്ചുള്ളവരെ സംഭവസ്ഥലത്ത് പ്രവേശിപ്പിക്കാതിരിക്കൽ.

  ആവശ്യമെങ്കിൽ വിരലടയാള വിദഗ്ധന്റെ സേവനം പ്രയോജനപ്പെടുത്തൽ, ഫോട്ടോയെടുക്കൽ, പോലീസ് നായയെ പ്രയോജനപ്പെടുത്തൽ, ... തുടങ്ങിയവ ഇതിനായുള്ള ഏതാനും നടപടികളാണ്.
- സംഭവസ്ഥലത്തുപോയി മഹസ്സർ തയാറാക്കുന്നു. സംഭവം എപ്പോൾ, എവിടെവച്ച്, എങ്ങനെ, ആരെല്ലാംകൂടി ചെയ്തു, ആരാണ് അനന്തരഫലം അനുഭവിച്ചത് തുടങ്ങിയ വിവരങ്ങൾ ഇതിലുൾപ്പെട്ടിരിക്കും.
- സാക്ഷിമൊഴികൾ വിസ്തരിച്ച് രേഖപ്പെടുത്തുന്നു.
- ചാർജ് ഷീറ്റ് തയാറാക്കുന്നു.
- ഈ രേഖകളെല്ലാം കോടതിയിൽ സമർപ്പിക്കുന്നു.

**പ്രവർത്തനം- 8**

നമ്മുടെ വിദ്യാലയത്തെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥസംവിധാനം ഏതാണ്? എന്ന ചോദ്യം അധ്യാപകൻ ക്ലാസിൽ ചോദിക്കുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ സ്വീകരിക്കുന്നു. ഇതു പോലെ മറ്റെന്തല്ലാം ഉദ്യോഗസ്ഥ ഓഫീസ് സംവിധാനങ്ങൾ ജില്ലയ്ക്കുള്ളിൽ പ്രവർത്തിക്കുന്നു എന്ന ചോദ്യവും ഉന്നയിക്കുന്നു. ഇതിനുസഹായകമെന്നനിലയിൽ പാഠഭാഗത്തിലെ ക്ഷേമ - വികസന പ്രവർത്തനങ്ങൾ എന്ന ഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനം- 9**

ഒന്നോരണ്ടോ വകുപ്പുകളിലെ ജില്ലാതലംതൊട്ട് കീഴ്പോട്ടുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയാറാക്കാനുള്ള പ്രവർത്തനം Assignment ആയി നൽകുന്നു. ഈ പ്രവർത്തനം അയൽവക്കവീടുകളിൽ താമസിക്കുന്ന കുട്ടികളെ ഗ്രൂപ്പാക്കി നൽകാവുന്നതാണ്. എല്ലാ ഗ്രൂപ്പിനും പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞുകൊള്ളണമെന്നുമില്ല.

ഉദാ :

ഭക്ഷ്യവകുപ്പ്

⇩

ജില്ലാ സപ്ലൈ ഓഫീസർ

⇩

താലൂക്ക് സപ്ലൈ ഓഫീസർ

⇩

റേഷനിംഗ് ഇൻസ്പെക്ടർ

**പ്രവർത്തനം- 10**

ഒരു കുറിപ്പുതയ്യാറാക്കുന്ന പ്രവർത്തനമാണ് ഇവിടെ നിർദ്ദേശിക്കുന്നത്. ഒരു പ്രശ്നസന്ദർഭം സൃഷ്ടിച്ചാണ് ഈ പ്രവർത്തനം നൽകേണ്ടത്. കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ ഓരോ കുട്ടിയുടേയും വീട്ടുകാർ ബന്ധപ്പെട്ട സ്ഥാപനമേതെന്നും എന്താവശ്യത്തിനാണ് ബന്ധപ്പെട്ടതെന്നും അന്വേഷിച്ചുവരാൻ ആവശ്യപ്പെടുന്നു. അടുത്ത ദിവസത്തെ ക്ലാസിൽ ഈ വിവരങ്ങളെ അധ്യാപകൻ ക്രോഡീകരിക്കുന്നു. ക്രോഡീകരിച്ച വിവരങ്ങളെ ചാർട്ടിലാക്കി പ്രദർശിപ്പിക്കുന്നു.

ഈ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ എങ്ങനെ ലഭ്യമാക്കാം? ഗ്രൂപ്പടിസ്ഥാനത്തിൽ കുട്ടികൾ ചർച്ചചെയ്യട്ടെ. അതിനുശേഷം അവരുടെ നിർദ്ദേശങ്ങൾ ഓരോ കുറിപ്പായി തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. വ്യക്തിഗതമായാണ് കുറിപ്പ് തയ്യാറാക്കേണ്ടത്.

പ്രശ്നസന്ദർഭത്തിനനുയോജ്യമായ പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചിട്ടുണ്ട്, സാമൂഹ്യനന്മയെ ലക്ഷ്യം വെച്ചുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട് (നിലപാട് സ്വീകരിക്കൽ) എന്നീ സൂചകങ്ങൾ ഉപയോഗിച്ച് ഈ കുറിപ്പിനെ വിലയിരുത്താവുന്നതാണ്.

**പ്രവർത്തനം- 11**

ജില്ലാ ഭരണസംവിധാനത്തിന്റെ ഘടന എന്ന പാഠഭാഗം വിശകലനം ചെയ്യാനാണ് ഇവിടെ ഉദ്ദേശിക്കുന്നത് ഇതിനായി അധ്യാപകൻ ഒരു ചോദ്യാവലി തയാറാക്കുന്നത് നന്നായിരിക്കും.

☞ ജില്ലാ ഉദ്യോഗസ്ഥരെ എങ്ങനെ തരംതിരിക്കാം?

- ഭൂനികുതി പിരിക്കൽ, രേഖസുക്ഷിക്കൽ

- ക്രമസമാധാനപാലനം
- ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തൽ

☞ ഏതൊരു പൗരനും നിർബന്ധമായും, ദൈനംദിന ജിവീതത്തിൽ നേരിട്ടു ബന്ധപ്പെടേണ്ടിവരിക ഏതുവിഭാഗം ഉദ്യോഗസ്ഥരുമായാണ്?

- ക്രമസമാധന പരിപാലനം പൊതുജനങ്ങൾ എല്ലാവരും ദൈനംദിനം ബന്ധപ്പെടുന്ന വിഭാഗമായി പരിഗണിക്കാൻ കഴിയില്ല.

☞ ഈ 3 വിഭാഗം ഉദ്യോഗസ്ഥരും തമ്മിൽ പരസ്പരം സഹായിക്കേണ്ടിവരുന്ന അവസരങ്ങളുണ്ടോ?

ഉദാ:-

- അക്രമത്തിലോ അപകടത്തിലോ പരിക്കേറ്റ രോഗിയിൽ നിന്നും ഡോക്ടറുടെ സഹായത്തോടെയാണ് മൊഴിയെടുക്കുന്നത്
- അനധികൃതമണലെടുപ്പ് റവന്യു ഉദ്യോഗസ്ഥർ (തഹ്സിൽദാരുടെ ഓഫീസ്) നിയന്ത്രിക്കുന്നത് പോലീസ് സയാഹത്തോടെയാണ്.
- പല ക്ഷേമപദ്ധതികൾക്കും അർഹരെ നിശ്ചയിക്കുന്നത് വില്ലേജ് ഓഫീസിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ്.

മേൽ സൂചിപ്പിച്ച തരത്തിലുള്ള ചോദ്യങ്ങളിലൂടെ ജില്ലാ ഭരണസംവിധാനത്തിന്റെ ഘടന എന്ന തലക്കെട്ടിനു കീഴിലെ ഡയഗ്രത്തെ വിശകലനം ചെയ്യിക്കാം. ഈ വിവരങ്ങൾ രേഖപ്പെടുത്താനും നിർദ്ദേശിക്കാം. വിവിധ ഉദ്യോഗസ്ഥ സംവിധാനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി വിശദീകരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് വിലയിരുത്തേണ്ടത്.

**പ്രവർത്തനം- 12**

പൊതു സ്ഥാപനങ്ങളെ നിർദ്ദിഷ്ട മാനദണ്ഡത്തിൽ തരംതിരിക്കാൻ ഒരു പ്രവർത്തനം നൽകാവുന്നതാണ്. ഇതിനായി കുട്ടിയ്ക്ക് അന്വേഷിച്ചാൽ വിവരം ലഭിക്കാൻ ഇടയുള്ളതും സാധാരണവുമായ ഒരു പട്ടിക നൽകാവുന്നതാണ്. സാധ്യതയുള്ള സ്ഥാപനങ്ങളുടെ ഒരു പട്ടികയാണ് ഇവിടെ നൽകുന്നത്.

- സബ് രജിസ്ട്രാർ ഓഫീസ്
- ആർ.റ്റി. ഒ ഓഫീസ്
- കൃഷിഭവൻ
- എ.ഇ. ഒ ഓഫീസ്
- ആയുർവേദ ആശുപത്രി
- പോലീസ് സ്റ്റേഷൻ
- സബ് ജയിൽ
- വിദ്യാലയം
- ആരോഗ്യ ഉപകേന്ദ്രം
- ബ്ലോക്ക് ഓഫീസ്
- സർവ്വേ ഓഫീസ്
- ഗ്രാമപഞ്ചായത്ത് ഓഫീസ്

ഭൂരേഖകൾ സൂക്ഷിക്കലും നികുതി പിരിക്കലും, ക്രമസമാധാനപരിപാലനം, ക്ഷേമവികസന പ്രവർത്തനങ്ങൾ എന്നീ ചുമതലകളുടെ അടിസ്ഥാനത്തിൽ തരം തിരിക്കാൻ സഹായകമായ പ്രശ്നാവതരണം നടത്തണം. ബന്ധപ്പെട്ട മേഖല തിരിച്ചറിഞ്ഞിട്ടുണ്ടോ, അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹരണം നടത്തിയിട്ടുണ്ടോ എന്നതുമാണ് വിലയിരുത്തേണ്ടത്. അറിവിന്റെ പ്രയോഗം എന്ന മേഖലയിൽ ഈ പ്രവർത്തനം ഉൾപ്പെടുത്താവുന്നതാണ്.

**പ്രവർത്തനം- 13**

പാഠഭാഗത്തിന്റെ ഒരു സമാപന പ്രവർത്തനമായി ഇത് പരിഗണിക്കണം. ഒരു മൂല്യനിർണയ ഉപാധിയായി പ്രയോജനപ്പെടുത്താം.

പ്രകൃതിയുടെ താണ്ഡവം

ദുരിതാശ്വാസം വൈകരുത്

തോരണപുരം : ഗ്രാമത്തിലെ പ്രായമായവർക്കുപോലും കേട്ടുകേൾവിയില്ലാത്ത കടുത്ത ആഘാതമാണ് പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന ഇവിടെ കൊടുങ്കാറ്റും പേമാരിയും വിതച്ചിരിക്കുന്നത്. മണിക്കൂറുകളോളം നിന്നു പെയ്ത പെരുമഴ ആ പ്രദേശത്തെയാകെ വെള്ളത്തിൽ ആഴ്ത്തിയിരിക്കുകയാണ്. ശുദ്ധജലം ലഭ്യമല്ലാത്ത അവസ്ഥയിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

62 വീടുകളിൽ പൂർണമായും 124 വീടുകൾ ഭാഗീകമായും കേടുവന്നനിലയിലാണ്. വൻമരങ്ങൾ കടപുഴകി വീണ് റോഡിലുണ്ടായ തടസ്സങ്ങൾ ഇതുവരേയും നീക്കിയിട്ടില്ല. വൈദ്യുതി ബന്ധം പൂർണമായും പുനഃസ്ഥാപിക്കാൻ കഴിയാത്തതിനാൽ മെഴുകുതിരിവെട്ടത്തിൽ സ്കൂളിൽ കഴിയുകയാണ് നൂറുകണക്കിന് ആളുകൾ. ഈ അവസരം മുതലെടുത്ത് മോഷണവും മറ്റും ലക്ഷ്യം വെച്ച് സാമൂഹ്യവിരുദ്ധരുടെ രംഗപ്രവേശം ഗ്രാമീണരെ ഭീതിയിലാഴ്ത്തിയിരിക്കയാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇനിയും വൈകിയാൽ പട്ടിണിമരണം വരെ സംഭവിച്ചേക്കുമെന്ന് ജനങ്ങൾ ഭയക്കുന്നു. യുദ്ധകാലാടിസ്ഥാനത്തിലുള്ള ദുരിതാശ്വാസ നടപടികളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്.

തോരണപുരത്തുണ്ടായ പ്രകൃതിദുരന്തത്തിന്റെ അനന്തരഫലങ്ങൾ വായിച്ചുവല്ലോ.

- ഈ പ്രദേശത്തെ ജനങ്ങൾക്ക് ഏതെല്ലാം മേഖലകളിലാണ് സഹായം എത്തിക്കേണ്ടത്
- ജില്ലാ ഭരണനിർവ്വഹണ വിഭാഗത്തിൽ നിന്നും ഏതെല്ലാം ഓഫീസ് സംവിധാനങ്ങളും ഉദ്യോഗസ്ഥരുമാണ് ഇവിടെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടിവരിക?
- ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിലും കാര്യക്ഷമമായും നടക്കാൻ ആ പ്രദേശത്തെ ജനങ്ങൾ എന്തെല്ലാം നടപടികളാണ് അവരുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടത്?

ഈ പ്രവർത്തനം വ്യക്തിഗതമായി വിലയിരുത്താവുന്നതാണ്.

- പ്രശ്നസന്ദർഭം വിശകലനം ചെയ്ത് സഹായം എത്തിക്കേണ്ട മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ടോ?
- അതിനനുസൃതമായ വിധത്തിൽ വകുപ്പുകളേയും ഉദ്യോഗസ്ഥരേയും നിർദ്ദേശിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- ജനങ്ങൾ അവരുടെ ഭാഗത്തുനിന്നു സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നിർദ്ദേശങ്ങൾ വെച്ചിട്ടുണ്ടോ എന്നീ സൂചകങ്ങൾ വിലയിരുത്തലിനായി ഉപയോഗിക്കാം.

- ശുദ്ധജലം ലഭ്യമാക്കൽ
- ഭക്ഷണവിതരണം /സൗജന്യറേഷൻ
- അടിയന്തിര ശുചീകരണം
- ഗതാഗതപുന:സ്ഥാപനം
- വൈദ്യുതി പുന:സ്ഥാപനം
- പാർപ്പിട പുനർനിർമ്മാണം
- ക്രമസമാധാനപാലനം
- അടിയന്തിര പ്രതിരോധ പ്രവർത്തനങ്ങൾ
- ചികിത്സാക്യാമ്പ്
- അടിയന്തിര സാമ്പത്തിക സഹായം

**ഇടപെടാവുന്ന ഉദ്യോഗസ്ഥരും ഓഫീസുകളും**

- കലക്ടർ - കലക്ടറേറ്റ്
- തഹസിൽദാർ - താലൂക്ക് ഓഫീസ്
- വില്ലേജ് ഓഫീസർ - വില്ലേജ് ഓഫീസ്
- മെഡിക്കൽ ഓഫീസർ/ഹെൽത്ത് ഇൻസ്പെക്ടർ
  ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് - പ്രൈമറി ഹെൽത്ത് സെന്റർ
- പോലീസ് - പോലീസ് സ്റ്റേഷൻ
- ഫയർ സർവീസ് ഉദ്യോഗസ്ഥർ - ഫയർ സ്റ്റേഷൻ
- എൻജിനീയർമാർ - പൊതുമരാമത്തുവകുപ്പ്

**പ്രദേശത്തെ ജനങ്ങൾക്ക് സ്വീകരിക്കാവുന്ന നടപടികൾ**

- ജനപ്രതിനിധികളെ അറിയിക്കൽ
- കലക്ടറെ അറിയിക്കൽ
- മറ്റ് ഓഫീസുകളിൽ അറിയിക്കൽ
- മാധ്യമങ്ങളെ അറിയിക്കൽ
- കൂട്ടായ്മയോടെ ശുചീകരണം
- ഭക്ഷണവും താമസവും താല്കാലികമായി പൊതുസ്ഥലങ്ങളിലേക്ക് മാറ്റൽ
- ഉദ്യോഗസ്ഥരുമായും ജനപ്രതിനിധികളുമായും സഹകരിക്കൽ, സഹായിക്കൽ